# ഒരു പുതിയ അതിരാത്രം

1



# ഒമ്പതാം ജനകീയ പദ്ധതി

## പ്രാഥമിക വികസന രേഖ

## പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

84-4



# ഒരു പുതിയ അതിരാത്രം

## ഒമ്പതാം ജനകീയ പദ്ധതി

## പ്രാഥമിക വികസന രേഖ

## പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്



യശോധാ വാസുദേവൻ
10-ാം വാർഡ് മെമ്പർ



സത്യഭാമ ടി.
2-ാം വാർഡ് മെമ്പർ



സോമസുന്ദരൻ
9-ാം വാർഡ് മെമ്പർ



കെ. കല്ല്യാണിയമ്മ
4-ാം വാർഡ് മെമ്പർ



വി. തങ്കമ്മ
പ്രസിഡൻറ്



കെ.എസ്. ഹംസ
വൈസ്. പ്രസിഡൻറ്
(തുടർച്ചയായി
രണ്ടാം തവണ)



എം.ബി. ഗിരിജാ വല്ലഭൻ
8-ാം വാർഡ് മെമ്പർ
മുൻ പഞ്ചായത്ത്
മെമ്പർ



കെ. മധുസുദനൻ
5-ാം വാർഡ് മെമ്പർ



പി.എം. അമീർ
7-ാം വാർഡ് മെമ്പർ



കെ. കണ്ടൻ
6-ാം വാർഡ് മെമ്പർ

# ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ വികസന റിപ്പോർട്ടിൻെറ പ്രധാന്യം

ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി പദ്ധതി ആസൂത്രണം ജനപങ്കാളിത്തത്തോടെ നടത്തുന്നത് കേരളത്തിലാണ്. സംസ്ഥാന സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ആവിഷ്കരിച്ച് 9 -ാം പഞ്ചവത്സര പദ്ധതി ജന കീയ ആസൂത്ര പ്രസ്ഥാനമാക്കിയിരിക്കയാണ്.

ഈ ആസൂത്രണ പ്രസ്ഥാനത്തുൻെറ ഭാഗ മായു രണ്ടാം ഘട്ടത്തിൽ പഞ്ചായത്തുൻെറ വിക സന റിപ്പോർട്ട് വികസന സെമിനാറിൽ അവതരിപ്പി ക്കുകയും ആയത് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി അംഗീകരിക്കുകയും ചെയ്യുന്നു. ഈ വികസനം റിപ്പോർട്ടിൽ ഏറെ പ്രസക്തിയും പ്രാധാ ന്യവുമുണ്ട്. ചരിത്ര പ്രസ്ഥാനങ്ങളിൽനിന്ന് ഭൂതകാ ലവും, മഹാന്മാരുടെ ജീവിത ചരിത്രപുസ്തകങ്ങ ളിൽനിന്ന് അവരുടെ മഹത്വത്തെയും വിളിച്ചളിയി ക്കുന്നു. എന്നാൽ ഈ വികസന രേഖ പഞ്ചായ ത്തിൻെറ ഭൂത - വർത്തമാന - ഭാവികാലങ്ങളിലെ പ്രവർത്തനങ്ങളുടെ ഒരി വിശകലനമാണ് നടത്തു ന്നത്. ഈ വികസന രേഖ പഞ്ചായത്തുലെ സർവ്വ തോന്മുഖമായ വികസനത്തിനുള്ള ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനും, ആയതു വഴി സമഗ്ര വികസനം ഊ പഞ്ചായത്തിൽ സാക്ഷാൽക്കരിക്കുന്നതിനും ഉപതരിക്കട്ടെ. കൂടുതൽ നിർദ്ദേശങ്ങൾക്കും സജീവ ചർച്ചകൾക്കുമായി ഈ രേഖ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

വിനയപൂർവ്വം

വി. തങ്കമ്മ

പ്രസിഡൻറ്.

## ഒരു പുതിയ അതിരാത്രം

### പാഞ്ഞാൾ ഗ്രമ പഞ്ചായത്ത് - പ്രാഥമിക വികസന രേഖ

### ആമുഖം

ചരിത്രം ഒരു ഗാഥയാണ്. കാലം ആപാദമധു രമായി ആലപിക്കുന്ന സംഘഗാനം. ആർപ്പിടുന്ന അനന്തസമുദ്രങ്ങൾ. താളവും ശ്രുതിയും സമന്വയി പ്പിക്കുന്ന പ്രവാഹങ്ങൾ. നിർവൃതികളായി ആകാശ ങ്ങൾ. ആരോഹാവരോഹങ്ങൾക്കു ഉൾത്തുടിയുടെ രക്തധ്വനി പകർന്നേകിക്കൊണ്ട് പ്രപഞ്ചഗീത ത്തിൻെറ സാക്ഷാത്കൃത രൂപമായി മനുഷ്യൻ. കാലം മനുഷ്യനിലൂടെ ആലപ്പിയ്ക്കുന്ന ഗീത മാകുന്നു ചരിത്രം.

ഈ പ്രസ്ഥാവന പൂർണ്ണമായും ശരിയായിക്കൊ ള്ളണമെന്നില്ല. ചരിത്രം സംഗീതമാണെങ്കിൽ പോരാ ട്ടങ്ങലും എണ്ണമറ്റ യുദ്ധങ്ങളും നിർമ്മിതികളും തകർ ച്ചകളുമൊക്കെ സംഗീതമായു കണക്കാക്കേണ്ടതല്ലേ ? യുക്തിപൂർവ്വകം തന്നെ ഈ ചോദ്യം.

ഒന്നോർത്തുനോക്കൂ, അധികാരങ്ങളുടെ തകർ ച്ചകളും ആയുധങ്ങളുടെ രണ ഘോഷങ്ങളും പുതിയ സാരഥ്യങ്ങളുടെ ഉയർച്ചതകളും ചരിത്ര സംഗീതത്തിൻെറ നിമ്നോന്നതികൾ തന്നെയല്ലേ? നൂറ്റാണ്ടുകളോളം കഴുത്തിലിറുകിക്കിടന്ന പാരതന്ത്ര ത്തിൻെറ നുകക്കുടുക്കുകൾ ഒടിച്ചൂകിയെറു ഞ്ഞപ്പോൾ ഭാരതീയ ഹൃദയമാലപിച്ച വിമോചന ഗീതം ചരിത്ര ഗാഥ തന്നെയല്ലേ? പറഞ്ഞുവന്നത് മറ്റൊന്നാണ്. ഉണർവിൻെറ സംഗീതമാണു തരിത്ര പാഠങ്ങൾ. ഉയർത്തെഴുന്നേല്പിൻെറ സരളവപം ശ്രദ്ധാപുർവകവുമായ രാഗപൂർണ്ണിമയാണു മനുഷ്യകുലത്തിൻെറ വിജയഘട്ടങ്ങൾ.

നമുക്ക് ഒരു പാട്ടുപാടാം. ഒരു പുതിയ ഗീതം. ഇതണ കാലം ഏറ്റുപാടുമ്പോൾ ഒരു നവ സംഘഗീ

കമുയരുകയായി. ശരി തന്നെയല്ലേ, കാലത്തിൻെറ ശബ്ദമാണു മനുഷ്യനെങ്കിൽ ഈ സംഘാലാപം ചരിത്രമാവാതിരിയ്ക്കുന്നതെങ്ങനെ?

ഇന്നലെകളുടെ തളർച്ചകളാൽ നമുക്കു കാലു ടറിപ്പോകാതുരുയ്ക്കണം. ഉത്തേജിതരായി ഉണന്നെ ഴുന്നേൽക്കുവാൻ നാം പരസ്പരം സാഹായിച്ചാലേ സാധ്യമാവുകയുള്ളൂ. ഇവിടെ സ്വരഭേദങ്ങളുടെ അപശ്രുതികൾ ബോധപൂർവ്വം തന്നെ ഒഴിവാക്കാൻ നമുക്കു കഴിയണം. ശരിയാണ്. സംഗീതത്തിനു ഭാഷ യില്ല. ലയവും ഭാവവും മാത്രമേയുള്ളൂ.

ഈ ലയം വ്യക്തിനിഷ്ഠമല്ല. ഇതിൻെറ ഭാവം സ്വകാര്യവുമല്ല. എന്തുകൊണ്ടന്നാൽ ഇത് നമ്മളൊ രുമിച്ചു പാടുന്നതാണല്ലോ. നമ്മുടെ ഹൃദ്സ്പന്ദങ്ങളാ ണിവിടത്തെ താളങ്ങൾ. നമ്മുടെ ധമനികളിലെ ഒരേ നിറമാർന്നൊഴുകുന്ന രക്തപ്രവാഹമാണ് ആരോഹാ വരോഹങ്ങൾ. കാലത്തിൻെറ മഹാസംഗീതത്തിലെ ഒരു വിസ്മയരംഗം പോലെയിതാ നമ്മുടെയീ പ്രിയ നാട് നമ്മുടെ ഗീതത്തിൻെറ പ്രതിദ്ധ്വനികൾ തീർ ക്കുന്നു.

നമ്മുടെയീ മാനസംഗീതത്തിനൊരു നാമക രണവും സ്വാഭാവികം തന്നെ. സൂക്ഷ്മ സൂക്ഷ്മ ങ്ങളായ നിരീക്ഷണങ്ങളാൽ മനുക്കു ബോധ്യമാ യിട്ടുള്ള ഒരു വസ്തുത കൂടിയുണ്ട്. സംഗീതം ഉത്തേ ജകം മാത്രമല്ല; രോഗ വിമോചകം കൂടിയാണെന്ന്. ആതുരാവസ്ഥയിൽ നിന്നും ആരോഗ്യദായകമായ സമതുലിതാവസ്ഥയിലേക്കുള്ള ഗീതപ്രയാണം നമ്മ ളൊന്നിച്ചാണു നിർവ്വഹിക്കുന്നത്. എന്തൊക്കെ വേണമെന്നും വേണ്ടന്നും വിധിക്കുന്നതും നമ്മ ളൊന്നിച്ചു തന്നെ. നമുക്കിതിനെ നമ്മുടെ പദ്ധ തിയെന്നു വിളിക്കാം. നമ്മുടെ സ്വന്തം പദ്ധതി. സ്വതന്ത്രഭാരതചരിത്രത്തിലെ ഒമ്പതാം പദ്ധതി നാം ജീവിതത്തിൻെറ നവീകരണ പദ്ധതിയായിട്ട്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗ തികൾ പ്രകാരം നിലവിൽ വന്ന ത്രിതല പഞ്ചാ യത്തു സംവിധാനമാണ് നമുക്കു സഹായകമായ വേദി. ഭരണഘടനാ ഭേദഗതികൾ ഗ്രാമസഭകൾക്കു നൽകുന്ന നിയമപരിരക്ഷകൾ നമുക്ക് പ്രചോദനമാ യിട്ടുണ്ട്.

ഇന്നലെവരെ നാം ആജ്ഞാനുവർത്തികൾ മാത്രമായിരുന്നു. നാം എന്തൊക്കെ ചെയ്യണമെന്നും അരുതെന്നും തീരുമാനിക്കുവാൻ നമുക്കധികാരമു ണ്ടായിരുന്നില്ല. കേന്ദ്രസംസ്ഥാനഗവൺമെൻറു കളുടെ അവസരോചിതമായ തീരുമാനം വഴി ആവേ സകരമായോരു പുതിയ ഒരു മുദ്രാവാക്യം നമുക്കു ലഭിച്ചിരിക്കുന്നു. "അധികാരം ജനങ്ങൾക്ക്"- നമ്മുടെ അധികാരികൾ നാം തന്നെയാവുന്നു- എന്തൊരു വിസ്മയം!.

നമ്മുടെ അധികാരികൾ നാം തന്നെയാ വുമ്പോൾ നമുക്ക് പരിചയക്കുറവിൻെറ പരിമി തികൾ ഒട്ടേറെയുണ്ടാവുന്നതു സ്വാഭാവികം. ഇന്നലെ വരെ നടന്ന വഴികളിൽ നിന്നും മാറിയുള്ള യാത്രയുളവാക്കുന്ന പ്രശ്നങ്ങൾ ഊഹിക്കാവുന്നതുമാ ത്രണ്. മുന്നോട്ടുപോകാൻ തന്നെ തീരുമാനിച്ചുറച്ചു കഴിഞ്ഞ സ്ഥിതിക്ക് ആ യാത്രയുടെ പരിപാടികള8 ഘട്ടം ഘട്ടമായി വേർതിരിക്കുകയും തയ്യാറെടു പ്പുകൾ നടത്തുകയും ചെയ്യുന്നത് അത്യാവശ്യവുമാ ണല്ലോ.

"അധികാരം ജനങ്ങൾക്ക്" -എന്ന മുദ്രാവാക്യം ഉൾക്കൊള്ളുന്ന വിപുലമായ ആശയത്തിൻെറ സമ ഗ്രവും സമ്പൂർണ്ണവുമായ സാക്ഷാത്കാരമാവണം ഒമ്പതാം ജനകീയപദ്ധതി എന്നാണു നമ്മുടെ ലക്ഷ്യം. ഇതിന്നാവശ്യമായ തയ്യാറെടുപ്പുകളുടെ ഒന്നാം ഘട്ടമായി നമ്മുടെ ഗ്രാമപഞ്ചായത്തു ഭരണ സമിതി അംഗങ്ങൾ ജില്ലാ തല പരിശീലന പരിപാ ടിയിൽ പങ്കെടുത്തു. ഒമ്പതാം പദ്ധതിയുടെ നിർവ്വഹ ണച്ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തു ഭരണ സമിതിക്കാണ്. ആ കർത്തവ്യം പ്രശംസനീയമാം വിധം ഭരണസമിതി അംഗങ്ങൾ ഏറ്റെടുത്തു നടപ്പി ലാക്കിയിട്ടുണ്ടന്ന് രേഖപ്പെടുത്തുന്നു. ഗ്രാമപ ഞ്ചായത്തു തലത്തിൽ ആദ്യമായി നടന്നത് പഞ്ചായ ത്തുതല റിസോഴ്സ് പേഴ്സൻ ഏകദിന പരിശീലന പരിപാടിയായിരുന്നു. 12.9.96ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചായിരുന്നു പ്രസ്തുത പരിശീലന പരിപാടി. പ്രൊഫസർ കാവിമ്പായി ബാലകൃഷ്ണൻ, ശ്രീ. കെ.ജി.മദുസൂദനൻ മാസ്റ്റർ എന്നിവർ പരിശീലന പരിപാടിയിൽ സന്നിദ്ധരായി ക്ലാസ്സുകൾഎടുത്തു. വിശേഷാൽ ഗ്രാമസഭാ സമ്മേള നങ്ങളായിരുന്നു അടുത്ത പരിപാടി. ഒന്നാം വാർഡു വിശേഷാൽ ഗ്രാമസഭാ സമ്മേളനത്തിൻെറയും പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭാസമ്മേള മനങ്ങളുടേയും സംയുക്ത ഉദ്ഘാടനം 22.9.96ന് ഗ്രാമപഞ്ചായത്തു പ്രസിഡണ്ട് ശ്രീമതി. വി.തങ്ക മ്മയുടെ അധ്യക്ഷതയിൽ ബഹു. പട്ടികജാതി-വർഗ്ഗ വികസന-യുവജനകാര്യമന്ത്രി ശ്രീ. കെ.രാ ധാകൃഷ്ണൻ നിർവ്വഹിച്ചു. പൈങ്കുളം ഗവ. യു.പി. സ്ക്കൂളിൽ വച്ചായിരുന്നു ഉദ്ഘാടന സമ്മേളനം.

ജില്ലാ പഞ്ചായത്ത് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. എ. പത്മനാഭൻ, ജനകീയാസൂത്രണപദ്ധതി പഴയന്നൂർ ബ്ലോക്ക് കൺവീനറും ജില്ലാ പഞ്ചായത്ത് അംഗവുമായ ശ്രീ. ഇ. വേണുഗോപാലമേനോൻ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കുണ്ടായി. തുടർന്നുള്ള ദിവസങ്ങളിൽ മറ്റു വാർഡുകളിലെ വിശേഷാൽ ഗ്രാമസഭാസമ്മേളനങ്ങളും നടന്നു.

വിശേഷാൽ ഗ്രാമസഭാ സമ്മേളന പരിപാടി

| വാർഡ് | സമ്മേളനം നടന്ന തിയ്യതി | സമ്മേളനം ചേർന്ന സ്ഥലം |
|---|---|---|
| 1 | 22.9.96 | ജ.ഇയു.പി.സക്കൂൾ, പൈങ്കുളം |
| 2 | 29.9.96 | സന്തോഷ് ടാക്കീസ്, പൈങ്കുളം |
| 3 | 2.10.96 | തുവരക്കാട് കോളനി അംഗൻവാടി |
| 4 | 29.9.96 | ജി.എൽ.പി.എസ്. തൊഴുപ്പാടം |
| 5 | 2.10.96 | എ.എൽ.പി.എസ്, കീഴില്ലം |
| 6 | 28.9.96 | ജി.യുയപി.എസ്. കിള്ളിമംഗലം |
| 7 | 28.9.96 | ഉദുവടി സെൻറർ |
| 8 | 26.9.96 | എം.എസ്.നായർ റൈസ്മിൽ ചെറങ്കോണം |
| 9 | 27.9.96 | കാട്ടിൽകാവ് പരിസരം |
| 10 | 22.9.96 | ജി.എച്ച്.എസ്. പാഞ്ഞാൾ |

ഒമ്പതു ഗ്രാമസഭകളിൽ അഞ്ചു ഗ്രൂപ്പു കളായും ഒരു ഗ്രാമ സഭയിൽ ഏഴുഗ്രൂപ്പുകളായും തിരിഞ്ഞ് വികസന പ്രശ്നങ്ങളും സാധ്യതകളും ചർച്ചചെയ്ത് റിപ്പോട്ടുകൾ തയ്യാറാക്കി.

വികസന റിപ്പോട്ട് തയ്യാറാക്കുന്നതിനുള്ള രണ്ടാം ഘട്ട ജില്ലാ പരിശീലനം ഒക്ടോബർ 24, 25, 26 തീയ്യതികളിൽ നടന്നു. എല്ലാ ഗ്രാമപ ഞ്ചായത്തു മെമ്പർമാരും പ്രസ്തുത പരിശീലനത്തിൽ പങ്കടുക്കുകയുണ്ടായി. തുടർന്നു 2.11.96ന് കിള്ളിമം ഗലം ഗവ. യു.പി.സ്ക്കൂളിൽ വെച്ച് നടന്ന പഞ്ചായ ത്തുതല പരിശീലനത്തിൽ റിസോഴ്സസ് പേഴ്സൺ ശ്രീ. R.ഉണ്ണികൃഷ്ണൻ, ശ്രീ. K.G.മധുസൂദനൻ മാസ്റ്റർ, ജില്ലാപഞ്ചായത്തു് മെമ്പർ ശ്രീ. ഇ. വേണുഗോപാലമേനോൻ എന്നിവരും പങ്കെടുത്തു.

പഞ്ചായത്ത് കൺവീനർ ശ്രീ. എം. ബി. ഗിരി ജാവല്ലഭൻ, ജോയിൻറ് കൺവീനർ ശ്രീ.ഇ.എം. നീല കണ്ഠൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ തുടർന്നുള്ള പരിപാടികൾക്ക് രൂപം നൽകി. തുടർന്ന് ആസൂത്രണ ബോർഡിൻെറ നിർദ്ദേശാനുസരണമുള്ള ദ്വിതീയ സ്ഥിതി വിതരണ കണക്കുകളെ ശേഖരണം നടക്കുകയുണ്ടായി. 1.11.96ന് പഞ്ചാ.യത്താഫീസിൽ വെച്ച് നടന്ന ഉദ്യോഗസ്ഥതല യോയഗത്തിൽ വിവിധ ഓഫീസ് തലവൻമാർ പങ്കെടുക്കുകയും, ബന്ധപ്പെട്ട വകുപ്പുകളുടെ നടപ്പു പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. പഞ്ചായത്തിൻെറ വിഭവഭൂപടം തയ്യാറാക്കുന്നതിന് 3.11.96 നും 4.11.96 നും ഒരു സംഘം പഞ്ചായ ത്തിൻെറ വിവിധ ഭാഗങ്ങളിൽ പഠന പര്യടനം നട ത്തുകയും, കാർഷിക വിളകൾ ജലലഭ്യത, മണ്ണിൻെറ തരം, പരിസ്ഥിതി പ്രശ്നങ്ങൾ, വികസന സാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഈ യാത്ര യിലൂടെ പഞ്ചായത്തിൻെറ പരിപൂർണ്ണ വിവരങ്ങൾ ശെഖരിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഒരു ദിശാ ബോധം ഉണ്ടാ ക്കുവാൻ പ്രസ്തുത പഠന പര്യടനം സഹായകമാകും. പഞ്ചായത്തിൻെറ ഭൂമി ശാസ്ത്രപരമായ പ്രത്യേക തകൾ കാണിക്കുന്ന ഒരു ചാർട്ട് പഠന സംഘം തയ്യാറാക്കിയിട്ടുള്ളത് താഴെ കൊടുത്തിരിക്കുന്നു.

അതിനുശേഷം പഞ്ചായത്തു പ്രദേശത്തെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി പഞ്ചായത്തിലെ കൃഷി, സംസ്കാരം, വിദ്യാഭ്യാസം, ചരിത്രം എന്നിവയിൽ അവരുടെ അനുഭവങ്ങളും അറിവുകളും ശേഖരിക്കു കയുണ്ടായി.

പഞ്ചായത്തു മെമ്പർ ചെയർമാനും, ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാർ കൺവീനറുമാ യിട്ടുള്ള 12 ഗ്രൂപ്പുകളുടെയും യോഗം 5.11.96ന് പഞ്ചായത്താഫീസിൽ ചേരുകയും തുടർന്ന് എല്ലാ ഗ്രൂപ്പുകളുടെയും സംയുക്ത യോഗവും ചേരുകയു ണ്ടായി. ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ ജനകീ യാസൂത്രണത്തിൻെറ ഭാഗമായുള്ള പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിൻെറ വികസന റിപ്പോർട്ടിന് 14.11.96ന്




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുന്നിൻ ചെരിവ് | സമതലം | കുന്നിൻ ചെരിവ് | കുന്നിൻ മണ്ട | കുന്നിൻ ചെരിവ് | സമതലം | ഉയർന്ന പീഠഭൂമി | സമതലം | കുന്നിൻചെരിവ് |
| മൺതരം | ഉരുളൻ പാറ കലർന്ന വെട്ടുകല്ല് | മണൽ കലർന്ന കളിമണ്ണ്, ചെമ്മണ്ണ് | ചെമ്മണ്ണ് കിടകല്ല് | ഉരുളൻ പാറ കലർന്ന മണ്ണ് | ചെമണ്ണ് | ചെമ്മണ്ണ്, കളിമണ്ണ് | ഉരുളൻപാറ കലർന്ന മണ്ണ് | ചെമണ്ണ് | ഉരുളൻ പാറ കലർന്ന ചെമ്മണ്ണ് |
| സസ്യാവരണം | റബ്ബർ, ജാതിമരം, തേക്ക് | തെങ്ങ് വാഴ കുരുമുളക് നെൽ കൃഷി | റബ്ബർ തെങ്ങ് | യൂക്കാലിപ്റ്റസ് അക്കേഷ്യ | റബ്ബർ തെങ്ങ് വാഴ പാഴ്ച്ചെടികൾ | നെൽ കൃഷി | റബ്ബർ, തേക്ക് പാഴ്മരങ്ങൾ തെങ്ങ് | നെൽ കൃഷി | യൂക്കാലിപ്റ്റസ് അക്കേഷ്യ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളത്തിന് ദൗർലഭ്യം, കരിങ്കൽ ക്വാറി | | മണ്ണൊലിപ്പ് ജല മലിനീകരണം | - | മണ്ണൊലിപ്പ് | - | - | - | മണ്ണൊലിപ്പ് |

## ട്രാൻസെക്ട് II




| | | | | | | | |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുന്നിൻ മണ്ട | കുന്നിൻ ചെരിവ് | താഴ്‌വര | കുന്നിൻ ചെരിവ് | കുന്നിൻ മണ്ട | കുത്തനെ ചെരിവ് | സമതലം |
| മൺതരം | ഉരുളൻ പാറ കലർന്ന ചെമ്മണ്ണ് | ചെമ്മണ്ണ് | മണൽ തരി കലർന്ന കളിമണ്ണ് | ചരൽ കലർന്ന മണ്ണ് | കരിങ്കൽ പാറ, വെട്ടുകല്ല് കലർന്ന മണ്ണ് | വെട്ടുകല്ല് കലർന്ന മണ്ണ് | മണൽ കലർന്ന കളിമണ്ണ് |
| സസ്യാവരണം | ആഞ്ഞിലി കശുമാവ് | റബ്ബർ തെങ്ങ് | നെല്ല്, വാഴ | റബ്ബർ, തെങ്ങ് പാഴ്മരങ്ങൾ | റബ്ബർ തെങ്ങ് | തെങ്ങ്, പാഴ്മരങ്ങൾ | നെൽകൃഷി. |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | | — | മണ്ണ് എടുക്കുന്നു. | പാറ പൊട്ടിക്കൽ | മണ്ണൊലിപ്പ് | — |

കൂടിയ പഞ്ചായത്തു യോഗം വിശദമായ ചർച്ചകൾക്കുശേഷം അംഗീകാരം നൽകി.

## പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | - പാഞ്ഞാൾഗ്രാ പഞ്ചായത്ത് |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | 1 .പൈങ്കുളം<br>2. പാഞ്ഞാൾ<br>3. കിള്ളിമംഗലം |
| ബ്ളോക്ക് പഞ്ചായത്ത് | പഴയന്നൂർ |
| ഡിവിഷൻ | 1. വള്ളത്തോൾ നഗർ<br>2. കിള്ളിമംഗലം. |
| ബ്ളോക്ക് പഞ്ചായത്ത് | - പഴയന്നൂർ |
| താലൂക്ക് | - തലപ്പിള്ളി |
| ജില്ല | - തൃശ്ശൂർ |
| ലോകസഭാമണ്ഡലം | - ഒറ്റപ്പാലം |
| അസംബ്ളി മണ്ഡലം | - ചേലക്കര |
| വിസ്തീർണ്ണം | - 30.39 ച.കി.മീറ്റർ |
| ജനസംഖ്യ | - 20727 |
| സാക്ഷരത | |
| വാർഡുകളുടെ എണ്ണം | - പത്ത് |
| പ്രസിഡണ്ട് | - ശ്രീമതി വി. തങ്കമ്മ |
| വൈസ് പ്രസിഡണ്ട് | - ശ്രീ.കെ.എസ്. ഹംസ |

സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ ശ്രീ.പി.എ.സോമൻ

### ചരിത്രപശ്ചാത്തലം

പാഞ്ഞാൾ-പ്രകൃതി ലാവണ്യം കൊണ്ടനുഗ്രഹീതമാണ്. അതിരാത്രവും കൂത്തും കൂടിയാട്ടവും പാഞ്ഞാളിനെ അന്താരാഷ്ട്ര പ്രശസ്തമാക്കുന്നു. പുരാണ പ്രഥിതയായ നിളാനദി പാഞ്ഞാളിൻെറ വടക്കേ അതിർത്തിയിലാണ്. എത്രകണ്ടാലും മതി വരാത്ത രമണീയകം. സ്വച്ഛം. സുന്ദരം, ശാന്തം. പാഞ്ഞാൾ- ഈ പേര് എങ്ങനെയുണ്ടായി? വ്യക്തമായൊരുത്തരം ഇപ്പോഴും ലഭ്യമല്ല. ചില ഐതിഹ്യങ്ങളുണ്ട്:

പാഞ്ഞാളിലെ പുരാതനമായ ലക്ഷ്മിനാരായണ ക്ഷേത്രം പാഞ്ചാല രാജാവ് സ്ഥാപിച്ചതാണത്രെ. പാഞ്ചാലരാജ്യത്തിൽ നിന്നുള്ള തത്ഭവമാവാം പാഞ്ഞാൾ എന്നാണൊരു കഥ. പാണ്ഡവർ ആരാധനയ്ക്കുപയോഗിച്ചിരുന്ന " പാർവ്വള്ളിപ്പൂമാല " ആ ക്ഷേത്രത്തിൽ ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടന്നതാണീ കഥയിലെ ഒരു പൊരുൾ.

കേരളത്തിലെ നമ്പൂതിരിമാരിൽ പന്നിയൂർ, ശുകപുരം ഗ്രാമക്കാരായിരുന്ന നമ്പൂതിരിമാർ തമ്മിൽ തർക്കമുണ്ടാവുകയും ആ തർക്കത്തിൽ സാമൂതിരി ഇടപെടുകയും തർക്കക്കാരെ അവിടെനിന്നും പായിക്കുകയും പാഞ്ഞവർ ഇവിടെ താമസമാക്കുകയും ചെയ്തുവെന്നായിരുന്നു ഒരൈതീഹ്യം. പാഞ്ഞ ആളുകൾ പാർത്തനാട് പാഞ്ഞാളായി എന്നാവാം ഈ ഐതിഹ്യത്തിൻെറ സത്ത.

ആർക്കിയോളജി വിഭാഗത്തിൻെറ ഒരു സമീപകാല പഠനത്തിൽ മഹാരാഷ്ട്രയിൽ പാഞ്ചാല എന്ന പേരിലൊരു സ്ഥലമുണ്ടന്നും അവിടത്തുകാർ ജെയ്മുനിക്ക് വളരെ പ്രാധാന്യം കൽപ്പിക്കുന്നുണ്ടെന്നും പാഞ്ഞാളിലെ സാമവേദികളായ നമ്പൂതിരിമാർ ജൈമനീയ ശാഖയിൽ പെട്ടവരാണെന്നും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ആ സൂചനയും നേരത്തെ പറഞ്ഞ പാഞ്ചാലരാജകഥയുമായി ഒത്തുനോക്കുന്നവരുമുണ്ട്.

ദേശീയ സ്വാതന്ത്ര്യസമരത്തിൻെറയും നവോത്ഥാന പ്രസ്ഥാനത്തിൻെറയും ഭാഗമായി പാഞ്ഞാൾ പഞ്ചായത്തിലെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ ഉണർവ്വുണ്ടായിട്ടുണ്ട്. ഇതിനെല്ലാം നേതൃത്വം കൊടുത്തവരിൽ ഇവിടെയുള്ള ഉൽപതിഷ്ണുക്കളായ നമ്പൂതിരിമാർക്ക് മുഖ്യമായ പങ്കുണ്ടായിരുന്നു. സ്വന്തം സമുദായത്തിലെ യാഥാസ്ഥിതികതക്കെതിരെ പടപൊരുതിയ അവർ സാമൂഹ്യ പരിഷ്കരണ പരിപാടികളിലും സജീവമായി പങ്കുകൊണ്ടിരുന്നു. നമ്പൂതിരിമാരുടെ വിദ്യാഭ്യാസത്തിനായി നിശാപാഠശാലകൾ സ്ഥാപിക്കൽ, ഗ്രന്ഥശാല പ്രസ്ഥാനം എന്നിവ ഇതിൻെറ ഭാഗമായിരുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും പാഞ്ഞാൾ ദേവസ്വത്തിൻെറയും മറ്റു പ്രധാനപ്പെട്ട ഇല്ലങ്ങളുടെയും കൈവശത്തിലായിരുന്നു. എങ്കിലും ജന്മിത്വത്തിനെതിരായുള്ള പോരാട്ടത്തിൽ ഇവരും ഭാഗഭാക്കുകളായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വി. ടി. ഭട്ടതിരിപ്പാട് തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളെടെയും മറ്റും സ്വാധീനം ഇവരുടെപ്രവർത്തനങ്ങൾക്ക് ആവേശം നൽകിയിട്ടുണ്ട്. എന്നി

രുന്നാലും തൊട്ടുകൂടായ്മകളുടെയുംതീണ്ടിക്കൂടായ്മകളുടെയും ഉച്ച നീചത്വങ്ങളിൽ നിന്നും ഈ പ്രദേശവും വിമുക്തയായിരുന്നില്ല. യുദ്ധ വിരുദ്ധ പ്രസ്ഥാനത്തിലും, രാജ്യമാകെ പടർന്നു പിടിച്ച പട്ടിണിയിൽ നിന്നം ജനങ്ങളെ സഹായിക്കുന്ന പ്രവർത്തനത്തിലും ഇവിടുത്തുകാർ സജീവമായി പങ്കെടുത്തിരുന്നു.

ജോർജ്ജ് അഞ്ചാമന്റെ പട്ടാഭിഷേകസ്മാരകമായി രൂപീകരിച്ച " പട്ടാഭിഷേക സ്മാരക വായനശാല " പാഞ്ഞാളിന്റെ സാംസ്കാരിക ചരിത്രത്തിന്റെ തൊടുകുറിയാണ്. ഈ വായനശാല പിന്നീട് " കൊച്ചി സർക്കാർ ഗ്രാമീണ വായനശാല " എന്നും, തുടർന്ന് " പാഞ്ഞാൾ ഗ്രാമീണ വായനശാല " എന്ന പേരിലും അറിയപ്പെടുവാൻ തുടങ്ങി. കിള്ളിമംഗലം, പൈങ്കുളം എന്നീ സ്ഥലങ്ങളിലുള്ള വായനശാലകളും സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിലൂടെ ഒട്ടേറെ സാമൂഹ്യ പരിഷ്കർത്താക്കളും, പത്രപ്രവർത്തകരും ഉയർന്നു വന്നിട്ടുണ്ട്. ശ്രീ. പേരാത്ത് നാരായണൻ നായർ , ഡോ. കേ. ബി. മേനോൻ എന്നിവരുടെ പേരുകൾ ഇത്തരുണത്തിൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്നത് ഹൈന്ദവരും, തൊട്ടുതാഴേ മുസ്ലീങ്ങളും ക്രൈസ്തവരും ആണ്. മതസൗഹാർദ്ദത്തിന് മങ്ങലേൽപ്പിക്കുന്ന യാതൊരു സംഭവങ്ങളും പാഞ്ഞാളിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്ന ഒരു വിഷയമാണ്.

എ.ഡി. ആയിരത്തി നാനൂറുകളിൽ തന്നെ ഇവിടെ മുസ്ലീങ്ങൾ ഉണ്ടായിരുന്നതായി മനസ്സിലാക്കുന്നു. തൊഴുപാടത്ത് പുനർനിർമ്മിക്കപ്പെട്ട മസ്ജിദ് ഏകദേശം 500 വർഷം പഴക്കമുള്ളതായി കണക്കാക്കപ്പെടുന്നു. തൊഴുപ്പാടം, ഉദ്ദുവടി, കിള്ളിമംഗലം, ചിറകൊണം, പാറപ്പുറം, ശ്രീപുഷ്കാരം, എന്നീ ആറു " മഹല്ലു " കളിലായി വ്യാപിച്ചു കിടക്കുന്ന മുസ്ലീങ്ങൾ ആ പഞ്ചായത്ത് പ്രദേശത്തെ രണ്ടാമത്തെ മതവിഭാഗമാണ്. കൃഷിതൊഴിലിനെ പ്രധാനമായും ആശ്രയിച്ചു കഴിഞ്ഞിരുന്ന ഈ പ്രദേശത്തിന്റെ സമൃദ്ധിയിൽ മുസ്ലീങ്ങൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗൾഫ് നാടുകളിലും മറ്റ് വിദേശരാജ്യങ്ങളിലും ഇവർക്ക് പ്രശംസനീയമായ സ്ഥാനമാണുള്ളത്.

മതസൗഹാർദ്ദത്തിന്റെ ശാദ്വലഭൂമിയായി ഈ നാടിനെ നൂറ്റാണ്ടുകളിലൂടെ കാത്തുപോരുന്നതിലും ഇവരുടെ സഹകരണം ശ്ലാഘനീയമാത്രെ!.

ഇക്കാര്യത്തിൽ ഭൂരിപക്ഷ ഹൈന്ദവ ജനത പുലർത്തി പോരുന്ന പുകൾപെറ്റ സഹിഷ്ണുത പ്രത്യേകം പ്രസ്താവ്യമാണ്.

ക്രിസ്ത്യൻ ചരിത്രം കുടിയേറ്റ കർഷകരുടേതുമായി ബന്ധപ്പെട്ടു കിടക്കുന്നു. പാഞ്ഞാളിലെ കാർഷിക പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയത് ഏകദേശം 55 വർഷത്തിലധികം പഴക്കമുള്ള ആ കുടിയേറ്റ കർഷരായിരുന്നു. പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്തമായിനാണ്യവിളകൾക്ക് പ്രത്യേകിച്ച് റബ്ബർ കൃഷിക്ക് തുടക്കം കുറിച്ചത് ഇവരുടെ ആഗമനത്തോടെയാണ്.

വിദ്യാഭ്യാസരംഗത്തെ വളർച്ചക്ക് പിന്നിലും മഹത്തായ ചരിത്രമുണ്ട്. ഇന്നത്തെ വിദ്യാലയങ്ങളിൽ പഴക്കം ചെന്ന പാഞ്ഞാൾ ഹൈസ്ക്കൂൾ കൊല്ലവർഷം 1105 ലാണ് സ്ഥാപിച്ചത്. സാമൂഹ്യ പരിഷ്കരണത്തിന്റെ ഭാഗമായി 'നമ്പൂതിരി ബാലികമാരെ വിദ്യാലയ"മാണ് പിന്നീട് പാഞ്ഞാൾ ഹൈസ്ക്കൂളായത്. പാഞ്ഞാളിലും, പൈങ്കുളം, കിള്ളിമംഗലം എന്നിവിടങ്ങളിലും പണ്ടുമുതലേ സ്ക്കൂളുകളുണ്ടായിരുന്നു. ഇതിനു മുമ്പുതന്നെ പാഞ്ഞാളിൽ "നായർ സ്ക്കൂൾ" എന്ന പേരിൽ ഒരു വിദ്യാലയമുണ്ടായിരുന്നതായും, പ്രസ്തുത വിദ്യാലയത്തിൽ ജാതി ഭേദമന്യേ കുട്ടികളെ പഠിപ്പിക്കുന്നതായും പറയപ്പെടുന്നു.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ സമീപകാലചരിത്രത്തിൽ എടുത്തു പറയാവുന്ന ഒരു വസ്തുതയാണ് സാക്ഷരതാ പ്രവർത്തനം. സംഘാടനത്തിലും നടത്തിപ്പിലും ജനകീയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്ന പ്രസ്തുത പരിപാടി ഒട്ടേറെ നിരക്ഷരരെ അറിവിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ യജ്ഞം സഹായകമായി.

കിഴക്ക് കൊണ്ടാഴി പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന വനഭൂമിയും, തെക്ക് ചേലക്കര പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന വനഭൂമിയും, പടിഞ്ഞാറ് വള്ളത്തോൾ നഗർ, മുള്ളൂർക്കര പഞ്ചായത്തുകളും, വടക്ക് ഭാരതപ്പുഴക്കുമിടയിലായി

മൊത്തം 30.39 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള, കുന്നുകളും താഴ്‌വരകളും വിശാലമായ തീരസമതലവുമടങ്ങിയതാണ് പാഞ്ഞാൾ പഞ്ചായത്ത്.

ഈ പഞ്ചായത്ത് നിലവിൽ വന്നിട്ട് ഏകദേശം അരനൂറ്റാണ്ടിലധികമായി. 1948 ന് മുമ്പ് ഈ പഞ്ചായത്തിൻെറ ആസ്ഥാനം ചെറുതുരുത്തിയിലായിരുന്നു. (ഇന്നത്തെ വള്ളത്തോൾ നഗർ). വില്ലേജ് കോടതിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന പാഞ്ഞാൾ പഞ്ചായത്തിൻെറ ആദ്യകാലപ്രസിഡണ്ട് 1948 വരെ നടക്കേപ്പാട്ട് കുട്ടൻ മേനോനും, 1948 മുതൽ 53 വരെ വടക്കേപ്പാട്ട് കൊച്ചു ഗോവിന്ദൻ നായരുമായിരുന്നു. ഇക്കാലത്ത് പണ്ടാരം വക ഭൂമിയുള്ള കരം കൊടുക്കുന്ന ഭൂവുടമകൾക്കു മാത്രമെ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ഇവർ തെരെഞ്ഞെടുത്തിരുന്ന പ്രതിനിധികളായിരുന്നു ഭരണം നടത്തിയിരുന്നത്.

ചെറുതുരുത്തിയിൽനിന്നും വിഭജിക്കപ്പെട്ടതിനുശേഷം പാഞ്ഞാൾ കൂളത്ത് വീട്ടിലായിരുന്നു പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം കിള്ളിമംഗലം 25-ാം നമ്പ്ര് സഹകരണ സംഘത്തിൻെറ കൈവശത്തിലുണ്ടായിരുന്ന, ഇപ്പോൾ പഞ്ചായത്തു പ്രവർത്തിച്ചുവരുന്ന കെട്ടിടവും അതിനോട് ചേർന്നുള്ള സ്ഥലവും 5000/-രൂപക്ക് പഞ്ചായത്തു വിലക്ക് വാങ്ങി ഓഫീസ് അങ്ങോട്ടുമാറ്റുകയാണുണ്ടായത്.

1953നുശേഷം പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തെരെഞ്ഞെടുപ്പു നടന്നു. ഇന്നത്തെ മുള്ളൂർക്കര പഞ്ചായത്തിലെ ആറ്റൂർ വില്ലേജ് ഉൾപ്പെടെ പൈങ്കുളം, കിള്ളിമംഗലം, പാഞ്ഞാൾ എന്നീ നാലു വില്ലേജുകളിലായി 6 വാർഡുകളിൽനിന്നായിരുന്നു അന്നു തെരെഞ്ഞെടുപ്പ് നടന്നത്. ഈ തെരെഞ്ഞെടുപ്പിൽ 1. ശ്രീ. കെ.കുഞ്ഞിരാമമേനോൻ 2. ശ്രീ. വി. കൊച്ചുഗോവിന്ദൻ നായർ 3. കൈപ്പുള്ളി ഗോപാലൻ നായർ 4. അടിയം പുറത്ത് കൃഷ്ണൻകുട്ടി നായർ 5. പുലിയത്ത് ഗോപാലൻ നായർ 6. മുണ്ടയൂർമന ശിവകരൻ നമ്പൂതിരി എന്നിവർ തെരെഞ്ഞെടുക്കപ്പെടുകയും ഹരിജൻ മെമ്പറായി ശ്രീ. കോപ്പ വൈദ്യരെ നോമിനേറ്റു ചെയ്യുകയും ചെയ്തു. പ്രസ്തുത മെമ്പർമാരിൽ നിന്നും ശ്രീ. കൈപ്പുള്ളി ഗോപാലൻനായർ പ്രസിഡണ്ടായി തെരെഞ്ഞെടുക്കപ്പെട്ടു.

1954-ൽ പ്രസിഡണ്ടിനെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവരികയും അതു പാസ്സായതിനെ തുടർന്നം ശ്രീ. കോന്നനാണ് കുഞ്ഞിരാമമേനോൻ പ്രസിഡണ്ടാവുകയും, പ്രസ്തുത ഭരണസമിതി 1962 ഡസമ്പർ 31 വരെ തുടരുകയും ചെയ്തു.

1963ൽ നടന്ന തെരെഞ്ഞെടുപ്പിൽ ശ്രീ. കോന്നനാത്ത് കുഞ്ഞിരാമമേനോൻ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ടിനെ കൂടാതെ 1. ശ്രീ. പ്രാക്കോട്ടിൽ അച്ചുതൻകുട്ടിനായർ, 2. ശ്രീ. അടിയാപുറത്ത് കൃഷ്ണൻകുട്ടുനായർ 3. ശ്രീ. മുത്തളംകാട്ട് പ്രഭാകരൻനായർ 4. ശ്രീ. എ. അച്ചുതവാരിയർ 5. ശ്രീ. ശിവകരൻ നമ്പൂതിരി 6. ശ്രീ. രായിരത്ത് കൊച്ചുണ്ണിമേനോൻ എന്നിവരായിരുന്നു മറ്റുമെമ്പർമാർ. പ്രസ്തുത ഭരണസമിതിയിൽ ശ്രീ. എം. വേലു (ഹരിജൻ) ശ്രീമതി. വിമല അന്തർജനം (വനിത) എന്നീ നോമിനിമെമ്പർമാരുമുണ്ടയിരുന്നു.

1971ൽ പ്രസിഡണ്ട് ശ്രീ. കോന്നോനാത്ത് കുഞ്ഞിരാമൻ മേനോൻെറ നിര്യാണത്തെ തുടർന്ന് വൈസ്പ്രസിഡണ്ട് ശ്രീ ശിവകരൻ നമ്പൂതിരി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1977ൽ പഞ്ചായത്ത് വിഭജനം നടക്കുകയും, ആറ്റൂർ വില്ലേജ് പുതിയതായി രൂപംകൊണ്ട മുള്ളൂർക്കര പഞ്ചായത്തിലേയ്ക്ക് കൂട്ടിചേർക്കപ്പെടുകയും ചെയ്തതിനുശേഷം ഇന്നേവരെ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രമായ അതിർത്തിയിൽ മാറ്റം വന്നിട്ടില്ല. ഈ സമയത്തെ ഭരണസമിതി 1978 ഡിസംബർ 31 വരെ നീണ്ടുനിന്നു. 1979 ഒക്ടോബറിൽ വീണ്ടും തിരഞ്ഞെടുപ്പ് നടക്കുകയും 1. ശ്രീമതി. കോന്നനാത്ത് ദേവിയമ്മ 2. ശ്രീ കെ. കെ. ഉണ്ണികൃഷ്ണൻ, 3. ശ്രീ പി. ശങ്കരനാരായണൻ 4. ശ്രീ. പി. നാരായണൻ നായർ, 5. ശ്രീ. എം. കുമാരൻ, 6. ശ്രീ. എ. രാമൻകുട്ടി, 7. ശ്രീ. കെ.എം. പോൾ, 8. ശ്രീ. പി. ശങ്കരൻ നായർ, 9. ശ്രീ. എ. അച്ചുതവാര്യർ, എന്നിവർ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുകയും, ഇവരിൽ നിന്ന് ശ്രീ. പി. ശങ്കരനാരായണൻ പ്രസിഡണ്ടായി പുതിയ ഭരണസമിതി അധികാരമേറ്റ് അഞ്ചുവർഷക്കാലാവുധി പൂർത്തിയാക്കുകയും ചെയ്തു.

പിന്നീട് 1988 ജനുവരിയിൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നപ്പോൾ 1. ശ്രീ. ടി. ചന്ദ്രശേഖരൻ, 2. ശ്രീമതി. ലീലാവതിയമ്മ, 3. ശ്രീ. കെ.എസ്. ഹംസ, 4. ശ്രീ. പി. നാരായണൻ നായർ, 5. ശ്രീ. എം. കുമാരൻ, 6. ശ്രീ. കെ. പത്മനാഭൻ നായർ, 7. ശ്രീ. സൈനലാവുദ്ദീൻ, 8. ശ്രീ. എം.ബി. ഗിരിജാവല്ലഭൻ, 9. ശ്രീമതി പത്മാവതി ടീച്ചർ എന്നിവർ തെരഞ്ഞെ

ടുക്കപ്പെട്ടു. ഇവരിൽ നിന്ന് പ്രസിഡണ്ടായി ശ്രീ. പി. നാരായണൻ നായരും, വൈസ് പ്രസിഡണ്ടായി ശ്രീ. കെ.എസ്. ഹംസയും തെരഞ്ഞെടുക്കപ്പെട്ടു.

7 1/2 വർഷത്തിനുശേഷം 1995ൽ പുതിയ ത്രിതല പഞ്ചായത്ത്രാജ് സംവിധാനത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 1. ശ്രീമതി. വി. തങ്കമ്മ, 2. ശ്രീമതി. ടി. സത്യഭാമ, 3. ശ്രീ. കെ.എസ്. ഹംസം, 4. ശ്രീമതി. കല്ല്യാണിയമ്മ, 5. ശ്രീ. മധുസൂദനൻ, 6. ശ്രീ. കണ്ഠൻ, 7. ശ്രീ. പി.എം. അമീർ, 8. ശ്രീ. എം. ബി. ഗിരിജാവല്ലഭൻ, 9. ശ്രീ. പി.എ. സോമൻ, 10. ശ്രീമതി. യശോദ വാസുദേവൻ എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും പ്രസിഡണ്ടായി ശ്രീമതി. വി. തങ്കമ്മയും, വൈസ് പ്രസിഡണ്ടായി ശ്രീ. കെ.എസ്. ഹംസ തുടർച്ചയായി രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1995 ഒക്ടോബർ 2ന് നിലവിലുള്ള ഭരണസമിതി അധികാരമേറ്റു.

## പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | - പാഞ്ഞാൾഗ്രാ പഞ്ചായത്ത് |
| പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ | 1 .പൈങ്കുളം<br>2. പാഞ്ഞാൾ<br>3. കിള്ളിമംഗലം |
| ബ്ളോക്ക് പഞ്ചായത്ത് | പഴയന്നൂർ |
| ഡിവിഷൻ | 1. വള്ളത്തോൾ നഗർ<br>2. കിള്ളിമംഗലം. |
| ബ്ളോക്ക് പഞ്ചായത്ത് | - പഴയന്നൂർ |
| താലൂക്ക് | - തലപ്പിള്ളി |
| ജില്ല | - തൃശ്ശൂർ |
| ലോകസഭാമണ്ഡലം | - ഒറ്റപ്പാലം |
| അസംബ്ലി മണ്ഡലം | - ചേലക്കര |
| വിസ്തീർണ്ണം | - 30.39 ച.കി.മീറ്റർ |
| ജനസംഖ്യ | - 20727 |
| സാക്ഷരത | |
| വാർഡുകളുടെ എണ്ണം | - പത്ത് |
| പ്രസിഡണ്ട് | - ശ്രീമതി വി. തങ്കമ്മ |
| വൈസ് പ്രസിഡണ്ട് | - ശ്രീ.കെ.എസ്. ഹംസ |

സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ ശ്രീ.പി.എ.സോമൻ

14

# കൃഷിയും ജലസേചനവും



16

## ആമുഖം

കേരളത്തിലെ ഹരിതരമ്യങ്ങളായ ഉൾനാടൻ ഗ്രാമങ്ങളിലൊന്നാണ് പാഞ്ഞാൾ. ആലങ്കാരികമായി പറഞ്ഞാൽ മരതകപ്പച്ചയുടുത്ത മനോഹരമായ ദേശം. ഈ പ്രദേശത്തിൻെറ ദൃശ്യസൗഭാഗ്യങ്ങൾ എത്രയെത്രയോ സിനിമകളിൽ പകർത്തപ്പെട്ടിരിക്കുന്നു. ഇപ്പോഴും പകർത്തിക്കൊണ്ടിരിക്കുന്നു.

ചില പ്രമുഖ ഇല്ലങ്ങളുടേയും ദേവസ്വങ്ങളുടേയും വകയായിരുന്നു പാഞ്ഞാളിലെ ഭൂമി ഏറെയും. കർഷക പ്രസ്ഥാനവും ഭൂപരിഷ്കരണ നിയമവും ഉടമസ്ഥാവകാശങ്ങളാകെ മാറ്റി മറിച്ചു. അതു കേരളത്തിൻെറ ചരിത്രമാണല്ലോ.

പാഞ്ഞാൾ കാർഷിക മേഖലയാണ്. ജന്മികുടിയാൻ വ്യവസ്ഥിതിയിൽ പരമ്പരാഗത ശൈലിയിൽ കൃഷിചെയതു പോന്നവരാണ് ഈ പ്രദേശത്തുകാർ. ഉടമസ്ഥതയിൽ വന്ന മാറ്റം കൃഷിഭൂമിയുടെ വലിപ്പത്തിലും വ്യത്യാസമുണ്ടാക്കി. മറ്റേതു കേരളീയ ഗ്രാമത്തിലുമെന്നപോലെ ചെറിയ തുണ്ടുപാടങ്ങൾ തന്നെ. ഹരിത വിപ്ലവത്തിലേക്കും കാർഷിക സമ്പത്സമൃദ്ധിയിലേക്കും ഉണ്ടായ ദേശീയ മാറ്റങ്ങളുടേയും വളർച്ചയുടേയും ഫലമായി കൃഷി രീതികളിലും വളപ്രയോഗങ്ങളിലും നൂതന, സമ്പ്രദായങ്ങൾ നടപ്പിൽവന്നു. പതുക്കെപ്പതുക്കെ മണ്ണിൻെറ രാസഘടനയിൽ അതിൻെറയൊക്കെ സ്വാഭാവികാഘാതങ്ങളുണ്ടായി.

സാങ്കേതികമായിപ്പറഞ്ഞാൽ പാഞ്ഞാൾ ഭാരതപ്പുഴയുടെ പിൻതടപ്രദേശമാണ്. പാഞ്ഞാളിൻെറ വടക്കേ അതിരിൽ അഴകിൻെറ അരഞ്ഞാണംപോലെ പതിഞ്ഞൊഴുകുന്ന നിളാനദിയാണ്. കൃഷിരീതികളിൽ വന്ന മാറ്റങ്ങളും വൃക്ഷനിബിഡങ്ങളായിരുന്ന കുന്നുകളും മലകളും വെട്ടിവെളുപ്പിക്കുകവഴി ഉണ്ടായ കാലാവസ്ഥാഭേദങ്ങളും കനത്ത നഷ്ടങ്ങളാണ് വരുത്തിവെച്ചത്. ഫലഭൂയിഷ്ടമായ മേൽമണ്ണിൻെറ നഷ്ടം മാത്രമായി ആ നഷ്ടം ഒതുങ്ങിയില്ല. പിന്നെയോ പാഞ്ഞാൾ പാടശേഖരങ്ങളെ വെള്ളത്തിനുവേണ്ടിയലയുന്ന പട്ടിണിക്കോലങ്ങളാക്കി ചുമക്കുകയും ചെയ്തു. ചീരക്കുഴിപ്പുഴയിൽ നിന്നുള്ള കനാൽ ഈ പഞ്ചായത്തിൽകൂടി കടന്നു പോവുന്നുണ്ടെങ്കിലും കനാൽവെള്ളം കണക്കാക്കി വേനൽ കൃഷിയിറക്കിയാൽ വെള്ളം കുടിച്ചതുതന്നെ. ആകെ ആശ്രയം മൂന്നു തോടുകളാണ്. പിന്നെ പതിനൊന്നു കുളങ്ങളും. ഇത്രയും തുച്ഛമായ സൗകര്യത്തെ ആസ്പദമാക്കിവേണം കൃഷി നടത്താനെന്നു ചുരുക്കം.

ദക്ഷിണ കേരളത്തിൽ നിന്നുമുള്ള കുടിയേറ്റ കൃഷിക്കാരോടൊപ്പം റബറും പാഞ്ഞാളിലെത്തി. റബറിപ്പോൾ പഴയ ഞാറ്റുകണ്ടങ്ങളിലേക്കും പടരുകയാണ്. മുഖ്യകൃഷിയായ നെല്ലിനു് ഭീഷണിയോ പകരമോ ആയിട്ട്.

കുരമുളകും ഇഞ്ചിയും വ്യാപകമായിട്ടില്ല. അത്യാവശ്യം തെങ്ങ്, കുറച്ച് വാഴ, ഇത്തിരി തോട്ടകൃഷി, അല്പസ്വല്പം പച്ചക്കറികൾ. സത്യമാണ്, പാഞ്ഞാളിലെ കർഷകൻ വളരെ വളരെ ഒതുങ്ങാനും ചുരുങ്ങാനും നിർബന്ധിതനാവുകയാണ്. കൃഷിക്കാരൻെറ മുഖത്തിപ്പോൾ പഴയ പ്രതാപവും പുഞ്ചിരിയുമില്ല. ചുണ്ടിൽ മുറിബീഡിയോടൊപ്പമുണ്ടായിരുന്ന മൂളിപ്പാട്ടില്ല. എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളാണിപ്പോൾ കർഷകൻെറ മനസ്സിൽ. എല്ലാമെല്ലാമൊരുക്കൂട്ടി കൃഷിയിറക്കുന്നതെങ്ങിനെ? എല്ലു വെള്ളമാക്കി പൊരിഞ്ഞ് പണിയെടുക്കുന്നതെന്തിന്? വർഷം ചതിക്കും, വളം ചതിക്കും. കീടങ്ങളും കളകളും നശിപ്പിക്കും. ഊതിയുരുട്ടിയുണ്ടാക്കുന്നതിനൊടുവിൽ പുല്ലുവില!

ഭൂപരിഷ്ക്കരണനിയമം വരുന്നതിനുമുമ്പ് ഈപഞ്ചായത്തിൽ കൂടലാറ്റുപുറത്ത് മന, ഉന്നത്തൂർ ദേവസ്വം, പാഞ്ഞാൾ ദേവസ്വം, തിരുവഞ്ചിക്കുഴി ദേവസ്വം, നാരായണൻ തൃക്കോവിൽ ദേവസ്വം, നെല്ലിക്കാട്ടു മന, പാതിരിപ്പിള്ളി മന, മാത്തൂർ മന, കയ്പഞ്ചേരി മന, നടുവത്ത് മന, വാദ്യാർ മന, മുണ്ടയൂർ മന, മുണ്ടക മന, തൃക്കങ്ങോട്ട് ദേവസ്വം, തുടങ്ങിയ ഭൂവുടമകളിൽ നിന്നു് പാട്ടത്തിനു് കൃഷിഭൂമി വാങ്ങി കൃഷി ചെയ്തിരുന്നു. കർഷകനു് കൃഷിഭൂമിയിൽ നാശം സംഭവിച്ചാലും ഇല്ലെങ്കിലും കൃത്യമായി പാട്ടം നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ കൃഷിചെയ്യുന്ന കർഷകനു് വളരെയധികം യാതനകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1971-ൽ ഭൂപരിഷ്ക്കരണ നിയമം

വന്നതോടെ കൃഷി ചെയ്യുന്ന കർഷകൻ കൃഷി ഭൂമിയുടെ ഉടമയാവുകയും സ്വതന്ത്രനാകുകയും ചെയ്തു. അതേസമയം ജന്മിമാരായിരുന്നവർക്ക് പിൻനിരയിലേക്ക് മാറി നിൽക്കേണ്ടി വന്നതും ഒരു വസ്തുതയാണ്. ഈ പഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള 3039 ഹെക്ടർ സ്ഥലത്ത് 475 ഹെക്ടർ സ്ഥലം നെൽകൃഷിക്കും 1309 ഹെക്ടർ സ്ഥലം പറമ്പും 526 ഹെക്ടർ സ്ഥലം വനപ്രദേശവും 10 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും 2 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയുമാണ്.

**പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്**
**3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം(War Land) | 475 Ha |
| പുരയിടം (Garden Land) | 1309 Ha. |
| പുറമ്പോക്ക് | 526 Ha. |
| കൃഷിയോഗ്യതരിശ് | 10 Ha. |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 2 Ha. |
| ആകെ | 2322 Ha. |

**പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്**
**3.2 വിളവിസ്തീർണ്ണവും ഉല്പാദനവും (Ref. അടിസ്ഥാന വിവര രജിസ്റ്റർ)**

| വിള | വിസ്തീർണ്ണം (Hc.) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 475 | 1662.5 MT | 3.5 MT |
| നെല്ല് രണ്ടാംവിള | 449 | 1077.6 MT | 2.4 MT |
| നെല്ല് മൂന്നാംവിള | 5 | 15 MT | 3 MT |
| പയർ | 30 | 24 MT | 0.8 MT |
| എള്ള് | 5 | 1.75 MT | 0.35 MT |
| പച്ചക്കറികൾ | 80 | 320 MT | 4 MT |
| തെങ്ങ് | 471/400 | 55 Lakhs | 80 Nuts/Tree/Annum |
| വാഴ, നേന്ത്രവാഴ | 83 | 2075 MT | 10 Kg/Bunch/25 MT/H |
| മരച്ചീനി | 24 | 360 MT/Year | 15 MT/1 K |
| കുരുമുളക് | 41 | 6.56 MT | 160 Kg/Hectre |
| പ്ലാവ് | Negligible | | |
| കശുമാവ് | 30 | 18.3 MT | 611 Kgs. |
| മാവ് | 30 | 120 MT/Year | 4 MT |
| റബർ | 400 | 240 MT | 600 Kg Dry Rubber |
| കവുങ്ങ് | 79 | 158 MT | 2 MT Dry Nuts/Year |
| പടട്ടുവാഴ | 60 | 630 MT | 8 Kg./Bunch |
| മറ്റുഫലവൃക്ഷങ്ങൾ | 1 | 4 MT | 4 MT/Hc. |
| ഇഞ്ചി | 15 | 32.25 MT | 2.15 MT Dry Ginger |
| മഞ്ഞൾ | 10 | 17.5 MT | 175 MT/Hc. Cured Turmeric |
| കൃഷിയോഗ്യമായ ആകെ ഭൂമി | 1359 | | |
| പറമ്പു കൃഷി | 1309 | | |

## പാങ്ങാൾ ഗ്രാമ പഞ്ചായത്ത്
## 3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ<br>1 | നാമമാത്ര കർഷകർ (1 ഹെക്ടറിൽതാഴെ)<br>2 | ചെറുകിട കർഷകർ (1-2 ഹെക്ടർ)<br>3 | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)<br>4 |
|---|---|---|---|
| 1 | 249 | 99 | 11 |
| 2 | 205 | 102 | 12 |
| 3 | 239 | 95 | 13 |
| 4 | 259 | 103 | 13 |
| 5 | 278 | 109 | 7 |
| 6 | 254 | 98 | 12 |
| 7 | 235 | 98 | 11 |
| 8 | 269 | 101 | 15 |
| 9 | 275 | 95 | 10 |
| 10 | 236 | 152 | 15 |
| Total | 2499 | 1052 | 119 |

### നടപ്പു പദ്ധതികളുടെ അവലോകനം

കൃഷിഭവൻ മുഖേന കർഷകർക്ക് വളരെയധികം പദ്ധതികൾ 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ, കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ യഥാസമയം കർഷകരിലെത്തിക്കുന്നതിനു് കൃഷിഭവൻ ഉദ്യാഗസ്ഥരുടെ സേവനം വളരെ മികച്ചതാണ്. ഈ പഞ്ചായത്തിലെ കൃഷിഭവനിലെ കൃഷി അസിസ്റ്റൻറുമാരുടെ ഒഴിവുകൾ നികത്താത്തത് ഈയടുത്തകാലത്ത് കൃഷി ഭവൻെറ പ്രവർത്തനത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. തെങ്ങ്കൃഷി വികസന പദ്ധതി പ്രകാരം ധാരാളം സഹായം തെങ്ങ് കൃഷിക്കാർക്ക് നൽകുകയും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് കീടനാശിനികൾ, സ്പ്രേയറുകൾ, ട്രാക്ടറുകൾ, മെതിയന്ത്രങ്ങൾ മുതലായവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

### നെൽകൃഷി

475 ഹെക്ടറോളം നെൽകൃഷിയിൽ രണ്ടു വിളയെടുക്കുന്ന കൃഷിയിടങ്ങൾ 449 ഹെക്ടറും അതിലെ മൊത്തം ഉല്പാദനം 1077.6 മെട്രിക് ടണ്ണും ഒരു ഹെക്ടറിലെ ഉല്പാദനക്ഷമത 2.4 മെട്രിക് ടണ്ണുമാണ്. മൂന്നാംവിളയെടുക്കുന്ന കൃഷിയിടങ്ങൾ 5 ഹെക്ടർ മാത്രവുമാണ്. മൊത്തം 15 മെട്രിക്ടൺ ഉല്പാദനവും ഒരു ഹെക്ടറിൽ 3 മെട്രിക്ടൺ ഉല്പാദനക്ഷമതയുമാണുള്ളത്. ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷിയുള്ള 2499 കർഷകരിൽ അവരുടെ കൃഷിയിടങ്ങൾ 2 മുതൽ 6 വരെ കഷണങ്ങളായിട്ടാണ് കിടക്കുന്നത്.

### ഭൂവിതരണക്രമം

ഈ പഞ്ചായത്തിൽ 3670 കർഷക കുടുംബങ്ങളുടെ കൈവശത്തിലായി 1784 ഹെക്ടർ ഭൂമിയുണ്ട്. ഒരു കുടുംബത്തിന് ശരാശരി 0.62 ഹെക്ടർ ഭൂമി ഉണ്ടെന്നു് കണക്കാക്കാം.

ഏകദേശം 5 സെൻറിൽ താഴെ ഭൂമിയുള്ള കുടുംബങ്ങൾ 10.62% ത്തോളം വരുന്നു. ഈ പഞ്ചായത്തിൽ 25 സെൻറ് ഭൂമി മാത്രമുള്ള 46.57% കുടുംബങ്ങളുണ്ട് എന്നതാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത. ഒരു ഹെക്ടറിൽ താഴെയുള്ള നാമമാത്ര കർഷകർ 2499-ഉം ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ ഭൂമിയുള്ള കർഷകരായി 1052 പേരും 2 ഹെക്ടറിന് മുകളിൽ 119 ചെറുകിട കർഷകരുമുണ്ട്.

ആദ്യകാലഘട്ടങ്ങളിൽ കർഷകർ ധാരാളമായി ജൈവവളത്തെ അടിസ്ഥാനമാക്കിയാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ പിന്നീട് ചാണകം മുതലായ വളങ്ങളുടെ ലഭ്യതക്കുറവും വനനശീകരണവും കാരണം ജൈവവള പ്രയോഗത്തിനു തടസ്സം നേരിട്ടു. അമിതമായ രാസവള കീടനാശിനി പ്രയോഗം മണ്ണിൻെറ ഘടനയെ താറുമാറാക്കി. വിളരീതികളുടെ മാറ്റത്തിൻെറ അടിസ്ഥാനത്തിൽ ആദ്യകാലങ്ങളിൽ മികച്ച വിളവ് ലഭിച്ചിരുന്നുവെങ്കിലും കാലക്രമേണ ഉൽപാദന അനുപാതം ഗണ്യമായി കുറഞ്ഞു വരികയാണുണ്ടായത്. തലക്കുളങ്ങൾ സംരക്ഷിക്കുന്നതിനും മറ്റു മണ്ണു സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ഇന്നു കഴിയുന്നില്ല. നാട്ടറിവുകൾ പ്രയോജനപ്പെടുത്തിയുള്ള കൃഷി സമ്പ്രദായങ്ങളും പഴയ കാലത്തുണ്ടായിരുന്ന കൃഷിരീതികളും ഇന്നാരും പ്രയോജനപ്പെടുത്തുന്നില്ല.

ജീവിത സുചികക്കനുസൃതമായി കർഷകന് അവൻെറ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നില്ല. കാർഷികത്തൊഴിലാളികളുടെ വേതനവർദ്ധനവ് കർഷകന് ഒരു പ്രധാന പ്രശ്നമായി മാറി.

പഴയ കാലത്ത് തവളക്കണ്ണൻ, കട്ടമോടൻ, ചിറ്റേനി, ആര്യൻ, തുടങ്ങിയ വിത്തിനങ്ങളാണുപയോഗിച്ചിരുന്നത്. ഇന്നാകട്ടെ മൂപ്പ് കുറഞ്ഞ അത്യുല്പാദനശേഷിയുള്ള മട്ടത്രിവേണി, ജോതി, പവിഴം, കൈരളി തുടങ്ങിയ വിത്തിനങ്ങളാണ് കൃഷി ചെയ്യുന്നത്. പഴയ ജൈവവള പ്രയോഗരീതി മാറ്റി ധാരാളമായി രാസവളങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി.

പഴയകാലത്ത് നെൽകൃഷിയിടങ്ങൾ വേനൽക്കാലത്ത് ചുട്ടുകരിക്കുകയും 3 തവണ ഉഴുത് ജൈവവള പ്രയോഗം നടത്തി പത്തു ദിവസത്തോളമെങ്കിലും പഴക്കം വരുത്തി പ്രകൃതിദത്തമായി കീടങ്ങളെ നശിപ്പിച്ചാണ് കൃഷിചെയതു വന്നിരുന്നത്. എന്നാൽ ഇന്ന് വിളവെടുത്തയുടൻതന്നെ കന്നുകാലികളെ ഉപയോഗിച്ച് നിലമുഴുതിരുന്നതിനു പകരം ട്രാക്ടർ, ടില്ലർ എന്നിവ ഉപയോഗിച്ച് നിലമൊരുക്കി രാസവളപ്രയോഗം നടത്തി കൃഷി ചെയ്തുവരുന്നു.

ഇതിൻെറ ഫലമായി പുതിയതരം കീടങ്ങളും രോഗങ്ങളും ബാധിച്ചുതുടങ്ങി. അതോടൊപ്പം മണ്ണിൻെറ ഘടനയിൽ മാറ്റം വരികയും ഫലപുഷ്ടി കുറയുകയുംചെയ്തു എന്നത് വാസ്തവമാണ്.

ഒരേക്കറിൽ താഴെ കൃഷിയുള്ള കൃഷിയിടങ്ങളിൽനിന്നും കിട്ടുന്ന ഉല്പാദനക്ഷമത വളരെക്കുറവാണ് (1800 Kg). ഒരേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള കൃഷിയിടങ്ങളിൽനിന്നും ഹെക്ടറിനു 2500 Kg വരെ ഉൽപാദനം ലഭിക്കുന്നു. തുണ്ടുഭൂമികളായതു കാരണം ആധുനിക കാർഷിക സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിനു കഴിയുന്നില്ല. ജലസേചന സൗകര്യങ്ങളുടെ പോരായ്മയും നെൽകൃഷിയെ സംബന്ധിക്കുന്ന പ്രശ്നമാണ്.

പണ്ടുകാലത്ത് മുപ്പുവൽ കൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ ഇപ്പോൾ ഇരുപ്പുവലായും, ഇരുപ്പൂവലായ കൃഷിയിടങ്ങൾ ഒരുപ്പുവലായും, ഒരുപ്പൂവൽ നിലങ്ങൾ ചെറിയതോതിലെങ്കിലും തരിശായും മാറിയിട്ടുണ്ട്. ഇഷ്ടിക നിർമ്മാണത്തിനും മറ്റും കൃഷിഭൂമി താഴ്ത്തിയതിൻെറ ഫലമായി ജലസേചനത്തിനു അസൗകര്യം നേരിട്ടിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മൊത്തം കർഷകരിൽ വെറും ആറു ശതമാനക്കാർക്കാണ് കൃഷിയിൽനിന്നും മുഖ്യ വരുമാനം ലഭിക്കുന്നത്. കൃഷി ലാഭകരമല്ലാതാകുകയും കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും മറ്റു ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് നെൽകൃഷി ചെയ്യുന്നതിനുള്ള താല്പര്യക്കുറവും കാർഷിക മേഖലയുടെ താളം തെറ്റിച്ചിട്ടുണ്ട്. തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു, ചാഴി എന്നീ കീടങ്ങളും ബ്ലാസ്റ്റ് ബ്ലൈറസ് മുതലായ രോഗങ്ങളും നെൽകൃഷിയെ ബാധിക്കാറുണ്ട്.

ഈ പഞ്ചായത്തിലെ മുഖ്യ ജല സ്രോതസ്സുകളായ ആറ്റൂർ തോട്, കൂളിത്തോട്, ചീരക്കുഴി കനാൽ, ഭാരതപ്പുഴ തുടങ്ങിയവയാണ്. ഭാരതപ്പുഴയിൽ തടയണ കെട്ടി ലിഫ്റ്റ് ഇറിഗേഷൻ മുഖേന ഈ പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ജലസേചനം നടത്താൻ കഴിയും.

ആറ്റൂർ ഭാഗത്തുനിന്നും പാറക്കൽ തോടും ചേലക്കര ഭാഗത്തുനിന്നും വരുന്ന കൂളിത്തോടും ഈ പഞ്ചായത്തിലെ കുടുതൽ ഹൃദയഭാഗങ്ങളിലൂടെ ഒഴുകിപ്പോകുന്നു. മേൽപ്പറഞ്ഞ തോടുകളിൽ സൈഡ്ഡുകെട്ടി സംരക്ഷിച്ച് പ്രധാന സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ നിർമ്മിക്കുകയാണെങ്കിൽ ജലസേചന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയും. മെതുക് കുളമ്പ് ഭാഗത്തുനിന്നു തുടങ്ങി ഭാരതപ്പുഴയിൽ ചേരുന്ന കൂന്നാം തോട് ഈ പഞ്ചായത്തിലുണ്ട്.

## ജലസേചനസൗകര്യം

### അപര്യാപ്തകൾ.

**1. കൂളിത്തോട്**

1. കൂളിത്തോടിൻെറ കുളമ്പാത്രപ്പടിയിലും ഉണ്ടിക്കൽ കടവിലും ക്രോസ്ബാർ കം ബ്രിഡ്ജ് ഇല്ല.
2. കൂളിത്തോട് ഭാരതപ്പുഴയിൽ ചേരുന്ന ഭാഗത്ത് തടയണയില്ല.
3. പൈങ്കുളം കിള്ളിമംഗലം അതിർത്തിയിൽ ചീപ്പ് ഇല്ല.
4. നെല്ലിക്കാട്ടുചിറ ഉണ്ടായിരുന്ന സ്ഥലത്ത് ചീപ്പ് ഇല്ല.
5. പൈങ്കുളം പാറെക്കടവിനു മുകളിൽ ഭാരതപ്പുഴയിൽ തടയണയില്ല.
6. കൊറ്റൂട്ട് പാറ അവസാനിക്കുന്ന സ്ഥലത്ത് കൂളിത്തോട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ ഇല്ല.
7. കൂളിത്തോട്ടിൻെറ പലഭാഗങ്ങളിലും മണ്ണിടിഞ്ഞതിനാൽ വെള്ളം സംരക്ഷിക്കുവാൻ കഴിയുന്നില്ല.

**2. ആറ്റൂർത്തോട്.**

1. ആറ്റൂർതോട്ടിൽ സ്ഥിതിചെയ്യുന്ന ചീപ്പുകൾ റിപ്പയർ ചെയ്തിട്ടില്ല.
2. വടക്കേപ്പാട്ട് പാടത്തേക്ക് ജലനിർഗ്ഗമന ചാലില്ല.
3. തോട്ടിൽ പല ഭാഗങ്ങളിലും മണ്ണിടിഞ്ഞതിനാൽ വെള്ളം സംരക്ഷിക്കുവാൻ കഴിയുന്നില്ല.
4. ആറ്റൂർ തോടിൻെറ ആഴം കുറയുന്നു.

**3. ചീരക്കുഴി കനാൽ**

1. ചീരക്കുഴി കനാലിൽനിന്നു് യഥാസമയം വെള്ളം ലഭിക്കുന്നില്ല.
2. ചീരക്കുഴി കനാൽ സംരക്ഷിക്കപ്പെടുന്നില്ല.
3. ചീരക്കുഴി കനാൽ കമ്മിറ്റിയിൽ കർഷകരുടെ മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
4. താനിശ്ശേരി പാടം, തൊടിപ്പാടം ഭാഗത്തേക്ക് കനാൽ ദീർഘിപ്പിച്ചിട്ടില്ല.
5. വാഴാലപ്പാടത്ത് ലിഫ്ട് ഇറിഗേഷൻ വിപുലീകരിച്ചിട്ടില്ല.
6. സ്പൗട്ട് നമ്പർ 54, 55 സ്പൗട്ടുകളിൽ ചീരക്കുഴി കനാലിൽ ഫീൽഡു ചാനൽ നിർമ്മിച്ചിട്ടില്ല.

**4. ഭാരതപ്പുഴ**

1. ഭാരതപ്പുഴയുടെ തീരം സംരക്ഷിക്കപ്പെട്ടിട്ടില്ല
2. വാഴാലിപ്പാടം പമ്പ് ഹൗസിനുതാഴെ ഭാരതപ്പുഴയിൽ തടയണയില്ല.

## കുളങ്ങൾ

1. **തണ്ണിറ്റാംകുളം**

ഈ കുളത്തിന് ആഴം കുറവാണ്. ചെളി നിറഞ്ഞിട്ടുള്ളതിനാൽ ജലസംഭരണ ശേഷി ഇല്ല.

2. **പേരരൂകുളം**

റിപ്പയർ ചെയ്തിട്ടില്ല. മണ്ണിടിച്ചിൽ കാരണം തൂർന്നു വരികയാണ്. ജലസംഭരണ ശേഷി ഇല്ല.

3. **പൊതുവാളശ്ശേരിക്കുളം**

അറ്റകുറ്റ പണികൾ നടത്തിയിട്ടില്ല. മണ്ണിടിച്ചിൽ തൂർന്നു വരികയാണ്. ജലസംഭരണ ശേഷി ഇല്ല.

4. **ഗോതമ്പുകുളം**

റിപ്പയർ നടത്തിയിട്ടില്ല. മണ്ണിടിച്ചിൽ കാരണം തൂർന്നു വരികയാണ്. ജലസംഭരണ ശേഷി ഇല്ല.

5. **പഴതിക്കുളം**

ജലസംഭരണശേഷി കുറവ്.

6. **ഓമച്ചിക്കുളം**

അറ്റകുറ്റ പണികൾ നടത്തിയിട്ടില്ല. മണ്ണിടിച്ചിൽ കാരണം തൂർന്നു വരികയാണ്. ജലസംഭരണ ശേഷി ഇല്ല.

7. **ചാത്തൻ കുളം**

ആഴം കുറയുന്നു. മണ്ണിടിച്ചിൽ കാരണം ജലസംഭരണ ശേഷി കുറഞ്ഞു കുറഞ്ഞു വരുന്നു.

8. **അത്തിക്കാട്ടുകുളം**

(8) ചെറുകുളം (9) ശ്രീപുഷ്ക്കരക്കുളം എന്നിവ മണ്ണിടിച്ചിൽ മൂലം ചെളി നിറഞ്ഞു ഉപയോഗശൂന്യമായി വരുന്നു. അവയുടെ ജല സംഭരണശേഷി കുറയുന്നു.

1. **തോട്ടുചാൽ**

അയ്യപ്പൻകാവ് പരിസരത്തുനിന്ന്ആരംഭിച്ച് ആറ്റൂർ തോട്ടിൽ ചേരുന്ന തോട് ചാലിൽ മുമ്പ് രണ്ട് ചീപ്പുകളുണ്ടായിരുന്നു. തോട്ടുചാലിൽ കരകൾ ഇടിഞ്ഞു തൂർന്നു പോകുന്നതിനാൽ കൃഷിഭൂമി നശിക്കുന്നതിനോടൊപ്പം ചീർപ്പിട്ടാൽ വെള്ളം സംഭരിക്കുവാൻ കഴിയുന്നില്ല.

2. കുറുക്കുളം തോട്ടുചാൽ കിഴക്കേപ്പാട്ട് വാരിയം ഭാഗത്തെയും കരിയാർ ഭാഗത്തെയും വെള്ളച്ചാലുകളിടിഞ്ഞ് കൃഷിനാശം സംഭവിക്കുന്നു.

3. എരിയാനാംകുന്നു് ചീർപ്പിൻെറ പലകകൾ മുഴുവൻ കേടുവന്നു. സൈഡ് കെട്ടിയത് പര്യാപ്തമല്ലാത്തതിനാൽ മണ്ണിടിച്ചൽമൂലം തോട് സംരക്ഷിക്കപ്പെടുന്നില്ല.

4. അയ്യഴി ഭാഗത്ത് നീരവാർച്ചാലും തോടും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നു.

5. ചേരക്കുളം മണ്ണിടിച്ചിൽ മൂലം ആഴം കുറയുന്നു. ജലസംഭരണശേഷി കുറയുന്നു.

## മണ്ണൊലിപ്പു നിവാരണവും ജലസംഭരണവും

1. ഒലിപ്പാറ സർക്കാർ വനത്തിൽനിന്നും വർഷക്കാലത്ത് ഒഴുകിവരുന്ന ജലം ആലമ്പുഴ - ഇടവപ്പാടം പാടശേഖരങ്ങളിൽ നീർക്കെട്ടുണ്ടാക്കുന്നു - മാത്രമല്ല ഈ ജലം പാഴായി പോകുന്നു. ഇത് തടഞ്ഞുനിർത്തി ജല നിർഗ്ഗമന ചാലുകൾ പണിത് കുളിത്തോട്ടിലേക്കെത്തിക്കണം.

2. ഒലിപ്പാറക്കുന്ന് പ്രദേശത്തുള്ള മണ്ണൊലിപ്പ് തടയുന്നതിനു് തലക്കുളങ്ങൾ തീർത്ത് തീറ്റപ്പുൽ, രാമച്ചം, കൈതച്ചക്ക തുടങ്ങിയവ ഏതെങ്കിലും കൃഷി ചെയ്യണം.

4. പൂക്കോട് സർക്കാർ വനമേഖലയിൽ ഒരു ഡാം നിർമ്മിച്ച് മുല്ലക്കൽ തോട്ടിൽ ജലം സംഭരിക്കുകയും പമ്പ് സെറ്റ് സ്ഥാപിക്കുകയും തോടിൻെറ സൈഡ് കെട്ടുകയും മുല്ലക്കൽ ചീർപ്പുമുതൽ കൊച്ചപ്പൻ പടിവരെ കനാൽ നിർമ്മിക്കുകയും ചെയ്താൽ കൃഷിയുടെ അഭിവൃദ്ധിക്കും, കൃഷി സംരക്ഷണത്തിനും സഹായകമാണ്.

4. പാഞ്ഞാൾ പ്രദേശത്ത് കാട്ടിശ്ശേരിക്കുളം നില്ക്കുന്ന സ്ഥലത്ത് ചെറിയ അണ കെട്ടി ജലം സംഭരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തെ കുളങ്ങൾ ഇപ്പോൾ പൂർണ്ണമായും കൃഷിക്കു വേണ്ടിയുള്ള ജലസംഭരണികളായിട്ടല്ല ഉപയോഗിച്ചുവരുന്നത്. ഈ നിലയിൽ മാറ്റം വരണം - കുളങ്ങൾ ചെളി കോരി, ആഴം കൂട്ടി ആവശ്യമായ സംരക്ഷണ പ്രവർത്തികൾ ചെയ്തും, പമ്പുകൾ സ്ഥാപിച്ചും, നീർച്ചാലുകൾ തീർത്തും പ്രയോജനപ്രദമാക്കേണ്ടതുണ്ട്. കുന്നിൻ ചെരിവിലൂടെ ഒലിച്ചിറങ്ങുന്ന മഴവെള്ളം ഫലപ്രദമായി സംഭരിച്ചു നിർത്തേണ്ട താണ്. ഇതിനായി ചെറിയ ഡാമുകൾ നിർമ്മിക്കേണ്ടതുണ്ട്. ഇതുമൂലം പല പ്രയോജനങ്ങളാണുള്ളത്. മഴ വെള്ളത്തിലൂടെ ഒഴുകിപ്പോകുന്ന മേൽമണ്ണും മറ്റു പോഷകഘടകങ്ങളും നഷ്ടമാവാതെ സൂക്ഷിക്കുന്നു. മുകളിൽ ജലം സംഭരിച്ചു നിർത്തുന്നതിൻെറ ഫലമായി താഴെയുള്ള കിണറുകളിലും കുളങ്ങളിലും ജലവിതാനം ഇന്നത്തേതിൽ നിന്നു് ഉയരും. കുനഇൻ ചെരിവുകൾ തട്ടുകളായി തിരിച്ച് കശുമാവ്, റബ്ബർ മുതലായ കൃഷികൾ ചെയ്യുകയോ, രാമച്ചം, തീറ്റപ്പുല്ല്, മറ്റു പുല്ല് വർഗങ്ങൾ മുതലായവ, ജൈവവളത്തിനു് ശീമക്കൊന്ന, പൊൻഗാമിയ (ഉങ്ങ്) മുതലായവ നട്ടുപിടിപ്പിക്കുകയും ചെയ്യാം ഓരോ പ്രദേശത്തിനും യോജിച്ച കൃഷികൾ ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഉദ: നേന്ത്രവാഴ, കപ്പ മുതലായവ, ചരിവു പ്രദേശങ്ങളിൽ കൃഷിചെയ്താൽ വലിയതോതിൽ കാറ്റുമൂലവും മണ്ണൊലിപ്പു മൂലവും നഷ്ടം സംഭവിക്കാനിടയുണ്ട്. നേരെമറിച്ച് ഏതെങ്കിലും വൃക്ഷവിളകൾ (റബ്ബർ, കശുമാവ് മുതലായവ) കൃഷി ചെയ്താൽ അത്തരം പ്രദേശങ്ങളിൽ അനുയോജ്യമാണ്. നിലവിലുള്ള ജല ്രസാതസ്സുകൾ(തലക്കുളങ്ങൾ) നേരെയാക്കി സംരക്ഷിക്കേണ്ടതുണ്ട്. ഓരോ പാടശേഖരവും തുടങ്ങുന്ന സ്ഥലത്ത് ഓരോ തലക്കുളങ്ങൾ (ചരിവിനനുസരിച്ച്) പുതുതായി നിർമ്മിക്കേണ്ടതുണ്ട്. അതാതു പ്രദേശത്തെ കൃഷിക്കാരെ സംഘടിപ്പിക്കുന്നതിനും സാങ്കേതിക നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുകയാണെങ്കിൽ ഇതൊക്കെ അനായസേന നടപ്പിലാക്കാം. ഇപ്രകാരം ജല സ്രോതസ്സുകൾ സൃഷ്ടിക്കുകയും പുനരുദ്ധരിക്കുകയും ചെയ്താൽഏറ്റവും കുറഞ്ഞത് 600 ഹെക്ടറിൽ മൂന്നാം വിളയെടുക്കാം - ആറ് ഹെക്ടറിൽ പയർ, പച്ചക്കറി, എള്ള്, ജൈവവളം മുതലായവ ഉല്പാദിപ്പിക്കുവാനും കഴിയും. നെല്ലുല്പാദനം പ്രതിവർഷം 250 മെട്രിക് ടൺ കൂടിതലായി ഉണ്ടാക്കുവാൻ കഴിയുകയും പയർ, പച്ചക്കറി മുതലായവയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും സാധിക്കും.

ഓരോ പാടശേഖരത്തിലേക്കാവശ്യമായ ജൈവവളം (ഹെക്ടറിനു് 5 ടൺ) അതാത് പാടശേഖരകമ്മിറ്റതന്നെ ഉല്പാദിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ പാടശേഖര സമിതികൾക്ക് നൽകേണ്ടതുണ്ട്.

അത്യുൽപാദന ശേഷിയുള്ള നെൽ വിത്തുകൾ സബ്സിഡി നിരക്കിൽ പ്രത്യേകിച്ച് വിരിപ്പ് കൃഷിക്ക് കൃഷിഭവൻ മുഖേന ലഭ്യമാക്കണം. കൃഷിയിടങ്ങൾ നികത്തുന്നതും താഴ്ത്തുന്നതും നിയമം മൂലം തടയേണ്ടതാണ്. ഓരോ ഭൂമിയിലും

ചെയ്യേണ്ട കൃഷിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കണം. സൗജന്യ മണ്ണു പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കണം. കൃഷിയിറക്കുന്നതിനും വിളവെടുക്കുന്നതിനും അനുഭവപ്പെടുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനു് പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് (Labour Contract) സൊസൈറ്റി സ്ഥാപിക്കണം.

കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തടയുന്നതിനു കീടനാശിനികളും ജൈവവളങ്ങൾ മുതലായവയും യഥാസമയം കർഷകനു എത്തിച്ചു കൊടുക്കുന്നതിന് ഒരു സ്ഥിരം സംവിധാനം പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

കർഷകന് അവനുല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണം അനുഭവപ്പെടുന്നു. ഇതിനു പരിഹാരമായി പഞ്ചായത്തു തലത്തിൽ ചൂഷണ വിമുക്തമായ ഒരു വിപണന കേന്ദ്രം തുടങ്ങണം. അതോടനുബന്ധിച്ച് ഒരു നെല്ല് സംസ്കരണ യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

## ബി. തെങ്ങ്

തെങ്ങ് കൃഷി 471 ഹെക്ടറിലാണ് ഈ പഞ്ചായത്തിലുള്ളത്. ഇവിടെനിന്നും വർഷത്തിൽ 55 ലക്ഷം നാളികേരം ഉല്പാദിപ്പിക്കുന്നു. കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, പൂക്കുലച്ചാഴി എന്നീ കീടങ്ങളും, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങളും തെങ്ങിനെ ബാധിക്കുന്നു. ഈ കീടരോഗങ്ങളെ യഥാസമയം കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനു് കൃഷി ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്താൽ ഇപ്പോഴത്തെ ഉൽപാദന ക്ഷമതയായ 80 നാളികേരത്തിൽനിന്നും വളരെ ഉയർത്താവുന്നതാണ്. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനു ഒരു നാളികേര വിപണന കേന്ദ്രം സ്ഥാപിക്കുകയും അതോടൊപ്പം തേങ്ങാ സംസ്കരണ യൂണിറ്റ്, തൊണ്ട് സംസ്കരണ യൂണിറ്റ്, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് എന്നിവയും സ്ഥാപിച്ച് തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## സി. റബ്ബർ

ഈ പഞ്ചായത്തിൽ 400 ഹെക്ടറോളം സ്ഥലത്ത് റബ്ബർകൃഷി ചെയ്യുന്നുണ്ട്. മൊത്തം ഉല്പാദനം 240 മെട്രിക് ടണ്ണുംഉൽപാദനക്ഷമത 600 കിലോയുമാണ്. ഭൂരിപ്ക്ഷവും ചെറുകിട റബർ കർഷകരുള്ള ഈ പഞ്ചായത്തിൽ, അത്യുല്പാദന ശേഷിയുള്ള റബർ തൈക്കളുടെ അഭാവവും, മരുന്നടിക്കുന്നതിനു് ഏരിയൽ സ്പ്രേയിങ്ങിൻെറ അസൗകര്യവും, സബ്സിഡി നിരക്കിൽ രാസവളങ്ങൾ ലഭിക്കുന്നതിനുള്ള അപര്യാപ്തതയും, റബറിനു യഥാർത്ഥവില ലഭിക്കാത്തതും അവരെയേറെ വിഷമത്തിലാക്കുന്നു.

റബർബോർഡ് മുഖേന കൂടുതൽ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുവാനും, റബർ അടിസ്ഥാനമാക്കി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാനും റബർ വിപണന കേന്ദ്രം തുടങ്ങുവാനും അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഡി. പച്ചക്കറി.

ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ളതും എന്നാൽ ഏറ്റവും കൂടുതൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതുമായ ഒരു വിളയാണ് പച്ചക്കറി. ഈ അവസ്ഥയിലേക്കെത്തിച്ച ഒരു പ്രധാന കാരണം കൃഷിക്കാർക്ക് പച്ചക്കറിയിലുള്ള താൽപര്യക്കുറവു തന്നെ. അതോടൊപ്പം യഥാസമയം നല്ലയിനം

വിത്തുകൾ ലഭിക്കാത്തതും ജൈവ വളങ്ങളുടെ അപര്യാപ്തതയും തൊഴിലാളികളുടെ വേതനവർദ്ധനവും ഏറെ പ്രശ്നം തന്നെയാണ്.

ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടമെങ്കിലും നിർമ്മിക്കുകയും വിള പരിക്രമണംവഴി എല്ലാ കാലത്തും പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനും അതിനുവേണ്ട നിർദ്ദേശങ്ങളും അസംസ്കൃത വസ്തുക്കളും നൽകുകയും ചെയ്താൽ പച്ചക്കറി കൃഷിചെയ്യുന്ന കാര്യത്തിൽ കർഷകർ ഉത്സുകരാകുമെന്നതിൽ രണ്ടു പക്ഷമില്ല.

ഈ പഞ്ചായത്തിലേക്ക് പ്രധാനമായും ആവശ്യമായ പയർ, മത്തൻ, കയ്പക്ക, പടവലം, ചീര, കുമ്പളം, വെള്ളരി, ചേന, മുതലായ എല്ലാ പച്ചക്കറി വിത്തുകളും ഉല്പാദിപ്പിക്കുന്നതിനു രണ്ടോ മൂന്നോ പേരെ ചുമതലപ്പെടുത്തുകയും, കൃഷിഭവൻെറ മേൽനോട്ടത്തിൽ ഒരു പച്ചക്കറി വിത്തുഫാം രൂപീകരിക്കുകയും വിവിധ വിത്തുകൾ പാക്കറ്റിലാക്കി ഓരോ വീട്ടിലും എത്തിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കൃഷിഭവൻ നേതൃത്വത്തിൽതന്നെ ഒരു കമ്പോസ്റ്റ് ഫാം സംഘടിപ്പിക്കുകയും കർഷകർക്കു് ചുരുങ്ങിയ വിലയിൽ കമ്പോസ്റ്റ് ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

## ഇ. എലി നശീകരണം

ധാന്യവിളകൾ മുഖ്യമായും കൂടാതെ മറ്റുപല ഭക്ഷ്യ വിഭവങ്ങളും തിന്നുകയും അതിലിരട്ടി നശിപ്പിക്കുകയും ചെയ്യുന്ന ഒരു മുഖ്യ ശത്രുവാണ് കർഷകനെ സംബന്ധിച്ചിടത്തോളം എലി. എലികൾ വളരെ വേഗം പെറ്റു പെരുകുന്നവയാകയാൽ ഇവയെ നശിപ്പിക്കുവാൻ കൃഷിഭവൻ മുഖാന്തിരം എലി നശീകരണ ഉപാധികൾ വിതരണം ചെയ്യുകയും കർഷകരെ ബോധവാന്മാരാക്കി കൂട്ടായ പ്രവർത്തനത്തിലൂടെ എലികളെ നശിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

## നിർദ്ദേശങ്ങൾ

1. കുളിതോട്ടിൽ കുളചരപടിയിലും ഉണ്ടിക്കൽ കടവിലും ഓരോ ക്രോസ്ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കണം.

2. കുളിതോട്ടിൽ പൈങ്കുളം - കിള്ളിമംഗലം അതിർത്തിയിൽ ഒരു ചീർപ്പ് പണിയണം.

3. കുളിതോട്ടിൽ നെല്ലുകാട്ടുചിറ ഉണ്ടായിരുന്ന സ്ഥലത്ത് ഒരു ചീർപ്പും പാലവും ആവശ്യമാണ്.

4. പൈങ്കുളം പാറക്കടവിനു മുകളിൽ ഭാരതപ്പുഴയിൽ ഒരു തടയണ നിർമ്മിക്കണം.

5. കൊറ്റൂട്ടുപാറ അവസാനിക്കുന്ന സ്ഥലത്ത് കുളിതോട്ടിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിൽ വരുത്തണം.

6. മണ്ണൊലിപ്പ് തടയുന്നതിനു് കുളിതോടിൻെറ ഇടിഞ്ഞ ഭാഗങ്ങൾ സൈഡ് കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. ആറ്റൂർ തോട്ടിൽ നിലവിലുള്ള പഞ്ചായത്തു ചീർപ്പുകൾ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തണം.

8. ആറ്റൂർ തോടിൻെറ വടക്കേപ്പാട്ട് ഭാഗത്തേക്കുള്ള ജല നിർഗ്ഗമന ചാലുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

9. ആറ്റൂർ തോടിൻെറ മണ്ണിടിഞ്ഞ ഭാഗം സൈഡ് കെട്ടി സംരക്ഷിക്കണം. കൂടാതെ പ്രസ്തുത തോടിൻെറ ആഴം കൂട്ടുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

10. ചീരക്കുഴി കനാലിൽനിന്നു് യഥാസമയം വെള്ളം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

11. ചീരക്കുഴി കനാൽ കാലാകാലങ്ങളിൽ

സംരക്ഷിക്കുന്നതിന് വേണ്ടതു ചെയ്യണം.

12. ചീരക്കുഴി കനാൽ ഉപദേശക കമ്മിറ്റിയിലേക്ക് കർഷകരുടെ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതാണ്.

13. താന്തിശ്ശേരി പാടം - തൊടിപാടം ഭാഗത്തേക്ക് ചീരക്കുഴി കനാൽ നീട്ടണം.

14. വാഴാനിപ്പാടത്ത് നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൂടുതൽ പ്രദേശത്തേക്ക് വിപുലീകരിക്കണം.

15. ചീരക്കുഴി കനാലിൻെറ 54, 55 നമ്പർ സ്ലൗട്ടുകളിൽ ഫീൽഡ് ചാനൽ നിർമ്മിക്കണം.

16. ഭാരതപ്പുഴയുടെ തീരം സൈഡ് കെട്ടി സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

17. വാഴാലിപ്പാടം പമ്പു ഹൗസിനു താഴെ ഭാരതപ്പുഴയിൽ തടയണ നിർമ്മിക്കണം.

18. പഞ്ചായത്തിലെ താഴെപ്പറയുന്ന കുളങ്ങൾ ചേറെടുത്ത് വൃത്തിയാക്കി ആഴം കൂട്ടി കൂടുതൽ ജലസേചനത്തിന് സൗകര്യപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. തണ്ണീറ്റാം കുളം 2. പേരൂർകുളം 3.പൊതുവാളശ്ശേരിക്കുളം 4. ഗോതമ്പു കുളം 5. പഴനിക്കുളം 6. ഓമഞ്ചിക്കുളം 7. ചാത്തൻകുളം 8. അന്തിക്കാട്ടു കുളം. 9. ചെറുകുളം. 10. ശ്രീപുഷ്ക്കരം 11. ചേരക്കുളം.

19. പാഞ്ഞാൾ അയ്യപ്പൻകാവ് തോട്ടു പരിസരത്തുനിന്നു ആരംഭിച്ച് അപ്പ തോട്ടിൽ ചേരുന്ന തോട്ടുചാലിൽ ഒരു ചീർപ്പ് പണിയണം.

20. കുറക്കുളം തോട്ടുചാൽ കിഴക്കെപ്പാട്ട് വാരിയം ഭാഗത്തെയും കരിയർകോട് ഭാഗത്തെയും വെള്ളചാലുകൾ ഇടിഞ്ഞത് ഉടനെ അറ്റകുറ്റ പണി നടത്തണം.

21. ഓലിപ്പാറ വനത്തിൽനിന്നും ഒവുകി വരുന്ന മഴവെള്ളം ഉറുവടി സെൻററിലൂടെയും ഉറുവടി പള്ളിക്കു സമീപത്തുകൂടിയും തോട് ബണ്ടു പൊട്ടി കൃഷി നാശത്തിനു ഇട വരുത്തുന്നതിനാൽ പ്രസ്തുത മഴവെള്ളം ചാലു വെട്ടി കൂളി തോട്ടിലേക്ക് വിടുന്നതിനുള്ള ശ്രമം നടത്തണം.

22. ഏരിയാരംകുന്നു ചീർപ്പിൻെറ പലകകളുടെ സംരക്ഷണത്തിനു നടപടി സ്വീകരിക്കണം. ചീർപ്പിൻെറ സൈഡ് കെട്ടി തോട് സംരക്ഷിക്കണം.

23. അയ്യഴി ഭാഗത്ത് നീർവാർച്ചാലും തോടും സൈഡ് കെട്ടി സംരക്ഷിക്കണം.

24. തൊഴപാടം മസ്ജിദിനു സമീപത്തായി ഭാരതപ്പുഴയിൽനിന്നും വെള്ളം അടിച്ച് വിതരണം ചെയ്യുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സ്ഥാപിക്കണം. ആയത് 200 ഏക്കർ കൃഷിസ്ഥലം ഒരു പൂവൽ കൂടുതൽ കൃഷിക്ക് ഉപകരിക്കും. കൂടാതെ 50 ഏക്കർ പറമ്പിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, എന്നീ കൃഷിക്കും സഹായകരമായിരിക്കും.

25. കുന്താം തോട്ടിൽ മൂളിക്കൽ ഭാഗത്ത് ഒരു ചീർപ്പ് പണിയണം.

26. പരക്കാട്ടുനിന്നു തുടങ്ങി കീഴില്ലം ഭാഗത്തു വെച്ച് കൂളിതോട്ടിൽ ചേരുന്ന ഏലാടി തോടിൻെറ നീർച്ചാലുകൾ നിർമ്മിക്കേണ്ടതുണ്ട്.

27. കുന്താംതോട് സൈഡ് കെട്ടി സംരക്ഷിക്കാത്തതുമൂലം തോട് ഇടിഞ്ഞു വീഴുകയും, ആളുകൾ സ്ഥലം കൈയ്യേറുകയും ചെയ്യുന്നത് ഒഴി വാക്കാൻ പ്രസ്തുത തോട് സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. ●

# മൃഗപരിപാലനവും മത്സ്യബന്ധനവും



പാഞ്ഞാൾ - മനോമോഹനങ്ങളായ ദൃശ്യചാരുതകൾകൊണ്ട് അനുഗ്രഹീതമായ നാട്. തനിമയുള്ള ഉൾനാടൻ ഗ്രാമത്തിൻെറ തനതു സൗന്ദര്യഘടകങ്ങളായ ചാണകം മെഴുകിയ മുറ്റവും വൈക്കോൽക്കൂനയും കള്ളിത്തൊഴുത്തും തൊഴുത്തിൽ ഉരുക്കളും പശുക്കളും മണികെട്ടിയ കിടാവുകളുമൊക്കെ ത്തന്നെയാണ് പഞ്ഞാളിൻെറയും ആകർഷണീയത. ഒരേറു കന്നെങ്കിലും തൊഴുത്തിലില്ലാതെ ഒരു കറവപ്പശുവെങ്കിലും വീട്ടിലില്ലാതെ പാഞ്ഞാളിലെ കൃഷിക്കാരനു സമാധാനമുണ്ടാവുമായിരുന്നില്ല. കറുപ്പും ചുവപ്പും ചേർന്ന കമ്പിളി നൂൽച്ചരടിൽകോർത്ത ചിലങ്ക മണിയും കുടമണിയും അണിഞ്ഞു കുതിച്ചോടുന്ന ആട്ടിൻ കുരുന്നുകളുടെ കുസൃതികൾ പാഞ്ഞാളിലെ തോടികളിലും കുന്നിൻ പുറങ്ങളിലുമൊക്കെ പതിവു കാഴ്ച്ചകളായിരുന്നു. കാശിനു മുട്ടു വരുമ്പോൾ സ്വർണ്ണം പണയം വക്കുന്നതുപോലെ അത്യാവശ്യ ഘട്ടങ്ങളിൽ സാധാരണക്കാരന് പണയപ്പണ്ടം പോലെ ആശ്രയിക്കാവുന്ന ഒന്നായിരുന്നു ആട്. അതൊക്കെ പഴയകാലം.

മൃഗപരിപാലന ശൈലികളിൽതന്നെ വലിയ പരിവർത്തനങ്ങൾ ഉണ്ടായിരിക്കുന്നു. വളർത്തു മൃഗങ്ങളിൽ ഒരു വിഭാഗം കാർഷിക ഉപകരണങ്ങൾ തന്നെയാണ്. എന്നാൽ വളർത്തു മൃഗങ്ങൾ കൃഷി വസ്തു തന്നെയാണെന്നും അത്തരം കൃഷി ലാഭകരമാവണമെന്നും ക്ലേശരഹിതമാവണമെന്നും കൂടി ചിന്തിക്കുവാൻ നമുക്ക് കഴിയേണ്ടതല്ലേ? ആ നിലക്കുള്ള പ്രവർത്തനങ്ങൾ സുഗമവും ലളിതവുമാവേണ്ടതല്ലേ?

## നമുക്കൊന്നു നോക്കുക

കൃഷിപ്പണിക്കുള്ള കന്നുപൂട്ടു ജോലിയിൽ നിന്നും കാളകളും പോത്തുകളും മിക്കവാറും ഒഴിവാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവയുടെ സ്ഥാനം ട്രാക്ടറുകളും ടില്ലറുകളും ഏറ്റെടുത്തു വരികയാണ്. ആദായകരമായ കൃഷി എന്ന നിലയിലും പരിപാലന സൗകര്യത്തിലും പശു തന്നെയാണ് ഇന്നത്തെ പ്രധാന വളർത്തു മൃഗം. വളരെ അത്യാവശ്യമായി എരുമകളും വളർത്തപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല.

മൃഗ പരിപാലന രംഗത്ത് നമുക്കാശ്രയിക്കാവുന്ന ഏറ്റവും അടുത്ത സ്ഥാപനം മൃഗാശുപത്രിയാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പെൻസറി സ്ഥാപിതമായിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളു. അതിനു മുമ്പ് ഒരു സബ് സെൻററിൻെറ പ്രവർത്തനം മാത്രമേ ലഭ്യമായിരുന്നുള്ളു.

ഇന്നു് മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പ്രയോജനം പാഞ്ഞാൾ പഞ്ചായത്തിന് പൂർണ്ണമായും കിട്ടുന്നില്ല. മൃഗ സംരക്ഷണ വകുപ്പ് നടപ്പാക്കി കൊണ്ടിരിക്കുന്ന വിവധ പദ്ധതികൾ താഴെ ചേർക്കുന്നു.

1. S.L.B.P. (പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി)
2. Rabies Eradication Scheme
3. Rinderpest Eradication Scheme
4. Intensive Pig development
5. ആടു വളർത്തൽ
6. കന്നുകാലി പ്ലേഗ് നിർമ്മാജനം
7. വിജ്ഞാന വ്യാപനവും പരിശീലനവും
8. മൃഗചികിത്സയും മൃഗാരോഗ്യവും
9. മുയൽ വളർത്തൽ വ്യാപകമാക്കുന്നതിനുള്ള പദ്ധതി
10. വീട്ടുവളപ്പിലെ കോഴി വളർത്തൽ
11. ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രങ്ങൾ
12. താറാവു വളർത്തൽ
13. Egger Nurseries
14. ഡയറി യൂണിറ്റുകൾ
15 സ്കൂൾ പൗൾട്രി ക്ലബ്ബ്

## ക്ഷീരോല്പാദനമേഖല

നമ്മുടെ പഞ്ചായത്തിൽ ഇന്നും പരമ്പരാഗത രീതിയിലുള്ള നാടൻ പശു വളർത്തലാണ് തുടർന്നു വരുന്നത് അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്തുന്നതിനുള്ള പരിശ്രമങ്ങൾ വ്യാപകമാക്കേണ്ടതുണ്ട്. ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളെ സാമാന്യമായി ഇങ്ങിനെ സംഗ്രഹിക്കാം -

1. അത്യുല്പാദന ശേഷിയുള്ള കന്നുകാലി കളുടെ അഭാവം
2. വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവ്.
3. വിപണന പ്രശ്നങ്ങൾ(ഉല്പാദന ചെലവിന്

ആനുപാതികമായി പാലിന് വില ലഭിക്കുന്നില്ല)

4. ശാസ്ത്രീയമായി കന്നുകാലികളെ പരിപാലിക്കുന്നതിലുള്ള അജ്ഞത

5. പോഷകസമൃദ്ധമായ തീറ്റപ്പുല്ലിൻെറ ദൗർലഭ്യം.

പഞ്ചായത്തിൽ പാൽ വിപണന സഹകരണസംഘം മൂന്നെണ്ണമുണ്ട്. മിൽമയുടെ നിയന്ത്രണത്തിലുള്ള രണ്ടെണ്ണവും (APCOS) ക്ഷീര വ്യവസായ സഹകരണസംഘം ഒരെണ്ണവുമാണ്. ഈ വിപണന കേന്ദ്രങ്ങളിൽ പാൽ എത്തിക്കുവാൻ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കർഷകർക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു വരുന്നുണ്ട്. പഞ്ചായത്തിലെ തൊഴിൽ രഹിതരായ വീട്ടമ്മമാരും യുവജനങ്ങളും പശു വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിക്കുവാൻ തയ്യാറാണ്.

## ഡയറി യൂണിറ്റുകൾ

തൊഴിൽ രഹിതരായ വീട്ടമ്മമാർ, യുവജനങ്ങൾ, ചെറുകിട നാമമാത്ര കർഷകർ, കർഷക തൊഴിലാളികൾ എന്നിവരെ ഇതിൻെറ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. തെരഞ്ഞെടുത്ത ഏകദേശം 500 ഉപഭോക്താക്കൾക്ക് അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളേയും എരുമകളേയും (രണ്ടുവീതം) സബ്സിഡിയോടുകൂടി വിതരണം ചെയ്യുക. ഇവക്കുള്ള ഇൻഷൂറൻസ്, കാലിതീറ്റ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

ശുദ്ധമായ പാലുൽപാദനത്തിനും ആരോഗ്യപരമായ പശു പരിപാലനത്തിനും തൊഴുത്തിൻെറ ശുചിത്വം പരമ പ്രധാനമാണ്. ആയതിനാൽ നിലവിലുള്ള തൊഴുത്ത് പുതുക്കി പണിയുന്നതിനോ, പുതിയവ നിർമ്മിക്കുന്നതിനോ ഗുണഭോക്താവിന് സഹായധനം ലഭ്യമാക്കേണ്ടതാണ്.

## വിപണനം

നിലവിലുള്ള പാൽവിപണന കേന്ദ്രങ്ങളുടെ കീഴിൽ വിവിധ ഭാഗങ്ങളിലായി രണ്ടോ മൂന്നോ കളക്ഷൻ സെൻററുകൾ ഏർപ്പെടുത്തുക. ഉല്പാദനചെലവിന് ആനുപാതികമായി ഉല്പാദകന് പാലിന് വില ലഭ്യമാക്കേണ്ടതാണ്.

## തീറ്റപുൽകൃഷി

കാലിത്തീറ്റ അനുദിനം വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ തീറ്റപ്പുൽകൃഷി വികസിപ്പിക്കേണ്ടതും, ആയതിൻെറ പ്രാധാന്യത്തെപ്പറ്റി കർഷകരെ ബോധവൽക്കരിക്കേണ്ടതുമാണ്. മണ്ണൊലിപ്പു പ്രദേശങ്ങളിൽ പ്രത്യേകമായി തീറ്റപ്പുൽകൃഷി ചെയ്യുന്ന പക്ഷം തീറ്റപ്പുൽ ലഭ്യമാകുന്നുവെന്നു മാത്രമല്ല മണ്ണൊലിപ്പ് തടയുന്നതിനും അതുവഴി മണ്ണിൻെറ ജല സംഭരണശേഷി വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഈ പദ്ധതിയിൻ കീഴിൽ നല്ലയിനം പുൽവിത്ത് ലഭ്യമാക്കേണ്ടതും ആധുനിക തീറ്റപ്പുൽകൃഷി രീതികളെ പറ്റി കർഷകരെ ബോധവാന്മാരാക്കേണ്ടതുമാണ്. തൊടികളിലും തോട്ടങ്ങളിലും തീറ്റ പുൽകൃഷി വ്യാപകമാക്കേണ്ടതുമാണ്.

## S.L.B.P.
## (പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി)

സങ്കരവർഗം പശുക്കുട്ടികൾക്ക് അതിൻെറ വളർച്ചയും ഉൽപാദനക്ഷമതയും ഉദ്ദേശിച്ചതോതിൽ ലഭിക്കണമെങ്കിൽ പോഷകാഹാരമുള്ള തീറ്റ, യഥാസമയങ്ങളിലുള്ള രോഗ പ്രതിരോധ പ്രക്രിയകൾ, വളർച്ചക്കു ആവശ്യമായ വിവിധതരം ധാതുലവണ വൈറ്റമിനുകൾ സർവോപരി ശാസ്ത്രീയമായ പരിപാലനം എന്നിവ ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി മൃഗ സംരക്ഷണ വകുപ്പ് വളരെ വിജയകരമായി നടത്തിവരുന്ന പദ്ധതിയാണിത്.

## ലക്ഷ്യം

ഉയർന്ന ജനിതകഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുക. ആദ്യ പ്രസവം 30-ാം മാസത്തിനുള്ളിൽ തന്നെ സാധ്യമാക്കുക. ഗുണമേന്മയുള്ള കാലി തീറ്റ സൗജന്യ നിരക്കിൽ നൽകുക. പ്രതിരോധ കുത്തിവയ്പുകളും മറ്റു മരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കുക. ഇൻഷുറൻസ് സുരക്ഷ നൽകുക.

## ഗുണഭോക്താവ്

പ്രതിമാസ വരുമാനം 900 രൂപയിൽ കവിയാത്ത കർഷകൻ (10% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 30% വനിതകൾക്കും പ്രാതിനാധ്യം വേണം). ഗുണഭോക്താവ് പാൽ സഹകരണ സംഘത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം. ലഭിക്കുന്ന സഹായം ഒരു കർഷകന് പരമാവധി 4500 രൂപ സബ്സിഡി. കന്നുകുട്ടികളെ തെരഞ്ഞെടുക്കുമ്പോൾ പ്രായത്തിലും ഇനത്തിലും കൂടുതൽ നിഷ്കർഷത പാലിക്കേണ്ടതും കർശനമായി മൂന്നു മാസം കുടുമ്പോൾ ആരോഗ്യ പരിശോധനയും നടത്തേണ്ടതുമാണ്.

## ഇറച്ചി കോഴി വളർത്തൽ

വളരെയധികം ലാഭകരമായി നടത്താവുന്ന ഒരു പദ്ധതിയാണിത് തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് ഒരു ഉപതൊഴിലായോ പ്രധാന തൊഴിൽ തന്നെയായോ തെരഞ്ഞെടുക്കാവുന്ന പദ്ധതിയാണിത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന ഇറച്ചി കോഴികളിലധികവും സമീപ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്.

പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് പ്രത്യേക പരിശീലനത്തിനു വിധേയമായി ഈ പദ്ധതി നടപ്പിലാക്കാം. രണ്ടാഴ്ച്ച കൂടുമ്പോൾ വിറ്റഴിക്കാവുന്ന 250 കോഴികൾ വരുന്ന അഞ്ചു യുണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ വളരെ വിജയകരമായി തന്നെ നടത്താവുന്നതാണ്. ഇത് പഞ്ചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലോ സ്വകാര്യ വ്യക്തികളുടെ മേൽനോട്ടത്തിലോ ആകാം. ഇവയ്ക്കു വേണ്ടുന്ന കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, രോഗ പ്രതിരോധ ഔഷധങ്ങൾ മറ്റു മരുന്നുകൾ എന്നിവ സൗജന്യ നിരക്കിൽ സുഗമമായി ലഭിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. പ്രസ്തുത യുണിറ്റുകൾ ഉല്പാദിപ്പിക്കുന്ന കോഴികളെ വിൽക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ കൊണ്ടുവരേണ്ടതാണ്.

## വീട്ടുമുറ്റത്തെ കോഴി വളർത്തൽ

വളരെയധികം പ്രാധാന്യമുള്ള ഒരു പദ്ധതിയാണിത്. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കോഴിമുട്ടയുടെ സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. പാഞ്ഞാൾ പഞ്ചായത്ത് പരിധിയിൽ വരുന്ന കർഷക കുടുംബങ്ങൾക്ക് 60 ദിവസം പ്രായം വരുന്ന 5 പിടക്കോഴികളുള്ള ഒരു യുണിറ്റിന് - ഓരോ കോഴിക്കും 15 രൂപ സഹായധനം നൽകി നടപ്പിലാക്കേണ്ട പദ്ധതിയാണിത്. കോഴിമുട്ട ഉല്പാദനംവഴി കൂടുതൽ ഉപഭോഗത്തിനു വഴിയൊരുക്കുന്ന ഈ പദ്ധതിക്ക് 500 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാം.

## മൂരിക്കുട്ടികളെ വളർത്തൽ

പഞ്ചായത്തിലുണ്ടാവുന്ന സങ്കരയിനം മൂരിക്കുട്ടികളിലധികവും ശാസ്ത്രീയമായ പരിചരണത്തിൻെറ അഭാവത്തിൽ വളർച്ച മുരടിക്കുകയോ, ചത്തു പോവുകയോ ആണ് പതിവ്. ഇവിടെയുള്ള മാംസോൽപാദനത്തിനു ഉപയോഗിക്കുന്ന മൃഗങ്ങളിൽ 90%-ഉം അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്.

## ആടു വളർത്തൽ

പഞ്ചായത്തിൽ ആടു വളർത്തൽ ഉപതൊഴിലായി സ്വീകരിച്ച പല കർഷകരുണ്ട്. എന്നാൽ ഇവയിൽ നിന്നുള്ള പരമാവധി ആദായം മിക്ക കർഷകർക്കും ലഭിക്കുന്നില്ല. പ്രധാനമായും ഉല്പാദനക്ഷമതയുള്ള ഇനങ്ങളല്ല കർഷകർ വളർത്തുന്നത്. ഇവയുടെ പരിപാലനവും തീർത്തും ശാസ്ത്രീയമായിട്ടല്ല. നല്ലയിനം ആട്ടിൻകുട്ടികളെ (ജെംന്നാപാരി, സനൻ മലബാറി) തെരഞ്ഞെടുത്ത 200 കർഷകർക്കെങ്കിലും സഹായധനത്തോടെ വിതരണം ചെയ്യേണ്ടതാണ്.

## മെച്ചപ്പെട്ട ആശുപത്രി സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ ഒരു കൃത്രിമ ബീജ സങ്കലന ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനത്തിൽ ഒരു Livestock Inspector മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ഡിസ്പെൻസറിയും ഉപകേന്ദ്രവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങൾ അത്യാവശ്യമാണ്. ആസുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി Clinical Laboratory, Operation Theatre കർഷക പരിശീലന ഹാൾ, Refrigerator, Sterilizer, Microscope, മരുന്നുകൾ

രോഗപ്രതിരോധ ഔഷധങ്ങൾ, വാഹനം, ഫോൺ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

ആശുപത്രിയിൽ ലഭ്യമാവുന്ന സേവനങ്ങൾ, ചികിത്സ, Surgeory, കൃത്രിമ ബീജദാനം, പകർച്ച വ്യാധികൾക്കുള്ള പ്രതിരോധ നടപടികൾ, സർക്കാറിൻെറ പദ്ധതികൾ നടപ്പിലാക്കൽ, കർഷക പരിശീലനം എന്നിവയാണ്.

## പേവിഷബാധ നിർമാർജനം

ലക്ഷ്യം - ഘട്ടം ഘട്ടമായി പേവിഷബാധ നിർമാർജനം ചെയ്യുക, പേവിഷബാധയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക, പേവിഷത്തിനെതിരായുള്ള പ്രതിരോധ ഔഷധങ്ങൾ പകുതി വിലക്ക് വിതരണം ചെയ്യുക. തെരുവ് നായ്ക്കളെ നശിപ്പിക്കുക വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു് വിധേയമാക്കി Register ചെയ്യുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

## L.M.T.C.(കന്നുകാലി പരിശീലനകേന്ദ്രം)

മൃഗസംരക്ഷണ രംഗവുമായി പ്രവർത്തിക്കുന്ന കർഷകർക്കും, മറ്റു ഉദ്യോഗസ്ഥന്മാർക്കും പ്രസ്തുത വിഷയത്തെപ്പറ്റിയുള്ള ശാസ്ത്രീയ അറിവ് ലഭിക്കുന്നതിനു വേണ്ടി ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. മൃഗസംരക്ഷണ രംഗവുമായി ബന്ധപ്പെട്ട കർഷകർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയും.

മൃഗ പരിപാലന രംഗങ്ങളിൽ നേട്ടമുണ്ടാക്കുന്നതിനായി കൃഷിക്കാരുടേയും കുടുംബിനികളുടേയും ബോധപൂർവമായ ഇടപെടൽതന്നെ വേണമെന്നാണ് അഭിപ്രായം. ആടു വളർത്തലും കോഴി വളർത്തലും മുയൽ വളർത്തലും വിശ്രമ വേളകളിലെ വിനോദങ്ങളായിട്ടല്ല, വർത്തമാനകാല ജീവിതത്തെ സന്തുഷ്ടമാക്കുകയും ഭാവിയെ സുരക്ഷിതമാക്കുകയും ചെയ്യുന്നതിനാവശ്യമായ ധനാഗമ തൊഴിൽ മേഖലകളായി കാണാൻ കഴിയണം എന്ന ഉദ്ദേശത്തോടുകൂടിയാണ് മേൽവിവരിച്ച വസ്തുതകൾ അവതരിപ്പിച്ചിട്ടുള്ളത്.

## മൽസ്യബന്ധനം

പഞ്ചായത്തിലെ നിലവിലുള്ള പൊതു ജലാശയങ്ങളിൽ മൽസ്യം വളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കേണ്ടാതാണ്. പഞ്ചായത്തിൽ നിലവിലുള്ള മൽസ്യ തൊഴിലാളികൾക്ക് മൽസ്യ കൃഷിക്ക് വേണ്ടുന്ന സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കേണ്ടതാണ്. നാടൻ ജലാശയങ്ങളിൽ തോട്ട, വിഷം, വൈദ്യുതി എന്നിവ ഉപയോഗിച്ച് മൽസ്യം പിടിക്കുന്നതു കർശനമായി നിരോധിക്കണം. കുറഞ്ഞ വരുമാനക്കാർക്ക് മൽസ്യ ബന്ധന ഉപകരണങ്ങൾ സൗജന്യ വിതരണം ചെയ്യുക. പഞ്ചായത്തിലുള്ള നെൽകൃഷിയിടങ്ങളിൽ മൽസ്യ കൃഷി നടത്തുന്നതിനു ആവശ്യമായതു ചെയ്യുക.

മൽസ്യകൃഷി നടത്തുവാൻ മുന്നോട്ടു വരുന്നവർക്ക് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

മൽസ്യ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

## മൃഗസംരക്ഷണം

1. പൈങ്കുളം ഭാഗത്ത് ഒരു മൃഗാസ്പത്രി സ്ഥാപിക്കണം.
2. പൈങ്കുളത്തുള്ള I.C.D.P. സബ് സെൻററിലെ ലൈവ്സ്റ്റോക് ഇൻസ്പെക്ടറുടെ സേവനത്തിനുപകരം ഒരു ഡോക്ടറെ നിയമിക്കണം.
3. പാഞ്ഞാളിലെ നിലവിലുള്ള മൃഗാസ്പത്രിക്കും പൈങ്കുളത്തെ I.C.D.P. സബ്സെൻററിനും സ്വന്തമായി കെട്ടിടം പണിയണം.
4. കിള്ളിമംഗലത്ത് മൃഗാസ്പത്രിയുടെ ഒരു സബ്സെൻറർ തുടങ്ങുക.
5. വാഴാലിപ്പാടത്ത് ഒരു മിൽക് സൊസൈറ്റി തുടങ്ങക.
6. വാഴാലിപ്പാടം റിസർവ് വനത്തിൽ കന്നുകാലി തീറ്റിക്കുവാൻ സൗകര്യപ്പെടുമാറ് റോഡ് നിർമ്മിക്കുക.
7. ഉദുവടി ചിറകോണം ഭാഗത്തെ മൽസ്യ വിപണന രംഗത്തു ഏർപ്പെട്ടിരിക്കുന്ന നൂറോളം കച്ചവടക്കാർക്ക് മൽസ്യ വിൽപന നടത്തുന്നതിനു് ടൂവീലർ വാങ്ങുന്നതിനു് സാമ്പത്തിക സഹായം നൽകുക.

# കുടിവെള്ളം

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

# കുടിവെള്ളം

നിളാനദിക്കരയിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് പുരാതന നമ്പൂതിരി മനകളാലും അവയോടനുബന്ധിച്ചുള്ള സ്വകാര്യകുളങ്ങളാലും അനുഗ്രഹീതമാണെങ്കിലും 4000ത്തോളം കുടുംബങ്ങൾ താമസിച്ചുവരുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന വെള്ളക്ഷാമത്തിന്റെ രൂക്ഷത വിവരണാതീനമാണ്.

ജനങ്ങൾ കുടിവെള്ളത്തിനായി മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ രണ്ടു ശുദ്ധജല പദ്ധതികളാണ് നിലവിലുള്ളത്. വടക്കാഞ്ചേരി സമഗ്ര ശുദ്ധജല പദ്ധതിയും. തൊഴുപ്പാടം ശുദ്ധജലപദ്ധതിയും വടക്കാഞ്ചേരി സമഗ്ര ശുദ്ധജല പദ്ധിസ്ഥിതി ചെയ്യുന്നത് പാഞ്ഞാളിലാണെങ്കിലും ഈ പഞ്ചായത്തിന്റെ ആവശ്യങ്ങൾ പരിമിതമായ തോതിലെ അതുകൊണ്ട് നിർവ്വഹിയ്ക്കപ്പെടുന്നുള്ളൂ. കാരണം ചേലക്കര, മുള്ളൂർക്കര, വടക്കാഞ്ചേരി തുടങ്ങിയ സമീപപഞ്ചായത്തുകളുടെ ശുദ്ധജല വിതരണം കൂടി ഈ പദ്ധതിയുടെ ഭാഗമായി 114 പൊതു ടാപ്പുകലും തൊഴുപ്പാടം പദ്ധതിയിൽ 20 പൊതുടാപ്പുകളും തൊഴുപ്പാടം പദ്ധതിയിൽ 20 പൊതുടാപ്പുകളും നിലവിൽ ഉണ്ട്. വടക്കാഞ്ചേരി സമഗ്രശുദ്ധജല പദ്ധതിയിൽ കീഴിൽ 194 ഹൗസ്കണക്ഷൻ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ 55 പൊതുകിണറുകളും, 11 കുഴൽ കിണറുകളും, 12 പൊതുകുളങ്ങളും നിലവിൽ ഉണ്ട്. പഞ്ചായത്ത് പ്രദേശങ്ങൾ പലതും ഉയർന്ന കുന്നിൽ പ്രദേശങ്ങളായതിനാൽ കുടിവെള്ളത്തിന് വിവരണാതീതമായ ബദ്ധിമുട്ട് അനുഭവപ്പെടന്നുണ്ട് വേനൽക്കാലങ്ങളിൽ പല കിണറുകളിലും വെള്ളം കിട്ടാറില്ല എന്നതാണ് യാഥാർത്ഥ്യം. പഞ്ചായത്തിലെ 60% ത്തോളം കുടുംബങ്ങളിൽ കിണർ സ്വന്തമായിട്ടുണ്ട്. വേനൽക്കാലങ്ങളിൽ വെള്ളം ലഭ്യമാല്ലാത്തതിനാൽ അയൽവീടുകളിലെ ജലം ലഭ്യമായ അപൂർവ്വം കിണറുകളേയും പൊതുടാപ്പുകളേയുംമാണ് ആശ്രയിക്കുന്നത്. വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിനായി 2 k.m.ദൂരം വരെ സഞ്ചരിക്കേണ്ട ഗതികേട് മിക്കവാർഡുകളിലും അനുഭവപ്പെടുന്നു. പഞ്ചായത്തിലെ രണ്ടു ശദ്ധജലവിതരണ പദ്ധതി കൊണ്ട് 10 വാർഡുകളെയും ബന്ധിപ്പിക്കുന്നുണ്ടെങ്കിലും അത് നാമമാത്രമായി മാത്രമെയുള്ളൂ. കൂടാതെ ജലവിതരണത്തിന്റെ ചുമതലക്കാരായ കേരള വാട്ടർ അതോറിറ്റിക്കാർക്ക് സുലഭമായ കാരണങ്ങൾ ലഭ്യമായതുകൊണ്ടും ജലവിതരണം ദിവസങ്ങളോളം മുടങ്ങാറുണ്ട്. വേനൽക്കാലങ്ങളിൽ ജലദൗർബല്യം വളരെ രൂക്ഷമായാണ് അനുഭവപ്പെടുന്നത്.

**വാർഡുതിരിച്ചുള്ള കുളങ്ങളുടെ വിവരങ്ങൾ**

| പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങൾ | | കുളങ്ങളുടെ എണ്ണം | ആകെ |
|---|---|---|---|
| വാർഡ് നമ്പർ | കുളങ്ങളുടെ പേര് | | |
| | മാലക്കുളം | 1 | 1 |
| II | പടിഞ്ഞാറൻ വെള്ളാത്ത് കുളം | 1 | 1 |
| III | തണ്ണീറ്റാം കുളം കാട്ടിൽ പുത്തൻ കുളം | 2 | 2 |
| IV | പേരകുളം | 1 | 1 |
| V | പേരര് കുളം | 1 | 1 |
| VI | പൊതുവാള കുളം | 1 | 1 |
| VII | പഴനികുളം | 1 | 1 |
| VIII | ഓമഞ്ചിക്കുളം | 1 | 1 |
| IX | ചാത്തൻ കുളം | 1 | 1 |
| X | ചെറുകുളം ശ്രീപുഷ്ക്കരം കുളം | 2 | 2 |

ഈ പന്ത്രണ്ട് കുളങ്ങളുടെ സംരക്ഷണത്തോടൊപ്പം തന്നെ സ്വകാര്യകുളങ്ങളുടെ സംരക്ഷണത്തിനാവശ്യമായ ഗ്രാൻറ് അനുവദിയ്ക്കുകയാണെങ്കിൽ ഒരു പരിധിവരെ ജലം സംരക്ഷിച്ചു

നിർത്താൻ കഴിയും. പല സ്വകാര്യകുളങ്ങളും മണ്ണിടിഞ്ഞ് നികന്ന് കുളമല്ലാതായിരിക്കുകയാണ്. കുളങ്ങളുടെ സംരക്ഷണം വലിയ ചിലവുള്ള ഒരു ഏർപ്പാടായ കാരണം വ്യക്തികളെക്കൊണ്ട് ഒറ്റയ്ക്ക് ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പഞ്ചായത്ത് കുളങ്ങളുടെ സംരക്ഷണത്തോടൊപ്പം തന്നെ നൂറിലധികം വരുന്ന സ്വകാര്യകുളങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ ഗ്രാൻറ് നൽകുകയാണെങ്കിൽ പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ പ്രദേശത്തും ലഭ്യമായ ജലസംരക്ഷണം എന്ന പദ്ധതി ഒരു പരിധിവരെ നടപ്പിലാക്കുകയും തൻമൂലം ആ പ്രദേശങ്ങളിലെ കിണറുകളിലെ ജലലഭ്യത വർദ്ധിയ്ക്കാനും സഹായകരമാവും.

പാഞ്ഞാൾ പ്രദേശത്ത് സ്ഥിതിചെയ്യുന്ന മാലക്കുളം ആഴംകൂട്ടി കമ്പിവേലി കെട്ടി കുടിവെള്ളത്തിനായി മാത്രം ഉപയോഗിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ 1,2,9,10 തുടങ്ങിയ വാർഡുകളിലെ ജലദൗർബ്ബല്യം ഒരു പരിധിവരെ പരിഹരിയ്ക്കാൻ സാധിയ്ക്കുന്നതായിരിക്കും. ഈ നാലു വാർഡുകളിലും പൈപ്പ് ലൈൻ ഇട്ട് പ്രസ്തുത ജലം വിതരണം ചെയ്യുക എന്നുള്ളത് ഒരു പഞ്ചായത്തിന്റെ വരുമാനപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്നതാണോ എന്നുള്ള സംശയം നിലനിൽക്കെതന്നെ പ്രയോഗത്തിൽ വരുത്തുകയാണെങ്കിൽ ഈ നാലു വാർഡുകളിലെ ജലദൗർബ്ബല്യം ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും. ശ്രീ പുഷ്ക്കരംകുളം ആഴംകൂട്ടി ഒരു ഭാഗം കുളിയ്ക്കുന്നതിനും ഒരു ഭാഗം ശുദ്ധജലവിതരണത്തിനുമുള്ള ഒരു സംവിധാനമുണ്ടാക്കിയാൽ ശ്രീ പുഷ്ക്കരം, ചാത്തൻകുളം പാറപ്പുറം മുതലായ സ്ഥലങ്ങളിൽ ജലദൗർബ്ബല്യം പരിഹരിയ്ക്കാൻ കഴിയും. അതുപോലെതന്നെ പൊതുകുളങ്ങളായ മറ്റ് കുളങ്ങളും ആഴംകൂട്ടി ജലം സംരക്ഷിച്ചുനിർത്തിയാൽ ജലദൗർബ്ബല്യത്തിന് ഒരു ചെറിയ പരിഹാരം കാണാൻ കഴിയും. വെള്ളാത്തുപടികുളം, തണ്ണീറ്റാംകുളം എന്നിവയും മേൽപറഞ്ഞ രീതിയിൽ ശുദ്ധജലവിതരണത്തിന് അനുയോജ്യമാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള 55 പൊതുകിണറുകളുടെ ഇന്നത്തെ സ്ഥിതി അത്ര ആശാവഹമല്ല. സംക്ഷണത്തിന്റെ അപര്യാപ്തതയാണ് അതിന്റെ പ്രധാന കാരണം. കിണറുകൾ ആഴം കൂട്ടിയും ചുറ്റുമതിൽ കെട്ടേണ്ടവ ചുറ്റുമതിൽ കെട്ടിയും മറ്റും സംരക്ഷണം ഉറപ്പാക്കിയാൽ ഒരു പരിധിവരെ കിണറിന്റെ സമീപത്ത് താമസിയ്ക്കുന്ന ജനങ്ങളുടെ കുടിവെള്ളക്ഷാമം ഒരുപരിധിവരെ പരിഹരിയ്ക്കാൻ കഴിയുമായിരിക്കും. എല്ലാ വാർഡുകളിലും പുതിയകിണർ കുഴിയ്ക്കേണ്ടതുണ്ട്.

തോടുകളുടെ സംരക്ഷണം കുറച്ചുകൂടി വിശാലമായിടിസ്ഥാനത്തിൽ തോടിന്റെ സൈഡുകൾ കെട്ടി നിലവിലുള്ള ചീപ്പുകളുടെ കേടുപാടുകൾ തീർത്ത് ആവശ്യമായ സ്ഥലങ്ങളിൽ ഒന്നുരണ്ടു ചീർപ്പുകൾ കൂടി സ്ഥാപിച്ച് വേനൽക്കാലത്ത് പുഴയിലേയ്ക്ക് ഒഴുകിപ്പോകുന്ന ജലം സംരക്ഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ കൃഷിക്കാവശ്യമായ ജലം ലഭിക്കുന്നതിനോടൊപ്പം തന്നെ കിണറുകളിലെ ജലവിതാനം ഒരു പരിധിവരെ സംരക്ഷിക്കാൻ കഴിയുക എന്നും കുടിവെള്ളത്തിന് ഒരുപരിധിവരെ പരിഹാരം ലഭിക്കും.

മേൽപറഞ്ഞ പരിഹാരമാർഗ്ഗങ്ങൾ ഒക്കെ തന്നെ ശാശ്വതമായി തീരുമോ എന്ന ആശങ്ക നിലനിൽക്കെതന്നെ ശാശ്വത പരിഹാരം എന്ന നിലയിൽ നിർദ്ദേശിക്കാൻ കഴിയുന്ന ഏക പദ്ധതിയാണ് ഭാരതപുഴയ്ക്ക് കുറുകെയുള്ള ഒരു തടയണ നിർമ്മാണം. ഈ ഒരു പദ്ധതി നടപ്പിൽ വരുത്തുകയാണെങ്കിൽ ഈ ഗ്രാമ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരമായി എന്നതുതന്നെ നമ്മൾ ആഗ്രഹിക്കുന്നു.

ഭൂഗർഭജലം ഉപയോഗിക്കുന്നതിന് അനുകൂലമായും പ്രതികൂലമാക്കുവാനുള്ള ശാസ്ത്രസാങ്കേതിക വിദ്ഗ്ധരുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടുതന്നെ ഈ പഞ്ചായത്തിൽ നിലവിലുള്ള പൈങ്കുളം സ്ക്കൂൾ പരിസരത്തും (ചുണ്ടക്കാട് കോളനിക്കടുത്ത്) തൊഴുപ്പാടം സ്ക്കൂൾ സമീപത്തുള്ളതുമായ യഥേഷ്ടം ജലം ലഭ്യമായതുമായ ഈ രണ്ടുകുഴൽ കിണറുകളിലും ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് വാട്ടർടാങ്ക് കെട്ടി (50,000 ലി. ജലസംഭരണം) പൈപ്പ് ഉപയോഗിച്ച് ജലം നൽകുവാനുള്ള ഒരു സംവിധാനം നടപ്പിൽ വരുത്തുകയാണെങ്കിൽ പൈങ്കുളം ഒന്നാംവാർഡും ഒമ്പതാം വാർഡും പത്താംവാർഡും 2,3, വാർഡുകളും തൊഴുപ്പാടം നാലാം വാർഡും ഉൾപ്പെടെയുള്ള പ്രദേശത്തിന്റെയും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇതു കൂടാതെ മറ്റ് 9 കുഴൽ കിണറുകൾ കൂടി ഈ പഞ്ചായത്തിൽ നിലവിൽ ഉണ്ട്. കാലാക്കാലങ്ങളിൽ അവയുടെ അറ്റകുറ്റ പണികൾ നടത്തി വാർഡിലെ കുഴൽകിണറുകളിൽ

മോട്ടോർ വെച്ചും പൈപ്പുകൾ സ്ഥാപിച്ചാൽ പൊതുടാപ്പുകൾ ഇട്ടാൽ ഈ പഞ്ചായത്തിലെ ഒരു പരിധിവരെ കുടി വെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

കേരളവാട്ടർ അതോറിറ്റിയുടെ ജലവിതരണ സമ്പ്രദായത്തോടുള്ള ഞങ്ങളുടെ വിയോജിപ്പ് പ്രകടമാക്കികൊണ്ടുതന്നെ പറയട്ടെ. അവരുടെ വിതരണ ചുമതലയിൽ നിന്നും ഒഴിവാക്കികൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആ ചുമതല ഏല്പിച്ചു കിട്ടുകയാണെങ്കിൽ കുറ്റമറ്റരീതിയിൽ ജലവിതരണം നടത്താനും ഏറ്റവും അത്യാവശ്യമായ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തേക്കും പുതിയതായി വിതരണ ശൃംഖല വികസിപ്പിക്കാൻ പഞ്ചായത്തുകൾക്ക് കഴിയും എന്നും ഞങ്ങൾ പ്രത്യാശിക്കുന്നുണ്ട്.

ഈ വക പ്രവർത്തനങ്ങൾ ഒക്കെ നടത്തിയാലും കുന്നിൻ പ്രദേശങ്ങൾ ഉൾക്കൊണ്ടി ഈ പഞ്ചായത്തിന്റെ പല ഉൾഭാഗപ്രദേശങ്ങളിലും കിണർ കുഴൽകിണർ മുതലയാവകൊണ്ട് ജലം ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ആയതുകൊണ്ട് പൈപ്പുവെള്ളം മാത്രമാണ് അവർക്ക് ഉള്ള ഏക ആശ്രയം. പഞ്ചായത്തിന്റെ 10 വാർഡുകളിലുമായി ഏകദേശം 50 km മീറ്റർ നീലം പൈപ്പ്ലെയിൻ പുതിയതായി അനുവദിച്ച് വെള്ളം ലഭ്യമാക്കേണ്ടതാണ്. യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഒരു പ്രവർത്തിയാണ്. വാർഡ് അടിസ്ഥാനത്തിൽ പരാമർശിക്കുകയാണെങ്കിൽ പൈപ്പുലെയിൻ നീട്ടാത്ത ഒരുപാടു പ്രദേശങ്ങൾ ഉണ്ട്. അവിടെക്കെല്ലാം വെള്ളത്തിന്റെ വിതരണ ശൃംഖല കുറച്ച് ദീർഘിപ്പിച്ച് ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

പരപ്പറ്റ പാടത്തെ പുതിയ കുഴൽ കിണർ പദ്ധതി ലൈനിൽ നിന്നും പൈപ്പ്ലെയിൻ സ്ഥാപിച്ച് 5,6,7,8 വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതി നടപ്പിൽ വരുത്തുക.

**പൊതുജനാരോഗ്യം**

ആരോഗ്യപരിപാലന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ യാതനകൾ സഹിക്കേണ്ടി വന്നിട്ടുള്ളവരാണ്. പാഞ്ഞാൾ പഞ്ചായത്തിലെ ജനങ്ങൾ. ഒരു നല്ല ആശുപത്രി ഉണ്ടാവുക, അത്യാവശ്യഘട്ടങ്ങളിൽ ജീവൻ സുരക്ഷാസംവിധാനങ്ങൾ ലഭ്യമാവുക തുടങ്ങി അനേകം സ്വപ്നങ്ങളാണ് പാഞ്ഞാളുകാർക്കുള്ളത്. ദൂരസ്ഥലങ്ങളിലുള്ള ചികിത്സാകേന്ദ്രങ്ങളെ ആശ്രയിക്കേണ്ട ദുഃസ്ഥിതിയും ദുർവഹമായ പണച്ചിലവും ക്ലേശങ്ങളും ഇന്നും തുടരുകയാണ്. ഈ അവസ്ഥയ്ക്കു പരിഹാരമുണ്ടാക്കുവാനുള്ള സാധ്യതകൾ ഇപ്പോഴും അകലെ തന്നെയാണൊന്നാണു വിലയിരുത്തുന്നത്. ബോധപൂർവ്വവും ആസൂത്രിതവും സമയ ബന്ധിതവുമായ പരിപാടികളിലൂടെ മാത്രമേ ഈ രംഗത്ത് നമുക്ക് നേട്ടങ്ങളുണ്ടാക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം.

പാഞ്ഞാൾ പഞ്ചായത്തിൽ കിള്ളിമംഗലത്ത് പ്രവർത്തിച്ചുവരുന്ന ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും പൈങ്കുളത്ത് പ്രവർത്തിച്ചുവരുന്ന ഒരു സബ്സെന്ററും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും പൊതുജനാരോഗ്യരംഗത്തെ ഔദ്യോഗതിക സ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിൽ ആതുര ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന "ഏവുപ്രാസ്യ ഹെൽത്ത് ഹോം" എന്ന പേരിൽ ഒരു ഡിസ്പെൻസറി തൊഴുപ്പാടത്ത് ഉണ്ട്. കോലഴി ആസ്ഥാനമായുള്ള ട്രിനിറ്റി കോൺവെൻറിലെ കമ്മലീത്താസഭ സന്യാസിനിമാരാണ് അത് നടത്തുന്നത്. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം അടക്കം അത്യാവശ്യ സജ്ജീകരണങ്ങളെല്ലാം ഇവിടെ ലഭ്യമാണ്. ഭാരതപ്പുഴയുടെ തീരത്ത് പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ നിർമ്മിച്ചിട്ടുള്ള പ്രസ്തുത സ്ഥാപനം റോഡ് ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തതമൂലം കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. സ്വകാര്യമേഖലയിൽ അലോപ്പതി ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും കാലപഴക്കം കൊണ്ട് ഇടിഞ്ഞുവീഴാറായ സ്ഥിതി വിശേഷമാണുള്ളത്. ഈ പഞ്ചായത്തിൽ ആയുർവ്വേദ ചികിത്സാരംഗത്ത് പേരുകേട്ട പല പാരമ്പര്യ വൈദ്യൻമാരും ജീവിച്ചിരുന്നു. ജീവിച്ചിരിക്കുന്നവരിലും പല പ്രമുഖ ആയുർവ്വേദ വൈദ്യൻമാരുമുണ്ട്. കോളറ, ടൈഫോയ്ഡ് എന്നീ പകർച്ചവ്യാധികൾ ഈ പഞ്ചായത്തിലെ ജനങ്ങളെ കാര്യമായി ബാധിക്കാറില്ല. നേരിയ തോതിൽ അനുഭവപ്പെടുമ്പോഴേക്കും മുൻകരുതലുകൾ എടുക്കുന്നതുമൂലം രോഗം പടർന്നു പിടിക്കാറില്ല. പൈങ്കുളം ആയുർവ്വേദ ആശുപത്രിയിൽ പഴയ കാലങ്ങളിൽ അനുവദിച്ച ക്വാട്ടയിൽ മാത്രമാണ് ഇപ്പോഴും മരുന്ന വിതരണം നടക്കുന്നത്. ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് മരുന്നിന്റെ അളവിൽ വർദ്ധനവോ, വ്യത്യസ്ത രോഗത്തിനനുസൃതമായി മരുന്നുകളോ ലഭിക്കുന്നില്ല. ദിവസത്തിൽ മുഴുവൻ സമയവുംഡോക്ടർമാർ ഇല്ലാത്ത അവസ്ഥയും പൊതു

ജനങ്ങളുടെ പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. തൻമൂലം ജനങ്ങൾക്ക് അകലെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. നിലവിലുള്ള ആശുപത്രികളിൽ അത്യാവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്ത സ്ഥിതിയും നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആയുർവ്വേദ ഡിസ്പെൻസറികളും പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വന്നിരിക്കയാൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രകാരമാക്കാൻ കഴിയുമെന്ന് പഞ്ചായത്തിന്റെ വിശ്വാസം ആയതിലേക്ക് പൊതുജല പങ്കാളിത്തമുള്ള ആശുപത്രി വികസന സമിതികളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള ആരോഗ്യരംഗത്ത് ജനകീയ ഇടപെടൽ രോഗപ്രതിരോധ പ്രവർത്തനത്തെയും പരിസരശുചീകരണത്തെയും ചിട്ടപ്പെടുത്തുവാൻ കഴിയും. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കുട്ടികൾക്കും ഗർഭിണികൾക്കും കാലാകാലങ്ങളിലുള്ള കുത്തിവെപ്പുകൾ നടത്താറുണ്ട്.

## പ്രശ്നങ്ങൾ

1.ആരോഗ്യരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് അവരുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല എന്നതാണ്.

2.പഞ്ചായത്തിന്റെ പ്രധാനപ്പെട്ട സെൻററുകളിൽ മലമൂത്രവിസർജ്ജനത്തിന് യാതൊരു സൗകര്യവും നിലവിലില്ല.

3.പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റിന്റെ ആവശ്യകത ഏറെയാണ്.

4.പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലാശയങ്ങളായ കുളിത്തോട്, ഭാരതപ്പുഴ എന്നിവിടങ്ങളിലാണ് ഭൂരിഭാഗം ആളുകളും കുളിക്കുവാൻ ഉപയോഗിക്കപ്പെടുത്തുന്നത്.

5.ആയ്യൂർവ്വേദ ആശുപത്രിയുടെ നിലവിലുള്ള പ്രവർത്തനത്തിൻ ജനോപകാരപ്രദമായ രീതിയിൽ ആവശ്യമായ മാറ്റം അത്യാവശ്യമാണ്.

6.പൈങ്കുളത്തെ ഫാമിലി സബ്സെൻററിന്റെ പ്രവർത്തനത്തിൽ കാലാനുസൃതമായി മാറ്റം ആവശ്യമാണ്.

## സാധ്യതകൾ

1.എല്ലാ ഭവനങ്ങളിലും കക്കൂസുനിർമ്മിക്കുന്നതിനാവശ്യമായ സമഗ്രപദ്ധതി നടപ്പിലാക്കണം.

2.പ്രധാനപ്പെട്ട പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷനുകളുടെ സാധ്യത പരിശോധിക്കണം.

3.പൈങ്കുളം സെൻററിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കണം.

4.പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കുളിക്കടവുകൾ നിർമ്മിക്കണം.

5.ആശുപത്രികളിലും സബ്സെൻററുകളിലും ജനകീയ കമ്മറ്റികളുടെ മേൽ നോട്ടത്തിൽ ദൈനംദിന കാര്യങ്ങൾ ആസൂത്രണ ചെയ്തു നടപ്പിലാക്കുന്ന രീതി ഉറപ്പാക്കണം.

6.അംഗനവാടികളെ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് കുട്ടികളുടെ ആരോഗ്യ ആവാസ കേന്ദ്രങ്ങളായി ഉയർത്തണം.

7.വിദ്യാലയങ്ങളിൽ കൃത്യമായ വൈദ്യപരിശോദനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സൗജന്യ ചികിത്സ നൽകുകയും വേണം.

8.പൈങ്കുളം ആയുർവ്വേദ ആശുപത്രിയിൽ സ്ഥിരമായ ഡോക്ടർ വേണം. മരുന്നുകൾ സുലഭമാക്കണം. കൂടാതെ കിടത്തി ചികിത്സിക്കുവാൻ ഉപയുക്തമാകുന്ന വിധം ഡിസ്പെൻസറി വിപുലീകരിക്കുക. ഇടിഞ്ഞു വീഴാറായ ആശുപത്രി കെട്ടിടം പുതുക്കി പണിയുക.

9.പൈങ്കുളം ഫാമിലി സെൻററിൽ ആഴ്ചയിൽ 2 ദിവസം ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

10.ജലദൗർലഭ്യം ലഭ്യമാക്കാൻ പൈപ്പ് ലെയിനിൽ നിന്ന് ടാപ്പിടുക.

11.പൈങ്കുളത്ത് മേലെഴുത്തുമാന റോഡിൽക്കൂടി കുളിത്തോട്ടിൽ കല്ലുകൾ ഇട്ട് നിരത്തി മറുകരയിൽ നിന്ന് വ്യവസായികാടിസ്ഥാനത്തിൽ മണ്ണ് എടുക്കുന്നത് കൊണ്ട് പരിസരവാസികൾക്ക് ആരോഗ്യപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

12.പാഞ്ഞാൾ P.H. സെൻററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

13.പാഞ്ഞാൾ P.H. സെൻററിൽ 50 കിടക്കകളുള്ള ഒരു ആശുപത്രി ഉയർത്തണം, 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

നമ്മുടെ പഞ്ചായത്തിന് ആരോഗ്യപരിപാലന രംഗത്ത് അനേകം പരിമിതികളുണ്ട്. ഈ പരിമിതകളെ മുറിച്ചുകടക്കാൻ സാധിയ്ക്കണമെങ്കിൽ പരിപൂർണ്ണമായ ബഹുജന സഹായവും സഹകരണവും കൂടിയേ തീരൂ. നമുക്ക് വളരെയേറെ ദൂരം പോകാനുണ്ട്. നമ്മളാവട്ടെ യാത്ര തുടങ്ങിയതേയുള്ളൂ. ഈ സുദീർഘയാത്രയിൽ നമുക്കൊന്നിച്ചുപോകാം. സുഖങ്ങളും ദുഃഖങ്ങളും പങ്കിട്ടെടുത്തുകൊണ്ട്.

## കുട്ടികളുടേയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പ്

| കുട്ടികൾ | ബിസിജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| ഒരു വയസ്സിൽ താഴെ | 236 | 236 | 238 | 255 | | 239 | 255 | – | | | | | | 248 |
| 1-3 വയസ്സ് | | | | | 120 | | | 120 | | | | | | |
| 3-6 വയസ്സ് | | | | | | | | | 76 | 126 | | | | |

| ടൈറ്റസ് ടോക് സോയിസ് (TT) | | | |
|---|---|---|---|
| ഗർഭിണികൾ | 1D | 2D | BD |
| | 9 | 11 | – |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ ആൺ | നോർമൽ പെൺ | 1-ാം ഗ്രേഡ് ആൺ | 1-ാം ഗ്രേഡ് പെൺ | 2-ാം ഗ്രേഡ് ആൺ | 2-ാം ഗ്രേഡ് പെൺ | 3-ാം ഗ്രേഡ് ആൺ | 3-ാം ഗ്രേഡ് പെൺ |
|---|---|---|---|---|---|---|---|---|
| 1 വയസ്സിൽ താഴെ | 66 | 56 | 36 | 38 | 5 | 5 | – | – |
| 1-3 വയസ്സ് | 111 | 87 | 95 | 86 | 46 | 56 | – | – |

# വിദ്യാഭ്യാസം



# വിദ്യാഭ്യാസം

ആധുനിക ജീവിതത്തിലെ അതിമഹത്തായ സേവനരംഗങ്ങളിലൊന്നാണ് വിദ്യാഭ്യാസരംഗം. ജീവന് സൂര്യതേജസ്സ് എത്രത്തോളം അനിവാര്യമായിരിക്കുന്നുവോ അത്രതന്നെ അനിവാര്യമാണ് ഓരോ വ്യക്തിയും നേടുന്ന വിദ്യാഭ്യാസവും. കേവലമായ അക്ഷരപഠനത്തിലുപരിയായി ആന്തരിക ജ്യോതിസ്സിനെ പ്രകാശിതമാക്കുകയും വ്യക്തിയെ മനുഷ്യന് മഹത്ത്വങ്ങളുടെ അനുവാചകനുമായി പരിണമിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഉപാധിയും മാർഗ്ഗവുമായി വിദ്യാഭ്യാസത്തെ വിലയിരുത്തേണ്ടതുണ്ട്. ഒരു നവസമൂഹ നിർമിതിയുടെ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ നാം ചെയ്യുന്നത് ചരിത്രപരമായ ഒരു ദൗത്യം നിർവ്വഹിക്കുകയാണ്. ഈ ദൗത്യം അനായാസമായി പൂർത്തീകരിക്കാവുന്ന ഒന്നല്ല. ഇന്നലെകളുടെ അനുഭവങ്ങളെ വർത്തമാനകാല യാഥാർത്ഥ്യങ്ങളുമായി സമന്വയിപ്പിച്ച് ശ്രേയസ്ക്കരമായ ഒരു ഭാവി രൂപപ്പെടുത്തുക എന്നത് ക്ലേശകരവും ശ്രമകരവുമാണ്. പരിമിതങ്ങളായ വിഭവങ്ങളെ ആശ്രയിച്ച് ഇളം തലമുറയെ അവരുടെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയെന്നത് ദുർവ്വഹമായ ജോലി തന്നെയാണ്. പക്ഷെ ഇത് നമ്മുടെ കടമയാണ്. എണ്ണമറ്റ പ്രലോഭനങ്ങളിൽ കുടുങ്ങി വഴിതെറ്റിപ്പോകുവാൻ അനന്തസാധ്യതകൾ ഉള്ള ബാലകൗമാരങ്ങളെ അറിവിൻേറയും നെറിവിൻേറയും നിറവിൻേറയും മനുഷ്യപൂർണ്ണതയിലെത്തിക്കുക എന്ന മഹാദൗത്യം, പക്ഷേ, നാം ഏറ്റെടുത്തേ മതിയാകൂ.

പാഞ്ഞാൾ പഞ്ചായത്തിന് മഹത്തായ ഒരു വിദ്യാഭ്യാസചരിത്രം ഉണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിലെ സാമൂഹ്യ പരിഷ്ക്കർത്താക്കൾ എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം നൽകുന്നതിന് പരിശ്രമിച്ചിരുന്നു. പൈങ്കുളം, കിള്ളിമംഗലം, പാഞ്ഞാൾ എന്നിവിടങ്ങളിൽ നിശാപാഠശാലകൾ സ്ഥാപിച്ച് ഹരിജനങ്ങൾക്കും മറ്റും വിദ്യാഭ്യാസം നൽകുന്നതിന് ശ്രമിച്ചിരുന്നു. ഏകദേശം 75 വർഷങ്ങൾക്കുമുമ്പ് പൈങ്കുളത്ത് സ്ഥാപിച്ച നിശാപാഠശാലയാണ് പിന്നീട് പൈങ്കുളം ഗവ: യു.പി.സ്ക്കൂളായി മാറിയത്. എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം നൽകിയിരുന്ന പൈങ്കുളം, കിള്ളിമംഗലം സ്ക്കൂളുകളും, പാഞ്ഞാൾ നായർ സൊസൈറ്റിയുടെ കീഴിലുണ്ടായിരുന്ന സ്ക്കൂളും ഇത്തരത്തിൽ ഉള്ളതായിരുന്നു. കൂടാതെ നമ്പൂതിരി ബാലികമാർക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി സ്ഥാപിതമായ പാഞ്ഞാൾ നമ്പൂതിരി ബാലികാ വിദ്യാലയത്തിനും 75 വർഷത്തിലധികം പഴക്കമുണ്ട്. പൈങ്കുളം, കിള്ളിമംഗലം, പാഞ്ഞാൾ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന വായനശാലകളും ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട്.

പാഞ്ഞാൾ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ഹൈസ്ക്കൂൾ, രണ്ട് യു.പി. സ്ക്കൂൾ, ഒരു എൽ.പി. സ്ക്കൂൾ, പഞ്ചായത്തിൻെറ കീഴിലുള്ള ഒരു എയ്ഡഡ് എൽ.പി. സ്ക്കൂൾ എന്നിവ നിലവിലുണ്ട്. കൂടാതെ ഒരു അൺ-എയ്ഡഡ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഉദുവടിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി -പ്രീ പ്രൈമറി തലത്തിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലങ്ങളിലായി തുടങ്ങിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് സി.ബി.എസ്.സി.സിലബസ്സിൻ കീഴിൽ L.K.Gമുതൽ ഏഴാംക്ലാസ്സ്വരെ പഠനം നടത്തുന്ന അൽ-അറഫ ഇംഗ്ലീഷ് സ്ക്കൂൾ ആണ്. പഞ്ചായത്തിൽ ഒരു ട്യൂട്ടോറിയൽ കോളേജ്, മൂന്ന് ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും ഉണ്ട്.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നിലവിലുള്ള വിദ്യാലയങ്ങൾ അപഗ്രേഡ് ചെയ്യുകയോ പുതുയതായി ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുവാനുള്ള പ്രവണത ഈയടുത്ത കാലത്തായി വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ കാണിക്കുന്നു.

ഉദുവടിയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഐ.റ്റി.സി.യെക്കൂടാതെ നമ്മുടെ പഞ്ചായത്തിൽ മറ്റു സാങ്കേതിക വിദ്യാഭ്യസസ്ഥാപനങ്ങളോ കോളേജുകളോ ഇല്ലാത്തതിനാൽ, ഭൂരിഭാഗം വിദ്യാർത്ഥികളും ഷൊർണൂർ, ഒറ്റപ്പാലം, വടക്കാഞ്ചേരി, തൃശൂർ എന്നീ സ്ഥലങ്ങളെയാണ്പുപരിപഠനാർത്ഥം ആശ്രയിക്കുന്നത്. ഇത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ഹൈസ്ക്കൂൾ പഠനത്തിനും വിഘാതമായി നിൽക്കുന്നു. പെൺകുട്ടികളിൽ അധികവും ചേലക്കരയിലും ഷൊർണൂരിലും ഉള്ള കോൺവെൻറ് സ്ക്കൂളിലാണ് പഠനം നടത്തുന്നത്. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും മറ്റു പിന്നോക്ക വിഭാഗത്തിൽ പെട്ടവരുമായതിനാൽ ഇവർക്ക് തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിൽ കാര്യമായി ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. ഇത് പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വിദ്യാഭ്യാസനിലവാരം പിന്നോക്കം നിൽക്കുന്നതിന് ഒരു പരിധിവരെ കാരണമായി.

പഞ്ചായത്തിൻെറ പൊതു വിദ്യാഭ്യാസമേഖലയിൽ 1541 ആൺകുട്ടികളും 1274 പെൺകുട്ടികളും അടക്കം 2815 പേരാണ് ഇപ്പോൾ പഠനം നടത്തുന്നത്.

| ഓരോ ക്ലാസ്സിലും പഠനം നടത്തുന്ന കുട്ടികളുടെ വിവരണ പട്ടിക | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ്സ് | ആകെ കുട്ടികൾ | | | | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
| | ആകെ കുട്ടികൾ | | | SC/ST | | | SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മൊത്തം |
| I | 170 | 132 | 302 | 37 | 22 | 59 | 1 | – | 1 | 1 | – | 1 | | | | 5 | 1 | 6 | 6 |
| II | 156 | 153 | 309 | 35 | 32 | 67 | 8 | 3 | 11 | 9 | 4 | 13 | | | | 5 | 2 | 8 | 8 |
| III | 148 | 143 | 291 | 43 | 27 | 70 | 7 | 2 | 9 | 11 | 2 | 13 | | | | 2 | 3 | 5 | 5 |
| IV | 206 | 149 | 355 | 55 | 38 | 93 | 1 | 2 | 3 | 11 | 5 | 16 | 1 | – | 1 | 3 | 4 | 7 | 8 |
| V | 157 | 122 | 279 | 30 | 27 | 57 | 2 | 1 | 3 | 10 | 2 | 12 | 1 | – | 1 | 3 | 8 | 11 | 12 |
| VI | 162 | 147 | 309 | 27 | 30 | 57 | 2 | 0 | 2 | 5 | 1 | 6 | 1 | – | 1 | 4 | 7 | 11 | 12 |
| VII | 164 | 146 | 310 | 25 | 24 | 49 | – | – | – | – | 6 | 6 | | | | 4 | 4 | 8 | 8 |
| VIII | 153 | 103 | 256 | 23 | 27 | 50 | – | – | – | – | – | – | | | | 8 | 7 | 15 | 15 |
| IX | 134 | 113 | 247 | 24 | 19 | 43 | – | – | – | – | – | – | | | | 10 | 8 | 18 | 18 |
| X | 91 | 66 | 157 | 12 | 6 | 18 | – | – | – | – | – | – | | | | – | – | – | – |
| ആകെ | 1541 | 1274 | 2815 | 311 | 252 | 563 | 21 | 8 | 29 | 47 | 20 | 67 | 3 | – | 3 | 44 | 45 | 89 | 92 |

കഴിഞ്ഞ 3 വർഷത്തെ എൻറോൾമെൻറ് വിവിധ സ്ക്കൂളിൽ പരിശോധിച്ചപ്പോൾ ഓരോ വർഷവും കുറവ് സംഭവിക്കുന്നുണ്ട് എന്ന് കാണുകയുണ്ടായി. വർഷങ്ങളായി 21 ഡിവിഷനുകൾ ഉണ്ടായിരുന്ന പൈങ്കുളം യു.പി. സ്ക്കൂളിൽ ഈ വർഷം 20 ഡിവിഷൻ മാത്രമേയുള്ളൂ.

ഈ വർഷം പട്ടികജാതി വിഭാഗത്തിൽ 311 ആൺകുട്ടികളും, 252 പെൺകുട്ടികളും അടക്കം മൊത്തം 563 വിദ്യാർത്ഥികൾ ഉണ്ട്. തോറ്റ് വീണ്ടും പഠനം നടത്തുന്നവരിൽ 47 ആൺകുട്ടികളും 20 പെൺകുട്ടികളും ഉൾപ്പെടുന്നു. ഇതിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം മറ്റുള്ളവരേക്കാൾ കുറവാണ്. പഠിത്തം നിർത്തിയവരുടെ എണ്ണത്തിലും ഈ പ്രവണത തുടരുന്നു. മൊത്തം പഠിത്തം നിർത്തിയവരുടെ എണ്ണം 92 ആണ്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ അദ്ധ്യാപകതസ്തികകൾ വർഷാവസാനംവരെ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥ എല്ലാവർഷങ്ങളിലും കാണപ്പെടുന്നു. പ്രൈമറി വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ ഒഴിവ് ഹൈസ്ക്കൂളിനെ അപേക്ഷിച്ച് ആനുപാതികമായി കൂടുതലാണ്. അദ്ധ്യാപകരുടെ നിയമനം അദ്ധ്യയനവർഷാരംഭത്തിൽ തന്നെ പൂർണ്ണമായും നടത്തേണ്ടതാണ്. കാമ്പസ്സ്, കളിസ്ഥലം എന്നിവയുടെ കാര്യത്തിൽ, ഭൂരിപക്ഷം സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം പരിഗണിക്കുമ്പോൾ തീരെ അപര്യാപ്തമാണ്.

## പട്ടിക-2

**കാമ്പസ്സ്, കളിസ്ഥലം എന്നിവ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.**

| സ്ക്കൂൾ | കാമ്പസിൻെറ വിസ്തീർണ്ണം | കളിസ്ഥലം |
|---|---|---|
| 1. G.H.S. പാഞ്ഞാൾ | 3.5 ഏക്കർ | 80 സെൻറ് |
| 2. GUPS. പൈങ്കുളം | 1.5 „ | ഇല്ല |
| 3. GUPS. കിള്ളിമംഗലം | 72 സെൻറ് | ഇല്ല |
| 4. ALPS. തൊഴുപ്പാടം | 63 സെൻറ് | ഇല്ല. ഗ്രൗണ്ടിനുള്ള സ്ഥലം സൗജന്യമായി ലഭ്യമായിട്ടുണ്ട് |
| 5. കീഴില്ലം | 1 ഏക്കർ | ഇല്ല |

പാഞ്ഞാൾ ഹൈസ്ക്കൂൾ, കിള്ളിമംഗലം യു.പിയ. സക്കൂൾ, പൈങ്കുളം യു.പി.സ്ക്കൂൾ എന്നിവയ്ക്ക് ഭാഗികമായും, കീഴില്ലത്തുള്ള A.L.P സ്ക്കൂളിന് പൂർണ്ണമായും ചുറ്റുമതിൽ ഉണ്ട്. എന്നാൽ തൊഴുപ്പാടം ജി. എൽ. പി. സ്ക്കൂളിനു ചുറ്റുമതിലേ ഇല്ല. മേച്ചിൽ മൃഗങ്ങളുടേയും മറ്റും താവളങ്ങളാണിവിടങ്ങൾ.

കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ കഴിഞ്ഞ രണ്ടുവർഷമായി നടക്കാത്ത വിദ്യാലയങ്ങളുണ്ട്. ഫർണിച്ചർ നിർമ്മാണവും അറ്റകുറ്റപണികളും എല്ലാ സ്ക്കൂളുകളിലും ഒരളവുവരെ പി.ടി.എ.കളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. ബഞ്ചുകളുടേയും ഡസ്ക്കുകളുടെയും അവസ്ഥ ഇപ്പോഴും പല സ്ക്കൂളുകളിലും ഒട്ടും തൃപ്തികരമല്ല.

ഭൗതിക സാഹചര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും തീരെ അപര്യാപ്തമാണ്. കെട്ടിടത്തിൻെറ അഭാവത്തിൽ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ പാഞ്ഞാൾ ഗവ. ജി.എച്ച്.എസ്. ഇപ്പോഴും ഷിഫ്റ്റ് സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ചിലപ്പോൾ പല ക്ലാസ്സുകളും ഒന്നിടവിട്ട ദിവസങ്ങളിൽ പ്രവർത്തിപ്പിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഇവ പര്യാപ്തമല്ല.

കുടിവെള്ളത്തിന് കിണറുകളെയാണ് എല്ലാ സ്ക്കൂളുകളും ആശ്രയിക്കുന്നത്. ഉച്ച ഭക്ഷണ പരിപാടി സ്ക്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ, വെള്ളത്തിൻെറ ആവശ്യം വർദ്ധിക്കുകയും ചെയ്തിരിക്കയാൽ എല്ലാ സ്ക്കൂളുകളിലും മോട്ടോർ സ്ഥാപിക്കേണ്ടതാണ്. സ്റ്റാഫ്റൂം, പാചകമുറി എന്നിവ ഇല്ലാത്ത സ്ക്കൂളുകളും ഉണ്ട്. ഡസ്ക്ക്, ബഞ്ച്, മേശ, കസേര എന്നിവയുടെ എണ്ണം മൊത്തം ആവശ്യത്തിൻെറ പകുതി പോലും തികയുന്നില്ല.

നിലവിലുള്ള ജനസാന്ദ്രതയുമായി ബന്ധപ്പെടുത്തിയിട്ടുള്ള പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ഉറുവടി, വാഴാലിപ്പാടം എന്നീ പ്രദേശങ്ങളിൽ ഓരോ എൽ.പി.സ്ക്കൂളുകൾ ആവശ്യമാണ്.

| സ്കൂളിൻെറ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങൾ | | | മുറികൾ | | | ആവശ്യമുള്ളമുറികൾ |
|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അസ്ഥിരം | താത്ക്കാലികം | സ്ഥിരം | അസ്ഥിരം | താത്ക്കാലികം | |
| GHS പാഞ്ഞാൾ | 29 | 3 | 2 | – | 16 | – | – | 18 |
| GUPS പൈങ്കുളം | 20 | 4 | 1 | – | 14 | 4 | – | 2 |
| GIPS കിള്ളിമംഗലം | 17 | 2 | 1 | – | 17 | – | – | 3 |
| GLPS തൊഴുപ്പാടം | 4 | 1 | – | – | 5 | – | – | 2 |
| ALPS കീഴില്ലം | 4 | 1 | – | – | 5 | – | – | 1 |

| സ്ക്കൂളിൻെറ പേര് | നിലവിലുള്ള മൂത്രപ്പുരകൾ | നിലവിലുള്ള കക്കൂസുകൾ | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകൾ | കുടിവെള്ള സംവിധാനം നിലവിലുള്ളത് | വൈദ്യുതി കണക്ഷൻ ഉണ്ട് / ഇല്ല | സ്റ്റാഫ് റൂം / പാചകമുറി | ഫർണിച്ചർ ആവശ്യമുള്ളത് | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഡസ്ക്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| GHS പാഞ്ഞാൾ | 3 | 1 | 20 | 2 | കിണർ | ഉണ്ട് | സ്റ്റാഫ് റൂം ഇല്ല | 150 | 150 | 30 | 30 | അപര്യാപ്തമാണ് |
| GUPS പൈങ്കുളം | 2 | 2 | 30 | 1 | കിണർ | ഉണ്ട് | രണ്ടും ഇല്ല | 80 | 10 | 10 | 10 | „ |
| GUPS പൈങ്കുളം | 1 | 1 | 15 | 1 | കിണർ പൈപ്പ് | ഉണ്ട് | സ്റ്റാറ് റൂം ഇല്ല | 100 | 100 | 10 | 10 | „ |
| GLPS തൊഴുപ്പാടം | 1 | 1 | 10 | 1 | കിണർ | ഇല്ല | പാചകമുറി ഇല്ല | 20 | 20 | 5 | 5 | „ |
| ALPS കീഴില്ലം | 1 | 1 | 10 | — | കിണർ | ഇല്ല | സ്റ്റാഫ് റൂം ഇല്ല | 10 | 10 | 4 | 4 | „ |

തൊഴുപ്പാടം എൽ.പി.സ്ക്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി ശരാശരി 8.കി. മീറ്ററിലധികം സഞ്ചരിച്ച് ചേലക്കരയിലോ പൈങ്കുളത്തോ എത്തേണ്ടിയിരിക്കുന്നു. യാത്രാക്ലേശങ്ങളും മറ്റു ബന്ധപ്രശ്നങ്ങളും നിമിത്തം പല രക്ഷിതാക്കളും തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസം ഇടക്കു വെച്ചു നിറുത്തുവാൻ നിർബന്ധിതരാകുകയാണ്. തൊഴുപ്പാടം എൽ.പി.സ്ക്കൂൾ, യു.പി. സ്ക്കൂളായി ഉയർത്തി ഇതിന് പരിഹാരം കാണാവുന്നതാണ്. ആയതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പൈങ്കുളം ഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ പഠനാർത്ഥം അകലെയുള്ള ചെറുതുരുത്തി ചേലക്കര, പാഞ്ഞാൾ എന്നീ സ്ഥലങ്ങളെ ആശ്രയിക്കേണ്ടതിനാൽ, പൈങ്കുളം യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തി ആയതിന് പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തം 23 അംഗനവാടികൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 21 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉണ്ട്. അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. ഇവയെ പ്രീ-പ്രൈമറി വിദ്യാലയങ്ങളാക്കി ഉയർത്തി പൊതുവിദ്യാഭ്യാസത്തിൻെറ ഭാഗമാക്കേണ്ടതാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതുനിലവാരം തൃപ്തികരമല്ല. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തപെടാതെ കിടക്കുന്നു. അദ്ധ്യായന വർഷത്തിൻെറ ആരംഭത്തിൽതന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാകുന്നില്ല. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നപക്ഷം വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ഏറെക്കുറെ കഴിയുന്നതാണ്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ജില്ലാ, ബ്ലോക്കു പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന പക്ഷം പാഠപുസ്തക വിതരണത്തിലെ കാലതാമസം ഒഴിവാക്കാവുന്നതാണ്.

വിദ്യാലയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ജനകീയ പങ്കാളിത്തത്തോടുകൂടിയ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസപ്രവർത്തകർ, അദ്ധ്യാപകർ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥർ, സ്ക്കൂൾ പി.ടി.എ. പ്രതിനിധികൾ എന്നിവർക്ക് പ്രാതിനിധ്യമുള്ള വിദ്യാഭ്യാസ സമിതികൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കണം. സ്ക്കൂൾ തലത്തിലും ഇത്തരം സമിതികൾ രൂപീകൃതമാകുന്നത് കൂടുതൽ പ്രയോജനപ്പെടും. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തുന്നതും, പരിഹാരം നിർദ്ദേശിക്കുന്നതും, അവ നടപ്പിലാക്കുന്നതും പൂർണ്ണമായും ഈ സമിതികൾ മുഖേനയാകണം. ഇതുവഴി വിദ്യാഭ്യാസരംഗത്തെ ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയും.

എന്നിരുന്നാലും ഓരോ കുട്ടികളുടേയും കാര്യത്തിൽ ബന്ധപ്പെട്ട രക്ഷാകർത്താക്കളോളം താൽപര്യമെടുക്കുവാൻ കഴിയുന്നവരായി മറ്റാരുമില്ല. ആയതിനാൽ രക്ഷാകർത്താക്കൾ അദ്ധ്യാപക - രക്ഷാകർതൃസമിതികളിൽ സജീവമായി പങ്കെടുക്കുകയും, വിദ്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്താൽ ഈ രംഗത്തെ ദുരവസ്ഥ കൂടുതൽ പരിഹാരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

മേൽപ്പറഞ്ഞിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളുടെ നടത്തിപ്പിൽ സാരമായ മാറ്റങ്ങൾ വഴി തെളിയിക്കുവാൻ കഴിയുന്നതാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ, പഠനനിലവാരം ഉയർത്തുവാനുള്ള പരിപാടികൾ എന്നിവ ഇപ്രകാരം ആസൂത്രണം ചെയ്യാം. പരിപാടികൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം, നിലവിലുള്ള രീതികളിൽ നിന്നും വിഭിന്നമായി ക്രിയാത്മക മോണിറ്ററിംഗും കൃത്യമായി നടപ്പാക്കണം.

ജനകീയ സമിതികളുടെ നേതൃത്വത്തിൽ പ്രാദേശികമായി ലഭ്യമാകുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലും ഏതെങ്കിലും തൊഴിൽ പഠനം നിർബന്ധമാക്കേണ്ടതാണ്. ഇതുവഴി വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധപ്പെടുത്താവുന്നതാണ്.

വിദ്യാലയങ്ങളിലെ പരീക്ഷണശാലകൾ, ഗ്രന്ഥശാലകൾ എന്നിവ വിപുലീകരിക്കുകയും, അവയുടെ പ്രയോജനം കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

●

# വ്യവസായം



ഏതൊരു ദേശത്തിൻേറയും വികസനത്തെ വിലയിരുത്തുമ്പോൾ ആ പ്രദേശം വ്യാവസായികമായി എത്രത്തോളം പുരോഗതി നേടിയിട്ടുണ്ട് എന്ന കാര്യമാണ് പ്രധാന ഘടകമാകുക. ആധുനിക സമൂഹത്തിൻെറ ദൈനംദിന ആവശ്യങ്ങൾക്കുള്ള എണ്ണമറ്റ സാമഗ്രികളുടെ ഉല്പാദനവും, വിതരണവും, വിപണനവും അനന്തമായ തൊഴിൽ സാദ്ധ്യതകളും സാമ്പത്തിക ആദായവും ഉറപ്പു തരുന്നു. ചെറിയ ആവശ്യങ്ങൾക്കുപോലും അന്യരെ ആശ്രയിച്ചു വരുന്ന ഇന്നത്തെ രീതിക്കു പകരമായി സ്വാശ്രയത്തിലൂന്നിക്കൊണ്ടുള്ള ഉല്പാദന-വിതരണ-വിപണന ക്രമീകരണങ്ങളെക്കുറിച്ച് ചിന്തിക്കുകയാണ് അഭികാമ്യം. ഈ കാഴ്ച്ചപ്പാടിലൂടെ നോക്കുമ്പോൾ നമുക്ക് വളരെയേറെ ചെയ്യാൻ കഴിയും എന്നത് ശുഭോദർക്കമാണ് - പാഞ്ഞാൾ ഒരു കാർഷിക പ്രദേശമാണ്. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് ഇവിടെ മുഖ്യമായ തൊഴിൽ മേഖല.

പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ, പ്രവർത്തിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നുതന്നെ ഇവിടെയില്ല.

ചെറുകിട വ്യവസായ സ്ഥാപനങ്ങളെ താഴെ കാണുംവിധം പട്ടികപ്പെടുത്താവുന്നതാണ്.

1. **പോട്ടറി പ്രോജക്ട് - കിള്ളി മംഗലം**

സർക്കാർ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന പാഞ്ഞാൾ പഞ്ചായത്ത് 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പോട്ടറി പ്രോജക്റ്റ് യാതൊരു പ്രവർത്തനവും ഇല്ലാതെ പൂട്ടിക്കിടക്കുകയാണ്. ഈ സ്ഥാപനത്തിൽ നിന്ന് ഏകദേശം 100 വനിതകൾക്ക് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് പരിശീലനം കൊടുത്തിട്ടുള്ളതാണ്. മുപ്പതോളം ആളുകൾ കരകൗശല വസ്തുക്കൾ നിർമ്മിച്ച് കേരളത്തിനകത്തും പുറത്തും നല്ല രീതിയിൽ വില്പന നടത്തിയിരുന്നു - എന്നാൽ ഇന്ന് ഈ സ്ഥാപനം മാനേജ്മെൻറിൻെറ പിടിപ്പുകേടുമൂലം പ്രവർത്തനരഹിതമായി കിടക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങൾക്ക് ഈ സ്ഥാപനം പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കിയാൽ കുറെ പേർക്ക് തൊഴിൽ പരിശീലനം ലഭ്യമാകും.

2. **RACP കമ്പനി**

പൈങ്കുളത്ത് പ്രവർത്തിച്ചു വരുന്ന ആർ.എ.സി.പി. കമ്പനി ഈ പഞ്ചായത്തിലെ മറ്റൊരു പ്രമുഖ സ്ഥാപനമാണ്. ആദ്യകാലങ്ങളിൽ കുറെയധികം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. സ്വകാര്യ സ്ഥാപനമായ ഈ കമ്പനിയിൽനിന്നും പുറത്തുവിടുന്ന മാലിന്യങ്ങൾ മൂലം സമീപ പ്രദേശത്തു കിണറുകളിലെ ജലം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | തൊഴിലെടുക്കുന്നവർ |
|---|---|---|
| 1 | ഉദംവടി പോട്ടറി പ്രോജക്ട് | 100 വനിതകൾക്ക് പരിശീലനം |
| 2 | പൈങ്കുളം RACP കമ്പനി | 12 പുരുഷന്മാർ |
| 3 | ടയർ റീസോളിങ്ങ് കമ്പനി | 7 പുരുഷന്മാർ |
| 4 | തീപ്പെട്ടി കമ്പനി | 15 പുരുഷൻ / സ്ത്രീ |
| 5 | ഇഷ്ടിക നിർമ്മാണം | 15 പുരുഷൻ/സ്ത്രീകൾ |
| 6 | പാക്കിങ്ങ് കേസ് നിർമ്മാണം | 5 പുരുഷന്മാർ |
| 7 | സോമിൽ | 6 പുരുഷന്മാർ |
| 8 | പഞ്ചായത്തു പ്രദേശത്തെ സ്റ്റേഷനറി/ പലചരക്കു വ്യവസായ സ്ഥാപനങ്ങൾ | 75 പേർ |
| 9 | -ടി- ഹോട്ടൽ സ്ഥാപനങ്ങൾ | 80 പേർ |

മലിനീകരിക്കപ്പെടുന്നു. ജനങ്ങൾ തിങ്ങി പ്പാർക്കുന്ന ഈ പ്രദേശത്തെ ജല മലിനീകരണത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

3. **ടയർ റീസോളിങ്ങ് കമ്പനി**

കിള്ളിമംഗലത്ത് ഇന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ടയർ റീസോളിങ്ങ് കമ്പനി ഉണ്ട്.

4. **തീപ്പെട്ടി കമ്പനി**

തീപ്പെട്ടി നിർമ്മാണവുമായി പ്രവർത്തിച്ചു വരുന്ന ഈ പഞ്ചായത്തിലെ ഏക സ്ഥാപനമാണ് പൈങ്കുളത്തുള്ളത്. പതിനഞ്ചു പേർ സ്ത്രീ-പുരുഷനടക്കം അവിടെ ജോലി ചെയ്യുന്നുണ്ട്. സഹകരണാടിസ്ഥാനത്തിൽ തീപ്പെട്ടി നിർമ്മാണ വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് സാധ്യതകളേറെയുണ്ട്.

5. **ഇഷ്ടിക നിർമ്മാണം**

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ഒറ്റപ്പെട്ട തോതിൽ സ്വകാര്യ വ്യക്തികൾ നടത്തിവരുന്ന ഇഷ്ടിക നിർമ്മാണമാണ് കൂടുതലും ഉള്ളത്. പൈങ്കുളത്ത് സ്വകാര്യ മേഖലയിൽ ചെറുകിട വ്യവസായമായി ഇഷ്ടിക നിർമ്മാണം നടത്തിവരുന്നുണ്ട്. ഈ രംഗത്ത് ഇനിയും ഒട്ടേറെ തൊഴിൽ സാധ്യതകൾ നിലവിലുണ്ട്.

6. **പാക്കിംഗ് കേസ് നിർമ്മാണം**

സ്വകാര്യ വ്യക്തിയുടെ കീഴിൽ പൈങ്കുളത്ത് ഒരു പാക്കിംഗ് കേസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ അഞ്ചോളം ആളുകളാണ് ജോലി ചെയ്യുന്നത്.

7. **സോമിൽ**

പഞ്ചായത്തിൽ രണ്ടു സോമിൽ പ്രവർത്തിക്കുന്നുണ്ട്. ആറു പുരുഷന്മാർ അവിടെ ജോലി ചെയ്യുന്നുണ്ട്. ഇവ രണ്ടും നല്ല രീതിയിൽ പ്രവർത്തനം നടത്തി വരുന്നവയാണ്.

8. **പഞ്ചായത്തു പ്രദേശത്തെ സ്റ്റേഷനറി / പലചരക്ക് വ്യാപാര സ്ഥാപനങ്ങൾ**

പഞ്ചായത്തു പ്രദേശങ്ങളിൽ സ്റ്റേഷനറി/ പലചരക്കു വ്യാപാര രംഗത്ത് മൊത്തം 64 കടകളുണ്ട്. ഈ സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ വ്യക്തികളുടേതാണ്. വളരെ കുറച്ചുപേർ മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്.

9. **ഹോട്ടൽ സ്ഥാപനങ്ങൾ**

ചെറിയ ചായക്കടകളും അതുപോലെ ഹോട്ടലുകളും കൂടി മൊത്തം 72 എണ്ണം ഈ പഞ്ചായത്തതിർത്തിയിലുണ്ട്. ഇവയിലെല്ലാം കൂടി മൊത്തം 80-ാളം ആളുകൾ ജോലിചെയ്തുവരുന്നു ണ്ടെന്ന് കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഷോപ്പ് ആക്ടിൻെറ പരിധിയിൽ പെടാത്തതുമൂലം വേതനത്തിൻെറ കാര്യത്തിലോ, ജോലിസമയ ത്തിൻെറ കാര്യത്തിലോ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹരല്ല. ഗ്രാമ പ്രദേശങ്ങളിലായതുകൊണ്ട് പ്രസ്തുത സ്ഥാപനത്തിൻെറ ഉടമസ്ഥർ തന്നെയായിരിക്കും കൂടുതലും തൊഴിൽ ചെയ്യുന്നവർ ഹോട്ടലുകാർ നിർമ്മിക്കുന്ന ഭക്ഷണ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനു ഹോട്ടലുകൾക്ക് മിതമായ നിരക്കിൽ റേഷൻ കടകളിൽകൂടി അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവ വിതരണം ചെയ്യേണ്ടതാണ്.

## പരമ്പരാഗത വ്യവസായ മേഖല

അങ്ങേയറ്റം പരിതാപകരമാണ് മേൽ പറഞ്ഞ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ പൊതുസ്ഥിതി. തൊഴിൽ മേഖലകളുടെ പുനരുദ്ധാരണമെന്നതിൻെറ ശരിയായ അർത്ഥം ഓരോ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന തൊഴിലാളി കുടുംബങ്ങളുടേയും തൊഴിലെടു ക്കുന്നവരുടേയും ഉദ്ധാരണം തന്നെയാണ് എന്ന നിലയിലാണ് കാര്യങ്ങൾ.

1. **കൊട്ടനെയ്ത്ത്**

ഈ പഞ്ചായത്തിലെ ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട 61 കുടുംബങ്ങളിലെ 350-ാളം

| ക്രമ നമ്പർ | സ്ഥാപനം/തൊഴിൽരംഗം | ബന്ധപ്പെട്ട കുടുംബം | തൊഴിൽ ചെയ്യുന്നവർ |
|---|---|---|---|
| 1 | മുള / ഈറ്റ ഉപയോഗിച്ച് കുട്ട നിർമ്മാണം | 61 | 350 |
| 2 | മൺപാത്ര നിർമ്മാണം | 35 | 100 |
| 3 | കരിങ്കൽ കൊണ്ടുള്ള ഗൃഹോപകരണ നിർമ്മാണം | 70 | 300 |
| 4 | കാർഷികോപകരണ നിർമ്മാണം | 20 | 40 |
| 5 | മരപ്പണി | 80 | 160 |
| 6 | സ്വർണ്ണപ്പണി | 20 | 30 |
| 7 | തുകൽ വ്യവസായം | 26 | 50 |

ആളുകൾ അവരുടെ പാരമ്പര്യ കൈത്തൊഴിലായ കൊട്ടനെയ്ത്തുകൊണ്ട് ഉപജീവനം കഴിച്ചുകൂട്ടുന്നവരാണ്. ഇവർക്ക് യഥാസമയങ്ങളിൽ കൊട്ടനെയ്ത്തിനാവശ്യമായ ഓട ലഭിക്കാത്തതു കാരണം ശരിയായ രീതിയിൽ തൊഴിൽ ചെയ്യാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തെ ചൂഷണം ചെയ്തുകൊണ്ടു് ചില സ്വകാര്യ വ്യക്തികൾ കുറഞ്ഞ വിലക്ക് ഉല്പന്നങ്ങൾ തിരിച്ചു വാങ്ങുന്നു. ഇതുമൂലം ഉല്പാദകന് ശരിയായ വേതനം ലഭിക്കുന്നില്ല. ഇവരുടെ ആവശ്യത്തിനായി വർഷങ്ങൾക്കുമുമ്പ് പാഞ്ഞാൾ പഞ്ചായത്തിലെ 7-ാം വാർഡിൽ ഉദുവടി പ്രദേശത്ത് ഈ പഞ്ചായത്തിലേയും മറ്റു പഞ്ചായത്തിലേയും ഇത്തരം ആളുകൾക്ക് തൊഴിൽ ചെയ്യുവാനും മതിയായ വേതനം ലഭിക്കുവാനും വേണ്ടി ആരംഭിച്ച ഹരിജൻ വെൽഫെയർ സംഘം സൊസൈറ്റി ആദ്യകാലങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഈ സ്ഥാപനത്തിൻെറ പ്രവർത്തനം വളരെ പരിതാപകരമാണ്. ഈ സ്ഥാപനത്തിൽ 500-ാളം ആളുകൾ തൊഴിൽ ചെയ്തു വന്നിരുന്നവരാണ്. ഇന്നു വെറും 30 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. വളരെ കൂടുതൽ പേർക്ക് തൊഴിൽ സാധ്യതയുള്ള ഈ സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനും കൂടുതൽ തൊഴിൽ സാധ്യത ഈ വിഭാഗങ്ങൾക്ക് ഉണ്ടാക്കി കൊടുക്കുന്നതിനും ഈ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് വേണ്ടതു ചെയ്യേണ്ടതാണ്.

## 2. മൺപാത്ര നിർമ്മാണം

ഈ പഞ്ചായത്തിലെ ഒരു സമുദായത്തിൽ പെട്ട 35 കുടുംബങ്ങൾ മൺപാത്ര നിർമ്മാണരംഗത്ത് പ്രവർത്തിച്ചു വരുന്നു. 100 ആളുകൾ ഈ പ്രവർത്തി പരമ്പരാഗത തൊഴിലായി ചെയ്തുവരുന്നുണ്ട്. ഈ മേഖലയിൽ കരകൗശല നിർമ്മാണരംഗത്ത് പരിശീലനം നൽകുന്നതിനായി പഞ്ചായത്ത് 7-ാം വാർഡ് ഉദുവടിയിൽ കേന്ദ്ര ഗവർമെൻറിൻെറ കീഴിൽ ഒരു സ്ഥാപനം ഉണ്ടായിരുന്നു. മാനേജ്മെൻറിൻെറ പിടിപ്പുകേടുമൂലം പ്രസ്തുത സ്ഥാപനം പൂട്ടേണ്ടി വന്നു. മണ്ണുകൊണ്ടുള്ള കരകൗശല നിർമ്മാണ രംഗത്ത് ഒട്ടേറെ പേർക്ക് പരിശീലനം ലഭ്യമാക്കുന്ന അവസരം നഷ്ടമായി.

## 3. കരിങ്കൽ കൊണ്ടുള്ള ഗൃഹോപകരണ നിർമ്മാണം

പൈങ്കുളം ഭാഗത്ത് 70-ാളം കുടുംബങ്ങളിൽ 300-ാളം ആളുകളാണ് കരിങ്കല്ലു കൊണ്ടുള്ള അമ്മി, ആട്ടുകല്ല്, തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം കഴിച്ചുകൂട്ടുന്നു. ഇവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മറ്റുമായി സഹകരണ മേഖലയിൽ ഒരു യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.

## 4. കാരഷികോപകരണ നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ പാരമ്പര്യ തൊഴിലായ കാർഷികോപകരണ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. എന്നാൽ ഈ പ്രവർത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ സാധ്യത വളരെ കുറവാണ്.

5. **മരപ്പണി**

പഞ്ചായത്ത് പ്രദേശത്ത് 80-ാളം കുടുംബങ്ങളിൽ നിന്നുള്ള 160-ാളം ആളുകൾ ഈ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം കഴിച്ചു വരുന്നു. ഈ മേഖലയിൽ ഭൂരഭാഗം തൊഴിലാളികളും പഞ്ചായത്തു പ്രദേശത്തിനു പുറത്ത് തൊഴിൽ ചെയതു വരുന്നവരാണ്.

5. **സ്വർണ്ണപ്പണി**

പഞ്ചായത്തു പ്രദേശ്ത്ത് 20-ാളം കുടുംബങ്ങളിൽ നിന്ന് 30-ാളം പേർ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. പ്രാദേശികമായി തൊഴിൽ ലഭ്യത വളരെ കുറവാണ്. വൻകിട സ്വർണ്ണാഭരണ കടകളിലേക്ക് ആഭരണങ്ങൾ നിർമ്മിച്ച് നൽകിക്കൊണ്ടാണ് ഇവർ ഈ രംഗത്ത് പിടിച്ചു നിൽക്കുന്നത്.

7. **തുകൽ വ്യവസായം**

പൈങ്കുളം ഒന്നാം വാർഡിൽ കുറെ ചെറുപ്പക്കാർ തുകൽ വ്യവസായരംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇന്നവർ അന്യസ്ഥല ങ്ങളിലാണ് ജോലി ചെയ്യുന്നത്. സ്വകാര്യ മേഖലയിൽ ചെരിപ്പ് വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പ്രയോജനമായ രീതിയിൽ സബ്സിഡിയുടെ നിരക്ക് ഉയർത്തുന്നപക്ഷം ഈ രംഗത്ത് കുടുതൽ തൊഴിൽ സാധ്യത ലഭ്യമാക്കാവുന്നതാണ്.

1. **വനിത വസ്ത്ര നിർമ്മാണം**

നമ്മുടെ പഞ്ചായത്തിൻെറ 500-ൽ പരം യുവതികൾ വനിത വസ്ത്ര നിർമ്മാണരംഗത്ത് പരിശീലനം സിദ്ധിച്ച് പ്രസ്തുത മേഖലയിൽ തൊഴിൽ പ്രതീക്ഷിക്കുന്നവരാണ്. കുടാതെ ഒരോ വർഷവും ഉദുവടിയിൽ പ്രവർത്തിച്ചുവരുന്ന മജ്‌ലീസ് ചാരിറ്റിബൾ ട്രസ്റ്റിൻെറ കീഴിൽ സൗജന്യ പരിശീലനം വഴിയും പഞ്ചായത്തിലെ മറ്റു വ്യക്തികൾ മുഖേനയും ഈ മേഖലയിൽ ഒട്ടനവധി യുവതികൾ പരിശീലനം തേടി പുറത്തുവരുന്നു. ഈ രംഗത്ത് പരിശീലനം കഴിഞ്ഞവരും പരിശീലനം പൂർത്തിയാക്കാ ത്തവർക്കും യാതൊരു തൊഴിൽ സാധ്യതയും പഞ്ചായത്തിൽ നിലവിലില്ല. ഈ കാലഘട്ടത്തിൽ കൂടുതൽപേരും റെഡിമെയ്ഡ് വസ്ത്രത്തെ ആശ്രയിക്കുന്നവരാണ്. ഈ പഞ്ചായത്തിലെ പുതു തലമുറയിൽപ്പെട്ട ഭൂരിഭാഗംപേരും റെഡിമെയ്ഡ് വസ്ത്രധാരണ രീതി പിന്തുടരുന്നവരാണ്. പ്രസ്തുത സാഹചര്യത്തിൽ ചുരീദാർ, മേക്സി, തുടങ്ങിയ മറ്റു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സംരംഭത്തിനു് ഒട്ടേറെ സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുണ്ട്. വ്യവസായ വികസനത്തിൻെറ പ്രധാന തടസ്സമായ വൈദ്യുതി ഈ സംരംഭത്തിന് തടസ്സമല്ലതാനും. സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ ഉദുവടിയിൽ ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലം ഈ ആവശ്യത്തിനു് അനുയോജ്യമായി കിട്ടാൻ സാദ്ധ്യതയുള്ളതുമാണ്. ഒരു യൂണിറ്റിൽ ചുരുങ്ങിയത് 100 തയ്യൽ മഷീൻ ഉപയോഗിച്ച് 2 ഷിഫ്റ്റായി പ്രവർത്തിക്കുന്നപക്ഷം പ്രസ്തുത യൂണിറ്റിൽ 200 പേർക്ക് പ്രത്യക്ഷമായും 50-ാളം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യത ലഭ്യമാണ്. ഇത്തരത്തിലുള്ള ഒരു യൂണിറ്റ് ഉദുവടിയിലും രണ്ടാമത്തേത് പൈങ്കുളം ഒന്നാം വാർഡിലും തുടങ്ങാവുന്നതാണ്.

2. **മെറ്റൽ ഇൻഡസ്ട്രീസ്**

പാഞ്ഞാൾ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. കാർഷികവൃത്തിക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു സ്ഥാപനവും പഞ്ചായത്തിലില്ല. കാർഷിക പ്രവൃത്തിക്കാ വശ്യമായ ഉപകരണങ്ങൾ മുഴുവൻ അന്യ സ്ഥലങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ഇങ്ങിനെ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് അമിതവില നൽകിയാണ് കൃഷിക്കാർ വാങ്ങുന്നത്, എന്നാൽ ഇത്തരം സാധനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒട്ടേറെ കുടുംബങ്ങളും തൊഴിലാളികളും ഈ പഞ്ചായത്തിലുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുകണ്ടും വിപണന സൗകര്യത്തിൻെറ അപര്യാപ്തത മൂലവും ഈ രംഗത്തുള്ള തൊഴിൽ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട് പ്രവർത്തിക്കുന്നതു കൊണ്ട് അവരുടെ സംരംഭം പൂർണ്ണമായും വിജയിക്കുന്നില്ല. ഈ തൊഴിലിൽ വൈദഗ്ദ്ധ്യമുള്ള ഇവരെ സംഘടിപ്പിച്ച് പാഞ്ഞാളും പൈങ്കുളത്തും ഓരോ വ്യവസായ

യൂണിറ്റ് ആരംഭിക്കാവുന്നതാണ്. കാർഷികോപകരണങ്ങളോടൊപ്പം ഗൃഹനിർമ്മാണത്തിനു് ആവശ്യമായ ഗെയ്റ്റ്, ഗ്രില്ല് മുതലായവയും ഇതോടൊപ്പം നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.

## 3. പ്ലാസ്റ്റിക് നിർമ്മാണം

ഇവിടെ യാതൊരു പ്ലാസ്റ്റിക് നിർമ്മാണകേന്ദ്രവും നിലവിലില്ല. ഈ മേഖലയിൽ ഒട്ടേറെപേർ തൊഴിൽ പരിചയം സിദ്ധിച്ചവരുണ്ട്. ഈ പ്രദേശങ്ങളിൽ ഒരു സ്വകാര്യ മേഖലയിൽ തൊഴിൽ സ്ഥാപനം തുടങ്ങുന്നതിനു് പ്രധാന തടസ്സം വൈദ്യുതിയാണ്. ഒട്ടേറെ തൊഴിൽ സാധ്യതയുള്ള ഈ സ്ഥാപനം തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യം അനുകൂലമാണ്. ഒന്നോ രണ്ടോ യൂണിറ്റുകൾ പല ഭാഗങ്ങളിലായി തുടങ്ങിയാൽ തൊഴിലില്ലാത്ത യുവാക്കൾക്ക് ഒരു തൊഴിൽ മേഖലയാകും.

## 4. നെല്ല് സംസ്കരണ കേന്ദ്രം

പ്രാഞ്ഞാൾ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. പരമ്പരാഗതമായി കൃഷി ചെയ്യുന്നത് നെൽകൃഷിയാണ്. ഒരു വർഷത്തിൽ 2787 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും നെല്ല് ഇവിടത്തെ ആവശ്യം കഴിഞ്ഞ് പുറത്തേക്ക് കയറ്റി അയക്കുന്നു. ഇങ്ങിനെ കയറ്റി അയക്കുന്നതുമൂലം കർഷകന് യഥാർത്ഥ വില ലഭിക്കുന്നില്ല. ഓരോ നെല്ല് സംസ്കരണ കേന്ദ്രം പഞ്ചായത്തിൽ കിള്ളിമംഗലത്തും ചിറങ്കോണത്തും തുടങ്ങണം.

## 5. റബ്ബർ

ഈ പഞ്ചായത്തിൽ നാനൂറ് ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി ചെയ്യുന്നുണ്ട്. 240 മെട്രിക് ടൺ ഒരു വർഷത്തിൽ ഉല്പാദനമുണ്ട്. റബ്ബർ പാലുകൊണ്ടോ, റബ്ബർ ഷീറ്റുകൊണ്ടോ നിർമ്മിക്കുന്ന ഒരു വ്യവസായ സ്ഥാപനവും പഞ്ചായത്തിലില്ല. ഈ മേഖലയിൽ ഒരുപാട് തൊഴിൽ സാധ്യതകൾ ഉള്ള വ്യവസായങ്ങൾ കൊണ്ടുവരാവുന്നതാണ്. റബ്ബർ പാലുകൊണ്ട് നിർമ്മിക്കുന്ന റബ്ബർനൂൽ, എലാസ്റ്റിക്, ചവിട്ടി, ചെരുപ്പ് മറ്റും ഉല്പന്നങ്ങൾ കൊണ്ടുണ്ടാക്കുന്ന യൂണിറ്റുകളും റബ്ബർ ഷീറ്റുകൊണ്ട് ഉണ്ടാക്കുന്ന റബ്ബർ ത്രെഡ് യൂണിറ്റുകളും വന്നാൽ 200 പേർക്കെങ്കിലും തൊഴിലവസരങ്ങൾ ഉണ്ടാകുന്നതും ഇത്തരം സ്ഥാപനങ്ങൾ വരുന്നതിന് പഞ്ചായത്തിൻെറ ഭൗതിക സാഹചര്യങ്ങൾ അനുകൂലവുമാണ്. ഇത്തരം യൂണിറ്റ് വ്യവസായ സ്ഥാപനങ്ങൾ പാഞ്ഞാൾ, പൈങ്കുളം, ചിറങ്കോണം എന്നീ പ്രദേശങ്ങളിൽ തുടങ്ങാവുന്നതാണ്.

## 6. Coconut Complex ( ഡ്രെയർ )

പഞ്ചായത്തിലെ 471 ഹെക്ടർ ഭൂമിയിൽ തെങ്ങുകൃഷി ചെയ്തുവരുന്നു. പ്രതിവർഷം 55 ലക്ഷം തേങ്ങ ഉല്പാദിപ്പിക്കുന്നുണ്ട്. ഇത്രയധികം തേങ്ങ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കർഷകന് യഥാർത്ഥ വില ലഭിക്കുന്നില്ല. അതിനു പ്രധാന കാരണം ഈ ഉല്പാദനത്തിലെ 90% തേങ്ങയും പഞ്ചായതഇനു പുറത്ത് വിവിധ ഭാഗങ്ങളിലേക്ക് കയറ്റിപ്പോകുന്നു. നാളികേരത്തെ അടിസ്ഥാനമാക്കി യാതൊരുവിധ പദ്ധതിയും നിലവിലില്ല. ഈ പഞ്ചായത്തിൽ ഒരു നാളികേര സംസ്കരണ യൂണിറ്റ് (ഡ്രെയർ) ആരംഭിക്കുകയാണെങ്കിൽ ഉല്പാദിപ്പിക്കുന്ന നാളികേരം പൂർണ്ണമായും ഇവിടെത്തന്നെ വിറ്റഴിക്കുവാനും യഥാസമയം കർഷകന് ന്യായമായ വില ലഭിക്കുവാനും സഹായകമാകും. ആയതിനാൽ ആവശ്യമായ ഒരു വ്യവസായ യൂണിറ്റ് കിള്ളിമംഗലത്തും, ഉദുവടിയിലും അതുപോലെത്തന്നെ നാളികേരംകൊണ്ടുള്ള Coconut Complex വാഴാലിപ്പാടത്തും, ചിറങ്കോണത്തും സ്ഥാപിക്കണം.

## 6. ഗ്രഹോപകരണ നിർമ്മാണം

ഗൃഹനിർമ്മാണം ഇന്ന് സാധാരണക്കാരൻെറ പരിമിതികൾക്ക് അപ്പുറത്താണ്. പുര നിർമ്മാണത്തിനുള്ള തുകയിൽ നല്ലയൊരു ശതമാനം തുക മരത്തിനാണുപയോഗിക്കുന്നത്. മരം ലഭ്യമാക്കുവാനുള്ള ദൗർലഭ്യവും വിലക്കൂടുതലും കണക്കിലെടുത്ത് ഇന്നത്തെ ചിലവ്കുറഞ്ഞ പാർപ്പിട നിർമ്മാണരീതി ഉയർത്തിക്കൊണ്ടുവരേണ്ടത് ഈ കാലഘട്ടത്തിൻെറ ആവശ്യകതയാണ്. ആയതിനു് വീടു നിർമ്മാണാവശ്യമായ കട്ടിള, ജനൽ മുതലായവ കോൺക്രീറ്റിൽ നിർമ്മിച്ച് ഭവന നിർമ്മാണത്തിൻെറ ചിലവ് ആ പരിധിവരെ നിയന്ത്രിക്കാം. മറ്റൊന്ന് ഭവന നിർമ്മാണത്തിന് പ്രധാന ഘടകമായ ഇഷ്ടിക, കൃഷിയിടങ്ങളഃ

താഴ്ത്തി എടുക്കുന്നതുകൊണ്ടും യഥാസമയ ങ്ങളിൽ ന്യായമായ വിലക്ക് ലഭിക്കുന്നില്ലെന്നു മാത്രമല്ല, മണ്ണെടുക്കുന്നതുമൂലം ദൂരവ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാവുന്നു. അതുകൊണ്ട് സിമൻറ് കൊണ്ടുള്ള ഹോളോ ബ്രിക്സ് നിർമ്മിക്കുകയാണെങ്കിൽ ഇഷ്ടിക പ്രശ്നത്തിനു പരിഹാരമാകാം. ഇത്തരത്തിലുള്ള ഒരു ഗൃഹോപകരണ നിർമ്മാണ യൂണിറ്റ് നിർമ്മിക്കുകയാണെങ്കിൽ ചിലവ് കുറഞ്ഞ പാർപ്പിട നിർമ്മാണ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ഏകദേശം 50 പേർക്ക് തൊഴിൽ ലഭിക്കുന്നതിനും സാധ്യമാകാം. ആയതിനുവേണ്ടി ഒരു ഗൃഹോപകരണ യൂണിറ്റ് വ്യവസായാ ടിസ്ഥാനത്തിൽ പഞ്ചായത്തു തലത്തിൽ നിർമ്മിക്കാം.

## 8. കുടിൽ വ്യവസായം

ഈ പഞ്ചായത്തിൽ കുടിൽ വ്യവസായങ്ങളായ അച്ചാർ, ചന്ദനത്തിരി, മെഴുകുതിരി, ബാർസോപ്പ്, പപ്പടം എന്നീ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. അതുപോലെതന്നെ എണ്ണപലഹാരങ്ങൾ, കൈക്കടലാസ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുമുണ്ട്. ഇതിൽനിന്നും കിട്ടുന്ന വരുമാനമാണ് അവരുടെ ഉപജീവിത മാർഗ്ഗം. ഗ്രാമീണ കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തുക എന്ന "മഹാത്മജിയുടെ സ്വപ്നം" സാക്ഷാത്കരിക്കുന്നതിന് മേൽ വ്യവസായങ്ങളെ പരിപോഷിപ്പിച്ച് ഈ ഗണത്തിൽപ്പെട്ട ഓരോ കുടുംബത്തേയും ഓരോ ചെറുകിട വ്യവസായ യൂണിറ്റായി പരിഗണിച്ച് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കേണ്ടതാണ്. ഇതിൻെറ ഭാഗമായി സബ്സിഡി നിരക്കിൽ അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുകയും വിപണന സൗകര്യത്തി നാവശ്യമായ ചെറുകിട വാഹനങ്ങൾക്ക് വായ്പ അനുവദിക്കുകയും ചെയ്യുകവഴി ഈ വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ചെറുകിട യൂണിറ്റുകൾ ചോക്ക് മറ്റുള്ളവ പഞ്ചായത്തിലെ മിക്ക വാർഡുകളിലും തുടങ്ങാവുന്നതാണ്.

## 9. പുൽപ്പായ നെയ്ത്ത്

സഹകരണത്തൊഴിൽ മേഖലയിൽ കിള്ളി മംഗലത്ത് ഒരു പുൽപ്പായ നെയ്ത്ത് വ്യവസായ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ഇതൊരു നോൺ-ക്രെഡിറ്റ് സംഘമാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി വീടുകളിൽ പുൽപ്പായ നെയ്ത്ത് സംഘത്തിൽ വിറ്റുവരുന്ന രീതിയാണ് നിലവിലുള്ളത്. സംഘത്തിൻെറ പ്രവർത്തനം വ്യവസായാടിസ്ഥാ നത്തിൽ ഊർജ്ജിതമാക്കിക്കൊണ്ടും ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ ഏകോപിച്ചുകൊണ്ടും കൂടുതൽ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ടുള്ള ദീർഘകാലാടിസ്ഥാ നത്തിനുള്ള പ്രവർത്തനങ്ങളഃ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## 10. ഖാദി നൂൽനൂല്പ്പ്

ഖാദി ബോർഡിൻെറ കീഴിൽ പാഞ്ഞാൾ പൈങ്കുളം എന്നീ ഭാഗങ്ങളിലായി ഓരോ നൂൽനൂൽപ്പ് കേന്ദ്രങ്ങളുണ്ട്. വനിതകൾക്കു മാത്രമായിട്ടുള്ളതാണ് ഈ കേന്ദ്രങ്ങൾ. രണ്ടു കേന്ദ്രങ്ങളിലുമായി 100 താഴെ വനിതകൾക്കു മാത്രമെ ഈ സ്ഥാപനങ്ങളെ ആശ്രയിക്കുവാൻ കഴിയുന്നുള്ളു. അതിൽത്തന്നെ പൈങ്കുളം കേന്ദ്രത്തിൽ ഇപ്പോൾ പരിശീലനം മാത്രമെ നടക്കുന്നുള്ളു. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലമാക്കുകയും കൂടുതൽ വനിതകൾക്കു തൊഴിൽ സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തു പ്രദേശത്തെ വിവിധ സ്ഥലങ്ങളിൽ നൂൽ കേന്ദ്രങ്ങളുടെ ശാഖകളോ ഉപശാഖകളോ ആരംഭിച്ചുകൊണ്ട് ഈ രംഗത്ത് നേട്ടമുണ്ടാക്കുവാൻ കഴിയണമെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ഖാദി ബോർഡ് അംഗീകരിക്കുകയും വേണ്ടതുണ്ട്.

ഖാദി മേഖലയിൽത്തന്നെ ചന്ദനത്തിരി, സോപ്പ്, അച്ചാർ, തീപ്പെട്ടി, മെഴുകുതിരി എന്നീ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാധ്യതകൾ നിലവിലുണ്ട്.

കർഷകരിൽനിന്ന് നാളികേരം സംഭരിച്ച് ആധുനിക ഉപകരണങ്ങളുപയോഗിച്ച് നാളികേര വെള്ളം, ചകിരി, തേങ്ങോപ്പൊടി, ചിരട്ടകൊണ്ടുള്ള ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതാകയാൽ ഒട്ടേറെ ആളുകൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാകും.

തോഴുപാടത്ത് മുളകൊണ്ടുള്ള ഒരു കൊട്ട

നെയ്ത്ത് കേന്ദ്രം സ്ഥാപിക്കുവാനുള്ള സാഹചര്യങ്ങളുണ്ട്. സ്വയം തൊഴിൽ പദ്ധതിയുടെ വായ്പാ വിതിരണത്തിൽ നിലവിലുള്ള നടപടി ക്രമങ്ങളെ ലഘൂകരിക്കേണ്ടതുണ്ട്.

കീഴില്ലത്ത് ഒട്ടേറെ പേർ ബീഡിത്തെറുപ്പ് വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. ഇവരെ ഏകോപിച്ച് കീഴില്ലം ഭാഗത്ത് ബീഡി തെറുപ്പ് വ്യവസായത്തിൻെറ ഒരു യൂണിറ്റ് സ്ഥാപിക്കണം.

കാർഷികാഭിവൃദ്ധിയോടൊപ്പം വ്യാവസായിക പുരോഗതിയും സേവനരംഗങ്ങളിലെ മികവുമാണ് നാം ലക്ഷ്യമാക്കുന്ന സമഗ്ര വികസനം. അടിസ്ഥാന വ്യവസായങ്ങളൊന്നും നിലവിലില്ലാത്ത ഒരു കാർഷിക മേഖലയിൽ പരിമിതികളും പ്രശ്നങ്ങളും അനവധിയാണ്. ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ നമുക്കു വളരെയേറെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയതു നടപ്പിലാക്കാൻ കഴിയുമെന്നുള്ളതിൻെറ സൂചകങ്ങളാണ് മുൻ പേജുകളിൽ വരച്ചു കാട്ടാൻ ശ്രമിച്ചത്. നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സാധ്യമായ സംരംഭങ്ങൾ ആരംഭിക്കുവാനും കഴിയണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ സുലഭമായ മണൽ, കളിമണ്ണ് മുതലായ അസംസ്കൃത വസ്തുക്കൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി നൂതന രീതിയിൽ ഇഷ്ടിക, ഹോളോ ബ്രിക്സ് എന്നിവയുടെ നിർമ്മാണം ആലോചിക്കാവുന്നതാണല്ലോ. ഭവന നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു സഹായകമാവും എന്നതിനേക്കാൾ വ്യാവസായിക പ്രാധാന്യവും ഈ രംഗത്ത് പ്രതീക്ഷിക്കാവുന്നതുമാണ്. എല്ലാ വീടുകളിലും കക്കൂസ് വേണമെന്ന നമ്മുടെ അഭിലാഷം സാക്ഷാത്കരിക്കാനുള്ള യത്നങ്ങൾക്ക് സാഫല്യം നല്കുവാൻ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സഹകരണസംഘം രൂപകൽപന ചെയ്യുകയാണെങ്കിൽ ഈ രംഗം തൊഴിലാന്വേഷകരായ നമ്മുടെ യുവതീ-യുവാക്കൾക്ക് ആശ്വാസകരമാവുമെന്ന് തന്നെയാണ് പ്രത്യാശിക്കുന്നത്. ●

# ഗതാഗതം



ഒരു പ്രദേശത്തിൻെറ പുരോഗതിയിൽ ചെറുതല്ലാത്ത പങ്കു വഹിക്കുന്നത് ആ പ്രദേശത്തെ ഗതാഗത സൗകര്യമാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാന ഗതാഗത മാർഗ്ഗം റോഡുകളാണ്. ജല ഗതാഗതത്തിനും മറ്റും വിരള സാധ്യതകൾ മാത്രമേയുള്ളു. അതുകൊണ്ട് പ്രധാനമായും ആശ്രയിക്കാവുന്നത് റോഡ് ഗതാഗതത്തെ തന്നെയാണ് കൃഷിക്കാർക്കും മറ്റുള്ളവർക്കും അവരുടെ ഉല്പന്നങ്ങൾ വിപണനാർത്ഥം നഗരങ്ങളിലേക്കും മറ്റു സ്ഥലങ്ങളിലേക്കും എത്തിക്കുക. കൃഷി ആവശ്യങ്ങൾക്കുള്ള, വളം, വിത്ത്, കൃഷി ഉപകരണങ്ങൾ എന്നിവ കൊണ്ടു വരിക, വൈദ്യ സഹായത്തിനും മറ്റും യാത്ര ചെയ്യുക തുടങ്ങി എണ്ണമറ്റ ആവശ്യങ്ങൾക്ക് നമുക്ക് യാത്ര ചെയ്യേണ്ടി വരുന്നുണ്ട്.

ഊടു വഴികളുടേയും കുണ്ടനിടവഴി കളുടേയും അവസ്ഥയിൽനിന്ന് വീഥികളുടേയും നിരത്തുകളുടേയും നിലവാരങ്ങളിലേക്ക് ഉയരേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മൾ ഏറെ മുന്നോട്ടു പോയിട്ടുണ്ടെന്ന വസ്തുത ഇവിടെ പ്രത്യേകം എടുത്ത് പറയേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന സൗകര്യങ്ങൾ തേടിയുള്ള യാത്രയിൽ ഇനിയും നമ്മൾ ഏറെദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

തൃശൂർ-ചേലക്കര റൂട്ടിൽ മഞ്ഞലാടി മുതൽ തോണ്ടൂർക്കര വരെയും, ചേലക്കര-ഷോർണ്ണൂർ റൂട്ടിൽ ഉദുവടി മുതൽ പൈങ്കുളം സ്കൂൾ വരെയും, ചേലക്കര-തൊഴുപ്പാടം റോഡിൽ തൊഴുപ്പാടം കനാൽ ഭാഗത്തുനിന്നും ചേലക്കര പഞ്ചായത്ത് വരെയും നീണ്ടുകിടക്കുന്ന 11.5 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളാണ് ഈ പഞ്ചായത്ത തിർത്തിയിലെ പൊതു മരാമത്തു വകുപ്പിൻെറ കീഴിൽവരുന്ന റോഡുകൾ. ഇതിൽ കഴിഞ്ഞ കുറെ വർഷങ്ങളായി അറ്റകുറ്റപണി നടത്താത്ത ഉദുവടി മുതൽ ചെറുതുരുത്തി വരെയുള്ള റോഡിലൂടെ യാത്ര ഏതൊരാൾക്കും ദുരിതപൂർണ്ണമായി മാറിയിരിക്കയാണെന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടുന്ന വസ്തുതയാണ്.

പഞ്ചായത്തിൻെറ കീഴിൽ വരുന്ന പ്രധാനപ്പെട്ട റോഡുകളിലെതന്നെ ടാറിംഗ് പണി പൂർത്തിയാക്കി കഴിഞ്ഞു. ബാക്കിയുള്ള റോഡുകളിൽ ടാറിംഗ് നടത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ടാറിംഗ് പണി പൂർത്തിയാക്കിയ പഞ്ചായത്തു റോഡുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | മണലാടി-പാഞ്ഞാൾ-<br>വെട്ടിക്കാട്ടിരി റോഡ് | - 5.850 കി.മീ. |
| 2. | പൈങ്കുളം-തൊഴൂപ്പാടം<br>കനാൽ റോഡ് | - 3.750 കി.മീ. |
| 3. | പാഞ്ഞാൾ-<br>കിള്ളിമംഗലം റോഡ് | - 1.500 കി.മീ. |
| 4. | പൈങ്കുളം സ്കൂൾ-<br>പാഞ്ഞാൾ റോഡ് | - 3.800 കി.മീ. |
| 5. | ഏച്ചാടി റോഡ് | - 1.000 കി.മീ. |
| 6. | ജയന്തി റോഡ് | - 1.000 കി.മീ. |
| 7. | ആലമ്പുഴ റോഡ് | - 1.000 കി.മീ. |
| 8. | തൊഴൂപ്പാടം<br>സ്കൂൾ റോഡ് | - 1.200 കി.മീ. |
| 9. | പാറക്കൽ<br>ചീർപ്പ് റോഡ് | - 0.500 കി.മീ. |
| 10. | തൊഴൂപ്പാടം<br>മസ്ജിദ് റോഡ് | - 0.700 കി.മീ. |
| | ആകെ | - 20.300 കി.മീ. |

പഞ്ചായത്തിൻെറ കീഴിൽ വരുന്ന മെറ്റൽ റോഡുകളുടെ മൊത്തം ദൈർഘ്യം 14.4 കി. മീറ്ററും കോൺക്രീറ്റ് റോഡിൻേറത് 0.390 കി. മീറ്ററുമാണ്. ഏറ്റവും കൂടുതലായിട്ടുള്ള മറ്റു മൺറോഡുകളുടെ ആകെ നീളം 65.886 കി.മീറ്ററാണ്.

പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്താൽ മേല്പറഞ്ഞ റോഡുകൾ വളരെ അപര്യാപ്തവും കൂടുതൽ റോഡുകൾ ഉണ്ടാവേണ്ടത് അത്യാവശ്യ വുമായിരിക്കുന്നു. നിലവിലുള്ള റോഡുകൾ തന്നെ അശാസ്ത്രീയമായി ഉണ്ടാക്കിയിട്ടുള്ളതും, അതുകൊണ്ടു തന്നെ സുഗമമായ യാത്രക്ക്

അയോഗ്യവുമാണ്. റോഡുകളുടെ നിർമ്മാണത്തിൽ സാങ്കേതിക വിദഗ്ദ്ധരും പഞ്ചായത്തും താഴെ പറയുന്ന മർമ്മ പ്രധാനമായ ശാസ്ത്രീയ വശങ്ങൾ അനുഷ്ഠിക്കുന്നത് റോഡുകളെ കൂടുതൽ ഉപകാരപ്രദമാക്കാൻ സഹായിക്കും.

1. ദീർഘദൂര വീക്ഷണം
2. സൗകര്യപ്രദമായ കയറ്റിറക്കങ്ങൾ
3. വളവുതിരിവുകളിലെ സൗകര്യപ്രദമായ വ്യാസാർദ്ധ്യം.
4. തിരുവുകളിലെ ചരിവ്
5. റോഡിൻെറ ചരിവ്
6. റോഡിൻെറ ശരിയായ വീതി
7. ഉറച്ച അസ്ഥിവാരം
8. ആവശ്യമായ കാരേജ് വേ
9. ഷോൾഡറുകൾ
10. റോഡിൻെറ കൃത്യമായ ദൂരങ്ങൾ അടയാളപ്പെടുത്തൽ
11. ജലനിർഗ്ഗമന സൗകര്യങ്ങൾ
12. ബെൽമൗത്ത്

മേൽപ്രസ്താവിച്ച ശാസ്ത്രീയ ഘടകങ്ങൾ പരിഗണിച്ച് നിർമ്മിക്കപ്പെട്ടവയല്ല നമ്മുടെ പഞ്ചായത്തിലെ റോഡുകൾ. ഭൂരിപക്ഷം ഉൾപ്രദേശങ്ങളിലേക്കും സഞ്ചാരയോഗ്യമായ റോഡുകളില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കേ നിലവിലുള്ളവയുടെ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ മെനക്കെടുന്നതിൽ അർത്ഥമില്ലല്ലോ!

പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡുകളുടേയും പഞ്ചായത്തിൻെറ കീഴിലുള്ള ടാറിട്ടതും അല്ലാത്തതുമായ മറ്റു റോഡുകളുടേയും ഇന്നത്തെ ദുരവസ്ഥക്ക് പ്രധാന കാരണം കാലാകാലങ്ങളിൽ പ്രസ്തുത റോഡുകളുടെ കാനകൾ ശരിയാംവണ്ണം അറ്റകുറ്റ പണികൾ നടത്താത്തതുമൂലമാണ്. കാനകൾ ശരിയാംവിധം വൃത്തിയാക്കുന്നപക്ഷം റോഡു സംരക്ഷണ ച്ചെലവിൻെറ നല്ലൊരു ശതമാനം ലാഭിക്കാൻ കഴിയും. ആയതിനു് കാനകളുടെ സംരക്ഷണം കാലാകലങ്ങളിൽ ഉറപ്പു വരുത്തേണ്ടതാണ്. ഒരു റോഡിൻെറ അവസാനത്തെ മെറ്റലും തെറിച്ചുപൊയി വാഹന ഗതാഗതത്തിനു് ഒരു ശതമാനംപോലും യോജിച്ചതല്ല എന്ന നിലയിൽ വരുമ്പോഴാണ് റോഡുകളുടെ പണി ഏറ്റെടുക്കുന്നതിന് സർക്കാർ തയ്യാറാകുന്നുള്ളു. ഇത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ചെലവുകൾ വരുത്തി വെക്കുന്നു. റോഡുകൾക്ക് ചെറിയ തോതിൽ കേടുപാടുകൾ സംഭവിക്കുമ്പോഴേക്കും ഉടനടി പ്രസ്തുത തകരാറ് നേരെയാക്കുവാൻ ശ്രമിക്കുകയാണെങ്കിൽ ഇത്രയധികം ചെലവ് വരാതെ നോക്കാവുന്നതാണ്. ആയതിന് റോഡുകൾക്ക് ചെറിയ കുഴികളോ, മറ്റു തകരാറുകളോ കാണുന്നപക്ഷം ഉടനടി പ്രസ്തുത കേടു തീർക്കുന്നതിന് ഒരു സ്ഥിരം സംവിധാനം പി.ഡബ്ലിയു.ഡി. ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

വാഹന ഗതാഗതത്തിന് തടസ്സമായിട്ടുള്ള പ്രധാന റോഡുകളുടെ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും പഞ്ചായത്തുകൾ ശ്രമിക്കേണ്ടതുണ്ട്. മെറ്റൽ റോഡിലൂടെ ഭാരം കയറ്റിയ വാഹനങ്ങൾ പോകുന്നത് പ്രസ്തുത റോഡുകൾ പെട്ടന്ന് കേടുവരുന്നതിനു് കാരണമാകയാൽ ടി. റോഡുകളിലൂടെയുള്ള ഭാരം കയറ്റിയ വാഹനങ്ങളുടെ ഗതാഗതം നിരോധിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ പ്രധാനപ്പെട്ട സെൻററുകളിൽ ബസ് സ്റ്റോപ്പില്ല എന്നത് യാത്രക്കാരെ സംബന്ധിച്ച് അനുഭവപ്പെടുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. ഇതിന് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. സ്വകാര്യ ബസ് റൂട്ടുകൾ പലതും സമയനിഷ്ഠ പാലിക്കുന്നതിലും, എല്ലാ ദിവസവും ട്രിപ്പ് നടത്തുന്നതിലും അലംഭാവം കാണിക്കുന്നുണ്ട്. K.S.R.T.C. ബസ്സുകൾ പഞ്ചായത്തിൻെറ പ്രധാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നപക്ഷം ഇതിന് അല്പമെങ്കിലും അറുതി വരുത്തുവാൻ കഴിയും.

ജീപ്പുകളുടെ നിയന്ത്രാതീതമായ സർവ്വീസ് നടത്തൽമൂലം ചെറുതുരുത്തി-ചേലക്കര റൂട്ടിൽ സ്വകാര്യ ബസ്സുകൾ ക്രമേണ ട്രിപ്പ് നിർത്തലാക്കുന്നതിനും, അതുവഴി യാത്രക്കാരുടെ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം കൂടുതൽ രൂക്ഷമാകുന്നതിനും കാരണമാകുന്നു. ഇക്കാര്യത്തിന് പരിഹാരമായി ജീപ്പുകളുടെ സർവ്വീസ് നടത്തലിന് സർവ്വസമ്മതമായ രീതിയിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

കാർഷിക പ്രധാനമായ പഞ്ചായത്തിൽ കൃഷിക്കാർക്ക് കൃഷിയാവശ്യങ്ങൾക്കായി ട്രാക്ടർ തുടങ്ങിയ ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ

പരിമിതമാണ്. 41 ഹരിജൻ കോളനികളേയും പൊതു നിരത്തുമായി ബന്ധപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുവാൻ വൈകിയിരിക്കുന്നു.

വിസ്താരഭയത്താൽ ഗതാഗത ആവശ്യങ്ങളുമായി ബന്ധപ്പെട്ട അത്യാവശ്യങ്ങളെ എത്രയും പരിമിതമായി പട്ടികപ്പെടുത്തിയാൽ താഴെപറയും പ്രകാരമായിരിക്കും -

## 1. കാർഷികാവശ്യങ്ങൾക്കുള്ള ട്രാക്ടർ റോഡുകൾ

പഞ്ചായത്തിൻെറ കാർഷിക മേഖലയിലെ ആധുനികവൽക്കരണത്തിൻെറ ഭാഗമായി പ്രധാന കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ കൊണ്ടു പോകുന്നതിന് ആവശ്യമായ റാമ്പുകളോ റോഡുകളോ ഇന്നു വേണ്ടത്രയില്ല. താഴെപറയുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി റോഡുകളോ, റാമ്പുകളോ നിർമ്മിക്കുന്നപക്ഷം അത് കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുവാൻ ഉപകരിക്കും.

1. പൈങ്കുളം ഉണ്ടിക്കൽ കടവ് റോഡിൽ നിന്നും തോട്ടത്തിൽപ്പടി വരെയുള്ള ഏകദേശം 1200 മീറ്റർ ദൂരം ഫാം റോഡ് നിർമ്മിക്കണം.

2. താണിശ്ശേരി പാടം - തൊട്ടിപ്പാടം കർഷക സമിതിയുടെ പരിധിയിലുള്ള കൃഷിഭൂമിയിലേക്ക് 1200 മീറ്റർ ദൂരത്തിൽ റോഡ് നിർമ്മിക്കുക.

3. വളച്ചെട്ടി റോഡിൽനിന്നും കർഷക സമിതിയുടെ പരിധിയിലുള്ള കൃഷിഭൂമിയിലേക്ക് 400 മീറ്റർ ദൂരം റോഡ് നിർമ്മിക്കണം.

4. വാഴാലി പാടത്ത് ചങ്ങലപ്പാലത്തിനടുത്ത് കൃഷിഭൂമിയിലേക്ക് ട്രാക്ടർ ഇറക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ.

5. കിള്ളിമംഗലത്ത് കൊച്ചപ്പൻപടി മുതൽ കണക്കന്നൂപ്പടി വരെയുള്ള ട്രാക്ടർ റോഡ് നിർമ്മിക്കൽ.

6. കിള്ളിമംഗലത്ത് താഴെ പറയുന്ന സ്ഥലങ്ങളിലും ട്രാക്ടർ ഇറക്കുന്നതിനുള്ള സകര്യം ചെയ്യേണ്ടതുണ്ട്.

എ. പേരാത്തുപടി.
ബി. കൈപുള്ളി പടി(രാജൻ നായർ പടി വഴി)
സി. പ്ലാക്കൽ പടി.
ഡി. കണക്കന്നുപടി
ഇ. ചെറളങ്ങാട്ടു ഗോവിന്ദൻകുട്ടിയുടെ പടിവഴി

7. കിള്ളിമംഗലം കാക്കപ്പാറ റോഡിൽനിന്ന് കൃഷിയിടത്തിലേക്ക് ട്രാക്ടർ ഇറക്കേണ്ടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ.

8. പാഞ്ഞാൾ അയ്യപ്പൻകാവ് റോഡിൽനിന്ന് പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിനുള്ള റോഡ് നിർമ്മാണം.

9. കുറുകുളത്ത് പാടത്തേക്ക് ട്രാക്ടർ റോഡ് അത്യാവശ്യമാണ്.

10. പൈങ്കുളം കിഴക്കുമുറി പാടശേഖരത്തിൻെറ പാടത്തേക്ക് ട്രാക്ടർ റോഡ് ഉണ്ടാക്കണം.

## 2. പട്ടികജാതി കോളനി റോഡുകൾ

പഞ്ചായത്തിലെ നിലവിലുള്ള കോളനി റോഡുകളിൽ ഗതാഗത യോഗ്യമായവ വളരെ കുറവാണ്. റോഡുകൾ ഇല്ലാത്ത കോളനികളുമുണ്ട്. മിക്ക കോളനികളും കുന്നിൻപുറത്തായതിനാൽ ഗതാഗത പ്രശ്നം ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വാഹന ഗതാഗതമുള്ള കോളനികളെ ബന്ധിപ്പിക്കുന്നതിന് താഴെ പറയുന്ന റോഡുകളുടെ നിർമ്മാണവും പുനരദ്ധാരണവും ഏറെ സഹായകരമാവും.

1. അയുർമം പറമ്പ് കോളനി റോഡ് ടാറിംഗ് ചെയ്ത് പാഞ്ഞാൾ റോഡുമായി ബന്ധിപ്പിക്കുക.

2. കിള്ളിമംഗലം ഒലിപ്പാറ സാംബവക്കോളനി റോഡ് ടാറിംഗ് ചെയത് മെയിൻ റോഡുമായി ബന്ധിപ്പിക്കുക.

3. പൈങ്കുളം തുവരക്കാട്ട് കോളനിറോഡ് ടാറിംഗ് ചെയ്ത് കനാലിനു കുറുകെ പാലം പണിത് വലിയ കനാൽ റോഡുമായി ബന്ധിപ്പിക്കുക.

4. പൈങ്കുളം കോരൻ തൊടി കോളനി റോഡിൻെറ ശോച്യവാസ്ഥ പരിഹരിക്കുക

5. തൊഴുപ്പാടം പുന്നത്തടം കോളനിയിലേക്ക് റോഡെത്തിക്കണം.

3. **മറ്റു പ്രധാന റോഡുകൾ**

പഞ്ചായത്തിലെ പ്രധാന റോഡുകളെല്ലാം ടാറിംഗ് നടത്തി പണി പൂർത്തീകരിച്ചു വരികയാണ്. മറ്റു പഞ്ചായത്ത് റോഡുകളും അറ്റകുറ്റ പണികൾ നടത്തിയിട്ട് വാങ്ങന ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ഇനിയും പല റോഡുകളുടേയും നിർമ്മാണവും അറ്റകുറ്റ പണികളും അത്യാവശ്യമാണ് ഗ്രാമവാസികളുടെ വർദ്ധിച്ച ആവശ്യങ്ങൾ കണക്കിലെടുത്ത് താഴെ പറയുന്ന റോഡുകളുടെ പണികൾ നടത്തുന്ന പക്ഷം ജനാഭിലാഷം ഒരളവുവരെയെങ്കിലും പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

1. പൈങ്കുളം സ്കൂളിനു പടിഞ്ഞാറു വശത്തുകൂടി ഭാരതപ്പുഴയിലേക്കുള്ള തളിയിൽ കടവ് റോഡിൻെറ നിർമ്മാണം.

2. പൈങ്കുളം ബ്രാഞ്ച് കനാലിൻെറ സൈഡിൽക്കൂടി വളയുട്ടിമുതൽ മങ്ങാട്ടുഞ്ഞാലിൽ കൊച്ചുകുട്ടൻ എഴുത്തച്ഛൻ വീടിൻെറ സമീപത്തുകൂടി തെക്കോട്ടു പോകുന്ന വഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കൽ.

3. പൈങ്കുളം ഒന്നാം വാർഡിൻെറ പടിഞ്ഞാറു ഭാഗത്തുനിന്നു ആരംഭിച്ച് മെയിൻ കനാലിൻെറ സൈഡിൽക്കൂടി ചാത്തനാത്തുപടി വഴി മെയിൻ റോഡിലേക്ക് അവസാനിക്കുന്ന വഴി വീതി കൂട്ടി ടാറിംഗ് നടത്തുക.

4. ചുണ്ടൻകാട്ടു കോളനി ഭാഗത്തുകൂടി പോകുന്ന റോഡ് ചെറുതുരുത്തി പഞ്ചായത്തിലെ റോഡുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശം 800 മീറ്റർ ദൂരം റോഡ് വാഹന ഗതാഗതത്തിന് അനുയോജ്യമാക്കേണ്ടതുണ്ട്.

5. പൈങ്കുളം സെൻറർമുതൽ ബ്രാഞ്ചു കനാൽ വഴി അക്വഡേറ്റു വരെയുള്ള കനാൽ ബണ്ട് റോഡിൻെറ നിർമ്മാണം.

6. പൈങ്കുളം സെൻറർ മുതൽ ബ്രാഞ്ചു കനാൽവഴി പാഞ്ഞാൾ ദളപതി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുന്ന പക്ഷം പാഞ്ഞാളിനേയും പൈങ്കുളത്തേയും വളരെ കുറഞ്ഞ ദൂരംകൊണ്ട് ബന്ധിപ്പിക്കുവാൻ കഴിയും.

7. പഞ്ചായത്തിലെ രണ്ടു പ്രദേശങ്ങളെ യോജിപ്പിക്കുന്ന തൊഴുപ്പാടം ചങ്ങല പാലത്തിനു സമീപം പുതിയ പാലം പണിത് വാഹന ഗതാഗതത്തിന് കൂടുതൽ സാദ്ധ്യത ഉണ്ടാക്കുക.

8. തൊഴുപ്പാടം മുതൽ മായന്നൂർ വരെയുള്ള ചീരക്കുഴി കനാലിൻെറ സൈഡ് ഭാഗം വാഹന ഗതാഗതത്തിനു അനുയോജ്യമാക്കുകയാണെങ്കിൽ തൃശൂർ ഒറ്റപ്പാലം യാത്രയുടെ ദൈർഘ്യം ഏറെ കുറക്കാൻ കഴിയും.

9. കീഴില്ലം വെങ്ങാനെല്ലൂർ വഴി ചേലക്കര യുമായി ബന്ധിപ്പിക്കുന്ന കിള്ളിമംഗലം-കുളമ്പ് റോഡിൻെറ നിർമ്മാണം ഏറ്റെടുക്കുക.

10. കൊറ്റൂട്ട് ചോല റോഡിൽനിന്നും ചിറക്കോണം മെയിൻ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് പണിയുക.

11. പാഞ്ഞാൾ പാടത്തിൻെറ തെക്കു ഭാഗത്തുകൂടി പുതിയ റോഡ് നിർമ്മിക്കുക.

12. ആറ്റൂർ ഗെയ്റ്റ് മുതൽ 9-ാം വാർഡിനേയും പത്താം വാർഡിനേയും ബന്ധിപ്പിച്ച് കാട്ടിൽകാവ് വരെ പുതിയ റോഡ് നിർമ്മിക്കുക.

13. വാഴാലിപ്പാടം ഗ്രൗണ്ടിനു സമീപം കനാലിനു തെക്കുവശത്തേക്ക് ഗതാഗതത്തിനു പാലം പണിയണം.

14. വാഴാലി കാവിൽ നിന്നും പടിഞ്ഞാറോട്ട് പാടത്തുകുടെ പഞ്ചായത്തു റോഡ് വരെ ഒരു പുതിയ റോഡ് നിർമ്മിക്കണം.

15. തുവരക്കാട് റോഡ് പനംകുന്നത്തുകാവ് വഴി കിള്ളിമംഗലം കുളമ്പ് റോഡുമായി ബന്ധിപ്പിക്കുക.

16. തൊഴൂപ്പാടം-ചേരക്കുളം റോഡ് 250 മീ. നീട്ടി പണിയുക.

17. ഇറ്റാമൻപടി മുതൽ കോളനി വഴി അംഗൻവാടി പരിസരത്തേക്ക് റോഡ് നിർമ്മിക്കുക.

18. മുല്ലക്കൽ ചീർപ്പ് റോഡ് കീഴില്ലവുമായി ബന്ധിപ്പിക്കുക.

19. ചോലമ്മക്കാവ് റോഡ് ഗോവിന്ദൻപടി വരെ നീട്ടി പണിയുക.

20. കിള്ളിമംഗലം-പൊതുവാളശ്ശേരി റോഡ് പണി പൂർത്തിയാക്കുക.

21. കിള്ളിമംഗലം മുസ്ലീം പള്ളിപ്പടിയിൽ നിന്നും കൊണ്ടയൂർ പാടശേഖരത്തിലേക്ക് റോഡ് നിർമ്മിക്കുകയും, ട്രാക്ടർ ഇറങ്ങാൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

22. അങ്ങാടിക്കാവ് രാമൻ പടിമുതൽ ഊരമ്പത്ത് വീടുവരെ റോഡ് വെട്ടി സഞ്ചാര യോഗ്യമാക്കുക.

23. കുളമ്പ് കായമ്പു പടി മുതൽ രാഘവൻ പടി വരെ റോഡ് നിർമ്മിക്കുക.

24. ഉദുവടി പള്ളിപ്പടിയിൽനിന്നും മേല്പോട്ട് നീർച്ചാലിൻെറ സൈഡ് കെട്ടി ചെറിയ വാഹനങ്ങൾക്ക് ഗതാഗതയോഗ്യമാക്കുക.

25. മുല്ലക്കൽ ചീർപ്പ് റോഡിൽനിന്നും പന്നിക്കുഴി ചീർപ്പിലേക്ക് പുതിയ റോഡ് പണിയുക.

26. മുല്ലക്കൽ ചീർപ്പ് റോഡ് കീഴില്ലം റോഡുമായി ബന്ധിപ്പിക്കുക.

27. മല്ലൻകണ്ടം റോഡ് മണലാടി വരെ നീട്ടുക.

28. സംഗമം എസ്റ്റേറ്റ് - മല്ലൻ കുളമ്പ് റോഡിൻെറ നിർമ്മാണം നടത്തണം.

29. കുളമ്പ് അംഗൻവാടിമുതൽ താണിശ്ശേരിപ്പടി റോഡിൻെറ നിർമ്മാണം.

30. കാക്കപ്പാറ റോഡിൻെറ സൈഡ് കെട്ടി റോഡ് നിർമ്മിച്ച് മെയിൻ റോഡുമായി ബന്ധിപ്പിക്കുക.

31. പൈങ്കുളം സ്കൂൾ - പാഞ്ഞാൾ റോഡിൻെറ ചുണ്ടൻകാട് കോളനി ഭാഗത്തെ കയറ്റം ഒഴിവാക്കി പ്രസ്തുത റോഡിൽക്കൂടി ബസ് ഗതാഗതത്തിന് അനുയോജ്യമാക്കൽ.

32. പൈങ്കുളം സേതുമാധവൻ മാസ്റ്ററുടെ വീടിനു മുമ്പിൽനിന്നും ആരംഭിച്ച് കോന്നനാത്ത് വീടിനുമുമ്പിൽ അവസാനിക്കുന്ന 100 മീറ്റർ നീളമുള്ള റോഡിൻെറ വീതി കൂട്ടുക.

33. പൈങ്കുളം ഗോതമ്പു റോഡിനു കിഴക്ക വശത്തുകൂടി ചാത്തനാത്തു പടിയിൽ അവസാനിക്കുന്ന റോഡ് (200 മീ. നീളം) ഗതാഗത യോഗ്യമാക്കൽ.

34. കനാൽ ബണ്ടിൽ നിന്നും ചീർപ്പ വരെയുള്ള കരിയാർക്കോട് റോഡ് പണിത് ഗതാഗത യോഗ്യമാക്കുക.

35. പൈങ്കുളം മുതൽ തൊഴൂപ്പാടത്തേക്കുള്ള റോഡ് വീതി കൂട്ടി സൈഡ് കെട്ടുന്ന പക്ഷം ബസ് ഗതാഗതത്തിൻെറ അപകട സാധ്യത ഒഴിവാക്കാൻ കഴിയും.

36. പൂവത്താണി - വല്ലങ്ങിപ്പാറ റോഡ് വീതി കൂട്ടി ഗതാഗതത്തിന് പ്രയോജനപ്പെടുത്തുക.

37. ശ്രീപുഷ്ക്കരം റോഡ് ടാറിംഗ് നടത്ത് വെട്ടിക്കാട്ടിരിയുമായി ബന്ധിപ്പിക്കുക.

38. പാഞ്ഞാൾ കോടി റോഡ് ടാറിംഗ് നടത്തുക.

39. പൈങ്കുളം സ്കൂളിൻെറ കിഴക്ക വശത്തുകൂടി പോകുന്ന റോഡ് പുനരുദ്ധാരണം നടത്തുക.

40. പാഞ്ഞാൾ കൃഷി ഭവൻ റോഡ് ടാർ ചെയ്യുക.

41. പൈങ്കുളം ശ്മശാനം റോഡ്, ഏഴിക്കോട് മന റോഡ്, വി.ഇ.ഒ. ഓഫീസ് റോഡ്, കിള്ളിമംഗലം ബ്രാഞ്ച് കനാൽ റോഡ്, വായനശാലയുടെ മുമ്പിൽക്കൂടി പാറക്കടവിൽ അവസാനിക്കുന്ന റോഡ്, വിഴക്കാട്ട് പടി റോഡ്, കിഴക്കേപ്പാട്ട് വാരിയം റോഡ്, സന്തോഷ് തിയ്യറ്ററിൽനിന്നും അമ്പലപ്പറമ്പു വരെയുള്ള റോഡ് എന്നിവ ഗതാഗതത്തിന് കൂടുതൽ അനുയോജ്യമാക്കൽ.

42. തൊഴൂപ്പാടം - വാഴാലിപ്പാടം ഭാഗങ്ങളിലെ ഭാരതപ്പുഴയിലുള്ള കടത്തുവഞ്ചി സംവിധാനം മെച്ചപ്പെടുത്തുക.

43. കനാൽ റോഡിൽ നിന്നും വാഴാലിക്കാവ് ക്ഷേത്രത്തിലേക്കുള്ള റോഡ് ഗതാഗതം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.

44. കീഴില്ലം സ്കൂൾ റോഡ് വീതി കൂട്ടി പണിയുക.

45. കിള്ളിമംഗലം മുസ്ലീം പള്ളി റോഡ് ടാർ ചെയ്യുക.

46. കുഞ്ചപ്പൻ ക്വാറിമുതൽ കുളമ്പ് അംഗൻവാടി വരെയുള്ള റോഡ് ടാർ ചെയ്യുക.

47. കിള്ളിമംഗലം കൊണ്ടയൂർ പടി കിഴക്കേ കോളനി റോഡ് ഗതാഗതയോഗ്യമാക്കുക.

48. കാറാത്തുപടിയിൽ നിന്നും മിച്ചഭൂമിയി ലേക്കുള്ള റോഡ് നന്നാക്കുക.

49. അങ്ങാടിക്കാവ് റോഡ് അറ്റകുറ്റ പണി നടത്തുക.

50. മാടമ്പ് അരവിന്ദാക്ഷൻ വീടു വഴിയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

51. പടിഞ്ഞാറ്റുമുറി പാണൻ പാലം പുതുക്കി പണിയുക.

52. മുക്രി റോഡ് കയറ്റം നികത്തി ടാർ ചെയത് ഗതാഗത യോഗ്യമാക്കുക.

53. ഉദുവടി - ഒലിപ്പാറ സാംബവ കോളനി റോഡ് സൈഡ് കെട്ടി കാന പണിത് ഗതാഗത യോഗ്യമാക്കുക.

54. കുമ്പാരക്കോളനി റോഡ് അറ്റകുറ്റ പണി നടത്തുക.

55. മുല്ലക്കൽ ചീർപ്പിൽ റോഡിൽനിന്ന് നടപ്പിലെകുന്ന് തോട്ടിലേക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

56. മുല്ലക്കൽ ചീർപ്പ് റോഡ് കീഴില്ലം റോഡുമായിബന്ധിപ്പിക്കുക.

57. മുരിയിൽപടി കോളനി - ഭാരതപ്പുഴ റോഡ് വീതി കൂട്ടി ടാറിംഗ് ചെയ്യുക.

58. ചിറങ്കോണം - ഒലിപ്പാറ കുന്നത്ത് കോളനിയിലേക്ക് ആലമ്പുഴ റോഡിൽ നിന്നുള്ള വഴി നേരെയാക്കുക.

59. ഓമഞ്ചിക്കുളത്തിലേക്കുള്ള വഴി വീതി കൂട്ടുക.

60. ഓടുപാറ കുന്നത്ത് വെട്ടത്തുപടി മുതൽ തെക്കോട്ട് പാടം വരെ ഗതാഗതത്തിന് സൗകര്യം ഏർപ്പെടുത്തുക.

61. മുല്ലക്കൽ നാണു വൈദ്യരുടേയും, കരയന്നൂർ അച്ചുതൻ നായരുടേയും സ്ഥലത്തിൻെറ സമീപത്തുകൂടി പോകുന്ന ഇടവഴി വീതി കൂട്ടി പണിയുക.

62. കുറ്റിക്കോട് കുളമ്പിൽക്കൂടി പോകുന്ന ഇടവഴി വീതി കൂട്ടുക.

63. ചാത്തംകുളം മുതൽ ചീക്കരത്തു കുളം വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

64. ശ്രീപുഷ്ക്കരത്ത് രായിൻപടി മുതൽ പടിഞ്ഞാറുഭാഗത്തുകൂടി പോകുന്ന ഇടവഴി വീതി കൂട്ടി റോഡ് പണിയുക.

65. മണലാടി - കുണ്ടൂകാട് റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

**തൊഴൂപ്പാടം - ചോറോട്ടൂർ ഭാഗം യോജിപ്പിക്കുംവിധം ഭാരതപ്പുഴക്കു കുറുകെ പാലം നിർമ്മിക്കുക.**

തൃശൂർ - പാലക്കാട് റൂട്ടിൽ നിലവിലുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനു് തൃശൂരിൽനിന്നും പ്രത്യേകിച്ച് ഈ പഞ്ചായത്തിൽ നിന്നും കൂടാതെ സമീപ പഞ്ചായത്തുകളിൽ നിന്നും ഒറ്റപ്പാലം - പാലക്കാട് ഭാഗത്തേക്ക് എത്തിച്ചേരാവുന്ന ഏറ്റവും എളുപ്പവഴിയാക്കി ഈ വഴിയെ സ്വീകരിക്കാം. തൃശൂർ - പാലക്കാട് ജില്ലകളിലെ പിന്നോക്കം നിൽക്കുന്ന നിരവധി സ്ഥലങ്ങളുടെ ത്വരിത വികസനത്തിന് സഹായകമാകുന്നതാണ് ഈ പദ്ധതി.

വെട്ടിക്കാട്ടിരിയിൽ നിന്നുള്ള പാഞ്ഞാൾ റോഡിനെ പൈങ്കുളം - തൊഴൂപ്പാടം റോഡുമായി ബന്ധിപ്പിച്ചും, തൊഴൂപ്പാടത്തുനിന്നും മായന്നൂരിലേക്കുള്ള ചീരക്കുഴി കനാൽ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കിയും, ഷൊർണ്ണൂർ - തൃശൂർ മെയിൻ റോഡിനെ നിർദ്ദിഷ്ട മായന്നൂർ കോസ്ബയുമായി ബന്ധിപ്പിക്കേണ്ടതാണ്.

ഈ റോഡ് തൃശൂരിൽനിന്നും ഒറ്റപ്പാലത്തേക്ക് എത്തിച്ചേരാവുന്ന ഏറ്റവും കുറഞ്ഞ ദൈർഘ്യമുള്ള റോഡായിരിക്കും - നിർദ്ദിഷ്ടമായ മായന്നൂർ കോസ്ബയെ ഈ റോഡ് തൃശൂർ ജില്ലാ നിവാസികൾക്ക് കുടുതൽ പ്രയോജനകരമാക്കും. നിർദ്ദിഷ്ട മായന്നൂർ കോസ്‌വെക്ക് ഉദ്ദേശിച്ചിട്ടുള്ള ചേലക്കര - പാറോപ്പടി റോഡിനെ അപേക്ഷിച്ച് 12 കി.മീ. ലാഭകരവും കയറ്റം തീരെ കുറവുള്ളതിനാൽ ഗതാഗതത്തിന് സൗകര്യപ്രദവും നിർമ്മാണത്തിന് ചിലവ് കുറഞ്ഞതുമാണ്.

നാം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കുതിക്കുകയാണ്. നാം ജീവിക്കുന്ന ലോകം അനുനിമിഷം മാറിക്കൊണ്ടുമിരിക്കുന്നു. ആധുനിക മനുഷ്യന് തിരക്കേറുകയാണ്. ഈ മാറ്റങ്ങളും തിരക്ക് ഉൾക്കൊള്ളാതിരിക്കുവാൻ നമുക്കാവില്ല. പൊതിച്ചോറും, കാൽനടയുമായി കാതങ്ങൾ താണ്ടി ശീലിച്ച കാലം കഴിഞ്ഞു. നമുക്ക് നിവർന്നു നിൽക്കണം. കാർഷികവും, വ്യാവസായികവും, സേവനപരവുമായ രംഗങ്ങളിൽ വലിയൊരു മാറ്റത്തിനുള്ള ഒരുക്കങ്ങളുടെ ഉൾച്ചൂടിലാണ് നാമിപ്പോൾ. മേൽ വിവരിച്ച ഗതാഗതാവശ്യങ്ങൾ നിറവേറി കിട്ടുന്നതിനുള്ള യത്നത്തിൽ നമുക്കാശ്രയിക്കുവാനുള്ളത് നമ്മെ തന്നെയാണ്. അതുകൊണ്ടു തന്നെ ഗണ്യമായൊരു ശതമാനം പ്രവൃത്തികൾ സ്വാശ്രയ യത്നംകൊണ്ട് നാം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാവശ്യമായ സന്നദ്ധ പ്രവർത്തന സാദ്ധ്യതകൾ പ്രത്യേകമായി വിലയിരുത്തേണ്ടതുണ്ട്. ●

# ഊർജ്ജം





പാഞ്ഞാൾ പഞ്ചായത്തിലെ പ്രശ്നാധിക്യമുള്ള മേഖലകളിലൊന്നാണ് ഊർജ്ജരംഗം. ചെലക്കര പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന ചിറങ്കോണം, ഉദുവടി, ആറ്റൂർ ഭാഗങ്ങളും കോണ്ടാഴി പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന തൊഴുപ്പാടം കിഴക്കുമുറി പ്രദേശങ്ങളും സർക്കാർവനങ്ങളായി അറിയപ്പെടുന്നുവെങ്കിലും പ്രസ്തുത പ്രദേശങ്ങളിൽ വനമോ വൃക്ഷങ്ങളോ ഇല്ല എന്നതാണ് യാഥാർത്ഥ്യം. പൾപ്പ് നിർമ്മാണാവശ്യങ്ങൾക്കായി പരിപാലിക്കപ്പെടുന്ന യൂക്കാലിപ്റ്റസ് പോലുള്ള ലഘുവൃക്ഷത്തോട്ടങ്ങളാണുള്ളവ. ഭക്ഷണം പാകം ചെയ്യുന്നതിനും, ഇതര ഗാർഹികാവശ്യങ്ങൾക്കും വിറകു തന്നെയാണ് മുഖ്യമായ ഇന്ധനം. നാട്ടിൻപുറത്തെ ചില്ലറ വിറകു കച്ചവടക്കാരിൽനിന്നുമാണ് വിറകാവശ്യത്തിനുള്ള സാമഗ്രികൾ ലഭ്യമാകുന്നത്. വിറകിൻെറ ക്ഷാമം വലിയ ബുദ്ധിമുട്ടുകളാണ് ഓരോ കുടുംബത്തിലും ഉണ്ടാക്കുന്നത്. പഞ്ചായത്ത് പ്രദേശമാകെ 20 ഗോബർ ഗ്യാസ് പ്ലാൻറുകളാണുള്ളത്. സ്വകാര്യ കുടുംബങ്ങളുടെ ഉടമസ്ഥതയിലാണ് പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള ഭാരിച്ച ചിലവ് സാധ്യതകളുള്ള ചില കാർഷിക കുടുംബങ്ങൾക്കും താങ്ങാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ചുരുങ്ങിയ തോതിൽ മാത്രം വിറകുപയോഗിച്ചാൽ മതിയാകുന്ന പുകയില്ലാത്ത ആധുനിക അടുപ്പ് സംവിധാനങ്ങൾ പഞ്ചായത്തിൽ പ്രചാരത്തിലില്ല. രാവിലെ മുതൽ വൈകുവോളം കുടുസ്സായ അടുക്കളകളിൽ കുടുങ്ങിപ്പോവുകയല്ലാതെ കുടുംബിനികൾക്ക് മറ്റു പ്രവർത്തികളൊന്നും ഏറ്റെടുത്ത് നടത്താനാവുന്നില്ല. ഈ സാഹചര്യം ഉളവാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും ക്ലേശങ്ങളും അനവധിയാണ്. മണ്ണെണ്ണ എല്ലാ വീടുകളിലും ഉപയോഗിക്കുന്നു. പാചകാവശ്യങ്ങൾക്കായി നാമമാത്രമായി മാത്രമെ മണ്ണെണ്ണ സ്റ്റൗ ഉപയോഗത്തിലുള്ളു. സ്റ്റൗ വാങ്ങുന്നതിനുള്ള ധനശേഷിക്കുറവും മണ്ണെണ്ണയുടെ ദൗർലഭ്യവും കാരണങ്ങളാണ്. പഞ്ചായത്ത് പ്രദേശത്ത് കുക്കിങ്ങ് ഗ്യാസ് ഉപയോഗിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. എൽ.പി.ജി. യുടെ ലഭ്യതക്കുറവും അനുബന്ധച്ചെലവുകളുടെ കൂടുതലുമാണ് കാരണങ്ങൾ.

തൃശൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കീഴിലുള്ള ചേലക്കര ഇലക്ട്രിക്കൽ അസിസ്റ്റൻറ് എഞ്ചിനിയറുടെയും, ചെറുതുരുത്തി അസിസ്റ്റൻറ് എഞ്ചിനിയറുടെയും അധികാരാതിർത്തിയിലുള്ള സെക്ഷനുകളാണ് പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതി വിതരണത്തിൻെറ ചുമതലക്കാർ. മൊത്തം 5297 വീടുകളുള്ളതിൽ പകുതിയോളം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. 41 ഹരിജൻ കോളനികളുള്ളതിൽ 2 കോളനികളിലായി 260 വീടുകൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്. നിലവിലുള്ള തെരുവ് വിളക്കുകളിൽ ഭൂരിഭാഗവും കത്തുന്നില്ല. സന്ധ്യ മയങ്ങിയാൽ വൈദ്യുതി സൗകര്യം നിലവിലുള്ള പ്രദേശങ്ങളിലെങ്കിലും അതു ഉപയോഗപ്രദമാക്കേണ്ടതാണ് പക്ഷെ രൂക്ഷമായ വോൾട്ടേജ് ക്ഷാമംമൂലം എല്ലാ കുടുംബങ്ങൾക്കും രാത്രി 9 മണിവരെയും എണ്ണ വിളക്കുകൾ തന്നെയാണാശ്രയം. ആ അർത്ഥത്തിൽ ഫലത്തിൽ വൈദ്യുതി കൊണ്ടുള്ള ഒരുപകാരവും പാഞ്ഞാൾ പഞ്ചായത്തുകാർക്ക് ലഭിക്കുന്നില്ല. കച്ചവട സ്ഥാപനങ്ങൾക്കും വിദ്യാർഥികൾക്കും മറ്റുമുള്ള ബുദ്ധിമുട്ടുകൾ വിവരണാധീനമാണ്. ആരോടും പരാതിപ്പെട്ടിട്ടു കാര്യമില്ല എന്ന രീതിയിൽ വൈദ്യുതി നില മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ അപേക്ഷകളും ബധിര കർണ്ണങ്ങളിലാണ് പതിക്കുന്നത് - എന്നതിനേക്കാൾ പാഞ്ഞാൾ പഞ്ചായത്തുകാരുടെ അപേക്ഷകൾ നിർദ്ദയമായി അവഗണിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നിലവിലുള്ള ട്രാൻസ്ഫോർമറുകളിലെ കണക്ഷനുകൾ ശാസ്ത്രീയമായി പുനർ വിഭജിക്കുവാനോ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ലഭ്യമായ വൈദ്യുതി മെച്ചമായും, പ്രയോജനപ്രദമായും വിതരണം ചെയ്യുവാനോ ബന്ധപ്പെട്ടവരാരുംതന്നെ ശ്രദ്ധിക്കുന്നില്ല എന്നതാണ് സത്യം. കോളനികളിലും, പ്രധാന കവലകളിലും വ്യാപാര കേന്ദ്രങ്ങളിലും, ഇടുങ്ങിയ വഴിപ്രദേശങ്ങളിലും, ജന സാന്ദ്രത കൂടുതലുള്ള ഭാഗങ്ങളിലും സോളാർ വിളക്കുകൾ സ്ഥാപിച്ച് അന്ധകാരത്തിൻെറ ഭീകരാവസ്ഥയെ ഒരു പരിധിവരെ തടയാൻ കഴിയും.

അനർട്ട്-ൻെറ ഒരു ഓഫീസ് ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് സോളാർ വിളക്കിൻെറയും, സോളാർ അടുപ്പിൻെറയും, മറ്റു സോളാർ ഉപകരണങ്ങൾക്കും വേണ്ടത്ര പ്രചാരണം നൽകുക. സാധാരണക്കാർക്ക് കുറഞ്ഞ വിലക്ക് സോളാർ അടുപ്പുകളും, സോളാർ റാന്തൽ വിളക്കുകളും നൽകുന്ന പരിപാടി പ്രാധാന്യത്തോടെ നടപ്പിലാക്കുക. പവർകട്ട് ഒരു സ്ഥിരം സംവിധാനമായിരിക്കുന്ന

നാട്ടിൽ ഇലക്ട്രിസിറ്റി ബോർഡിനെ കൂടുതൽ ആശ്രയിക്കാതെ സൗരോർജ്ജം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ചിലവ് കുറഞ്ഞ ഉപകരണങ്ങൾ (ഉദാ: സോളാർ മോട്ടോർ പമ്പ്) സബ്സിഡിയോടുകൂടി ബാങ്കുകൾ മുഖാന്തിരം വായ്പയായി ജനങ്ങൾക്കെത്തിക്കുവാനും ശ്രമിക്കുകയാണെങ്കിൽ ഊർജ്ജക്ഷാമത്തിന് പരിഹാരവും ഇലക്ട്രിസിറ്റിയുടെ ഉപയോഗത്തിൽ കുറവും വരുത്താവുന്നതാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ഉദുവടിയിലും, ചുണ്ടങ്ങാട് ഹരിജൻ കോളനിയിലും, വാഴാലിപ്പാടം കിഴക്കു ഭാഗത്തും, പാഞ്ഞാൾ പാറപ്പുറം ഭാഗത്തും ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട സെൻററുകളിൽ 50 സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

3. പൈങ്കുളം വടക്കുംമുറി ഭാഗത്തേക്ക് ഇലക്ടറിസിറ്റി എത്തിച്ച് കണക്ഷൻ നൽകുക.

4. ചുണ്ടൻകാട് ഹരിജൻ കോളനി ഭാഗത്ത് വൈദ്യുതി ലൈൻ എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി ലൈൻ എത്തിക്കുക.

5. പൈങ്കുളം യു.പി. സ്കൂളിന് പടിഞ്ഞാറ് ഭാഗത്തുകൂടിയുള്ള വഴിയിൽ വൈദ്യുതി എത്തിച്ച് വീട്ടുകാർക്ക് കണക്ഷൻ നൽകുക.

6. പൈങ്കുളം ലക്ഷം വീട് കോളനി വൈദ്യുതീകരിക്കുക.

7. പൈങ്കുളം-തൊഴൂപ്പാടം റോഡിൽ വൈദ്യുതി ലൈൻ ഇല്ലാത്ത സ്ഥലത്ത് ലൈൻ എത്തിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

8. ഒന്നാം വാർഡ് പാഞ്ഞാൾ പ്രദേശത്തേക്ക് ഇലക്ട്രിസിറ്റ ലൈൻ വലിച്ച് (3 ഫെയ്സ്) കണക്ഷൻ നൽകുക. ഈ ലൈൻ കാർഷികാവശ്യങ്ങൾക്ക് വളരെ സഹായകരമാകുന്നതാണ്.

9. പാഞ്ഞാൾ പഞ്ചായത്ത് പ്രദേശത്ത് കുക്കിങ്ങ് ഗ്യാസ് സപ്ലൈ സംവിധാനം ഏർപ്പെടുത്തുക.

10. പൈങ്കുളം സ്കൂളിനു വടക്കുഭാഗത്ത് റോഡിൽ ഇലക്ട്രിസിറ്റി സംവിധാനം ഏർപ്പെടുത്തുക.

11. പൈങ്കുളം മനപ്പടി മുതൽ പാറക്കടവു വരെ നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

12. പൈങ്കുളം സെൻറർ മുതൽ കുറ്റംകുളം ഭാഗം കനാൽ വഴി ലൈൻ വലിക്കുക.

13. പൈങ്കുളം കിഴക്കുമുറി ഭാഗം, തൊഴൂപ്പാടം, വാഴാലിപ്പാടം ഭാഗങ്ങൾ മുതലായ സ്ഥലങ്ങളിൽ പാടവരമ്പുകളിലൂടെയും പറമ്പുകളിലൂടെയും ഉള്ള വൈദ്യുതി ലൈനുകൾ സമീപത്തുള്ള റോഡുകളിലേക്ക് മാറ്റുക. ഇത് വീടുകളിലേക്ക് കണക്ഷൻ ലഭിക്കുവാൻ സഹായകമായിരിക്കും.

14. പൈങ്കുളം തെഞ്ചീരി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

15. കറൻറ് കണക്ഷൻ എത്താത്ത പൈങ്കുളം സെൻറർമുതൽ കനാൽവഴി അക്വഡേക്റ്റ് വരെയും, മനപ്പടി മുതൽ പടിഞ്ഞാറുഭാഗം ചീർപ്പു വരെയും P.W.D. റോഡ് മുതൽ തിരുവഞ്ചിക്കുഴി അമ്പലം വരെയും വൈദ്യുതി ലൈൻ വലിക്കുക.

16. വാഴാലിപ്പാടം കടീക്കൽ കോളനി, പ്രാക്കോട്ടിൽ കോളനി, ലക്ഷം വീട് കോളനി, എന്നിവ വൈദ്യുതീകരിക്കുക.

17. വാഴാലിപ്പാടത്ത് കനാലിനു തെക്കുവശം വൈദ്യുതീകരിക്കുക.

18. തൊഴൂപ്പാടം മസ്ജിദ് റോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

19. വൈദ്യുതീകരിക്കാത്ത അംഗൻവാടികൾ വൈദ്യുതീകരിക്കുക.

20. തൊഴൂപ്പാടം പെട്ടിക്കടയുടെ കിഴക്കു ഭാഗത്തുള്ള 15 വീടുകളിലേക്ക് വൈദ്യുതി ലൈൻ എത്തിക്കുക.

21. അയ്യഴി കോളനി, പുന്നത്തടം കോളനി, മുല്ലക്കൽ കോളനി (തൊഴുപ്പാടം)എന്നിവ വൈദ്യുതീകരിക്കുക.

22. പത്തുതി, പള്ളിഞ്ഞാൽ ഭാഗത്ത് ഉള്ള വീടുകൾക്ക് വൈദ്യുതി എത്തിക്കുക (ഇവിടെ 30 വീടുകളുണ്ട്).

23. തൊഴൂപ്പാടം എൽ.പി. സ്കുൾ മുതൽ തൊഴൂപ്പാടം സെൻറർ വരെ തെരുവ് വിളക്കുകൾ ഇല്ലാത്ത ഭാഗത്ത് തെരുവ് വിളക്ക് സ്ഥാപിക്കുക.

24. കീഴില്ലം, കിള്ളിമംഗലം ഭാഗങ്ങളിൽ പാടത്തുകൂടി പോകുന്ന വൈദ്യുതി ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുക.

25. ചെറിയാക്കൻതൊടി അയ്യപ്പൻെറ വീട്ടു പടിക്കൽനിന്നും കീഴില്ലം വരെ വൈദ്യുതി ലൈൻ വലിക്കുക.

26. ഗോവിന്ദൻ പടിക്കൽനിന്നും കുണ്ടുപറമ്പ് കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക.

27. കിള്ളിമംഗലത്ത് വൈദ്യുത എത്താത്ത ഭാഗങ്ങളായ കൊണവൂർപടി പടിഞ്ഞാറെ കോളനി - മുസ്ലീം പള്ളി റോഡ്, കൊണവൂർപടി കിഴക്കേ കോളനി, വടക്കേ കുളമ്പ്, തെക്കേ കുളമ്പ് ഭാഗങ്ങളിൽ വൈദ്യുതി ലൈൻ എത്തിക്കുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

28. കിള്ളിമംഗലം മുസ്ലീം പള്ളിയിൽനിന്നും വരുന്ന കൊണവൂർ പാടശേഖരത്തിലെ വഴിയിൽ സ്ട്രീറ്റ് ലൈറ്റിടുക.

29. പളുങ്കിൽ അമ്പലംമുതൽ പടിഞ്ഞാറ്റുമുടി പാടംവരെ സ്ട്രീറ്റ് ലൈറ്റിടുക.

30. ആശാരിപ്പടിമുതൽ അച്ചുതൻ വീടു വഴി പനങ്കുന്നത്തുകാവു വരെ ലൈറ്റിടുക.

31. വളരെയധികം തീർത്ഥാടകർ എത്തുന്ന വാഴാലിക്കാവ് റോഡ് സ്ട്രീറ്റ് ലൈറ്റിടുക.

32. ഉദുവടി ഭാഗത്ത് സിങ്കിൾ ഫെയ്സ്, 3 ഫെയ്സ് ലൈനാക്കുക.

33. ഉദുവടി മുല്ലക്കൽ ചീർപ്പ് റോഡ്, മുക്രി റോഡ്, ഒലിപ്പാറ സാംബവകോളനി റോഡ്, കൊറ്റൂട്ട് ചോല റോഡ്, കുമ്പാരക്കോളനി റോഡ്. കാക്കപ്പാറ റോഡ് മുതലായവ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റിടുക.

34. ചിറങ്കോണം ബാലവാടിമുതൽ ഉദുവടി വരേക്കുള്ള പോസ്റ്റുകളിലും, ആലമ്പുഴ റോഡ്, പഞ്ചായത്ത് കോളനി (ചെറങ്കോണം) മല്ലംകണ്ടം റോഡ് എന്നീ സ്ഥലങ്ങളിലും വഴിവിളക്ക് സ്ഥാപിക്കുക.

35. പാഞ്ഞാൾ കുറുപ്പംതൊടി കോളനിമുതൽ ചാത്തംകുളം ഭാഗംവരെയും, പാറപ്പുറം താഴത്തെതൊടി കോളനി ജയന്തി റോഡിൽ നിന്നുള്ള അംഗൻവാടി റോഡ് പാഞ്ഞാൾ പാടത്തിൻെറ തെക്കു ഭാഗത്തുള്ള പുതിയ റോഡ്, മണലാടി - വെട്ടിക്കാട്ടിരി മെയിൻ റോഡ് മുതലായ സ്ഥലങ്ങളിൽ വൈദ്യുതിലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

36. വെട്ടിക്കാട്ടിരി-മണലാടി മെയിൻ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

37. പാഞ്ഞാൾ "കോടി" ഭാഗത്ത് വൈദ്യുതി ലൈൻ എത്തിക്കുക.

38. പഞ്ചായത്തു മുതൽ ഓട്ടുപാറക്കുന്ന് കോളനി വരെ വൈദ്യുതീകരിക്കുക.

39. ചാത്തംകുളം കോളനി വൈദ്യുതീകരിക്കുക.

40. പാഞ്ഞാൾ റോഡിൽനിന്നും ശ്രീപുഷ്ക്കരം കുളം വരെ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റിടുക.

41. പാഞ്ഞാൾ പഞ്ചായത്ത് കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക.

42. പാഞ്ഞാൾ എ - ഗ്രെയ്ഡ് വായനശാല വയറിങ്ങ് ചെയതുകഴിഞ്ഞത് വൈദ്യുതീകരിക്കുക.

43. മുല്ലക്കൽ നാണുവൈദ്യരുടെ പടിക്കൽ നിന്നും കിഴക്കോട്ടു പോകുന്ന വഴിയിൽ സ്ട്രീറ്റ് ലൈറ്റിടുക.

44. രൂക്ഷമായ ഇന്ധന ക്ഷാമം പരിഹരിക്കുന്നതിനു ചിലവു കുറഞ്ഞ വിറകടുപ്പുകൾ പ്രചാരത്തിൽ വരുത്തുക.

45. കുളമ്പ് പ്രദേശത്ത് വൈദ്യുതി ലൈൻ എത്തിക്കണം.

# സാമൂഹ്യ ക്ഷേമം

നമുക്ക് ഒര ക്ഷേമ രാഷ്ട്ര സങ്കല്പമാണുള്ളത്. ഇന്ത്യൻ ദേശീയതയുടെ ജീവൻതന്നെ ഈ സങ്കല്പമാണെന്ന് പറയാം. ദാരിദ്ര്യം തുടച്ചു നീക്കുക. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലായ്മ ചെയ്യുക, സ്ത്രീ-പുരുഷ സമത്വം ഉറപ്പു വരുത്തുക, കുട്ടികളെ ശ്രേഷ്ഠന്മാരായ പൗരന്മാരായി വളർന്നു വരുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക, അന്തഃ പുരങ്ങളിൽ നിന്നും അന്ധകാരത്തിൽനിന്നും വനിതകളെ വിമോചിപ്പിച്ച് അറിവിൻേറയും കഴിവിൻേറയും ഭരണ സാരഥ്യത്തിൻേറയും പ്രകാശതലത്തിലേക്കുയർത്തുക എന്നിങ്ങിനെ ബഹുവിധമാണീ സങ്കല്പത്തിൻെറ ഭാവം.

സാമൂഹ്യക്ഷേമവകുപ്പും, മാതൃ ശിശു സംരക്ഷണവകുപ്പും ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുകപ്പും മറ്റനവധി വകുപ്പുകളും ഈ ദൃശലക്ഷ്യങ്ങളെ മുൻനിർത്തിയാണു പ്രവർത്തിച്ചുവരുന്നത്. വളരെയേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഒട്ടേറെ കോട്ടങ്ങൾ നിലനില്കുന്നുമുണ്ട്. നേട്ടങ്ങൾ നിലനിർത്തുകയും കോട്ടങ്ങൾ പരിഹരിക്കുകയുമാണ് നമ്മുടെയാവശ്യം. ഒമ്പതാ് പദ്ധതി വലിയൊരു വാതിലാണ് തുറന്നു തരുന്നത്. നാം നമ്മുടെ വിശ്വാസങ്ങളുടേയും, ധാരണകളുടേയും അടച്ചിടപ്പെട്ട അറകൾ തുറക്കുകയേവേണ്ടു. പ്രത്യാശകളുടേയും പ്രതീക്ഷകളുടേയും വെൺ പ്രകാശം നമ്മുടെയുള്ളിൽ നിറയുകയായി.

നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള സാഹചര്യങ്ങളേയും, അനുകൂല സാധ്യതകളെയും കുറിച്ചാലോചിക്കുവാൻ സഹായകമാവാൻ വേണ്ടയാണിനി താഴെ പറയുന്ന വസ്തുതകൾകൊണ്ട് ഉദ്ദേശിക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന പഴയന്നൂർ വികസന ബ്ലോക്കിൻെറ ആഭിമുഖ്യത്തിലുള്ള മൂന്നു് V.E.O. ഓഫീസുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്. ഒഴിവുകൾ നികത്താത്തതുമൂലം മൂന്നു V.E.O.മാരുടേയും സേവനം ഒരിക്കലും ഈ പഞ്ചായത്തിനു ലഭിക്കാറില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ 23 അംഗൻവാടികളാണ് ഈ പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇന്നത്തെ അവസ്ഥയിൽ ഇവയുടെ പ്രവർത്തനം തൃപ്തികരമാണോ എന്നുള്ളത് ഒരു വലിയ ചോദ്യമാണ്. അംഗൻവാടികളുടെ പ്രവർത്തനം സമഗ്രമായി പുനരാവിഷ്കരിച്ച് നടപ്പിലാക്കിയാൽ സാമൂഞ്യമായ ഒരു ഉയർത്തെഴുന്നേൽപ്പുതന്നെ നടത്താവുന്നതാണ്. ഇന്നു പ്രവർത്തിക്കുന്ന അംഗൻവാടികൾ പലതിലും കുട്ടികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടമോ കുടിക്കാനുള്ള ശുദ്ധജലമോ, അനേകം കുട്ടികൾ ഒരുമിച്ചിരുന്നു കഴിക്കുകയും പഠിക്കുകയും ചെയ്യുന്ന സമയത്ത് ആവശ്യമായ ശുദ്ധവായുവും വെളിച്ചവും ലഭിക്കുന്നതിനാവശ്യമായ ഫാൻ പ്രവർത്തിപ്പിക്കുന്നതിനും മറ്റുമുള്ള വൈദ്യുതി ഒന്നു ലഭ്യമല്ല. ഇത് അംഗൻവാടി കെട്ടിടങ്ങൾക്ക് നിർബന്ധമായും നടപ്പിലാക്കി ഇത്തരം സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. അംഗൻവാടികളിലെ കുട്ടികൾക്ക് കളിക്കാൻ ആവ്ശ്യമായ കളിക്കോപ്പുകളും പഠന സാമഗ്രികളും അംഗൻവാടികളിൽ ഇന്നില്ല. നേഴ്സറി കുട്ടികളെ പഠിപ്പിക്കേണ്ടത് പഠന സാമഗ്രികളുടെ സഹായത്തോടെയാണ്. അതുകോണ്ട് 22 അംഗൻവാടികൾക്കാവശ്യമായ പഠന വിനോദ ഉപാധികൾ ഏർപ്പെടുത്തി കൊടുക്കുക എന്നുള്ളത് പരിഷ്കൃതമായ ഒരു സമൂഹത്തിൻെറ കടമയാണ്.

ഇന്ന് അംഗൻ വാടികളിൽ നടപ്പിലാക്കി വരുന്ന മറ്റൊരു പരിപാടിയാണ് ഗർഭിണികളായ അമ്മമാർക്ക് ആവശ്യമായ പോഷകാഹാരങ്ങളും വൈറ്റമിൻ ഗുളികകളും മറ്റും വിതരണം ചെയ്യുന്നത്. ആരോഗ്യവതിയായ ഒരു മാതാവിൽ നിന്നേ ആരോഗ്യവാനായ ഒരു കുഞ്ഞ് ജന്മമെടുക്കു. ആരോഗ്യമുള്ള ഒരു തലമുറയിൽ നിന്നേ ഐശ്വര്യപൂർണ്ണമായ ഒരു രാഷ്ട്രം പടുത്തുയർത്താനും കഴിയു. അതുകൊണ്ട് അംഗൻ വാടികളിൽക്കുടി നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ ഒരു രാഷ്ട്രത്തിൻെറ പുനർനിർമ്മാണത്തിൻെറ ആദ്യപടിയായിത്തന്നെ നാം നടപ്പിലാക്കണം. അംഗൻ വാടികളിൽ കുടി നാം നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളായി കുടുംബാസൂത്രണ പ്രചാരണ പരിപാടികളും ആരോഗ്യ ശുചിത്വ പരിപാലന പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള ബോധവൽക്കാരണ ക്ലാസ്സുകളും മറ്റും നടത്താവുന്നതാണ്.

പഞ്ചായത്തുകൾതോറും നിർബന്ധമായും "വൃദ്ധസദനം" സ്ഥാപിക്കണം. കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയും മാതാപിതാക്കളോടുള്ള മക്കളുടെ പ്രതിബദ്ധത

നാൾക്കുനാൾ കുറഞ്ഞുവരികയും ചെയ്യുന്ന ഇന്നത്തെ സമൂഹത്തിൽ ശാരീരികമായും സാമ്പത്തികമായും ആവശ്യകമാകുന്ന ജീവിതത്തിൻെറ അവസാനത്തെ നാളുകൾ സമാധാനത്തോടെ തള്ളിനീക്കാൻ ഒരു അഭയസ്ഥാനം അത്യാവശ്യമാണ്. അതുപോലെ തന്നെ ദാരിദ്ര്യംകൊണ്ട് വിശപ്പടക്കാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർ വളരെ യേറെയുണ്ട്. സ്വന്തമായി ജോലിചെയ്ത് നിത്യവൃത്തി നടത്തുവാൻ കഴിയാതെ വാർദ്ധ്യകത്തിലെത്തി നിൽക്കുന്ന അത്തരക്കാരെ പുനരധിവസിപ്പിക്കാൻ പുനരധിവാസ കേന്ദ്രങ്ങൾ ഇതോടൊപ്പം പ്രവർത്തിപ്പിക്കണം.

സർക്കാരിൻെറ വിവിധ വകുപ്പുകൾ മുഖാന്തിരം നൽകി വരുന്ന ക്ഷേമ പെൻഷനുകളായ കർഷകത്തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ, അഗതി പെൻഷൻ, തൊഴിലില്ലായ്മ വേതനം, അവശ കലാകാരന്മാർ ക്കുള്ള പെൻഷൻ തുടങ്ങിയ എല്ലാ ആനുകുല്യങ്ങളും പ്രായപരിധിയിൽ ഇളവു വരുത്തി 58 വയസ്സിനു മുകളിൽ വരുന്നവർക്ക് നൽകേണ്ടതാണ്. അവയൊക്കെത്തന്നെ പഞ്ചായത്തടിസ്ഥാനപ്പെടുത്തി പഞ്ചായത്തുകൾ മുഖാന്തിരം വിതരണം ചെയ്യേണ്ടതുമാണ്. ഈ വക പെൻഷനുകൾ കാലോചിതമായി പരിഷ്കരിച്ച് തുക വർദ്ധിപ്പിക്കേണ്ടതും കാലതാമസം കൂടാതെ ലഭിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തൊഴിലില്ലായ്മവേതനം ഇന്ന് 35 വയസ്സ് വരെ മാത്രമാണ് നൽകുന്നത്. പൗരനു ജീവിക്കാൻ സ്വാതന്ത്ര്യം ഉള്ളതുപോലെ 35 വയസ്സിനുള്ളിൽ ജോലി ഉറപ്പുനൽകുവാൻ സർക്കാരിനു സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ 35 വയസ്സിനു ശേഷവും എന്തുപേരു നൽകിയാലും ഇത്തരത്തിലുള്ള ഒരു സാമ്പത്തിക സഹായം തുടർന്നു നല്കേണ്ടതാണ്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന യുവതീ-യുവാക്കളെ ഗ്രൂപ്പുകളാക്കി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ പര്യാപ്തമായ സാമ്പത്തിക സാങ്കേതിക സഹകരണങ്ങൾ നൽകി തൊഴിലുള്ളവരാക്കി തീർക്കണം.

ദുർബ്ബല വിഭാഗങ്ങൾക്കായി നൽകിവരുന്ന IRDP പോലുള്ള വ്യവസായ വാണിജ്യ ആനുകൂല്യങ്ങൾ, അതുപോലുള്ള മറ്റുവിവിധ സർക്കാർ ക്ഷേമ പദ്ധതികൾ എന്നിവ സംയോജിപ്പിച്ച് ഏറ്റവും ചുരുങ്ങിയത് അവയുടെ വിതരണമെങ്കിലും ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ആക്കണം (ഏകജാലക വിതരണം നടപ്പിലാക്കുക).

സാമൂഹ്യക്ഷേമവും സാമൂഹ്യ സുരക്ഷിതത്വും ഉറപ്പിലാക്കണമെങ്കിൽ അടിസ്ഥാനപരമായി വനിതകളുടെ ഉന്നമനംകൊണ്ടു മാത്രമെ അവ കൈവരിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് വനിതകളുടെ ആഭിമുഖ്യത്തിലുള്ള തൊഴിൽ യൂണിറ്റുകൾ കൂടുതലായി ആരംഭിക്കണം.

പട്ടുനൂൽപുഴു വളർത്തൽ, തേനീച്ച വളർത്തൽ, ഓർക്കിഡ്, കുറ്റിമുല്ല എന്നീ പൂക്കളുടെ കൃഷി മുതലായവയിൽ അഭിരുചിയുള്ള വനിതകളെ പരിശീലിപ്പിച്ച് ആവശ്യമായ ധനസഹായം നൽകി ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കാൻ സഹായിക്കണം. ഇതിൻെറ വിപണനത്തിനും മറ്റുമായി പഞ്ചായത്തു തലത്തിൽ ഹോർട്ടികൾച്ചർ സൊസൈറ്റികൾ സ്ഥാപിക്കണം. കൂടാതെ വനിതകൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം മുതലായവയിലും വിപണന സാദ്ധ്യത നിലനിൽക്കുന്നതിനാൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യയുടെ 5% ത്തിൽ കൂടുതൽ വരുന്ന രണ്ടു സമുദായങ്ങളാണ് മൂപ്പർ, നായ്ക്കൻ. തുടങ്ങിയ സമുദായങ്ങൾ സാമ്പത്തികമായും, വിദ്യഭ്യാസപരമായും സാമൂഹികമായും വളരെ പിന്നിലാണ്. എന്നാൽ സർക്കാരിൻെറ സാമ്പത്തിക, തൊഴിൽ മേഖലകളിലുള്ള യാതൊരു സംവരണത്തിനും ഇവർ അർഹരല്ലതാനും. ഇതൊരു വലിയ വിരോധാഭാസമാണ്. തലമുറകളായി ഇവർ തങ്ങളുടെ കൈതൊഴിലായി സ്വീകരിച്ചു പോരുന്നത് കരിങ്കൽ തൊഴിലാണ്. കരിങ്കല്ലു കൊണ്ടുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും, കൂടാതെ കരിങ്കല്ലുകൊണ്ടുള്ള ചെറിയ കൊത്തുപണികളും നടത്തിയാണ് ഇവർ ഉപജീവന മാർഗ്ഗം നടത്തുന്നത്. ഈ സമുദായത്തിൻെറ സാമൂഹ്യ പുരോഗതിക്കായി

കരിങ്കൽ തൊഴിലിലെ തൊഴിൽ സാദ്ധ്യത പൂർണ്ണമായും ചൂഷണം ചെയ്യുവാൻ തരത്തിലുള്ള സാമ്പത്തിക സഹായം നൽകി അവരുടെ പുരോഗതി ഉറപ്പു വരുത്തേണ്ടതുണ്ട്.

സമൂഹത്തിൻെറ ക്ഷേമം പരിപൂർണ്ണമായി ഉറപ്പു വരുത്തണമെങ്കിൽ സമുഹത്തിൻെറ ആരോഗ്യം സംരക്ഷിക്കുക എന്നുള്ളതാണ് മുഖ്യം. ആരോഗ്യ പരിസര ശുചീകരണ രംഗത്ത് സൗജന്യ സേവനം പൂർണ്ണതോതിൽ നടപ്പിൽ വരുത്തണം. കൂടാതെ ദുർബ്ബല വിഭാഗങ്ങൾക്ക് താമസസ്ഥലം കൂടുതലായും ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ് ലഭിക്കുന്നത്. യാത്രായോഗ്യമായ റോഡുസൗകര്യങ്ങൾ ഒന്നുംതന്നെ ഇവർക്ക് ഇപ്പോൾ ലഭ്യമല്ല. റോഡുകൾ നിർമ്മിക്കുവാൻ പഞ്ചായത്ത് തയ്യാറാണെങ്കിലും റോഡിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയാണിന്നുള്ളത്. ഇത്തരം കാര്യങ്ങളിൽ റോഡിനാവശ്യമായ സ്ഥലം നിർബന്ധമായി ഏറ്റെടുക്കുവാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. ഒരു ആധുനിക സമുഹത്തിൻെറ വളർച്ച പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ആ പ്രദേശത്തെ യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം എന്നിവയെ അടിസ്ഥാനമാക്കിയാണ്.

സാമുഹ്യക്ഷേമം ഉറപ്പു വരുത്തുവാൻ സമുഹത്തിലുള്ള ജാതിയുടെ പേരിലുള്ള വിഭാഗീയത ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഇപ്പോഴും തുടർന്നുവരുന്നു എന്നതാണ് സത്യം. വളരെ പുരോഗമിച്ചു എന്നു പറയപ്പെടുന്ന നമ്മുടെ സമൂഹം മിശ്രവിവാഹം, സ്ത്രീധന നിരോധനം എന്നീ കാര്യങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുവാൻ ഇനിയും തയ്യാറായിട്ടില്ല. ഇത്തരം വിപ്ലകരങ്ങളായ നടപടികൾക്കുനേരെ സമൂഹം ഇപ്പോഴും നിഷേധാത്മക സമീപനം തന്നെയാണ് തുടർന്നുപോരുന്നത്. നമ്മുടെ യുവ തലമുറയെ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾക്ക് പ്രാപ്തരാക്കുവാൻ നമ്മൾ ശ്രമിക്കണം. ●

# പാർപ്പിടം



**2000** ആണ്ടോടെ എല്ലാവർക്കും പാർപ്പിടം എന്നാണ് കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ മുദ്രാവാക്യം. ആഗോള തലത്തിൽ എന്നു തന്നെ പറയാം. തല ചായ്ക്കാൻ ഒരിടം ഇല്ലാത്തവരുടെ എണ്ണം നാൾക്കുനാൾ കൂടുകയല്ലാതെ കുറയുന്നില്ല.

നമ്മുടെ പഴയ പാരമ്പര്യ സാമൂഹിക ജീവിതരീതിയുടെ ഭാഗമായ കൂട്ടുകുടുംബം എന്ന സങ്കൽപ്പം തന്നെ മാറി അണുകുടുംബങ്ങൾ രൂപപ്പെട്ടതോടുകൂടി പാർപ്പിടത്തിൻെറ ആവശ്യകതയും വർദ്ധിച്ചിരിക്കയാണ്. ഈ പഞ്ചായത്തിൽ ആകെ 5297 വീടുകൾ ഉള്ളതിൽ-

| | |
|---|---|
| ആകെ | 5297 |
| ഓല | 1183 |
| ഓടം | 3817 |
| ടേറസ്സ് | 297 |

ഓലപ്പുരകളിൽ വസിക്കുന്നവരുടെ കുടിലുകളെ വീട് എന്ന സങ്കലപ്പത്തിൽ ഉൾപ്പെടുത്താമോ എന്നതു തന്നെ തർക്കവിഷയമാണ്. അത്തരം കുടിലുകളിൽ വസിക്കുന്നവർക്ക് ജീവിതത്തിൽ അത്യാവശ്യം വേണ്ട സ്വകാര്യതപോലും ലഭിക്കുന്നില്ല. സ്വകാര്യത അല്പം പോലും ലഭിക്കാത്തത് മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നാണ് മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

ഈ പഞ്ചായത്തിലെ 3817 ഓടുമേഞ്ഞ വീടുകളിൽ 60%-ൽ കൂടുതൽ വീടുകളും തലമുറകളായി കൈമാറി കിട്ടിയിട്ടുള്ളവയാണ്. പരമ്പരാഗത കേരളീയ രീതിയിൽ പണിതിട്ടുള്ളവയായാണ് അവ.

അറ്റകുറ്റ പണികളുടെ അപര്യാപ്തത നിമിത്തവും പഴയ മണ്ണും കുമ്മായവും ചേർത്ത് നിർമ്മിച്ചിട്ടുള്ള അത്തരം കെട്ടിടങ്ങളുടെ നില വളരെ അപകടകരമായിരിക്കുന്നു. ഭൂചലന മേഖലയോടു ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിലെ അത്തരം വീടുകൾ അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റ പണികൾ നടത്തി ബലവത്താക്കിയില്ലെങ്കിൽ മറ്റൊരു ലാത്തൂരായിരിക്കും ആവർത്തിക്കപ്പെടുക. 9-ാം പദ്ധതികാലത്ത് പാർപ്പിട പ്രശ്നപരിഹാരത്തിന് രണ്ടായിരം വീടുകൾ വേണ്ടിവരും.

### 1. പുറമ്പോക്കു പുനരധിവാസം

പഞ്ചായത്തു പ്രദേശത്തെ പുറമ്പോക്കു പ്രദേശങ്ങളിൽ താമസിക്കുന്നവർ നൂറ് (100) കുടുംബങ്ങളെന്നു കണക്കാക്കിയിരിക്കുന്നു. ഈ വിഭാഗത്തിൻെറ പുനരധിവാസം മുൻഗണനാ ക്രമത്തിൽ തീരുമാനിക്കപ്പെടേണ്ടതാണ്.

### 2. ദുർബല വിഭാഗ ഭവന പദ്ധതി

സ്വന്തമായി സ്ഥലമോ സാമ്പത്തിക ശേഷിയോ ഇല്ലാത്ത 200 കടുംബങ്ങൾ പഞ്ചായത്തു പ്രദേശത്തുണ്ടെന്നു കണക്കാക്കിയിട്ടുണ്ട്. ഈ വിഭാഗത്തിൻെറ പുനരധിവാസ പ്രശ്നവും മുൻഗണനാ ക്രമത്തിൽ തീരുമാനിക്കപ്പെടേണ്ടതാണ്.

### 3. പട്ടികജാതി വിഭാഗം

ഈ വിഭാഗത്തിൽ വരുന്നവരുടെ ഭവന നിർമ്മാണ പ്രശ്നങ്ങൾ പ്രത്യേക അധ്യായത്തിൽ പരാമർശിച്ചിട്ടുണ്ട്.

### 4. നിലവിലുള്ള വീടുകളുടെ അറ്റകുറ്റ പണികൾ

പരമ്പരാഗത രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഭൂരിപക്ഷം ഭവനങ്ങളും തകർച്ചയെ നേരിടുകയാണ്. ശരിയായ പരിപാലന രീതികൾ അവലംബിക്കാൻ സാമ്പത്തിക കാരണങ്ങളാൽ കഴിയുന്നില്ല എന്നാണ് വിലയിരുത്തൽ. ഈ വിഭാഗത്തിനു സഹായധനം ലഭ്യമാക്കുന്നതിനാവശ്യമായ പരിപാടികൾ തുടങ്ങേണ്ടതുണ്ട്. ഏതാണ്ട് 1000 (ആയിരം) വീടുകൾ ഈ വിഭാഗത്തിൽ വരുന്നു.

### 5. പുതിയ വാസ ഭവനങ്ങൾ

നിലവിലുള്ള സാഹചര്യങ്ങളിൽ 500 (അഞ്ചൂറ്) പുതിയ വാസഭവനങ്ങൾ നിർമ്മിക്കേണ്ടി വരുമെന്ന് കണക്കായിട്ടുണ്ട് തിരിച്ചടക്കാവുന്ന വായ്പ ലഭ്യമാക്കിക്കൊണ്ട് ഈ വിഭാഗത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

പുറമ്പോക്ക് പുനരധിവാസ പദ്ധതിയുടെ ഭാഗമായി പതിച്ചുനൽകി പുനരധിവസിപ്പിക്കുവാൻ

പറ്റുന്നവരെ അങ്ങിനെ പുനരധിവസിപ്പിക്കുകയും ഒഴുപ്പിച്ചെടുക്കേണ്ട ഒഴിപ്പിച്ചെടുത്ത് അത്തരക്കാരെ പുനരധിവസിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്. പുറമ്പോക്ക് പുനരധിവാസ പദ്ധതി എന്ന പേരിൽ ഭൂമി വാങ്ങി വീടുകൾ നിർമ്മിച്ച് അത്തരക്കാരെ പുനരധിവസിപ്പിക്കണം.

അതുപോലെത്തന്നെ പട്ടികജാതി പിന്നോക്ക വിഭാഗക്കാരന് നൽകുന്ന പുര കെട്ടി മേയുന്നതിനുള്ള ഗ്രാൻറ് വളരെ നാമ മാത്രമായ തുകയാണ് നൽകുന്നത്. കെട്ടി മേച്ചിലിന് വേണ്ടിവരുന്ന കൂലിച്ചിലവിന്റെ പകുതിപോലും നൽകുന്നില്ല. ആയതുകൊണ്ട് ഗ്രാൻറ് പണമായി നൽകുന്നതിലും നല്ലത് കെട്ടി മേച്ചിൽ പദാർത്ഥങ്ങൾ വാങ്ങി വിതരണം ചെയ്യുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തുകയാണ്.

പഞ്ചായത്തിലെ 70% വീടുകളും കക്കൂസ് ഇല്ലാത്തതാണ്. ഏറ്റവും അവശ്യം വേണ്ട ഒരു സംഗതിയായതിനാൽ പദ്ധതി നടപ്പുവർഷം ആദ്യം എല്ലാ വീടുകളിലും കക്കൂസ് എന്ന ഒരു പരിപാടി നടപ്പിലാക്കണം. ധനശേഷി കുറഞ്ഞ ദുർബ്ബല വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനവശ്യമായ ഗ്രാൻറും സാമ്പത്തികമായി മുന്നിട്ടു നിൽക്കുന്നവർക്ക് തിരിച്ചടക്കേണ്ടതായ പലിശരഹിത വായ്പയായും പണം അനുവദിച്ച് കക്കൂസ് നിർമ്മാണം നടപ്പിൽ വരുത്താവുന്നതാണ്. പഞ്ചായത്ത് പുതിയ വീടുകൾക്ക് N.O.C. അനുവദിക്കുമ്പോൾ വീടിന്റെ പ്ലാനിൽ കക്കൂസ് കൂടി ഉൾപ്പെടുത്തിയവർക്ക് മാത്രമേ N.O.C. അനുവദിക്കുകയുള്ളു എന്ന നയം നടപ്പിൽവരുത്തണം. അതുപോലെത്തന്നെ വീടുകൾക്ക് പുതിയ നമ്പർ അനുവദിക്കുമ്പോൾ കക്കൂസ് നിർബ്ബന്ധമായും ഉണ്ടായിരിക്കണം എന്ന ഒരു നയം നടപ്പിൽ വരുത്താവുന്നതാണ്.

പഞ്ചായത്ത് പ്രദേശത്ത് പകുതിയിലധികം വീടുകളും വൈദ്യുതീകരിക്കാത്തതാണ്. ഇലക്ട്രിസിറ്റി ബോർഡ് സ്വൽപം സന്മനസ്സ് കാണിക്കുകയാണെങ്കിൽ കുറേയേറെ വീടുകളിലേക്ക് വൈദ്യുതി എത്തിക്കാൻ അധികം ബുദ്ധിമുട്ടു കൂടാതെ കഴിയും. പഞ്ചായത്തിൽ ത്തന്നെ ഒരുപാട് സ്ഥലത്ത് വൈദ്യുതി ലൈൻ ആൾതാമസമില്ലാത്ത വയലുകളുടെ നടുവിൽക്കൂടിയാണ് കടന്നു പോകുന്നത്. അത്തരം ലൈനുകൾ സ്വൽപം വ്യതിയാനം വരുത്തി റോഡുകളുടെ അരികിലേക്ക് മാറ്റിയാൽ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കാനും ഗാർഹിക കണക്ഷനുകൾ നൽകാനും സാധിക്കും. കോളനിപോലുള്ള ഒറ്റപ്പെട്ട പ്രദേശങ്ങൾക്ക് വെളിച്ചം നൽകാൻ ആശ്രയിക്കാവുന്നത് സൗരോർജ്ജ വിളക്കുകളെയാണ്. അനർട്ട് മുതലായ ഏജൻസികളുടെ സഹകരണം തേടി സ്ട്രീറ്റ് ലൈറ്റുകളും ഗാർഹികാവശ്യത്തിനുള്ള വിളക്കുകളും കത്തിക്കാവുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവൃത്തിക്കുന്ന വിവിധ ഭവന നിർമ്മാണ എജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ പഞ്ചായത്തുകളെ ഇപ്പോഴുള്ള വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കാവുന്നതാണ്.

പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന സർക്കാരിന്റെ വിവിധ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് പഞ്ചായത്ത് പ്രദേശത്ത് തന്നെ ചിലവു കുറഞ്ഞ താമസ സൗകര്യം ലഭിക്കുന്നതിന് ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കണം.

സാമ്പത്തിക ശേഷിയുള്ളവർ കൃഷിഭൂമി നികത്തി കെട്ടിടം പണിയുന്ന പ്രവണത വ്യാപകമായി വരികയാണ്. ഇതു നിയമം മൂലം കർശനമായി തടയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കൃഷിഭൂമി നികത്തുന്നതുകൊണ്ട് ഭക്ഷ്യോല്പാദനത്തിനും പ്രകൃതിയുടെ സന്തുലിതാവസ്ഥക്കും നേരിടുന്ന കോട്ടം പരിഗണിക്കുമ്പോൾ ഈ തരത്തിലുള്ള കെട്ടിട നിർമ്മാണം നിരോധിക്കേണ്ടത് അടിയന്തിരാവശ്യമാണ്.

ഭവനനിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നവരെക്കുറിച്ച് പഞ്ചായത്തുകൾക്ക് ഇപ്പോൾ യാതൊരു ധാരണയും ഇല്ല. ഇതു പരിഹരിക്കാൻ ഭവന നിർമ്മാണ തൊഴിലാളികൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ സൗര്യം ഒരുക്കുക. അവർക്ക് ഗ്രാറ്റ്യൂറ്റി പെൻഷൻ മുതലായ ആനുകൂല്യങ്ങൾ ലഭിക്കേണ്ടുന്ന ആവശ്യത്തിലേക്ക് പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽനിന്ന് ഒരു അംശാദായം പിരിച്ചെടുത്ത് ഒരു നിധി

രൂപീകരിക്കാവുന്നതാണ്.

ഭവന നിർമ്മാണത്തിനാവശ്യമായ കമ്പി, സിമൻറ്, പെയിൻറ് തുടങ്ങി ഏതാണ്ട് എല്ലാ ഉല്പന്നങ്ങളും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് ഇവിടെ എത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത്തരം സാധനങ്ങളുടെ വില നിശ്ചയിക്കുന്ന കാര്യത്തിൽ നമുക്ക് യാതൊരു പങ്കും ഇന്നില്ല. ആയതുകൊണ്ട് ഗ്രാമവാസികൾക്ക് ഗുണമേന്മയുള്ളതും ചിലവു കുറഞ്ഞതുമായ പാർപ്പിട സാമഗ്രികൾ ലഭിക്കുന്നതിനാവശ്യമായ വിതരണ കേന്ദ്രങ്ങൾ തുറക്കുകയും അതിനാവശ്യമായ സാങ്കേതിക ജ്ഞാനം നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിൽ വരുത്തുകയും ചെയ്യാവുന്നതാണ്.

പാർപ്പിടം എന്ന പദം നിർവചിക്കപ്പെടുകയാണെങ്കിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി വാസയോഗ്യമായ ഭവനം എന്നതായിരിക്കണം അർത്ഥം. ആ അർത്ഥത്തിൽ നോക്കുകയാണെങ്കിൽ ഇവിടുത്തെ ഭൂരിഭാഗം വീടുകളിലും കുടിവെള്ളം വേനൽക്കാലത്ത് ലഭിക്കാത്തയവസ്ഥയാണുള്ളത്. പഞ്ചായത്തിൻെറ അധീനതയിലുള്ള മുഴുവൻ കുളങ്ങളും കിണറുകളും യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കി വെള്ളം സംഭരിച്ച് വിതരണം നടത്താനുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കണം. അതുപോലെ ഭൂഗർഭജലം ലഭിക്കാൻ സാധ്യതകളുള്ള സ്ഥലങ്ങളിൽ കുഴൽക്കിണർ കുഴിച്ചും വെള്ളം തീരെ ലഭിക്കാൻ ഇടയില്ലാത്ത കുന്നിൻ പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിവക പൈപ്പ് ലൈൻ ഏർപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ആവശ്യമായ ശുദ്ധജലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. അതുപോലെ അത്യാവശ്യം വേണ്ട ഒരു അടിസ്ഥാന സൗകര്യമാണ് റോഡ്. പഞ്ചായത്തിൻെറ പല കോണുകളിലും ജീവിക്കുന്ന ജനങ്ങൾക്ക് ഇന്ന് റോഡ് യാത്രാ സൗകര്യം തീരെ ഇല്ലെന്നുതന്നെ പറയാം. പെട്ടന്ന് ഹൃദ്രോഗം പോലുള്ള എന്തെങ്കിലും അസുഖം ബാധിക്കുന്നവരെ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ മഞ്ചൽ പോലുള്ള എന്തിലെങ്കിലും അവരെ ഏറ്റി കിലോമീറ്ററുകളോളം ദൂരം കൊണ്ടുവന്നതിനു ശേഷം മാത്രമേ റോഡിലെത്തിക്കാൻ കഴിയൂ. ഇതു വിലപ്പെട്ട പല മനുഷ്യ ജീവനും നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. അതുകൊണ്ട് ചെറുകിട വാഹനങ്ങൾക്കെങ്കിലും സഞ്ചരിക്കാൻ യോഗ്യമായ റോഡുകൾ വെട്ടി പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളേയും പ്രധാന റോഡുമായി ബന്ധിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ ഒരു റോഡ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

പഞ്ചായത്തു തലത്തിലും ബ്ലോക്കു തലത്തിലുമുള്ള പദ്ധതികൾ മുഖേന IAY, JRY തുടങ്ങിയ പദ്ധതികളിൽ കൂടിയും ലക്ഷം വീട് പദ്ധതികൾ മുഖാന്തിരവും വിരലിലെണ്ണാവുന്ന വീടുകൾ അനുവദിച്ചിരുന്നെങ്കിലും അനുവദിക്കുക എന്നൊരു പ്രക്രിയക്കപ്പുറം അവയുടെ സംരക്ഷണത്തിനെക്കുറിച്ച് യാതൊരു പദ്ധതിയും ഇന്ന് നിലവിലില്ല. ഇത് ഒരു വലിയ പോരായ്മയാണ്. അതുകൊണ്ട് ഇത്തരം വീടുകൾ അനുവദിക്കുമ്പോൾ അവയുടെ സംരക്ഷണത്തിനാവശ്യമായ പരിപാടികൾ കൂടി ആവിഷ്കരിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

പഞ്ചായത്തു പ്രദേശത്ത് ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഭവന നിർമ്മാണം അറ്റകുറ്റ പണികൾ പുനരധിവാസ പ്രശ്നങ്ങൾ എന്നിവക്കാവശ്യമായ വിഭവ സമാഹരണം നടത്തുന്നതിനും സഹായകമാവുന്നതാണ്. ●

# സംസ്കാരം

# സംസ്ക്കാരം

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്യകാത്ത് പേരാറ്റു വീഥി എന്ന രാജ്യത്തിൻെറ ഭാഗമായിരുന്നു. ഭാരതപ്പുഴയുടെ ആദ്യ നാമം പേരാർ എന്നായിരുന്നു. ഷൊർണൂരിൽ നിന്നു കിഴക്കും, പേരാറിനന തെ[ക്കമായി പേരാർ തീരത്ത് സ്ഥിതിചെയ്തിരുന്ന ഒരു രാജ്യമായിരുന്നു പേരാററുവീഥി. ചേലക്കര, പഴയന്നൂർ, തിരുവില്വാമല എന്നീ സ്ഥലങ്ങൾ പേരാറ്റു വീഥിയുടെ ഘടകങ്ങളായിരുന്നു. വടക്കാഞ്ചേരിക്കും ചെറുതുരുത്തിക്കും മധ്യേ പഴയ ഐരുനാടിൻെറ കിഴക്കുഭാഗത്തായി വർത്തിച്ച ഈ പ്രദേശം 'കാര്യക്കാരന്മാർ' എന്നു വിളിച്ചു പോന്ന ഇടപ്രഭുക്കന്മാരുടെ ഭരണത്തിലായിരുന്നു. തൊട്ടാശ്ശേരി തലശ്ശാന്നോർ ആയിരുന്നു അവരുടെ തലവൻ. അയ്യഴി പടനായർ, വടക്കും നമ്പിടി നായർ, തെക്കും നമ്പിടി നായർ കിണറ്റും കര നായർ എന്നീ ഇടപ്രഭുക്കർ തലശ്ശന്നോരുടെ കീഴിൽ പ്രാദേശിക ഭരണം നടത്തിയിരുന്നു. ഡച്ചുകാരുടെ കാലത്ത് പേരാറ്റു വീഥിയുടെ ഭരണകാര്യമേൽനോട്ടം വഹിക്കുന്നതിലേക്കായി ചാഴൂർ സ്വരൂപത്തെ നിയമിക്കാൻ തലശ്ശന്നോർ കൊച്ചി രാജാവിനെ ഉപദേശിച്ചതിൽ പ്രതിഷേധിച്ച് തലശ്ശന്നോരെ അയാളുടെ മരുമകൻ തന്നെ തൃശൂർ വടക്കും നാഥ ക്ഷേത്രത്തിൽ വെച്ച് കൊലപ്പെടുത്തുകയുണ്ടായി. വിവരം 1734 ഫെബ്രുവരി 4 ാനു മങ്ങാട്ടച്ചൻ ഡച്ചു ഗവർണറെ അറിയിച്ചതായി 'ഫ്രാൻസീസ് ഡേ' പറയുന്നു. ഫ്രാൻസീസ് ഡേ ദി ലാൻഡ് ഓഫ് പെരുമാൾസ് മദ്രാസ് 1863 പേജ് 129) (കേരളത്തിൻെറ സ്ഥലചരിത്രം തൃശൂർ ജില്ല വി. വി. കെ. വാലത്ത് 1992 പേജ് 206).

16ാം ശതകം മുതൽ 18ാം ശതകം വരെയുള്ള കാലഘട്ടത്തിൽ സാമൂതിരി രാജാക്കന്മാർ കൊച്ചി രാജ്യത്തെ നിരന്തരം ആക്രമിച്ചിരുന്നു. പരശുരാമൻ സ്ഥാപിച്ചതെന്നു ഐതിഹ്യം പറയുന്ന 64 നമ്പൂതിരി ഗ്രാമങ്ങളിൽ മുഖ്യഗ്രാമമായ പെരുമനത്തു നിന്നും യുദ്ധം ഭയന്ന് പാഞ്ഞു വന്നവർ പാഞ്ഞാളിൽ താമസമാക്കി. പാഞ്ഞു വന്നവരുടെ നാടായതുകൊണ്ടാണ് പാഞ്ഞാൾ എന്ന പേരു വന്നതെന്ന് പറയുന്നു.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ പ്രധാന മതവിഭാഗങ്ങൾ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിവയാണ്. ബഹുഭൂരിപക്ഷം ജനങ്ങളും ഹിന്ദു മതക്കാരാണ്. പ്രധാനപ്പെട്ട ഹിന്ദു ആരാധനാലയങ്ങൾ വാഴാലിപ്പാടത്തെ വാഴാക്കാവ്, കിള്ളിമംഗലത്തെ അങ്ങാടിക്കാവ്, പാഞ്ഞാളിലെ അയ്യപ്പൻകാവ്, ലക്ഷ്മി നാരായണ ക്ഷേത്രം, പൈങ്കുളത്തെ തിരുവഞ്ചിക്കുഴി അമ്പലം, തെഞ്ചീരി അമ്പലം, കിള്ളിമംഗലം ചോലമ്മക്കാവ്, നാരായണൻ തൃക്കോവിൽ പളുങ്കിൽ ക്ഷേത്രം മുതലായവയാണ്. കൂടാതെ പാഞ്ഞാൾ, കിള്ളിമംഗലം, പൈങ്കുളം പ്രദേശങ്ങളിൽ സുബ്രഹ്മണ്യൻ കോവിലുകളും, അയ്യപ്പൻകോവിലുകളും, മാരിയമ്മൻ കോവിലുമുണ്ട്. വാഴാലിക്കാവ് വേല, അങ്ങാടിക്കാവ് വേല, പാഞ്ഞാൾ ഉത്രം വേല തുടങ്ങിയവയാണ് പ്രധാന ഉത്സവങ്ങൾ. കൂടാതെ ചരിത്രാതീത കാലത്തെ ദ്രാവിഡദേവതയായി കരുതുന്ന ചെറുതുരുത്തിയിലെ കോഴിമാം പറമ്പ് വേലക്ക് പാഞ്ഞാളിൽ നിന്നും, പൈങ്കുളം, അയ്യൂർ മഠപറമ്പ് ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളിപ്പ് പോകാറുണ്ട്. തിരുവഞ്ചിക്കുഴി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ പിതൃതർപ്പണം നടന്നു വരുന്നു. മാരിയമ്മൻ പൂജകളും നടക്കാറുണ്ട്.

ഉദ്ദേശം 400 വർഷം പഴക്കമുള്ള തൊഴുപ്പാടം പള്ളിയും 150 വർഷം പഴക്കമുള്ള ഉദുവടി പള്ളിയും സമീപകാലത്ത് നിർമ്മിച്ചിട്ടുള്ള കിള്ളിമംഗലം ശ്രീപുഷ്ക്കരം, പാറപ്പുറം പള്ളികളും മുസ്ളീങ്ങളുടെ ആരാധനാലയങ്ങളാണ്. കൂടാതെ വല്ലങ്ങിപ്പാറയിൽ അഹമ്മദീയ മുസ്ലീം പള്ളിയും ഉണ്ട്. തൃശൂർ ജില്ലയിലെ ഏക അഹമ്മദീയ മുസ്ളം പള്ളിയാണിത്. പെരുന്നാൾ ആഘോഷങ്ങൾക്കു പുറമേ കാളിയ റോഡ്, ആറ്റൂർ നേർച്ചകൾക്ക് പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ നിന്നും നേർച്ചകൾ പോകാറുണ്ട്.

കിള്ളിമംഗലം കൊച്ചപ്പൻ പടിയിലും ഉദുവടി മുല്ലയ്ക്കൽ ചീർപ്പ് റോഡിലുമായി രണ്ട് ക്രിസ്ത്യൻ ദേവാലയങ്ങൾ ഉണ്ട്.

മതസൗഹാർദം എല്ലാ അർത്ഥത്തിലും നിലനിൽക്കുന്ന ഒരു പഞ്ചായത്താണ് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്.

ഹിന്ദുക്കളുടെ ഇടയിൽ ജാതീയത ഇപ്പോഴം ശക്തമായി നിലനിൽക്കുന്നു. എന്നാൽ ഉപജാതീയത വളരെ കുറഞ്ഞു വന്നിട്ടുള്ളതായി കാണുന്നു. നവോത്ഥാന പ്രസ്ഥാനത്തിന് പാഞ്ഞാൾ ഗ്രാമം വലിയ സംഭാവന നൽകിയിട്ടുണ്ട്. അയിത്തം അനാചാരം, ജന്മിത്തം, നാടുവാഴിത്തം എന്നിവക്കെതിരായി നിരവധി സമരങ്ങൾ നടന്ന പ്രദേശമാണ് പാഞ്ഞാൾ ഗ്രാമം.

ഋക് വേദികളുടെയും സാമവാദികളുടേയും നാടായ പാഞ്ഞാളിൽ സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചവരുടെ ഒരു നിര തന്നെയുണ്ട്.

യാഥാസ്ഥിതികരുടെ എതിർപ്പ് വകവെയ്ക്കാതെ അയിത്തത്തിനും അനാചാരത്തിനും എതിരായി നമ്പൂതിരിമാരുടെ തന്നെ നേതൃത്വത്തിൽ അയിത്തപിശാചിനെ കെട്ടിയുണ്ടാക്കി നാടുമുഴുവൻ കൊണ്ടു നടന്ന് അയ്യപ്പൻകാവിലെ പറമ്പിൽ ഇട്ട് ചുട്ടുകരിക്കുകയുണ്ടായിട്ടുണ്ട്. അന്നുതന്നെ വള്ളത്തോൾ ഗോവിന്ദ കുറപ്പിൻെറ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി ക്ഷേത്രത്തിൽ കീഴ്ജാതിക്കാർ കൂട്ടത്തോടെ പ്രവേശിക്കുകയുണ്ടായി.

മാതൃഭൂമി പത്രാധിപനും എം. പി. യുമായിരുന്ന പി. എൻ. (പി. എൻ. നാരായണൻ നായർ) എം. പി. യായിരുന്ന ഡോ. കെ. ബി. മേനോൻ, പെരുമങ്ങാട്ടു ചിത്രഭാനു നമ്പൂതിരി, സി കെ. കുട്ടിനാരായണൻ മാസ്റ്റർ, കയ്പഞ്ചേരി നീലകണ്ഠൻ നമ്പൂതിരി, പാതിരിപ്പള്ളി ഭവദാസൻ നമ്പൂതിരി, എൻ. എം. എസ്സ് മുട്ടത്തു കാട്ടിൽ സുബ്രഹ്മണ്യൻ നമ്പൂതിരി, പെരുമങ്ങാട്ടു വാസുദേവൻ നമ്പൂതിരര, നെല്ലിക്കാട്ടു ഭവദാസൻ നമ്പൂതിരി മുത്തങ്ങയിൽ ബാലകൃഷ്ണൻ നായർ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, രാമൻ നമ്പൂതിരിപ്പാട്, കിള്ളിമംഗലം വേലൻ , എഴിക്കോട്ട് നാരായണൻ നമ്പൂതിരി, ഏഴിക്കോട്ട് രാമൻ നമ്പൂതിരി, കാറാത്ത് പത്മനാഭൻ നായർ, അടിയംപൂറത്ത് കൃഷ്ണൻ കുട്ടി നാർ, എ. അച്യുതവാരിയർ, പള്ളിക്കര ഗോവിന്ദൻ കുട്ടിനായർ എന്നിവർ ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തവരാണ്. ദേശീയ പ്രസ്ഥാനത്തിലെ പല പ്രമുഖ നേതാക്കൾ ഇവിടെ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്.

വി. ടി. ഭട്ടതിരിപ്പാടിൻെറ വിഖ്യാതമായ 'അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക്' എന്ന നാടകത്തിൽ പെരുമങ്ങാട്ടു മനയ്ക്കൽ ചിത്രഭാനു നമ്പൂതിരി അഭിനയിച്ചിട്ടുണ്ട്. കൊല്ലവർഷം 1121 ൽ 'ഋതുമതി' എന്ന നാടകത്തിൽ ചിത്രഭാനു നമ്പൂതിരി എൻ. എം. എസ്സ് പാതിരിപ്പിള്ളി ഭവദാസൻ നമ്പൂതിരി, മുട്ടത്തുകാട്ടിൽ സുബ്രഹ്മണ്യൻ നമ്പൂതിരി തോട്ടത്തിൽ മനയ്ക്കൽ രാമൻ നമ്പൂതിരി തുടങ്ങിയവർ അഭിനയിക്കുകയുണ്ടായി. നാടകത്തിൽ സ്ത്രീ വേഷം സ്ത്രീകൾ തന്നെ കൈകാര്യം ചെയ്യുന്ന രീതി തുടങ്ങിയതും പാഞ്ഞാളിലാണ്.

ചാക്യാർ കൂത്ത് രംഗത്ത് അന്താരാഷ്ട്ര പ്രശസ്തനായ പൈകുളം രാമചാക്യാരുടെ നാടാണ് ഇത്. പൊതുരംഗത്തേക്ക് കൂത്തിനേയും കൂടിയാട്ടത്തിനേയും കൊണ്ടുവന്നതിൽ അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോൾ പൈങ്കുളം ദാമോദരചാക്യാർ, പൈങ്കുളം ചെറിയരാമ ചാക്യാർ, കെ. എസ്സ്. നാരായണൻ ചാക്യാർ തുടങ്ങിയവർ കൂത്ത്, കൂടിയാട്ടം എന്നീ രംഗത്തെ പ്രഗത്രാണ്. ചാക്യാർ സമുദായത്തിൻെറ മാത്രമായിരുന്ന ഈ കലകളിൽ മറ്റു സമുദായക്കാരും ഉയർന്നു വരുന്നുണ്ട്.

കല്ലാറ്റു കുറുപ്പന്മാർ കളമെഴുത്ത് രംഗത്ത് പ്രവർത്തിക്കുന്നു. കല്ലറ്റു ഗോവിന്ദ കുറുപ്പ് തുടങ്ങി നിരവധി കലാകാരന്മാർ ഈ രംഗത്തുണ്ട്. ചിരപുരാതനമായ പാഞ്ഞാൾ അയ്യപ്പൻ കാവിൽ വേലയ്ക്ക് കല്ലാറ്റു കുറുപ്പന്മാർ 'നന്തുറുണ്ണിവാദ്യം' ഉപയോഗിക്കുന്നതായി പഴയ ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

കേരളത്തിൽ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന തോൽപ്പാവക്കൂത്ത് അവതരിപ്പിക്കുന്ന കലാകാരന്മാർ പാഞ്ഞാൾ പഞ്ചായത്തിലുണ്ട്. പരോതനായ വെള്ളിയാട്ടു രാമൻ നായർ ഈ രംഗത്ത് പ്രശസ്തനായിരുന്നു. ചെറുവത്തൂർ (വാളനാത്ത്) ബാലൻ നായർ തളിയിൽ നാരായണൻ നായർ, പള്ളിക്കര ഉണ്ണി കൃഷ്ണൻ എന്നിവർ ഇപ്പോൾ ഈ രംഗത്തെ പ്രശസ്തരാണ്. പുതിയ തലമുറയിലെ ആരും തന്നെ ഈ കല അഭ്യസിക്കുന്നതായി അറിവില്ല.

കൈകൊട്ടിക്കളിയിൽ (തിരുവാതിരക്കളി) കിള്ളിമംഗലം, പാഞ്ഞാൾ, പൈങ്കുളം പ്രദേശങ്ങളിൽ പ്രശസ്തമായ പല കലാകാരികളുമുണ്ട്. പുതിയ തലമുറ ഇതിനോട് ആഭിമുഖ്യം കാണിക്കുന്നതായി തോന്നുന്നില്ല.

വാദ്യകലാരംഗത്ത് ഇരുപ്പകുഴിയിൽ കൃഷ്ണൻ നായർ, ശങ്കുണ്ണി നായർ, ഗോപാലൻ നായർ, ചങ്ങരത്ത് വേലുകുട്ടി നായർ, താമറ്റൂർ ശങ്കുണ്ണി നായർ ചങ്ങരത്ത് അപ്പുകുഞ്ഞൻനായർ, പുലിയത്ത് ഗോവിന്ദൻ നായർ, കുളത്ത് കുട്ടി കൃഷ്ണൻനായർ, കണാചത്ത് ഗോപാലൻ നായർ, വടക്കുതൊടി അപ്പുകുഞ്ഞൻ നായർ വാക്കിയിൽ ശങ്കരൻ നായർ, മുണ്ടനാട്ട് ശങ്കരൻ നായർ, പ്ലാശേരി രാമൻ നായർ, വടക്കേ കോന്നംകണ്ടത്ത് ഗോപാലൻ നായർ, മാധവൻ നായർ തുടങ്ങിയവർ പ്രഗത്ഭരായിരുന്നു. ഗോപാലൻ നായർ അടക്കുകൊട്ടിൽ വിദഗ്ദ്ധനാണ്. ഇപ്പോൾ ഈ രംഗത്ത് പൈങ്കുളം കുഞ്ഞികൃഷ്ണൻ നായർ, കീഴില്ലം രാമകൃഷ്ണൻനായർ, പൈങ്കുളം പത്മനാഭൻ നായർ, പ്രഭാകരൻ നായർ, പൈങ്കുളം പത്മനാഭൻ നായർ, പ്രഭാകരൻ നായർ, പൈങ്കുളം ഉണ്ണികൃഷ്ണൻ, ടി. പരമേശ്വരൻ, വേണു, രാജ് നാരായണൻ, പാഞ്ഞാൾ വേലുകുട്ടി , കൃഷ്ണൻകുട്ടി, പാഞ്ഞാൾ വേണുഗോപാൽ, കലാതിലകം ഉണ്ണികൃഷ്ണൻ, മോഹനൻ, ഉണ്ണികൃഷ്ണൻ, ശിവശങ്കരൻ, കിള്ളിമംഗലം ഗുണശേഖരൻ, മുരളി, ബാലകൃഷ്ണൻ, പരമേശ്വരൻ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

ഹരിജനങ്ങൾ നടത്തുന്ന കാളവേല, പൂതൻ, തെയ്യം, തിറ, പാക്കനാർ കൂത്ത് തുടങ്ങിയ നാടൻ കലാരൂപങ്ങൾ ഇവിടെ പ്രചാരത്തിലുണ്ട്. ഓണത്തിന് 'തുടി' കൊട്ടികൊണ്ടുള്ള ശീവോതിപ്പാട്ട് ചിലയിടങ്ങളിൽ പ്രചാരത്തിലുണ്ട്. ചൊറിയിക്കൻതൊടി അയ്യപ്പൻ ഈ രംഗത്ത് പ്രശസ്തനാണ്. പരിചമുട്ടുകളി അറിയാവവന്നവർ ഉണ്ടെങ്കിലും പ്രസ്തുത കലാവിഭാഗം പ്രവർത്തിക്കുന്നില്ല. കിള്ളിമംഗലം മാമർ, മുണ്ടൻ എന്നിവർ ഈ കലയിൽ പ്രശസ്തരാണ്.

കരിങ്കൽ, കളിമൺ, കരകൗശല വിദഗ്ദ്ധരായ നിരവധി ആളുകൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്.

ഉടുക്കുപാട്ടുരംഗത്ത് പൈങ്കുളം കുന്നത്ത് നാരായണൻ നായർ, കിള്ളിമംഗലം ചെറായി ഗോവിന്ദൻനായർ, മുണ്ടനാട്ട് ശങ്കരൻ നായർ തുടങ്ങിയവർ പ്രശസ്തരായിരുന്നു. ഇപ്പോൾ കിള്ളിമംഗലം കുട്ടൻ, കേശവൻ, രാമചന്ദ്രൻ പൈങ്കുളം കുട്ടികൃഷ്ണൻ, ഉണ്ണികൃഷ്ണൻ, രാമൻ, ഹരിദാസൻ ഈ രംഗത്തെ പ്രശസ്തരാണ്.

പാക്കനാർ പാട്ടിൽ പൈങ്കുളം ശങ്കരൻ, രാമൻകുട്ടി എന്നിവർ പ്രശസ്തരാണ്.

ഓണത്തല്ല് (കയ്യാംകളി) രംഗത്ത് പ്രവർത്തിച്ചിരുന്ന പ്രശസ്തരായ പല കലാകാരന്മാരും ഉണ്ടായിരുന്നു. കുന്ദംകുളം, ചെറുത്തുരുത്തി, വെങ്ങാനെല്ലൂർ തുടങ്ങിയ സ്ഥലങ്ങളില നടന്നുവന്നിരുന്ന കയ്യാംകളിയിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങിയിട്ടുള്ള കുട്ടിയപ്പുറാവുത്തർ , കുന്നിന്മേൽ കുഞ്ഞു, വിളക്കത്തല അച്യുതൻ നയർ, അപ്പു, പൈങ്കുളം കുഞ്ഞുണ്ടു എന്നിവർ അതിൽ പ്രധാനികളാണ്. വടക്കേപ്പാട്ട് കേശവമേനോൻ, കയ്യാങ്കളി വിദഗ്ദ്ധനും സംഘാടകനുമാായിരുന്നു. ഇപ്പോൾ കൂനിന്മേൽ നാരായണൻ, തലച്ചിറ പരമശ്വേരൻ തുടങ്ങിയവർ ഈ രംഗത്തുണ്ട്.

പണ്ട് പാഞ്ഞാൾ പഞ്ചായത്തിലെ പല വീടുകളിലും പാന, മുടിക്കെട്ട്, തോറ്റംപാട്ട്, വിളക്കുകൊളുത്തിപ്പാട്ട് (ഉദയാസ്തമയ പാട്ട്) തുള്ളൽ തുടങ്ങിയ പരിപാടികൾ നടത്തിവന്നിരുന്നു. ഇപ്പോൾ ഇതൊന്നും പ്രചാരത്തിലുള്ളതായി കാണുന്നില്ല. അറവനമുട്ട്, കോൽക്കളി മുതലായ കലകൾ അറിയാവുന്നവരുണ്ടെങ്കിലും ഇപ്പോൾ ഈ കലകൾ പ്രചാരത്തിലില്ല.

ജ്യോതിശാസ്ത്രരംഗത്ത് പാഞ്ഞാൾ, കിള്ളിമംഗലം, പൈങ്കുളം തൊഴുപ്പാടം ഭാഗങ്ങളിൽ പ്രശസ്തരായ പല ജ്യോതിഷന്മാരും പ്രവർത്തിക്കുന്നുണ്ട്.

ആനപരിപാലനരംഗത്തും ചികിൽസാരംഗത്തും വിസ്മരിക്കാൻ പാടില്ലാത്ത വ്യക്തിത്വത്തിനുടമായാണ്, ഒരു കാലത്ത് കേരളത്തിലെ പ്രസിദ്ധ ആനയായിരുന്ന 'കൂടലാറ്റുപുറം രാമചന്ദ്രൻെറ' ഉടമ കൂടലാറ്റൂർ മനയ്ക്കൽ ഭാസ്ക്കര നമ്പൂതിരിപ്പട്.

കിള്ളിമംഗലം നരിക്കുന്നത്ത് മുമ്പ് സംസ്കൃത പാഠശാല ഉണ്ടായിരുന്നു. നമ്പൂതിരി സമുദായത്തിലെ ഉൽപ്പതിഷ്ണുക്കളായ നമ്പൂതിരരമാരുടെ നേതൃത്വത്തിൽ നമ്പൂതിരിമാർക്ക് ആധുനിക വിദ്യാഭ്യാസം നലകുന്നതിന് പാഞ്ഞാളിൽ E.N.B. (ഇംഗ്ലീഷ് നമ്പൂതിരി ബാലിക വിദ്യാലയം) സ്ഥാപിക്കുകയുണ്ടായിട്ടുണ്ട്. അതാണ് ഇപ്പോൾ പാഞ്ഞാൾ ഹൈസ്ക്കൂളായി മാറിയിട്ടുള്ളത്.

കലാ സാംസ്ക്കാരിക രംഗത്ത് മിക[്ച്ചപാരമ്പര്യമുള്ള പഞ്ചായത്താണ് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്. സാമൂതിരി കോവിലകത്തെ സംഗീതജ്ഞനായിരുന്ന അച്യുതകുറപ്പ്, പാവക്കൂത്ത് ആചാര്യൻ ഭാഗവതർ കുഞ്ഞികൃഷ്ണകുറപ്പ്, കമേഴ്സ്യൽ ആർട്സിൽ ഇന്ത്യാ ഗവൺമെൻറ് ഫെല്ലോിപ്പ് ലഭിച്ച വടക്കേപ്പാട്ട് കെ.കെ. മേനോൻ, മഹാസംസ്കൃതപണ്ഡിതനും കലാമണ്ഡലം സൂപ്രണ്ടുമായിരുന്ന കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്.

കഥകളി, കൂടിയാട്ടം, മോഹിനനയാട്ടം തുടങ്ങിയ ക്ലാസ്സിക് കലകളെക്കിറിച്ച് പഠനം നടത്തുന്ന 'ഡോക്യുമെൻേറഷൻ സെൻറർ' എന്ന അന്തരാഷ്ട്ര പ്രശസ്തമായ സ്ഥാപനം കിള്ളിംഗലം വാസുദേവൻ നമ്പൂതിരരപ്പാടിൻെറ നേതൃത്വത്തിൽ നടന്നുവരുന്നു. ധാരാളം വിദേശികൾ ഇവിടം സന്ദർശിക്കാറുണ്ട്.

ഈ പഞ്ചായത്തിലെ പാഞ്ഞാൾ, കിള്ളിമംഗലം, പൈങ്കുളം വായനശാലകൾ തലപ്പിള്ളി താലൂസ്സിലെ തല്[ന്നപ്രധാനപ്പെട്ട വായനശാലകാണ്.

| | വായനശാല | സ്ഥാപിത വർഷം | ഗ്രേഡ് | പൂക്തകകങ്ങളുകെ എശണണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | കിള്ളിമംഗലം | 1943 | 4 | 9165 | 1300 | മാസിക 3<br>പത്ര 2 |
| 2. | പാഞ്ഞാൾ | 1943 | 4 | 10567 | 1650 | മാസിക 6<br>പത്രം 6 |
| 3. | പൈങ്കുളം | 1945 | 4 | 6114 | 1100 | മാസിക 3<br>പത്രം 2 |

കിള്ളിമംഗലം വായനശാലയോടനുബദ്ധിച്ച് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. കൂടാതെ സാക്ഷരതാ പ്രവർത്തിലും പങ്കെടു[ക്കുന്നു. പാഞ്ഞാൾ വായനശാലയോടനുബന്ധിച്ച് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. വായനശാലകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

പാഞ്ഞാൾ പഞ്ചായത്തിലെ 700ൽ പരം മലയാള പത്രങ്ങളും എക്സ്പ്രസ്സ്, ഹിന്ദു,, പീീപ്പിൾസ് ഡെമോക്രസി തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങഴും ഏതാണ്ട് എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങഴിം ഇവിടെ പ്രചാരത്തിലുണ്ട്.

| പ്രധാന പത്രങ്ങൾ | കോപ്പികളുടെ എണ്ണം |
|---|---|
| മാതൃഭൂമി | 356 |
| മലയാള മനോരമ | 214 |
| ദേശാഭിമാനന | 78 |
| ചന്ദ്രിക | 29 |
| എക്സ.പ്രസ്സ് | 26 |
| മാധ്യമം | 6 |

| | വായനശാല | സ്ഥാപിത വർഷം | ഗ്രേഡ് | പുസ്ക്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | കിള്ളിമംഗലം | 1943 | 4 | 9165 | 1300 | മാസിക 3 പത്ര 2 |
| 2. | പാഞ്ഞാൾ | 1943 | 4 | 10567 | 1650 | മാസിക 6 പത്രം 6 |
| 3. | പൈങ്കുളം | 1945 | 4 | 6114 | 1100 | മാസിക 3 പത്രം 2 |

കിള്ളിമംഗലം വായനശാലയോടനുബന്ധിച്ച് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. കൂടാതെ സാക്ഷരതാ പ്രവർത്തിലും പങ്കെടുക്കുന്നു. പാഞ്ഞാൾ വായനശാലയോടനുബന്ധിച്ച് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. വായനശാലകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ 700ൽ പരം മലയാള പത്രങ്ങളും എക്സ്പ്രസ്സ്, ഹിന്ദു,, പീപ്പിൾസ് ഡെമോക്രസി തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും ഏതാണ്ട് എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്.

| പ്രധാന പത്രങ്ങൾ | കോപ്പികളുടെ എണ്ണം |
|---|---|
| മാതൃഭൂമി | 356 |
| മലയാള മനോരമ | 214 |
| ദേശാഭിമാനി | 78 |
| ചന്ദ്രിക | 29 |
| എക്സ.പ്രസ്സ് | 26 |
| മാധ്യമം | 6 |

ഈ പഞ്ചായത്തിൽ ഒരു സിനിമാശാലയുണ്ട്. ഉദ്ദേശം 3% വീടുകളിൽ ടെലിവിഷനുണ്ട്. റേഡിയോ വ്യാപകമായി ഉപയോഗിക്കുന്നു. കിള്ളിമംഗലത്ത് കേബിൾ ടി.വി. പ്രവർത്തനം തുടങ്ങിയിരിക്കുന്നു.

പഞ്ചായത്തിന്റെ ചരിത്രത്തിൽ 17 യാഗങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അടുത്ത കാലത്ത് ഇവിടെ നടന്ന "അതിരാത്രം" പാഞ്ഞാൾ എന്ന കൊച്ചു ഗ്രാമത്തെ ലോക പ്രശസ്തിയിലേക്കു ഉയർത്താൻ സഹായിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ - സാധ്യതകൾ

- വായനശാലകൾക്കു ലഭിക്കുന്ന ഗ്രാൻറ് അപര്യാപ്തമായതിനാൽ തുടർ പ്രവർത്തനങ്ങൾക്കു തടസ്സം നേരിടുന്നു. കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും അറ്റകുറ്റ പണികൾ നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ട് പുസ്തകങ്ങളും ഫർണിച്ചറുകളും നശിച്ചു പോയിക്കൊണ്ടിരിക്കുന്നു.
- ദൃശ്യമാധയമങ്ങളുടെ കടന്നു കയറ്റം ആളുകളുടെ വായനാശീലം കുറക്കുന്നു.
- വായനശാലകൾ വയറിംഗ് ചെയ്തിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല. അതിനാൽ പുരോഗമ പ്രവർത്തനങ്ങൾ അസാദ്ധ്യമാകുന്നു. വായനാ ശാലകൾക്ക് വൈദ്യുതി സൗജന്യമാക്കണം.
- വിവാഹങ്ങളുടെ ആർഭാടം വർദ്ധിച്ചത് സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുന്നു.
- തനതുകലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും യാതൊരു സഹചര്യങ്ങളും സൗകര്യങ്ങളുമില്ല.
- പാഞ്ഞാൾ പഞ്ചായത്ത് സാംസ്കാരിക നിലയം ഇനിയും സ്ഥാപിച്ചിട്ടില്ല. ഇതുമൂലം കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉചിതമായ വേദി സൃഷ്ടിക്കുന്നു.
- ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. എങ്കിലും സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്ന് അവർ വെറിട്ടു നിൽക്കുന്നു. അവരെ ഊർജ്ജസ്വലരാക്കാൻ സാധിക്കുന്നില്ല (ബോധവൽക്കരണത്തിന്റെ അഭാവം, യാഥാസ്ഥിതികമായ ചുറ്റുപാടിൽ നിന്നുള്ള മോചനം)
- കലാ-സാംസ്കാരിക മണ്ഡലങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്നവർക്ക് യാതൊരു തൊഴിലവസരങ്ങളും നിലവിലില്ല.
- പഞ്ചായത്തിലെ വനിതാ ജന സാന്ദ്രത കൂടിയ പ്രദേശങ്ങളിലും കോളനികളിലും സാക്ഷരതാ പരിപാടിയും തുടർ വിദ്യാഭ്യാസ പരിപാടിയും നിലവിലില്ലാത്തതിനാൽ ഈ വിഭാഗങ്ങൾ ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്.
- ചാത്തംകുളം, വാഴാലിപ്പാടം, തൊഴൂപ്പാടം എന്നീ സ്ഥലങ്ങളിലുള്ള വിദ്യാസമ്പന്നർക്ക് നിലവിലുള്ള വായന ശാലകളിൽ നിന്നു് പുസ്തകം എടുത്ത് പോകാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം.
- കീഴില്ലത്ത് ഒരു സാംസ്കാരിക നിലയവും വായനശാലയും ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽനിന്നു വേറിട്ടു നിൽക്കുന്നു.
- എല്ലാ വായന ശാലകളിലും ടെലിവിഷൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വിജ്ഞാനദാഹം അതേപടി സാധാരണക്കാരിൽ തന്നെ ഒതുങ്ങുന്നു.
- പഞ്ചായത്തുവക ഒരു കല്ല്യാണ മണ്ഡപവും ഒരു മിനി ഓഡിറ്റോറിയവും ഇല്ല. അതിനാൽ ബുദ്ധിമുട്ട് വളരെയധികം അനുഭവപ്പെടുന്നു. ഉദുവടിയിൽ പഞ്ചായത്തു വക സ്ഥാലത്ത് ഉടൻ ഒരു കല്ല്യാണ മണ്ഡപവും നിർമ്മിക്കണം.
- നാടൻകലാസംരക്ഷണത്തിന് ഒരു അക്കാദമിക സംഘം രൂപീകരിച്ചിട്ടില്ലാത്തതിനാൽ ആ പ്രവർത്തനങ്ങൾ നടക്കുന്നില്ല.
- വായനശാല ഇല്ലാത്ത വാർഡുകളിൽ

അതിനുള്ള സൗകര്യം ഉണ്ടാക്കാത്തതു കോണ്ട് ജനങ്ങൾ പലപ്പോഴും പ്രയാസത്തിലാകുന്നു.

- പഞ്ചായത്ത് മുൻകയ്യെടുത്ത് ഇതു വരേയും സാംസ്കാരിക സദസ്സുകളും സെമിനാറുകളും സംഗീത സദസ്സുകളും നടത്താത്തതുകൊണ്ട് ആ വിഭാഗത്തിൽ പലർക്കും ആവശ്യമായ ഉണർവ്വു ണ്ടാക്കാൻ കഴിയുന്നില്ല.

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കണം.

- കിള്ളിമംഗലം, പൈങ്കുളം, പാഞ്ഞാൾ വായനശാലകളോടനുബന്ധിച്ച് കലാപരിപാടികളും മറ്റും നടത്തുവാൻ കമ്മ്യൂണിറ്റി ഹോളുകൾ നിർമ്മിക്കണം.

- നിലവിലുള്ള വായനശാല കെട്ടിടങ്ങൾ പുതുക്കി പണിയണം.

ചാത്തംകുളം ഭാഗത്ത് ഒരു ഗ്രന്ഥശാല സ്ഥാപിക്കണം.

- പൈങ്കുളത്ത് ഒരു റിക്രിയേഷൻ ക്ലബ് സ്ഥാപിക്കണം.

- മിനി സ്റ്റേഡിയത്തിൻെറ തറ പുർത്തീകരിച്ച് ഓഡിറ്റോറിയമാക്കണം.

- കിള്ളിമംഗലം വായനശാലയിൽ ഒരു ടി.വി. സെറ്റ് സ്ഥാപിക്കണം.

- കിള്ളിമംഗലം, തൊഴൂപ്പാടം, കീഴില്ലം ഭാഗങ്ങളിൽ കളിസ്ഥലം നിർമ്മിക്കണം.

- ക്ലബ്ബുകൾക്ക് കെട്ടിടങ്ങൾ പണിയാൻ ധനസഹായം നൽകണം.

- വായനശാലകളിൽനിന്നും പുസ്തകങ്ങൾ വീടുകളിലെത്തിച്ച് വായന കഴിഞ്ഞ് തിരിച്ചു വായനശാലയിൽ തന്നെ പുസ്തകം എത്തിക്കുന്നതിന് ഒരാളെ ഏർപ്പെടുത്തണം.

# വനിത



# വനിത

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് ജനസംഖ്യയിൽ സ്ത്രീകൾക്കാണ് മുൻതുക്കം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20727. സ്ത്രീകളുടെ എണ്ണം 10888 ആണ് മൊത്തം ജനസംഖ്യയുടെ 52.53% .മൂന്നു വില്ലേജുകൾ അടങ്ങുന്ന ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 10 വാർഡകളിലും സ്ത്രീജനസംഖ്യയാണു കൂടുതൽ

| വില്ലേജിൻെറ പേര് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| പൈങ്കുളം | 3811 | 4327 | 8138 |
| കിള്ളിമംഗലം | 3668 | 3982 | 7650 |
| പാഞ്ഞാൾ | 2360 | 2579 | 4939 |

പട്ടികജാതി സമൂഹങ്ങളിലും പുരുഷൻമാരെക്കാൾ സ്ത്രീകളാണ് കൂടുതൽ .സാക്ഷരതാ നിരക്കിലും സ്ത്രീകളാണ് കൂടുതൽ. എന്നാൽ ഈ പഞ്ചായത്തതിർത്തിയിൽ പഠിക്കുന്ന ആകെ വിദ്യാർത്ഥികളിൽ പെൺകുട്ടികൾ കുറവാണ്. പഞ്ചായത്തിലെ ഒട്ടനവധി കുടുംബങ്ങൾ കുടുംബിനികളുടെ നേതൃത്വത്തിലാണ്. എന്നാൽ തൊഴിൽപരമായി പുരുഷൻമാരെക്കാൾ സ്ത്രീകൾ വളരെ പുറകിലാണ്. കാർഷികമേഖലകളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടുതൽകാണുന്നു. കെട്ടിട നിർമ്മാണരംഗത്തും സ്ത്രീകളാണ് കൂടുതലുള്ളത്. സർക്കാർ തലത്തിൽ ജോലിചെയ്യുന്നവർ ഈ പഞ്ചായത്തിൽ വളരെ കുറച്ചുപേർ മാത്രമാണ്. എന്നാൽ കൈത്തറി, നൂൽനൂൽപ്പ് എന്നീ തൊഴിലുകളിൽ സ്ത്രീകൾ കൂടുതൽ പങ്കാളികളാണ്. സാമൂഹികരംഗത്തും രാഷ്ട്രീയരംഗത്തും സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. എന്നാൽ ഇപ്പോൾ പഞ്ചായത്ത്രാജ് സംവിധാനം നിലവിൽവന്നപ്പോൾ വനിതകളുടെ പ്രാതിനിധ്യം ഉണ്ട്. എന്നാൽ പൊതുരംഗത്ത് സ്ത്രീകൾ വളരെ പിന്നിലാണ്. രാഷ്ട്രീയതലങ്ങളിൽ വനിതകൾ സംവരണാടിസ്ഥാനത്തിലുള്ളതുമാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ പലരും ഇന്ന് കുടുംബിനികളായി ഒതുങ്ങിക്കഴിയാൻ ഇഷ്ടപ്പെടുന്നവരാണ്. ഈ പഞ്ചായത്തിൽ വനിതകളുടെ നിയന്ത്രണത്തിലുള്ള സംഘടനകൾ വളരെ കുറവാണ്. പൊതുവെ വിദ്യഭ്യാസസ്ഥാപനങ്ങളിൽ വനിതകൾ കൂടുതലുണ്ട്. എന്നാൽ വിദ്യഭ്യാസസ്ഥാപനങ്ങൾ പെൺകുട്ടികൾക്ക് മാത്രമായിട്ടുള്ളതല്ല. പൊതുവെ തൊഴിൽ രംഗത്ത് സ്ത്രീപുരുഷവേദന നിരക്കിൽ കാര്യമായ അന്തരം കാണുന്നുണ്ട്.

പുരുഷൻമാരെക്കാൾ വേതനം കുറവാണ് സ്ത്രീകൾക്ക് കാർഷീക കെട്ടിട നിർമ്മാണ മേഖലകളിൽ വർഷത്തിൽ വളരെ കുറച്ചു ദിവസങ്ങൾ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ഈ രംഗത്തുള്ള തൊഴിലാളി കൾക്ക് തൊഴിൽ ലഭിക്കുന്ന ദിവസത്തെ വേതനം എന്നതല്ലാതെ മററു ആനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കാത്തതുകാരണം സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വനിതകൾ മാത്രമായ തൊഴിൽ സംരംഭങ്ങൾ തുന്നൽ, പുൽപ്പായ, ചെരുപ്പുനിർമ്മാണം, ഖാദിമേഖലയിൽ നൂൽനൂൽപ്പ് കുട നിർമ്മാണം(രണ്ടു കേന്ദ്രങ്ങൾ) എന്നീ സ്ഥാപനങ്ങൾ വനിതകൾ മാത്രമായി നടത്തുന്നുണ്ട്. ഇവയുടെ പ്രവർത്തനം വ്യാപകവും വിജയപ്രദവും ആക്കുകയാണ് തൊഴിൽ സാമ്പത്തികരംഗത്തെ സ്വയം പര്യാപ്തതയ്ക്കുള്ള ഏകമാർഗ്ഗം.

<u>നൂൽനൂൽപ്പ്</u>: പാഞ്ഞാൾ പ്രദേശത്ത് ഖാദിമേഖലയിലുള്ള ഒരു നൂൽനൂൽപ്പു കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇന്ന് അതിൽ തൊഴിലെടുക്കുന്ന വനിതകൾക്ക് മാന്യമായ ഒരു കുടുംബജീവിതം നയിക്കാൻ പര്യാപ്തമായ വേതനം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതിൽ തന്നെ വർഷത്തിൽ മുഴുവൻ ദിനങ്ങളിലും അവർക്ക് തൊഴിലും ലഭിക്കുന്നില്ല. വിപണന മേഖലയിലെ അപര്യാപ്തതയാണ് ഇതിനുള്ള പ്രധാനതടസ്സം. അതിനുള്ള പരിഹാരം ഇവിടെ തയ്യാറാക്കുന്ന നൂൽനെയ്ത്ത് തുണിയാക്കിമാററാവുന്ന നെയ്ത്ത്കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ പൈങ്കുളം, തൊഴുപ്പാടം കേന്ദ്രങ്ങളിൽ ആരംഭിക്കുകയും അതിനാവശ്യമായ നൂൽ ലഭിക്കാൻ ആവശ്യമായ

ഒന്നോ രണ്ടോ നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ കിള്ളിമംഗലം മുതലായ സ്ഥലങ്ങളിൽ കൂടി അനുവദിച്ചാൽ കൂടുതൽ വനിതകളെ തൊഴിൽ ഉള്ളവരാക്കി തീർക്കാൻ പററുന്നതാണ്.

തുന്നൽ: പെൺകുട്ടികൾക്ക് തുന്നൽ പരിശീലനം നൽകുന്ന ഒന്നുരണ്ടു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നല്ലാതെ വ്യവാസയികമായിഇതുവരെ തുന്നൽരംഗത്ത് യാതൊരു പ്രവർത്തനവും ഇവിടെ ആരംഭിച്ചുകാണുന്നില്ല. വനിതകളുടെ സഹകരണാടിസ്ഥാനത്തിലുള്ള ഒരു Redymade garments സംരംഭം തുടങ്ങുവാനുള്ള വനിത ശക്തി ഇവിടെ ധാരാളമായിട്ടുണ്ട്.അതിനുവേണ്ടുന്ന പ്രവർത്തനം പഞ്ചായത്തിനെ മൊത്തത്തിൽ ഉൾപ്പെടുത്തി കിള്ളിമംഗലം ഉദുവടി ഭാഗത്ത് ആരംഭിക്കാവുന്നതും അവിടെതന്നെ വിപണന സാധ്യതയുള്ള ഒരു വിപണനകേന്ദ്രം ആരംഭിക്കാവുന്നതുമാണ്. വനിതകൾക്കുള്ള മാക്സി, കുട്ടികളുടെ ഉടുപ്പ് മുതലായവ വലിയമുടക്കുമുതൽ കൂടാതെ തന്നെ വിജയപ്രദമായി ആരംഭിക്കാവുന്നതാണ്.

ചെരുപ്പുനിർമ്മാണം: വനിതകളുടേതായ ചെരുപ്പുനിർമ്മാണകേന്ദ്രം ഇവിടെ പാഞ്ഞാളിൽപ്രവർത്തിക്കുന്നുണ്ടെങ്കിലും അതിൽ വനിതകൾക്കുള്ള പങ്ക് കടലാസ്സിലല്ലാതെ പ്രവർത്തനത്തിൽ അത്ര കൂടുതലായികാണുന്നില്ല. എങ്കിലും റബ്ബർ കൃഷി വ്യാപകമായിട്ടുള്ള ഈ പഞ്ചായത്തിൽ റബ്ബർ ചെരുപ്പുകൾ നിർമ്മിക്കാൻ ആവശ്യമായ അസംസ്കൃത വസ്തു ധാരാളമായി ലഭിക്കുന്നതുകൊണ്ട് സ്ത്രീകളുടെ സഹകരണാടിസ്ഥാനത്തിലുള്ള റബ്ബർ ചെരുപ്പു നിർമ്മാണകേന്ദ്രം പഞ്ചായത്ത് പ്രദേശത്ത് വളരെ വിജയകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്. വനിതകളുടെ സഹകരണാടിസ്ഥാനത്തിലുള്ള ഈ വ്യത്യസ്ഥ ഉൽപ്പന്നങ്ങൾ വിററഴിക്കാൻ ഒന്നോ, രണ്ടോ വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാവുന്നതാണ്.

പുൽപ്പായനെയ്ത്ത്: വനിതകളുടെ നേതൃത്വത്തിൽ മണലാടി ഭാഗത്ത് ഒരു പുൽപ്പായനെയ്ത്തുകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. അവർക്കുള്ള പ്രധാന പ്രശ്നം വിപണനമാണ്. യന്ത്രവൽകൃതമായി നിർമ്മിക്കുന്ന പുൽപ്പായയുമായി മത്സരിക്കാൻ കൈകൊണ്ടു നെയ്തെടുക്കുന്ന പുൽപ്പായക്കാർക്ക് കഴിയുന്നില്ല എന്നതാണ് സത്യം.എങ്കിലും വിപണനത്തിനുള്ള എന്തെങ്കിലും സൗകര്യം ചെയ്തു കൊടുക്കാൻ കഴിഞ്ഞാൽ ഇതും, പഞ്ചായത്തിൻെറ മററുഭാഗങ്ങളിൽ ഒന്നോ, രണ്ടോ കേന്ദ്രങ്ങൾകൂടി തുറന്ന് ഇതിൻെറ നിർമ്മാണം കുറച്ചുകൂടി വ്യാപകമാകാനും കുറെ കൂടി വനിതകൾക്ക് ഈ രംഗങ്ങളിൽ തൊഴിൽ നൽകാനും സാധ്യമാകും.

കുടനിർമ്മാണം: വനിതകളുടെ നേതൃത്വത്തിൽ രണ്ടു കുട നിർമ്മാണ യൂണിററുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. താരതമ്യേന കുറഞ്ഞ നിരക്കിൽ കുടകൾ നിർമ്മിക്കാൻ കഴിയുന്നുണ്ടെങ്കിലും വിപണനശൃംഖലകളുടെ അപര്യാപ്തത മൂലം വിപണിയിൽ മത്സരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതിനുള്ള പരിഹാരം ഈ പഞ്ചായത്തിലും ഏററവുചുരുങ്ങിയ ത് ഈ ബ്ലോക്കിനു കീഴിൽ വരുന്ന പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ കീഴിൽ വരുന്നവിൽപ്പനകേന്ദ്രങ്ങൾ ഈ കുടകൾമാത്രം വിപണനം ചെയ്യു കയാണെങ്കിൽ ഒരു പരിധി വരെ അവരുടെ ഉൽപ്പന്നങ്ങൾ വിററഴിക്കാൻ സാധിക്കും എന്നുള്ളതാണ്.

ചെറുകിട മേഖലയിൽ വനിതകളുടെനേതൃത്വത്തിൽഅച്ചാർ നിർമ്മാണം,മെഴുകുതിരി, സേപ്പുനിർമ്മാണം,ബൈഡിങ്ങ്തുടങ്ങിയ വിവിധ തൊഴിലുകൾ തൊഴിലില്ലാത്ത വനിതകൾകൂടുതലായുള്ളപൈങ്കുളം മേഖലയിൽആരംഭിക്കാനുള്ള സാധ്യതകളെചൂഷണം ചെയ്യാവുന്നതാണ്.അതുപോലെ തന്നെ പുഷ്പകൃഷി, കൂൺ കൃഷി, പട്ടുനൂൽപുഴു വളർത്തൽ, കുററിമുല്ല കൃഷി, മുതലായ മുടക്കുമുതൽ വളരെ കുറവായ ചെറുകിട കൃഷിരീതികളും പരീക്ഷിക്കാവുന്നതാണ്. ഇതിനു തയ്യാറുള്ള വനിതകളെ പഞ്ചായത്തടിസ്ഥാനത്തിൽ വിളിച്ച് പരിശീലന ക്ലാസ്സുകൾ നടത്തുകയും ആവശ്യമായ ധന സഹായം നൽകുകയും വേണം. വിപണനത്തിനായി പഞ്ചായത്ത് തലത്തിൽ ഹോർട്ടികൾച്ചറൽസൊസൈററി സ്ഥാപിച്ചാൽ മാർക്കററിങ്ങ് സംവിധാനം ആകുന്നതാണ്.

മഹിളാസമാജങ്ങളുടേയും അംഗൻവാടികളുടേയും പ്രവർത്തനങ്ങളെ കുറിച്ചു പറയുമ്പോൾ പഞ്ചായത്തിലെ 10 വാർഡുകളിലെ 8

വാർഡുകളിൽചുരുങ്ങിയത് 2 അംഗൻവാടി വീതം 22 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 7-ാം വാർഡിലും, 8-ാം വാർഡിലും ഓരോ അംഗൻവാടകൾ കൂടി അനുവദിക്കണം. അംഗൻവാടികൾ എല്ലാം തന്നെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും അവയുടെ വർഷാവർഷമുള്ള അററ കുററ പണികൾ നടക്കുന്നില്ല . കുടിവെള്ളത്തിൻെറ ആവശ്യത്തിന് കിണറ്, പൈപ്പ് മുതലായ സൗകര്യ ങ്ങൾ ഒന്നോ രണ്ടോ അംഗൻവാടികളിലേ ലഭ്യമായിട്ടുള്ളൂ. പഞ്ചായത്തിൻെറ എല്ലാപ്രദേശങ്ങളുടേയും പ്രാതിനിധ്യം ലഭിക്കാവുന്ന തരത്തിൽ നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം കുറെക്കൂടി ഊർജ്ജിതമാക്കി അവയുടെ പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്. അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമായ നിരക്കിലുള്ളതാണ്. ഒരു ജീവനോപാധി എന്ന നിലയിൽ കുറെ കൂടി മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുകയും, കുറെ കൂടി പോഷകാഹാരം ലഭിക്കുന്നപദാർത്ഥങ്ങൾ ഗർഭിണികൾക്കും കുട്ടികൾക്കും നൽകാവുന്നതരത്തിൽ അവയുടെ പ്രവർത്തനം ക്രമീകരിക്കു കയും ചെയ്താൽ ആരോഗ്യശുചിത്വ പരിപാലനരംഗങ്ങളിൽ കുറെകൂടി മെച്ചപ്പെട്ട നിലവാരം സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിയും. നേഴ്സറി സ്കൂളുകളിൽ കുട്ടികൾക്കുവിനോദത്തിനും പഠനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

മഹിളാസമാജങ്ങളുടെ പ്രവർത്തനത്തെകുറിച്ച്പറയുകയാണെങ്കിൽ അവ വളരെ ദുർലഭമാണ്. മസ്ലീം ജനസംഖ്യ കൂടുതലുള്ളതും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുമായ ഉദുവടി, തൊഴുപ്പാടം, പാറപ്പുറം എന്നീപ്രദേശങ്ങളിൽ പുതിയ വായനശാലകൾ ആരംഭിക്കേണ്ടതും അവയെ വെറും പുസ്തക കേന്ദ്രം മാത്രംമായി നിലനിർത്താതെ തുടർസാക്ഷരതാ , വയോജനവിദ്യഭ്യാസ പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

ചാരായനിരോധനം കൊണ്ട് പല കുടുംബങ്ങളിലും സാമ്പത്തികമായും സമാധാനപരമായും ജീവിതം നയിക്കാൻ കഴിയുന്നുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം ആണ് പഞ്ചായത്തു കളിൽ വേണ്ടത്. സ്ത്രീധനത്തിൻെറ പേരിലുള്ള പീഡനക്കേസുകൾ ഇവിടെ പൊതുവെ ഇല്ലെന്നുതന്നെ പറയാം.ഇന്ന് നിലവിലുള്ള സിനിമാ പോസ്റ്റുകളിൽ സ്ത്രീകളെ അസ്ലീലമായി ചിത്രീകരിക്കുന്നത്തടയേണ്ടത് ആവശ്യമാണ്.

സമൂഹത്തിൽ സദാചാര വൈകല്യങ്ങൾകൊണ്ടും, വാർദ്ധക്യത്തിൽ അനാധരാകുന്ന സ്ത്രീകളെയും സംരക്ഷിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു അഗധിമന്ദിരം സ്ഥാപിക്കേണ്ടതാണ്. ●

# സഹകരണം

സഹകരണ പ്രസ്ഥാനം സാമൂഹിക ജീവിതത്തിൽവരുത്തിയ പരിവർത്തനങ്ങൾ വളരെ വലുതാണ്. ദേശീയ പ്രസ്ഥാനത്തിൻെറയും നവോത്ഥാന പ്രസ്ഥാനത്തിൻെറയും തുടർച്ചയായി രൂപപ്പെട്ട സഹകരണ പ്രസ്ഥാനം കർഷകാതി ബഹുജനങ്ങളുടെ ജീവിതത്തിന് നിവർന്നുനിൽക്കാൻ സഹായകമായ ഊന്നുവടിയായി ത്തീർന്നു.

നൂററാണ്ടുകളോളം നിലനിന്ന അടിമത്വത്തിൽ നിന്ന് മോചനം നേടുന്നതിനു വേണ്ടിവന്ന സഹനങ്ങളും ത്യാഗങ്ങളും മഹായുദ്ധങ്ങൾ വരുത്തിവച്ച കെടുതികളും ദാരിദ്ര്യവും ആഘാതങ്ങൾക്കുമേൽ ആഘാതങ്ങളേൽപ്പിച്ചു തളർത്തപ്പെട്ട ഗ്രാമീണ ജീവിതത്തിന് പുനരുജ്ജീവനത്തിനുള്ള പ്രാണവായു പോലെയാണ് സഹകരണ പ്രസ്ഥാനം അനുഭവപ്പെട്ടത്.

നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഭിന്നമല്ല. കർഷക സേവനങ്ങൾക്കായി രൂപം കൊണ്ട കിള്ളിമംഗലം സഹകരണസംഘം ഒരു ബാങ്കായി വളർന്നതിൻെറയും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന വിവിധ സഹകരണ സംഘങ്ങളും സ്ഥാപനങ്ങളും തുടർച്ചയായി ഉയർന്നു വന്നതിൻെറയും പിന്നിൽ നിരവധിയാളുകളുടെ ആത്മാർപ്പണവും ത്യാഗോജ്ജ്വല പ്രവർത്തനങ്ങളുമുണ്ട്.

സഹകരണത്തിൻെറയും സ്വയം സമർപ്പണത്തിൻെറയും ജനകീയപങ്കാളിത്തത്തിൻേറയും ഹൃദ്യമായ അന്തരീക്ഷത്തിൽ നിന്നു കൊണ്ടു നോക്കുമ്പോൾ ഒട്ടേറെ പുതിയ പുതിയ സാധ്യതകൾ കാണുന്നു.

ആദ്യമായി നമുക്കൊരു വിലയിരുത്തൽ നടത്തിനോക്കാം .

കൊച്ചി രാജവംശ കാലത്ത് ഈ നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിൽ പാഞ്ഞാൾ കിള്ളിമംഗലം പൈങ്കുളം വില്ലേജുകളിൽ പ്രവർത്തിച്ചുവന്നിരുന്ന പരസ്പര സഹായ സഹകരണ സംഘങ്ങളെയാണ് സഹകരണ രംഗത്തെ ഈ പഞ്ചായത്തിലെ ആദ്യകാല സ്ഥാപനങ്ങളായി കണക്കാക്കുന്നത്.

തുടന്ന് 1916 M .E.1091ഈ പഞ്ചായത്തിലെ പാഞ്ഞാൾ,കിള്ളിമംഗലം വില്ലേജുകളേയും, ഈ പഞ്ചായത്തിൽ നിന്നും മുള്ളൂർക്കര പഞ്ചായത്തിൻെറ ഭാഗമായി മാറിയ ആററൂർ വില്ലേജിനേയും പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തികൊണ്ട് കിള്ളിമംഗലം സർവ്വീസ് സഹകരണസംഘം നിലവിൽ വന്നു. കൂടാതെ ഈ പഞ്ചായത്തിലെ പൈങ്കുളം വില്ലേജും ചെറുതുരുത്തി പഞ്ചായത്തിൻെറ ഭാഗങ്ങളും ഉൾകൊണ്ടുകൊണ്ട് ചെറുതുരുത്തി സർവ്വീസ് സഹകരണ സംഘം 1924 M.E(1099) പ്രവർത്തനമാരംഭിച്ചു.

തുടർന്ന് പാഞ്ഞാളിൽപ്രവർത്തിച്ചുവന്നിരുന്ന പരസ്പര സഹായ സഹകരണസംഘം കിള്ളിമംഗലം സഹകരണസംഘത്തോടും, പൈങ്കുളത്തേത് ചെറുതുരുത്തി സർവ്വീസ് സഹകരണ സംഘത്തോടും അഫിലിയേററ് ചെയ്യുകയാണുണ്ടായത്. സ്വന്തമായി നിലനിൽക്കുവാനുള്ള സാമ്പത്തിക ഭദ്രതയില്ലായ്മയാണ് ഇതിനു നിദാനം.

ഈപഞ്ചായത്തിനോട് ബന്ധപ്പെട്ട മേൽപ്പറഞ്ഞ സഹകരണ സ്ഥാപനങ്ങൾക്കു പുറമെ പാഞ്ഞാൾ പഞ്ചായത്തുമുഴുവനും പ്രവർത്തന പരിധിയുള്ള "പാഞ്ഞാൾ പഞ്ചായത്ത് സെറികൾച്ചർ സൊസൈററി, ഈ പഞ്ചായത്ത് ഉൾപെടുന്ന തലപ്പിള്ളി താലൂക്കും, കൂടാതെ തൃശ്ശൂർ താലൂക്കും ഉൾപ്പെടുന്ന കിള്ളിമംഗലം പുൽപ്പായനെയ്ത്തു വ്യവസായ സഹകരണസംഘം എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

കൂടാതെ APCOSൻെറകീഴിൽ പ്രവർത്തിച്ചുവരുന്ന 1. പൈങ്കുളം ക്ഷീരോൽപാതകസഹകരണസംഘം2. പാഞ്ഞാൾ ക്ഷീരോൽപാദതക സഹകരണസംഘം. എന്നിവയ്ക്കുപുറമെ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന കിള്ളിമംഗലം ക്ഷീരോൽപാതക സഹകരണസംഘവുമാണ് പഞ്ചായത്തിലെ മററു സഹകരണ സ്ഥാപനങ്ങൾ.

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളുടെ വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | മൊത്തം അംഗങ്ങളുടെ എണ്ണം | അംഗീകൃത ഓഹരി മൂലധനം | പ്രവർത്തന മേഖല |
|---|---|---|---|---|---|
| 1 | ഫാർമേഴ്സ് സർവീസ് കോ ഓപ്പറേററീവ് ബാങ്ക് കിള്ളിമംഗലം | 1916 (1091M.E) | 6278 | 7,00,000/ | കിള്ളിമംഗലം ,പാഞ്ഞാൾ, ആററൂർ വില്ലേജുകൾ |
| 2 | സർവീസ് കോ ഓപ്പറേററീവ് ബാങ്ക് ചെറുതുരുത്തി | 1924 (1099M.E) | 8085 | 20,00,000/ | പൈങ്കുളം ചെറുതുരുത്തി നെടുമ്പാൾ വില്ലേജുകൾ |
| 3 | പാഞ്ഞാൾ പഞ്ചായത്ത് സെറികൾച്ചർ സൊസൈററി | 1990 | 14 | 1400 | പാഞ്ഞാൾ പഞ്ചായത്ത് |
| 4 | കിള്ളിമംഗലം പുൽപ്പായവ്യവസായ സഹകരണ സംഘം | 1953-54 | 34 | 4 ലക്ഷം | തലപ്പിള്ളി, തൃശ്ശൂർ താലൂക്കുകൾ |

പഞ്ചായത്തതിർത്തിയിലെ ക്ഷീരോൽപാദക സഹകരണസംഘങ്ങളും വിപണനത്തെ സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ(പ്രദിദിനം) | പഞ്ചായത്ത് അതിർത്തിയിൽ വിൽക്കുന്നത്, | പുറത്തേക്ക് അയക്കുന്നത്. |
|---|---|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണസംഘം പൈങ്കുളം (APCOS) | 123ലിററർ | 25ലിററർ | 98 ലിററർ |
| 2 | ക്ഷീരോദ്പാദക സഹകരണസംഘം പാഞ്ഞാൾ (APCOS) | 200ലിററർ | 40 ലിററർ | 160 ലിററർ |
| 3 | ക്ഷീരോദ്പാദക സഹകരണസംഘം കിള്ളിമംഗലം | 296ലിററർ | 115ലിററർ | 181ലിററർ |

പഞ്ചായത്തതിർത്തിയിൽ ഏററവും പ്രവർത്തനപരിധിയുള്ള സർവ്വീസ് ബാങ്ക് കിള്ളിമംഗലം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കാണ്. തൊട്ടടുത്ത ചെറു തുരുത്തിസർവ്വീസ് കോ - ഓപ്പറേററീവ് ബാങ്കും രണ്ടു സഹകരണ സ്ഥാപനങ്ങളുടേയും പ്രധാന വായ്പയിനം സ്വർണ്ണപണയം തന്നെയാണ്. കൃഷിവായ്പയ്ക്കാണ് തൊട്ടടുത്ത സ്ഥാനം.

സെറികൾച്ചർ സൊസൈററിയുടെ പ്രവർത്തനം ഇനിയും ഫലപ്രദമായിട്ടില്ല. 1990 ൽ തുടങ്ങിയ പ്രസ്തുത സംഘത്തിൻെറ സ്ഥിതി തുടങ്ങിയെടത്തു തന്നെയാണ്. കൂടുതൽ സ്ഥലങ്ങളിലേക്ക് ഇതിൻെറ പ്രവർത്തനം വ്യാപകമാക്കേണ്ടതുണ്ട്. പുൽപ്പായ നെയ്ത്തു സഹകരണസംഘത്തിൻെറ പ്രവർത്തനവും കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. ക്ഷീരോൽപാദക സഹകരണസംഘങ്ങളിലെ APCOS ൻെറ കീഴിൽ വരുന്ന സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് യഥാർത്ഥ വില ലഭിക്കുന്നില്ല എന്നത് പ്രസ്തുത സംഘങ്ങളിൽ പാൽ അളക്കുന്നതിന് ഉൽപാദകർ മടി കാണിക്കുവാൻ കാരണമാകുന്നു.

പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വികസന പ്രക്രിയയിൽ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പങ്ക് കാര്യമായതോതിൽ കാണുന്നില്ല. പുതിയ പ്രവർത്തനമേഖലയിലേക്ക് പ്രവേശിക്കുവാനുള്ള ആസൂത്രണത്തിൻെറ അഭാവവും, സ്ഥിരമായ പ്രവർത്തന മേഖലയിൽ ഒതുങ്ങി കൂടുവാനുള്ളപ്രവണതയുമാണ് സഹകരണരംഗം ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകാതിരിക്കുവാനുള്ള പ്രധാനകാരണം. വികസന രംഗത്ത് നൂതന സംരംഭങ്ങൾ ആവിഷ്ക്കരിച്ച് അതു വഴി ജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹകരണസ്ഥാപനങ്ങൾ തയ്യാറാകേണ്ടിയിരിക്കുന്നു.

**<u>പ്രശ്നങ്ങൾ</u>**

1. പഞ്ചായത്തിലെ ഒന്ന്,രണ്ട്, മൂന്ന്, നാല്, കൂടാതെ ഒമ്പത്, പത്ത്, എന്നീ വാർഡുകളിൽ സഹകരണസംഘങ്ങളുടെ യാതൊരു ശാഖയും നിലവിലില്ലാത്തതിനാൽ പ്രാസ്തുത വാർഡുകളിലെ ജനങ്ങൾ വളരെ അകലെയുള്ള ചെറുതുരുത്തി സർവ്വീസ് ബാങ്കിനെയും, കിള്ളിമംഗലം ഫാർമേഴ്സ് ബാങ്കിനേയും ആശ്രയിക്കേണ്ടിവരുന്നു.

2. കാർഷികമേഖലയായ കിള്ളിമംഗലം, പാഞ്ഞാൾ പ്രദേശത്തെ കർഷ കർക്ക് അവരുടെ പ്രധാന ഉൽപ്പന്നങ്ങളായ നെല്ല്, റബ്ബർ, കശുവണ്ടി, നാളികേരം, കുരുമുളക് മുതലായവയുടെ വിപണനത്തിന് യാതൊരു സൗകര്യവും നിലവിലില്ല.

3. പാഞ്ഞാൾ പഞ്ചായത്തിൽ നിലവിൽ ഡിപ്പർട്ടുമെൻറ് സ്റ്റോറുകളോ, ഹാർഡുവെയർ ഷോപ്പോ ഇല്ലാത്തതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ അകലെയുള്ള മററു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

4. ഈ പഞ്ചായത്തിൽ അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ ഒട്ടേറെ യുവതീ യുവാക്കൾ തൊഴിലിനുവേണ്ടി അലയുന്നു. സഹകരണ അടിസ്ഥാനത്തിൽ എന്തെങ്കിലും യൂണിററുകൾ തുടങ്ങുന്നത് തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ ആശ്വാസമാകും.

5. നിലവിലുള്ള കിള്ളിമംഗലം ക്ഷീരോൽപാദക സഹകരണ സംഘത്തിലാണ് സമീപ പ്രദേശങ്ങായ കീഴില്ലം, ചെറങ്കോണം, ഉദുവടി ഭാഗങ്ങളിലെ ആളു കൾ പാൽ അളക്കുന്നത് പ്രസ്തുത സ്ഥലങ്ങളും സൊസൈററി നിൽക്കുന്നസ്ഥലവും തമ്മിലുള്ള ദൈർഘ്യം വളരെ കൂടുതലായതിനാൽ കർഷകർക്ക് വളരെ യധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പൈങ്കുളം ഒന്നാം വാർഡിലും, സമീപപ്രദേശത്ത് സംഘം ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

6. പാഞ്ഞാൾ പഞ്ചായത്തിൽ ഒരു ഫോർട്ടികൾച്ചർ സൊസൈററിയുടെ സേവനം അത്യന്താപേക്ഷിതമാണ്. ചെറുതുരുത്തിയിൽ നിലവിലുള്ള സൊസൈററിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

7. പൈങ്കുളം ഭാഗത്ത് കല്ലുകൊണ്ടുള്ള ഗ്രഹോപകരണങ്ങൾ നിർമ്മിക്കുന്ന ജനവിഭാഗം ധാരാളം ഉണ്ടെങ്കിലും

അവരുടെ നിർമ്മിതി കൾ വിൽക്കുന്നതിന് യാതൊരു സൗകര്യവും നമ്മുടെ പഞ്ചായത്തിലില്ല.

8. ഈ പഞ്ചായത്തിൽ ധാരാളം റബ്ബർ ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും അ തിൻെറ സംസ്കരണത്തിനോ വിപണനത്തിനോ യാതൊരു സൗകര്യവും ഇല്ല.

9. കേര ഉൽപ്പന്നങ്ങൾ ലഭ്യമായ വാഴാലിപ്പാടം പൈങ്കുളം ഭാഗത്ത് അവയുടെ ശരിയായ തോതിലുള്ള വിനിയോഗത്തിന് നിലവിൽ യാതൊരു സാധ്യതയും ഇല്ല.

നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം കർഷകരും മററു ജനവിഭാഗങ്ങളും തിങ്ങിപാർക്കുന്ന ഒന്ന്, രണ്ട് വാർഡു കളിൽ ഉള്ളവർ 5 കി.മീ. ലധികം ദൂരം സഞ്ചരിച്ചാണ് ചെറുതുരുത്തി സർവ്വീസ് കോ-ഓപ്പറേററീവ് ബാങ്കിൻെറ സേവനം പ്രയോജനപ്പെടുത്തുന്നത്. ആയതിന് പരിഹാരമായി പൈങ്കുളത്ത് മേൽപറഞ്ഞ ബാങ്കിൻെറ ഒരു ശാഖ തുടങ്ങേണ്ടതാണ്. തൊഴുപാടത്ത് ചെറുതുരുത്തിസൊസൈററിയുടെ ഒരു ശാഖ തുടങ്ങുന്ന പക്ഷം ടി പ്രദേശത്തുകാർക്ക് അതു വളരെ ഗുണം ചെയ്യും. കിള്ളിമംഗലം ഫാർമേഴ്സ് ബാങ്കിൻെറ ഒരു ശാഖ പാഞ്ഞാളിൽ തുടങ്ങുകയാണെങ്കിൽ ടി പ്രദേശത്തിൻെറ വികസനത്തിന് അത് സഹായകമാകും.

2. കാർഷിക മേഖലയായ കിള്ളിമംഗലം പാഞ്ഞാൾ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ, കുരുമുളക്, കശുവണ്ടി, നിളികേരം, നെല്ല് തുടങ്ങിയവയ്ക്ക് ന്യായമായ വില ലഭിക്കണമെങ്കിൽ സാധനങ്ങൾ വിററഴിക്കുന്നതിന് കിള്ളിമംഗലം സർവ്വീസ് കോ- ഓപ്പറേററീവ് ബാങ്കിൻെറ കീഴിൽ ഒരു വിപണന കേന്ദ്രം തുടങ്ങണം.

3. കിള്ളിമംഗലം സർവ്വീസ് കോ- ഓപ്പറേററീവ് ബാങ്കിൻെറ കീഴിൽ ഒരു ഡിപ്പാർട്ടുമെൻറു സ്റ്റോറും ഒരു ഹാർഡുവെയർ സ്റ്റോറും കിള്ളിമംഗലത്തു തുടങ്ങണണം.

4. തൊഴുപ്പാടം, കീഴില്ലം, പൈങ്കുളം ഭാഗങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ നെയ്ത്ത്, നൂൽപ്പ്,സോപ്പുനിർമ്മാണം, ചന്ദനത്തിരി, തീപ്പെട്ടി, അച്ചാർ ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം ഇവയ്ക്കായി സഹകരണാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങി യുവതീയുവാക്കൾക്കിട യിലുള്ള തൊഴിലില്ലായ്മയ്ക്കു ഒരു പരിധി വരെ പരിഹാരമാകാം.

5.ക്ഷീരവ്യവസായ സഹകരണ സംഘത്തിൻെറ ഒരു യൂണിററ് ഒന്നാം വാർഡിൽ തുടങ്ങിയാൽ ആ ഭാഗങ്ങളിലെ ക്ഷീരോൽപാദകർക്ക് വളരെയധികം ഉപയോഗപ്രദമാകും.

6. കിള്ളിമംഗലം ക്ഷീരസഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് കീഴില്ലം, ചെറുങ്കോണം ഭാഗങ്ങളിൽ തുടങ്ങിയാൽ ക്ഷീരോത്പാദകർക്ക് വളരെയേറെ പ്രയോജന പ്രദമാകും.

7.പാഞ്ഞാൾ പഞ്ചായത്തിൽ വളരെയേറെ തൊഴിൽ സാധ്യതകളുള്ള ഫോർട്ടികൾച്ചർ കൃഷി തുടങ്ങുവാൻ ഫോർട്ടികൾച്ചർ സൊസൈററി പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങണം.

8. പൈങ്കുളത്ത് സഹകരണാടിസ്ഥാനത്തിൽ കരിങ്കല്ലുകൊണ്ടുള്ള ഗ്രഹോപകരണ നിർമ്മാണയൂണിററ് തുടങ്ങണം. വളരെയേറെ തൊഴിൽ സാധ്യതയുള്ള മേഖലയാണിത്.

9. വളരെയേറെ നാളികേര ഉൽപാദകരുള്ള ഈ പഞ്ചായത്തിൽ വാഴാലിപ്പാടത്ത് സഹകരണമേഖലയിൽ "COCONUT COMPLEX"തുടങ്ങി കർഷകരിൽ നിന്നും നാളികേരം സംഭരിച്ച് ആധുനിക ഉപകരണങ്ങളുപയോഗിച്ച് നാളികേരവെള്ളം, തേങ്ങാപ്പൊടി, കയർ ഉൽപ്പന്നങ്ങൾ, ചിരട്ടകൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതായാൽ ഈ പഞ്ചായത്തിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. കേര കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിനും നാളികേര ഉപ്പാദന വർദ്ധനവിനും ഇത്തരം ഒരു പദ്ധതി അത്യന്താപേക്ഷിതമാണ്.

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് അര നൂറ്റാണ്ട് പൂർത്തിയായിരിക്കുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം അമ്പതു വർഷമെന്നത് പക്വതയുടേയും വിവേകത്തിൻെറയും സഹിഷ്ണുതയുടേയും പ്രായമാണ്. വിദേശികളിൽനിന്നും നമ്മൾ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെന്നതു ശരിതന്നെ. എന്നാൽ നമ്മിൽ തന്നെയുള്ളതും നമ്മെ നാം തന്നെ ബന്ധിച്ചിട്ടുള്ളതുമായ ചാതുർ വർണ്യത്തിൻെറ കറുത്ത ചങ്ങലകൾ പൊട്ടിച്ചെറിയാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? പക്വതയോടെയും വിവേകത്തോടെയുമുള്ള നമ്മുടെ മറുപടി എന്താണ്? ഇല്ല - ഇല്ല - എന്നുതന്നെ. ഈ ഉത്തരം വല്ലാത്തൊരു ദുസ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യശിശു പിറന്നു വീഴുന്നത് ആൺ ജാതി പെൺ ജാതി എന്നീ രണ്ടു രൂപങ്ങളിലാണ്. മറ്റെല്ലാംതന്നെ അവളിൽ അല്ലെങ്കിൽ അവളിൽ ആരോപിക്കപ്പെടുകയാണ് എന്നതല്ലേ സത്യം. ഒരാൾ ശ്രേഷ്ഠനാവുന്നത് ജന്മം കൊണ്ടല്ല കർമ്മം കൊണ്ടാണെന്നാണല്ലോ ഭാരതീയ ചിന്ത. പക്ഷെ നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗത്തെ, വിഭാഗങ്ങളെ താഴ്ന്ന ജാതിക്കാരെന്ന പേരിൽ നാം അകറ്റി നിർത്തിയിരിക്കുന്നു. ചാതുർ വർണ്യത്തിൻെറ ചവിട്ടുപടിക്കും താഴെയാണ് നാം അവർക്ക് സ്ഥാനം നൽകിയിട്ടുള്ളത്. പരിഷ്കൃതരെന്നും, പുരോഗമികളെന്നും സ്വയം ഊറ്റം കൊള്ളുന്ന നമ്മൾ ഇരുപതാം നൂറ്റാണ്ടിൻെറ അന്ത്യ ദളകങ്ങളിലും ഇത്തരം ഉച്ചനീചത്വങ്ങളുടെ വക്താക്കളായി തീരുന്നത് സ്വയം ചരുങ്ങലല്ലേ? നമ്മുടെ അധഃ പതനത്തെയല്ലേ ഈ മനോഭാവം പ്രതിഫലിപ്പിക്കുന്നത്.

നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിലും ഇത്തരം ഉച്ച നീചത്വ ഭാവങ്ങൾ ഊറ്റത്തോടെ നിലകൊള്ളുന്നുണ്ട് എന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു. ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗത്തിൽ പെട്ട ആരും തന്നെയില്ല. പട്ടിക ജാതിക്കാരായി വളരെപ്പേരുണ്ടുതാനും. ഐശ്വര്യത്തിൻെറയും സമൃദ്ധിയുടേയും പുരോഗതിയുടേയും മുഖ്യധാരയിലേക്ക് ഈ വിഭാഗം ജനങ്ങളെ കൈ പിടിച്ചുയർത്തുവാനുള്ള ധാർമ്മികമായ ബാധ്യതയും കടപ്പാടും നമുക്കുണ്ട്. പോയ കാലത്തിൻെറ പ്രഹരങ്ങളേൽപ്പിച്ച അവരുടെ ഹൃദയ മുറിവുകളിൽസമിഷ്ട സ്നേഹത്തിൻെറയും വ്യക്തി ബഹുമാനത്തിൻെറയും പരിഗണനകളു ടേയും വാത്സല്യം പുരട്ടുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. അവരുടെ അവശത കളിലേക്ക്നിങ്ങളുടെ മനസ്സിനെ ക്ഷണിക്കു വാനാണ് ഇവിടെ ശ്രമിക്കുന്നത്.

പാഞ്ഞാൾ പഞ്ചായത്തിലെ പത്തു വാർഡുകളിലായി നാല്പത്തിയൊന്നു പട്ടികജാതി കോളനികളും ഇതിൽ മുന്നൂറ്റി തൊണ്ണൂറ്റിനാല് (394) വീടുകളിലായി മൂവായിരത്തി അറുനൂറ്റിയഞ്ച് (3605) ജനങ്ങളും താമസിച്ചു വരുന്നു. സാമൂഹ്യപരമായും, വിദ്യാഭ്യാസ പരമായും, സാമ്പത്തികമായും ഇന്നും വളരെ പിന്നോക്കം നിൽക്കുന്നു. അന്ധവിശ്വാസവും അനാചാരങ്ങളും തുടർന്നുവരുന്നു. സാംസ്കാരിക പുരോഗതി നേടാൻ കഴിയാത്ത ഈ വിഭാഗങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസ പരവുമായ വളർച്ചക്ക് സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളും വേണ്ട രീതിയിൽ യഥാർത്ഥ ഉപഭോക്താക്കളായ ഈ ജനവിഭാ ഗങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ് വസ്തുത.

ജാതിപരമായ ഉച്ച നീചത്വം ഈ പ്രദേശങ്ങളിൽ ഇന്നും നിലനില്ക്കുന്നതായി മനസ്സിലാക്കുന്നു. ഇത് ഈ വിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ പുരോ ഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ഇവരുടെ വീടുകളിലെ വിവാഹം, മരണാടിയന്തിരം, മറ്റു ചടങ്ങുകൾ പൊതുആഘോഷ പരിപാടികൾ എന്നീ കാര്യങ്ങളിൽ മറ്റു സമുദായക്കാരിൽ പലരും പങ്കെടുക്കാറില്ല. മറ്റു സമുദായങ്ങളുടെ മേൽപ്പറഞ്ഞ ചടങ്ങുകളിലും ഇതേ അവസ്ഥ നിലനിൽക്കുന്നു. ജാതി പറഞ്ഞു വിളിക്കുന്ന രീതി നിലവിലായിപ്പോയെങ്കിലും ജാതിയുടെ പേരിൽ ഇക്കൂട്ടരെ അകറ്റി നിർത്തുന്ന ഒരു സ്ഥിതി വിശേഷം പ്രത്യേകം കണ്ടുവരുന്നു. എന്നാൽ ജാതിക്കും അയിത്തത്തിനും പ്രാധാന്യം കല്പിക്കാത്ത പല പ്രമുഖരും സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് ആശ്വാസമേകുന്നു. ഇന്നും നില നിന്നു പോരുന്ന ജാതിയുടെ പേരിലുള്ള ഈ അന്തരം ദൂരീകരിച്ച് ഈ വിഭാഗങ്ങളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതും അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കുകം എതിരെ ഉണർന്നു പ്രവർത്തിക്കേണ്ടതും നമ്മുടെ കടമയാണ്.

ഈ പഞ്ചായത്തിൽ 1730 പട്ടിക ജാതി

പുരഷന്മാരും, 1875 സ്ത്രീകളുമുണ്ട് (1991). വിദ്യാഭ്യാസ നിലവാരം വളരെ പിന്നോക്കം നിൽക്കുന്നു.

പട്ടിക ജാതി വിഭാഗങ്ങളുടെ പൊതുവായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ ചെർത്തിരിക്കുന്നു.

നാൽപത്തിയൊന്ന് (41) പട്ടിക ജാതി കോളനികളിലും, അടിസ്ഥാന സൗകര്യങ്ങളായ വീടുകൾ, കുടിവെള്ളം, കക്കൂസുകൾ, വൈദ്യുതി, റോഡുകൾ, കളിസ്ഥലം എന്നിവ മിക്ക കോളനികളിലും ഇല്ലെന്നുള്ളത് ഒരു വസ്തുത യാണ്. കോളനികളിലല്ലാതെ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടിക ജാതിയിൽ പെട്ടവർക്കും മറ്റുള്ളവർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം.

ഈ വിഭാഗങ്ങളുടെ 394 വീടുകളാണ് ആകെയുള്ളത്. ഇതിൽ ഓടിട്ടത് 148 വീടുകളും, ഓലപ്പുരകൾ 60 വീടുകളും, പുറമ്പോക്കിൽ താമസിക്കുന്നവരുടെ 20 വീടുകളും ചുമരുകൾ ഇല്ലാത്ത വാസയോഗ്യമല്ലാത്ത കുടിലുകൾ 93 എണ്ണവും ആയതിനാൽ നിലവിലുള്ള ഇത്തരം വീടുകളിൽ ചിലതിൽ ഒന്നിലധികം കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇത്തരം കുടുംബങ്ങൾക്ക് തനതുവീടുകൾ വെച്ച് മാറി താമസിക്കുന്നതിന് സ്ഥലവും സാമ്പത്തിക ശേഷിയുമില്ല. ഇത്തരത്തിലുള്ള 200 വീടുകൾ നിർമ്മിക്കുന്നതിന് 4 സെൻറ് സ്ഥലവും വീടിനുള്ള ഗ്രാൻറും അനുവദിക്കണം. 73 വീടുകളുടെ അറ്റകുറ്റ പണിക്കാവശ്യമായതും പുറമ്പോക്കിൽ താമസിക്കുന്ന 20 വീട്ടുകാരെ പുനരധിവസിപ്പി ക്കുന്നതിനും കുടിലുകളിൽ താമസിച്ചുവരുന്ന 93 വീട്ടുകാർക്ക് സ്വന്തമായി വീടുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഗ്രാൻറുകൾ അനുവദിക്കേണ്ടതുണ്ട്. മേൽപറഞ്ഞ ആവശ്യങ്ങൾ ഈ വിഭാഗങ്ങളെ സംബന്ധിച്ച് വളരെ ഗൗരവമുള്ളതാകയാൽ ഇതിനാവശ്യമായ മുഴുവൻ സംഖ്യയും ഗ്രാൻറായി തന്നെ അനുവദിക്കേണ്ടതാണ്.

നിലവിലുള്ള കോളനികളിൽ ജീവൻ നില നിർത്തുന്നതിനാവശ്യമായ കുടിനീരിൻെറ ക്ഷാമം വളരെ രൂക്ഷമാണ്. മിക്ക കോളനികളും ജനവാസം കുറഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. ഇതിനു പ്രധാന കാരണം പഴയ കാല സാമൂഹ്യ വ്യവസ്ഥിതിയാണുതാനും. അതിനാൽ ഒട്ടുമിക്ക കോളനികളും പൊതുവെ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. വേനൽ കാലങ്ങളിൽ വളരെ ദൂരെ പോയിട്ടുവേണം വെള്ളം കൊണ്ടുവരുവാൻ. ഈ നനരകയാതന അവസാനിപ്പിക്കുന്നതിന് എല്ലാ കോളനികളിലും കുഴൽ കിണറുകൾ കുഴിക്കുകയോ, പൈപ്പ് ലൈൻ എത്തിക്കുകയോ, വെള്ളം കിട്ടുന്ന ഭാഗങ്ങൾ നോക്കി കിണറുകൾ കുഴിക്കുകയോ ചെയ്യേണ്ടതുണ്ട്. നിലവിലുള്ള കോളനികളിലെ ഇപ്പോഴുള്ള കിണറുകളുടെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനാവശ്യമായ തുകയും ഗ്രാൻറായി അനുവദിക്കണം.

നിലവിലുള്ള കോളനികളിലെ 394 വീടുകളിൽ 370 വീടുകളിലും കക്കൂസ് സൗകര്യങ്ങൾ ഇല്ലെന്നുള്ള വസ്തുത വളരെ വേദനാജനകമാണ്. കൂട്ടം കൂട്ടമായി താമസിച്ചു വരുന്ന ഈ വിഭാഗങ്ങളുടെ ഇടയിൽ ഒട്ടുമിക്ക രോഗങ്ങളും ഇടക്കിടെ കണ്ടുവരുന്നതിന് ഒരു പ്രധാന കാരണം കക്കൂസ് സൗകര്യമില്ലെന്നു ള്ളതാകുന്നു. കക്കൂസുകളുടെ അഭാവംമൂലം പരിസരം മലിനപ്പെടുകയും അതുവഴി അനാരോഗ്യവും പകർച്ചവ്യാധികളും കൂടുതലായി ഉണ്ടാകുന്നു. ഇവ തടയുന്നതിനും ആരോഗ്യമുള്ള ഒരു സമൂഹമാക്കി ഈ വിഭാഗങ്ങളെ മാറ്റിയെടു ക്കുന്നതിനും കക്കൂസ് സൗകര്യം തീരെ ഇല്ലാത്ത എല്ലാ ഹരിജൻ വീടുകളിലും കക്കൂസും, ശുചത്വത്തിൻെറ ഭാഗമായ കുളിമുറികളും നിർമ്മിക്കേണ്ടതിനാവശ്യമായ ഗ്രാൻറുകൾ അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ കോളനികളിലും നിലവിലുള്ള റോഡുകളിൽ ഗതാഗത യോഗ്യമായവ കുറവാണ്. മിക്ക കോളനികളിലും റോഡുകൾ തീരെ ഇല്ലതാനും. രാത്രികാലങ്ങളിൽ വഴി നടക്കുന്നതിനായ ബുദ്ധിമുട്ടുകൾ വളരെ വലുതാണ്. മിക്ക കോളനികളും കുന്നിൻ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടും നല്ല റോഡുകൾ ഇല്ലാത്തതിനാലും രോഗികളുടേയും വൃദ്ധജനങ്ങളുടേയും, സ്കൂളിൽ പോകുന്ന പിഞ്ചുകുട്ടികളുടേയും സ്ഥിതി വളരെ പ്രയാസ മേറിയതാണ്. ഈ പ്രദേശങ്ങളിലെ രോഗികളെ ആശുപത്രികളിൽ എത്തിക്കാനുള്ള കഷ്ടപ്പാ ടുകൾ നരകയാതനക്കു തുല്യമാണ്. വാഹന ഗതാഗതമുള്ള റോഡുകളുമായി മേല്പറഞ്ഞ കോളനികൾക്ക് തീരെ ബന്ധമില്ലാത്ത അവസ്ഥ

മാറ്റുന്നതിന് കോളനി റോഡുകൾ നിലവിലുള്ള മെയിൻ റോഡുകളുമായി ടാറിംഗ് ചെയ്ത് ബന്ധിപ്പിക്കുക മാത്രമാണ് ഏക പോംവഴി. ഇതിനാവശ്യമായ ഫണ്ട് അനുവദിക്കണം.

അയ്യൂർ മഠപറമ്പ് കോളനി റോഡ് ടാറിങ്ങ് ചെയ്ത് പാഞ്ഞാൾ റോഡുമായി ബന്ധിപ്പിക്കുകയും, ഒലിപ്പാറ സാംബവ കോളനി റോഡ് ടാറിങ്ങ് ചെയ്ത് മെയിൻ റോഡുമായി ബന്ധിപ്പിക്കുകയും വേണം. തുവരക്കാട് കോളനി റോഡ് ടാറിംങ്ങ് ചെയത് കനാലിനു കുറുകെ പാലം പണിത് വലിയ കനാൽ റോഡുമായി ബന്ധിപ്പിക്കണം. മൂന്നു റോഡുകളും വളരെ പ്രാധാന്യമുള്ളവയാണ്. കൊണ്ടൂർ പടി കോളനി റോഡ് നിർമ്മാണവും വളരെ അത്യാപേക്ഷിതമാണ്.

പഞ്ചായത്തിലെ 41 കോളനികളിൽ 20 കോളനികളിൽ വൈദ്യുതി ലൈൻ എത്തിയിട്ടുണ്ട്. ബാക്കി വരുന്ന 21 കോളനികളിൽ എത്രയും വേഗം വൈദ്യുതി ലൈൻ എത്തിക്കണമെന്നും കുന്നിൻ മുകളിലും മറ്റു പ്രയാസമേറിയ പ്രദേശങ്ങളിലുമാണ് ഈ കോളനികൾ സ്ഥിതി ചെയ്യുന്നത്. രാത്രി കാലങ്ങളിൽ വഴി നടക്കുന്നതിനും മറ്റു ദൈനൃദിന ആഴശ്യങ്ങൾക്കുമായി വെള്ളത്തെപ്പോല തന്നെ വെളിച്ചവും ഒരു സുപ്രധാന ഘടകമാണെന്നതു കൊണ്ട് ഇവ ഇല്ലാത്ത കോളനികളിൽ ഉടൻ വൈദ്യുതി എത്തിക്കാനായി നടപടി എടുക്കേണ്ടതുണ്ട്. 260 വീടുകൾക്ക് ഇന്നും വൈദ്യുതി വെട്ടം ഒരു സ്വപ്നമാണ്. സാമ്പത്തിക ശേഷിയില്ലാത്ത മിക്ക വീടുകളിലും സ്വന്തമായി ഹൗസ് വയറിംഗ് ചെയ്തിട്ടില്ലെന്നു മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം വയറിംഗ് നടത്താത്ത വീടുകൾക്ക് എല്ലാം തന്നെ സൗജന്യമായി വയറിംഗ് ചെയതു കൊടുക്കുകയും വൈദ്യുതി ലഭ്യമാക്കുകയും വേണം.

ഈ പഞ്ചായത്തിലെ ഒലിപ്പാറ സാംബവ കോളനിയിലെയും അയ്യൂർ മഠപറമ്പ് കോളനിയിലേയും ജനങ്ങൾ പരമ്പരാഗത തൊഴിലായ ഈറ്റ ഉപയോഗിച്ചു കൊട്ടനെയ്ത്ത് നടത്തി വരുന്നവരാണ്. ഈ തൊഴിലിൽ സാമ്പത്തിക പുരോഗതി നേടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിനു പ്രധാന കാരണം ഈറ്റയുടെ ലഭ്യതക്കുറവ്, അമിത വില, മറ്റു ഇതര ചിലവുകൾ തുടങ്ങിയവയാണ്. സമൂഹത്തിൻെറ താഴെക്കിടയിൽപ്പെട്ട ഈ വിഭാഗങ്ങൾക്ക് ഈ തൊഴിലിൽ സാമ്പത്തിക പുരോഗതിയുണ്ടാകണമെങ്കിൽ ഈറ്റ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭിക്കണം. നിലവിൽ അങ്കമാലി ബാംബു കോർപ്പറേഷൻവഴി കിട്ടുന്ന ഈറ്റ ഒന്നിനു മൂന്നു രൂപ വില വരുന്നു. ഇത് ഉപയോഗിച്ചു പണിതു കഴിഞ്ഞാൽ തൊഴിലാളിക്കു പട്ടിണി തന്നെ മിച്ചം. ആയതിനാൽ തലപ്പിള്ളി താലൂക്കിൽപ്പെട്ട മച്ചാട് മലകളിൽ ഈറ്റ വെച്ചുപിടിപ്പിച്ച് ഈ താലൂക്കിൽപ്പെട്ട 7000-ത്തിൽ പരം ഈറ്റ തൊഴിലാളികൾക്ക് സൗജന്യമായ നിരക്കിൽ ഈറ്റ ലഭിച്ചാൽ മാത്രമെ ഈ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയരുകയുള്ളു എന്നു മനസ്സിലാക്കുന്നു. ഈ വനപ്രദേശം ഈർപ്പം നില നിൽക്കുന്നതും ഈറ്റ ധാരാളം വളരുന്നതിന് ഉതകുന്ന വണ്ണമാണ്. പ്രകൃതിക്ക് ഇതുമൂലം യാതൊരു കാരണവശാലും അപകടവുമില്ല. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യം നടക്കുന്നതിനാവശ്യമായ നിയമ നടപടികൾക്ക് സഹായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പട്ടിക ജാതി വിഭാഗങ്ങളിലെ ബഹുഭൂരിപക്ഷം വനിതകളും തൊഴിലില്ലാത്തവരാണ്. 1875 വനിതകളുണ്ട്. ഇവരുടെ ജീവിത ഉന്നമനത്തിന് നിലവിൽ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. കൂടുതൽ വനിതകളും കൃഷിപ്പണി ചെയ്തുവരുന്നു. ഈ പണി സ്ഥിരമായിട്ടില്ലതാനും. ഇവരുടെ സാമ്പത്തിക പുരോഗതിക്ക് കൈത്തറി സെല്ലുകൾ ചന്ദനത്തിരി, സോപ്പു നിർമ്മാണം തുടങ്ങിയ തൊഴിലുകൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും വെൽഫെയർ ഡിപ്പാർട്ട്മെൻറ്, ചേലക്കര ഭാഗത്ത് അനുവദിച്ച I.T.C. കീഴില്ലത്തു സ്ഥാപിക്കുകയും തൊഴിൽ സാധ്യത കുറവായ ഈ കാലഘട്ടത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും (SC/ST വിഭാഗങ്ങൾക്കായി) ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ഈ വിഭാഗങ്ങളുടെ ജീവിത പുരോഗതി ഉറപ്പ് വരുത്തേണ്ടതുണ്ട്.

പലതരത്തിലുള്ള ദൃശ്യമാധ്യമങ്ങൾ നിലവിലുണ്ടെങ്കിലും ടെലിവിഷൻ സെറ്റുകളുടെ പ്രസക്തി വളരെ വലുതാണ്. തലമുറകളായി മതിയായ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഈ വിഭാഗങ്ങൾക്ക് കണ്ടു മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികൾക്ക് വളരെ ഉപകാര

പ്രദമായിട്ടുള്ളതും ഈ കാലഘട്ടത്തിലെ പ്രധാന വിനോദ-വിജ്ഞാന ഉപാധികളായ ടി.വി. സെറ്റുകൾ പഞ്ചായത്തിലെ 39 കോളനികളിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഈ വിഭാഗങ്ങളിലെ ആളുകൾ മരിച്ചാൽ ശവം അടക്കം നടത്തുന്നതിന് നേരിടുന്ന കഷ്ടതകൾ വലുതാണ്. ആകെയുള്ള കുറച്ചു സ്ഥലത്ത് ഇവ ചെയ്തുവരുന്നു. പഞ്ചായത്തിലെ 39 കോളനികളിലും സ്ഥിതി ഇതുതന്നെ. ഈ വിഭാഗങ്ങൾക്കായി പൊതു ശ്മശാനം പണിയുക മാത്രമെ ഇതിനു മാർഗ്ഗമുള്ളു. അയ്യൂർ മാമ്പറമ്പ് കോളനിയിൽ 22 സെൻറ് സ്ഥലം ഈ ആവശ്യത്തിനായിട്ടുണ്ട്. ഈ സ്ഥലത്തിനു് ചുറ്റുമതിൽ കെട്ടുന്നതിനു ഗ്രാൻറ് അനുവദിക്കുകയും കുറുപ്പംതോടി കോളനിയിലെ പൊതു ശ്മശാനമായിരുന്ന സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കയ്യിലുള്ളത് തിരിച്ചു കിട്ടുന്നതിനും അടയന്തിര നടപടിയെടുക്കുകയും ചെയ്യേണ്ടതുണ്ട്.

SC/ST കോർപ്പറേഷനും, പട്ടിക ജാതി വികസന വകുപ്പും മുഖേന ഹരിജനങ്ങൾക്കായി നടത്തിവരുന്ന ക്ഷേമ പദ്ധതികൾ, യഥാസമയം ഇക്കൂട്ടർക്കു് ലഭിക്കുന്നില്ല. ഇതിനു പ്രധാന കാരണം ഈ വിഷയങ്ങളിലുള്ള അറിവ് കുറവാണ്. ഇതു മാറ്റിയെടുക്കുന്നതിനു് പഞ്ചായത്തു തലത്തിൽ ഈ വിഭാഗങ്ങൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

ഈ വിഭാഗക്കാരുടെ വലിയൊരു പ്രശ്നമാണ് ഭൂമിയും വീടുകളും മണ്ണിനും സ്വത്തിനും ഉടമകളായ ഇക്കൂട്ടർക്ക് ഓരോ മക്കൾക്കും സ്ഥലവും വീടും നിർമ്മിച്ചു കൊടുക്കുന്നത്. അച്ഛനമ്മമാരുടെ വലിയൊരു ധർമ്മസങ്കടമാവുന്നു. വരും തലമുറയുടെ കാര്യമാണെങ്കിൽ സ്ഥിതി ഭയാനകമാണ്. ആയതിനാൽ 4 സെൻറ് ഭൂമിയും വീടും ഈ വിഭാഗങ്ങൾക്ക് സൗജന്യമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ വേണം.

അയ്യൂർ മഠപറമ്പ് കോളനിയിൽ ഒരു കമ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നത് (16 സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ട്) തിങ്ങിപ്പാർക്കുന്ന ഇവിടുത്തെ ജനങ്ങൾക്ക് പൊതു പരിപാടികൾ, വിവാഹം, മരണടിയന്തിര ചടങ്ങുകൾ എന്നിവ നടത്തുന്നതിന് ഉപകരിക്കും.

പഞ്ചായത്തിലെ എല്ലാ കോളനികളിലും സമ്പൂർണ്ണ മദ്യനിരോധനം പ്രാവർത്തികമാക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഈ വിഭാഗങ്ങളിലെ മദ്യത്തിനു അടിമപ്പെട്ടുപോയ യുവ തലമുറയെ രക്ഷിക്കാൻവേണ്ടി അവരെ ഈ സമൂഹത്തിൻെറ നട്ടെല്ലാക്കി തീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുക.

കോളനികളിലെ I.H.D.P. ലിസ്റ്റിൽ ഉൾപ്പെടുത്തി ഈ വിഭാഗങ്ങളുടെ ജീവിത പുരോഗതി എല്ലാ തരത്തിലും ലക്ഷ്യം പ്രാപിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കണം. ആയതിന് അയ്യൂർ മംപറമ്പ് പോലെ ജനസാന്ദ്രത കൂടുതലുള്ള കോളനികളെ ലിസ്റ്റിൽ പ്രത്യേകം ചേർക്കേണ്ടതുണ്ട്.

മിടുക്കന്മാരും മിടുക്കികളുമായ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം വർദ്ധിപ്പിക്കാൻവേണ്ടി മേശ, കസേര, പുസ്തകങ്ങൾ എന്നിവ സൗജന്യമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ വേണം. സാമ്പത്തിക ശേഷിയില്ലാത്ത ഈ വിഭാഗക്കാരുടെ മക്കളെ സമൂഹത്തിൻെറ മുഖ്യ ധാരയിൽ കൊണ്ടു വരുന്നതിന് വിദ്യ ഒരു പ്രധാന ഘടകമായതിനാലും മേൽപറഞ്ഞ സഹായങ്ങൾ വളരെ ആവശ്യമാണ്. ഇക്കൂട്ടർക്ക് സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നതിനാവശ്യമായനടപടി സ്വീകരിക്കേണ്ടതുണ്ട്. മിക്ക ഉടമകളും രോഗികളും വൃദ്ധരുമായതിനാൽഈ സഹായം വളരെ അത്യാവശ്യമാണ്.

രാത്രികാലങ്ങളിൽ വഴിനടക്കുന്നതിനും, മറ്റു അപകടങ്ങൾ ഒഴിവാക്കുന്നതിനും, എല്ലാ കോളനികളിലും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. വളരെ നാളുകളായി ഇത്തരം വിളക്കുകൾ വെറും നോക്കുകുത്തികൾ മാത്രമാണ്. പ്രയാസമേറിയ ചുറ്റുപാടുകളിൽ താമസിക്കുന്ന ഈ ജനങ്ങൾക്ക് വഴി വിളക്കുകൾ ഒരു രക്ഷ തന്നെ ആകുന്നു.

പതിനഞ്ച് വർഷം മുൻപ് അനുവദിച്ചു കൊടുക്കപ്പെട്ട മിക്ക ഹരിജൻ വീടുകളും നശിച്ചു

കഴിഞ്ഞിരിക്കുന്നു. ഇവർക്ക് പുതിയ വീടന് അപേക്ഷിക്കുവാനും കഴിയാതെവരുന്നു. ഈ വിഭാഗ ആളുകൾക്ക് വീട് നന്നാക്കുന്നതിനുവേണ്ടി കൂടുതൽ ധനസഹായം ആവശ്യമാണ്. ഓട്, മരം, പണിക്കൂലി, ഇവയുടെ വിലവർദ്ധന വളരെ കൂടുതലാണ്. ആയതിനാൽ ഈ സഹായ പദ്ധതിക്കാവശ്യമായ ഗ്രാൻറുകൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

അയ്യൂർ മഠപറമ്പ് കോളനിയിൽ പ്രവർത്തിച്ചുവരുന്ന "കൃഷ്ണാ ക്ലബ്" (Reg. No. 270/94) ഈ ജന വിഭാഗങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വളർച്ച ലക്ഷ്യമിട്ടു പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കുന്ന. ഇതിനു ആവശ്യമായ പുസ്തകങ്ങൾ, ഫർണീച്ചറുകൾ, എന്നിവ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സ്ഥിതി ഉറപ്പാക്കേണ്ടതുണ്ട്.

തണ്ണീറ്റാം കോളനിയിൽപ്പെട്ട തണ്ണീറ്റാം കുളം വേനൽക്കാലത്തും വെള്ളമുള്ളതാണ്. ഇവിടത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് ഈ വെള്ളം ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. പമ്പ് സെറ്റുകൾ സ്ഥാപിച്ച് കോളനികളിലെ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയാണ് പോംവഴി.

തുവരക്കാട് കോളനി പരിസരത്ത് സ്ഥിതി ചെയ്യുന്ന ഒരു ഫാക്ടറിയുണ്ട്. സ്വകാര്യ വ്യക്തിയുടേതാണിത്. അന്തരീക്ഷ മലിനീകരണം വളരെ കൂടുതലുണ്ടാക്കുന്ന ഈ ഫാക്ടറി വന്നതുമൂലം ഈ പരിസരത്തുള്ള ഒരു കിണറ്റിൽ നിന്നും വെള്ളം ഉപയോഗിക്കാൻ പറ്റാതെവരുന്നു. ഇതിനു ഒരു പരിഹാരം ഉടൻ കണ്ടെത്തേണ്ടി യിരിക്കുന്നു.

ചെറിയ്ക്കൻതൊടി കോളനി പരിസരത്ത് വോൾട്ടേജ് കുറവാണ്. പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഇതു കാരണമുണ്ട്. ഇവിടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇതു പരിഹരിക്കാൻ കഴിയും.

ഒൻപതാം വാർഡിൽ ഒരു അംഗൻവാടി സ്ഥാപിച്ച് ഹരിജൻ കുട്ടികളുടെ ആരോഗ്യപരമായ വളർച്ച മെച്ചപ്പെടുത്തുന്നതിനു സാധിക്കുന്നതാണ്.

പഞ്ചായത്തിലെ കോളനികളിലുള്ള സാധാരണക്കാരായ ഈ ജനവിഭാഗങ്ങൾക്ക് I.R.D.P. ലോൺ ഇന്നൊരു സ്വപ്നമാണ്. ഇക്കൂട്ടരുടെ ജീവിതോപാധിയായ പലകാര്യങ്ങളും ഇതുവഴി മുടങ്ങി കിടക്കുന്നതായി മനസ്സിലാക്കുന്നു.

കുറുപ്പംതൊടി കോളനിയിലെ മണ്ണിൻെറ മക്കളായ മിക്ക വീട്ടുകാർക്കും പട്ടയം ലഭിച്ചിട്ടില്ലെന്നു മനസ്സിലാക്കുന്നു. ആയതിനാൽ ഇവർക്കു പട്ടയം കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വർഷക്കാലങ്ങളിൽ ഓടുപ്പാറ കുന്നിലെ മണ്ണു മുഴുവൻ കുത്തിയൊലിച്ചു പോകുന്നു. ഈപ്രദേശത്തെ സംബന്ധിച്ച് വളരെ അപകടകരമാണിത്. മണ്ണിൻെറ വളക്കൂർ മുഴുവൻ നഷ്ടപ്പെട്ടു പോകുന്നതിനാൽ കൃഷിക്കും മറ്റു കാര്യങ്ങൾക്കും യോഗ്യമല്ലാതായിത്തീരുന്നു. ഈ കോളനി കുന്നിൻ മുകളിലാണ് സ്ഥിതി ചെയ്യുന്നത്. വഴി നടക്കുന്നതിനുപോലും ഈ കോളനി വാസികൾക്ക് ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ മണ്ണൊലിപ്പ് തടയുകയാണ് ഏക പോംവഴി.

ഓടു പാറ കുന്നിലെ പട്ടിക ജാതിക്കാർക്കായി I.R.D.P. പദ്ധതി പ്രകാരം നൽകപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് ധനശേഷിയില്ലാത്ത ഇവർക്ക് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ആയതിനാൽ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി ഈ ജനവിഭാഗങ്ങളെ സഹായിക്കുന്നതിന് സൗകര്യമുണ്ടാവണം.

ഓടു പാറക്കുന്നിലെ തോട്ടിലും അയ്യൂർ മംപറമ്പ് പരിസരത്തുള്ള കുളിത്തോട്ടിലുമായി ഓരോ കുളിക്കടവുകൾ നിർമ്മിച്ചു കൊടുക്കേണ്ടത് അത്യാവശ്യമാണെന്നു മനസ്സിലാക്കുന്നു. സ്ത്രീകളെ സംബന്ധിച്ച് ഇത് വളര ഉപകാര പ്രദമായിരിക്കും.

സാമുദായിക നീതിയുടെ നിഷേധത്തോ ടൊപ്പം ഈ വിഭാഗങ്ങൾക്ക് സാമ്പത്തിക നീതിയും നിഷേധിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഈ അധഃ സ്ഥിത വർഗ്ഗങ്ങളുടെ ക്ഷേമത്തിമായി സർക്കാർ നൽകുന്ന കോടികൾ ലാപ്സാവാതെ ഈ വിഭാഗങ്ങൾക്കെത്തിച്ചു

കൊടുക്കുന്നതിനാവശ്യമായും, ഇക്കൂട്ടരുടെ പേരിൽ വ്യാജ സർട്ടിഫിക്കറ്റുകൾ നിർമ്മിച്ച് സർക്കാർ-ജോലികൾ തട്ടിയെടുക്കുന്നു, വ്യാജരേഖകൾ ചമച്ച് ഭൂമികൾ തട്ടിയെടുക്കുന്നു. ഇത്തരം തട്ടിപ്പിൽ നിന്നും ഒരു മോചനം ഈ ജന വിഭാഗങ്ങൾക്ക് ലഭിക്കുന്നതിന് കേരള സംസ്ഥാന പട്ടിക ജാതി - വർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിൽ SC/ST വിജിലൻസ് സെല്ല് രൂപീകരിച്ച് (SC/ST സ്പെഷ്യൽ ആക്ട് നിലവിൽ ഉണ്ടെങ്കിൽ തന്നെ)ഈ വിഭാഗങ്ങൾ ഇന്നു നിരവധി തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്ന ഈ ഘട്ടത്തിൽ ഇത്തരം ഒരു നടപടി വളരെ പ്രാധാന്യമുള്ളതാകുന്നു. ആയതിനു വേണ്ട നിയമ നടപടികൾ സ്വീകരിക്കുക.

ആയതിനാൽ ഈ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സർക്കാർ ഫണ്ടുകൾ മുഴുവനും ലഭിക്കുന്നില്ല എന്നുള്ള വസ്തുത മനസ്സിലാക്കി വരും കാലങ്ങളിൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടാനവശ്യമായ നിയമ നടപടികളും മേൽപറഞ്ഞ കാര്യങ്ങൾക്കാവശ്യമായ സാമ്പത്തികവും ഗ്രാൻറായി അനുവദിക്കണം. •

# വിഭവസമാഹരണം

## ആമുഖം

വികസനത്തിനുള്ള മുൻഉപാധിയാണ് വിഭവം. വിഭവവും വൈഭവവും സമഞ്ജസ്സമായി സമ്മേളിക്കുമ്പോൾ മാത്രമെ പ്രത്യക്ഷഫലം പ്രയോജനകരമാവുകയുള്ളൂ. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാവുന്നതിനാൽ സൃഷ്ടാക്കളും വിധികർത്താക്കളും ജനങ്ങൾ തന്നെയാവുന്നു. പ്രണേതാക്കളും പ്രയോജകരും വ്യത്യസ്ഥരല്ല. ചുരുക്കത്തിൽ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ രൂപ കൽപന ചെയ്യപ്പെട്ട് ജനങ്ങൾതന്നെ പ്രാവർത്തികമാക്കുന്ന ഒരു പദ്ധതിയാണിത്. അതുകൊണ്ടുതന്നെ പദ്ധതിയുടെ മുഖ്യമായ വിഭവം ജന്ങളും അവരുടെ ഇച്ഛാശക്തിയും തന്നെയാണ്. മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട് എന്നാണ് ചൊല്ല്. നമുക്ക് ഈ പദ്ധതി നമ്മുടെ നന്മക്കായി പ്രാവർത്തികമാക്കുവാൻ ഏക മനസ്സാണ്. നമ്മുടെ പരിപാടികളുടെ വിജയ സൂചികയും ഈ ഐക്യബോധം തന്നെയാണ്.

എന്നിരുന്നാലും വലിയൊരു പദ്ധതിയുടെ നടത്തിപ്പിനായിറങ്ങുമ്പോൾ നമുക്കിപ്പോൾ എന്തുണ്ട്, എന്തൊക്കെയുണ്ടാക്കാം എന്നൊക്കെ യാലോചിക്കുന്നത് അത്യാവശ്യം തന്നെയല്ലേ? അതിനുള്ള ഒരു ശ്രമമാണിവിടെ.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. കൃഷി, കൈതൊഴിൽ, കൂലിവേല, ശമ്പളം മുതലായവയാണ് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാന മാർഗ്ഗങ്ങൾ. കൂടാതെ വിദേശത്ത് ഉള്ളവരുടെ വരുമാനവും ഉണ്ട്.

കെട്ടിട നികുതി, തൊഴിൽ നികുതി, അനുഭവ ലേലങ്ങൾ, ലൈസൻസുകൾ, സിനിമാശാലയിൽ നിന്നുള്ള വരവ്, സർക്കാരിൽ നിന്നുള്ള ഗ്രാൻറുകൾ ഇവയാണ് പഞ്ചായത്തിൻെറ വരുമാന മാർഗ്ഗം. കൂടാതെ മണൽ ലേലത്തിൽ നിന്നുള്ള വരുമാനവുമുണ്ട്. മൊത്തത്തിൽ 50 ലക്ഷം രൂപയാണ് പഞ്ചായത്തിൻെറ വരവ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വരുമാന മാർഗ്ഗങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

2. ഭരണച്ചെലവിലെ വർദ്ധനവ്.

3. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.

4. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.

5. സുതാര്യക്കുറവ്.

സാദ്ധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കാവുന്നതാണ്.

2. പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ്ജ് ഈടാക്കൽ. കുടിവെള്ളം, തെരുവ് വിളക്കുകൾ എന്നിവക്ക് 2% സർവീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

3. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ.

4. ഭരണച്ചെലവ് കുറക്കൽ.

5. സന്നദ്ധ പ്രവർത്തനങ്ങൾ.

6. പഞ്ചായത്തിൻെറ പ്രവർത്തനങ്ങൾ സുതാര്യമാക്കാൻ നടപടികൾ. ഉദാഃ കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക, ഗ്രാമസഭയിൽ അവതരിപ്പിക്കുക.

7. സന്നദ്ധ സംഘടനകൾക്കായുള്ള സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പരിപാടി.

പഞ്ചായത്തിൻെറ തനതു വരുമാനത്തിൻെറ പ്രധാന സ്രോതസ്സ് കെട്ടിട നികുതിയാണ്. വിനോദ നികുതി എന്നിവയിൽ നിന്നും വളരെക്കുറച്ച് വരുമാനമേയുള്ളൂ. പഞ്ചായത്ത് വരുമാനത്തിനായി പ്രധാനമായി ആശ്രയിക്കുന്നത് സർക്കാർ ഗ്രാൻറുകളെയാണ്. മണൽ ലേലത്തിൽ നിന്നുള്ള സംഖ്യയാണ് മറ്റൊരു വരുമാന മാർഗ്ഗം. പഞ്ചായത്തിൻെറ വരുമാനം ക്രമാനുഗതമായി വർദ്ധിപ്പിക്കേണ്ടതാണ്. വരുമാനത്തിൻെറ ഒരു നല്ല ഭാഗം ഭരണച്ചെലവിനാണ് ഉപയോഗിക്കുന്നത്. ഭരണച്ചെലവുകൾ കുറക്കുന്നതായാൽ ആ സംഖ്യ റോഡ്, തെരുവ് വിളക്ക്, ജലവിതരണം എന്നീ കാര്യങ്ങൾക്കായി ചിലവഴിക്കാവുന്നതാണ്. ഉല്പാദനത്തെ നേരിട്ട് സഹായിക്കുന്ന കാർഷിക വ്യവസായിക തുറകളിൽ കാര്യമായി യാതൊരു ചിലവും നടത്തുന്നില്ല.

പ്രശ്നങ്ങൾ - സാദ്ധ്യതകൾ

പഞ്ചായത്തിൻെറ തനതു വരുമാനം വളരെ പരിമിതമാണ്. മണൽ ലേലത്തിൽ നിന്നുള്ള വരുമാനമാണ് പ്രധാനമായും കാണുന്നത്. ഈ സ്രോതസ്സിൽ നിന്നുള്ള വർദ്ധന സ്ഥിരമായി നിലനിൽക്കുകയില്ല. ലൈസൻസ് ഫീസ് ഇനത്തിൽ വളരെ കുറച്ച് തുക മാത്രമേ ലഭിക്കുന്നുള്ളൂ. എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല. വളരെ വർഷങ്ങൾക്ക് മുമ്പ് തീരുമാനിച്ച നിരക്കാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത് ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

പ്രത്യുല്പാദന പരമല്ലാത്ത തുറകളിലാണ് പഞ്ചായത്തിൻെറ ചിലവ് കൂടുതലായും കാണുന്നത്. പരസ്യ നികുതി സാദ്ധ്യത ഉപയോഗിക്കാറില്ല.

നിയമപ്രകാരം തൊഴിൽ നികുതി പിരിക്കേണ്ട എല്ലാവരിൽനിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. 60 ദിവസത്തിൽ കൂടുതൽ ഒരു പ്രദേശത്തു താമസിച്ച് തൊഴിലിലോ ബിസ്സിനസ്സിലോ ഏർപ്പെടുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിക്കാവുന്നതാണ്. അറ്റകുറ്റ പണികൾക്കായി വളരെ പണം പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. നടപ്പിലാക്കുന്ന പണികളുടെ മേന്മ ഉറപ്പിക്കേണ്ടതാണ്. ഇത് ആവർത്തന ചിലവ് കുറക്കാൻ സഹായകമാകും.

കേരളത്തിലെ പഞ്ചായത്ത്രാജ് അനുവദിക്കുന്ന രീതിയിൽ സേവന നികുതി ഈ ടാക്കാവുന്നതാണ്. കേബിൾ ടി.വി.യെ പഞ്ചായത്തു നികുതി വലയത്തിൽ കൊണ്ടു വരേണ്ടതാണ്. പരസ്യ ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയാൽ ഇതു ഒരു പ്രധാന വരുമാന മാർഗ്ഗമായിരിക്കും.

ശരിയായ പരിശോധന നടത്തി വിനോദ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് നോക്കേണ്ടതാണ്. പഞ്ചായത്തിൻെറ ചിലവിൻെറ രീതിയിൽ മാറ്റം ആവശ്യമാണ്. കാർഷികാഭിവൃദ്ധിക്ക് സഹായിക്കുന്ന രീതിയിൽ കൂടുതൽ പ്രയോജനകരമായി പണം ചെലവഴിക്കേണ്ടതുണ്ട്. നാട്ടിലെ വരുമാന വർദ്ധന പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

പഞ്ചായത്തു പണികൾക്ക് പൂർണ്ണമായും കോൺട്രാക്ടറെ ആശ്രയിക്കുന്ന അവസ്ഥ മാറണം. പണം ചെലവഴിക്കുന്നത് ഇടത്തട്ടിൽ ചോർന്നു പോകാതിരിക്കണമെങ്കിൽ ജനകീയ കമ്മിറ്റികളിൽ ഇത്തരം പ്രവർത്തനം ഏല്പിക്കേണ്ടതാണ്. ജനകീയ കമ്മിറ്റികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവരെത്തന്നെ ഏല്പിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളെ സഹായിക്കേണ്ട പ്രധാന സ്ഥാപനമായി സഹകരണ ബാങ്കുകൾ മാറണം. ജനകീയ നേതൃത്വത്തിലുള്ള കമ്മിറ്റികൾ ഭരിക്കുന്ന ഈ സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് വായ്പ നൽകുന്നതിന് തയ്യാറാകണം. ഇത്തരത്തിൽ സഹകരണ ബാങ്കുകൾ പണം നൽകുവാൻ തയ്യാറായാൽ ജനകീയ കമ്മിറ്റികളിൽകൂടി പണി ചെയ്യിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കഴിയും. ചെലവ് ചെയ്യുന്ന പണം കൂടുതൽ ഫലം നൽകുവാൻ ഈ നടപടി ഉപകരിക്കും.

പഞ്ചായത്തിൽ ഒരു സാംസ്കാരിക കേന്ദ്രവും, കല്ല്യാണ മണ്ഡപവും പണിയുവാൻ കഴിയുമെങ്കിൽ പഞ്ചായത്തിന് വാടക ഇനത്തിൽ നല്ല വരുമാനം പ്രതീക്ഷിക്കാം. അതുപോലെ പഞ്ചായത്തിൻെറ പ്രധാന തിരക്കുള്ള ഭാഗത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയാണെങ്കിൽ വാടക ഇനത്തിൽ പ്രതിമാസം 10000 രൂപയോളം വരുമാനം ഉണ്ടാക്കാവുന്നതാണ്.

സന്നദ്ധ പ്രവർത്തനവും, സംഭാവനയും വികസന പ്രവർത്തനത്തിൻെറ പ്രധാന സ്രോതസ്സായി മാറ്റാവുന്നതാണ്. സന്നദ്ധ പ്രവർത്തകരുടെ കായികാദ്ധ്വാനം പരമാവധി പ്രയോജനപ്പെടുത്തിയാൽ ഒരു നല്ല ശതമാനം മനുഷ്യാദ്ധ്വാനം ഇത്തരത്തിൽ സ്വരൂപിക്കുവാൻ കഴിയും. വിദേശ മലയാളികളിൽ നിന്നും, അവരുടെ ഡെപ്പോസിറ്റുകളിൽ നിന്നും വായ്പ വാങ്ങിയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ വാങ്ങിയും ഷോപ്പിംഗ് കോംപ്ലക്സ്, സർക്കാരുദ്യോഗസ്ഥന്മാർക്കു വേണ്ടി ഹൗസിംഗ് കോളനികളും നിർമ്മിക്കാവുന്നതാണ്. ഇതുവഴി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

ദേശീയ സമ്പാദ്യ പദ്ധതിയിൻ കീഴിൽ പഞ്ചായത്തിൽ നിന്ന് പഞ്ചായത്ത് സമിതികൾ വഴി - ഇന്ദിര വികാസ് പത്ര പോലുള്ള സമ്പാദ്യ പദ്ധതികളിൽ ആളുകളെ ചേർക്കുകയാണെങ്കിൽ ചേർത്ത പണത്തിൻെറ 20% പണം വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ തരുന്നത് വികസന പ്രവർത്തനത്തിനു ഉപയോഗിക്കാവുന്നതാണ്, അതായത് 10 ലക്ഷം രൂപ സ്വരൂപിച്ചാൽ 2 ലക്ഷം രൂപ വികസന പ്രവർത്തനത്തിന് ലഭിക്കും.

# ഉപസംഹാരം

പാഞ്ഞാൾ യജ്ഞഭൂമിയാണ്. അതിരാത്രത്തിനു ചൊൽക്കൊണ്ട ദേശം. യാഗാന്ത്യത്തിൽ ഗരുഡാഗമനം. പരന്നു പെയ്യുന്ന മഴ. ശാന്തിയും അഭിവൃദ്ധിയുമാണ്, ചുരുക്കത്തിൽ അതിരാത്രത്തിന്റെ ഫലശ്രുതി. ഈ പൗരാണിക ആചാരത്തെ നമുക്ക് ഒരു പ്രതീകമായി സ്വീകരിക്കാം.

ഒരു പൂവൽ കൃഷിയിടങ്ങളെ ഇരുപ്പൂനിലങ്ങളായും മുപ്പൂവൽ സ്വർണ്ണഖനികളായും മാറ്റുവാൻ, വാഴയും മാവും തെങ്ങും പാവലും പയറും മറ്റും മറ്റും സമൃദ്ധമായി വിളയിക്കുവാനായി നമ്മുടെ ഈ മണ്ണിനെ പ്രാപ്തമാക്കുവാൻ, വരണ്ടുണങ്ങിപ്പോകുന്ന തോടുകളും കുളങ്ങളും കിണറുകളും അമൂല്യ ജലസമ്പത്തിന്റെ അക്ഷയപാത്രങ്ങളാക്കുവാൻ നമ്മുടെ മണ്ണിൽ പെയ്യുന്ന മഴയെ നമ്മുടെ മണ്ണിൽതന്നെ നിക്ഷേപിക്കുവാൻ ഓരോഭവനത്തിലും ക്ഷീര സമദ്ധിയുടെ കാമധേനുക്കൾ പുലരുവാൻ അറിവും കഴിവും കലർത്തി സ്വാശ്രയ തൊഴിൽ സംരംഭങ്ങളുയർത്തിയും വഴികൾ തെളിയിച്ചും വിദ്യാവിളക്കുകൾ കൊളുത്തി ഇരുളണച്ചും തളർന്നുപോയവരെ സ്നേഹത്തിന്റെ ചുമലിലേറ്റി പ്രതീക്ഷയുടെ സ്വച്ഛന്ദതയിൽ ആശ്വാസമേകിയും പ്രത്യാശയുടെ ഒരു നല്ല നാളെയിലെക്കു കുതിക്കുവാൻ ഈ പ്രതീകം - അതിരാത്രസങ്കൽപ്പം - നമുക്കു മാതൃകയും ഉത്തേജനവുമായി ഭവിക്കട്ടെ.

നമ്മുടെ ഈ മണ്ണ് ഒരിക്കൽകൂടി ഒരു യജ്ഞഭൂമിയാവട്ടെ. ഒമ്പതാം ജനകീയ പദ്ധതിയുടെ വിജയ യജ്ഞം നമ്മളാരംഭിച്ചു കഴിഞ്ഞുവല്ലോ. നമ്മൾ തന്നെയാണു യജമാനൻ. നമ്മുടെ സ്നേഹാദരങ്ങളാണ് യജമാനപത്നി. ആലസ്യവും അഹന്തയും അപകർഷാബോധവുമാണ് ഹവിസ്സുകൾ. ആത്മ വിശ്വാസവും അർപ്പണബോധവുമാണ് അരണി. ഉച്ചനീചത്വ വിചാരത്തിൽ നിന്നും അവജ്ഞയിൽ നിന്നുമാവട്ടെ വപ. അധ്വാനമാവട്ടെ അഗ്നി. ഇത് ഐക്യത്തിന്റെ, ഒരുമയുടെ, പരസ്പരാദരവിന്റെ മഹായജ്ഞമായി ഭവിക്കട്ടെ.

നമ്മുടെ സ്വപ്നങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ചിറകുണ്ടായിട്ടൊരു നവഗരുഡാഗമനം; മനം കുളിർക്കെ മണ്ണു തണുക്കെ ഐശ്വര്യ സമൃദ്ധിയുടെ ഹർഷവർഷം - ജനകീയാസൂത്രണ പദ്ധതിയുടെ ഫലശ്രുതി -

ഇത് ഒരു പുതിയ അതിരാത്രമാണ്
ഏകാഗ്രതയോടെ നാം ഇതിൽ മുഴുകുക

അധികാരം ജനങ്ങളിലേക്ക്